# വിശ്വാസം
# ദൈവശാസ്ത്ര വീക്ഷണത്തിൽ

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# വിശ്വാസം
# ദൈവശാസ്ത്ര വീക്ഷണത്തിൽ

**Title:** Theology of Faith
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2019 July 3 (*St. Thomas Day*)

**Editorial Board:** Mar Joseph Pamplany
Rev. Fr. Joseph Kakkaramattathil
Rev. Dr. Philip Kaviyil
Rev. Fr. Deepu Karakkattu
Rev. Dr. Bincy Mathew SH

**Office Assistance:** Br. Paul Mundackal
Mr. Nidhin Reji
Mrs. Jeshitha Vijesh
Mrs. Vimmi N.K
**Language Mentor:** Fr. Mathew Edamula
**Design & Layout:** Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. വിശ്വാസം ..... 05
2. വിശ്വാസത്തിന്റെ വക്താക്കൾ ..... 38
3. ചരിത്രസംഭവങ്ങളും ഇസ്രായേൽ വിശ്വാസത്തിന്റെ ഗുണകരമായ വളർച്ചയും ..... 49
4. വിശ്വാസം: സമവീക്ഷണസുവിശേഷങ്ങളിൽ ..... 64
5. വിശ്വാസത്തിന്റെ വാതിൽ: ക്രിസ്തുവിജ്ഞാനീയ ദർശനങ്ങൾ ..... 75
6. വിശ്വാസത്തെ മനസ്സിലാക്കാൻ ഈശോ മൗലികമായ പുതിയവഴി ആരംഭിച്ചിരുന്നോ? ..... 83
7. മറിയത്തിന്റെ വിശ്വാസയാത്ര ..... 93
8. വിശ്വാസം: അസ്തിത്വദർശനത്തിൽ ..... 103
9. സഹനത്തിൽ ക്ഷയിക്കാത്ത വിശ്വാസം: ജോബിന്റെ വിശ്വാസതീർത്ഥാടനം ..... 116
10. വിശ്വാസ വളർച്ചയുടെ ഘട്ടങ്ങൾ ..... 127
11. വിശ്വാസത്തിന്റെ വ്യതിചലനങ്ങൾ ..... 145

# 01

## വിശ്വാസം

വിശ്വാസം, സ്നേഹം, പ്രത്യാശ എന്നീ ദൈവിക സുകൃതങ്ങൾ ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്. വിശ്വാസത്തിൽ തുടക്കമിടുന്ന ക്രൈസ്തവ ജീവിതം സ്നേഹത്തിലൂടെ പ്രത്യാശയെ ലക്ഷ്യമാക്കി വളരുന്നു. ക്രൈസ്തവ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഈ വിശ്വാസത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കാൻ പോകുന്നത്.

### 1. വിശ്വാസം വിശുദ്ധ ഗ്രന്ഥത്തിൽ

സ്വയം പരിശോധിച്ചു ബോധ്യത്തിലെത്തിച്ചേരാതെ മറ്റൊരാളുടെ സാക്ഷ്യത്തെമാത്രം അടിസ്ഥാനമാക്കി ഒരു കാര്യം സ്വീകരിക്കുമ്പോൾ നാം അതു വിശ്വസിക്കുന്നു എന്നുപറയുന്നു. ജീവിതത്തിൽ വളരെ ആവശ്യമായ ഒരു നിലപാടാണിത്. പലതും നാം വിശ്വസിച്ചേ തീരൂ. മനുഷ്യർ പരസ്പരം വളരെയധികം വിശ്വസിക്കുന്നതുകൊണ്ടാണ് ജീവിതം ഇത്രയെങ്കിലും സുഗമമായി മുമ്പോട്ടു പോകുന്നത്.

എന്നാൽ വിശ്വാസത്തിന് ഇതിലും നിഷ്കൃഷ്ടമായ അർത്ഥം കല്പിക്കാറുണ്ട്. മതവുമായി ബന്ധ

*Published for the use of the students of Alpha Institute of Theology and Science*

പ്പെടുത്തി പറയുമ്പോളാണത്. ഇവിടെ വിശ്വാസം എന്നാൽ ദൈവത്തിലുള്ള വിശ്വാസം എന്നാണർത്ഥമാക്കുക. ദൈവാസ്തിത്വത്തിൽ വിശ്വസിക്കുന്നുവോ ഇല്ലയോ എന്നതിനെ അടിസ്ഥാനമാക്കി വിശ്വാസികളെന്നും, അവിശ്വാസികളെന്നും മനുഷ്യരെ തരംതിരിച്ചു പറയാറുണ്ട്.

ഇതിലും കുറേക്കൂടി നിശ്ചിതാർത്ഥത്തിലാണ് വിശുദ്ധ ഗ്രന്ഥം വിശ്വാസത്തെ നിർവചിക്കുന്നത്.

### 1.1 വിശ്വാസം പഴയനിയമത്തിൽ

ബൈബിളിന് പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടു ഭാഗങ്ങളാണല്ലോ ഉള്ളത്. ഇരുഭാഗങ്ങളിലും വിശ്വാസത്തിന്റെ അർത്ഥകല്പനയ്ക്ക് വ്യത്യാസമുള്ളതുകൊണ്ട് അവയെ ഓരോന്നോരോന്നായി പരിശോധിക്കേണ്ടിയിരിക്കുന്നു.

പഴയനിയമത്തിന്റെ മൂലഭാഷയായ ഹീബ്രുവിൽ വിശ്വാസത്തെക്കുറിക്കുന്ന പദം "ആമാൻ" ആണ്. "ഉറച്ചുനിൽക്കുക" "വിശ്വസ്തമായിരിക്കുക" എന്നൊക്കെയർത്ഥമുള്ള ക്രിയയിൽനിന്നാണ് ഈ പദത്തിന്റെ നിഷ്പത്തി. ഇതിന്റെ നിജവാചി (Reflexive) ആയ "നെഎമാൻ" എന്നത് വിശ്വസ്തനെന്നും വിശ്വാസയോഗ്യനെന്നും സ്വയം തെളിയിക്കുന്നതിനാധാരമായുള്ള ആന്തരിക ഗുണത്തെ അർത്ഥമാക്കുന്നു. ഈ അർത്ഥത്തിൽ ദാവീദിനെപ്പറ്റി 'വിശ്വസ്തനായ ദാസൻ' എന്നു പറയുന്നുണ്ട് (1 സാമു 22:14) ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചു പറയാനും ഈ പദംതന്നെയാണുപയോഗിച്ചിരിക്കുന്നത്. "ഉടമ്പടി പാലിക്കുന്ന വിശ്വസ്തനായ ദൈവം" (നിയ 7:9). ഈ പദത്തിന്റെ തന്നെ കാരകരൂപ (causative) മായ "ഹെഎമിൻ" ആണ് വിശ്വസിക്കുക എന്ന അർത്ഥം ഉൾക്കൊള്ളുന്നത്. അപ്പോൾ വിശ്വാസയോഗ്യനായിട്ട് മറ്റൊരാളെ അംഗീകരിക്കുക എന്ന് "ഹെഎമിന്" വിശദീകരിച്ചർത്ഥം നൽകാം.

അതുകൊണ്ട് 'വിശ്വസിക്കുക' എന്നു തർജമചെയ്യുന്ന 'ഹെ - എമിൻ' എന്ന ഹീബ്രുപദം ഒരു മനോഭാവത്തിലേയ്ക്കാണ് വിരൽചൂണ്ടുക. ഈ മനോഭാവം ദൈവത്തിന്റെ നേരേയാകുമ്പോൾ അതിന്റേതായ സവിശേഷത അതിനു ലഭിക്കുന്നു; അവിടുത്തെ പൂർണമായി ആശ്രയിക്കാനുള്ള പ്രേരണകൂടിയാണത്.

### അബ്രാഹം വിശ്വാസത്തിന്റെ മാതൃക

വിശ്വാസത്തിന്റെ മാതൃകയായി വിശുദ്ധഗ്രന്ഥംതന്നെ എടുത്തുകാണിക്കുന്ന വ്യക്തിയാണ് അബ്രാഹം. മാതൃരാജ്യത്തേയും പിതൃ





ഭവനത്തേയും ബന്ധുജനങ്ങളേയും വിട്ടുപേക്ഷിച്ച് അജ്ഞാതമായ ഒരു സ്ഥലത്തേയ്ക്ക് പോകാൻ അദ്ദേഹത്തോടു ദൈവം കല്പിച്ചു (ഉൽപ 12:1) ഇവിടെ സുരക്ഷിതത്വവും സുഭിക്ഷതയുള്ള ചുറ്റുപാടിൽനിന്ന് അനിശ്ചിതമായ ചുറ്റുപാടിലേയ്ക്ക് നീങ്ങുകയായിരുന്നു അബ്രാഹത്തിന് ചെയ്യേണ്ടിയിരുന്നത്. നാടുചുറ്റുന്ന ഒരാട്ടിടയന്റെ ജോലിയായിരുന്നു അദ്ദേഹത്തിന് സ്വീകരിക്കേണ്ടിവന്നത്. അബ്രാഹം ദൈവത്തിന്റെ കല്പനയനുസരിച്ച് തന്റെ ഭാവിയെ ദൈവത്തിന്റെ കരങ്ങളിൽ അർപ്പിച്ചുകൊണ്ട് നാടും വീടും ഉപേക്ഷിച്ചുകൊണ്ടിറങ്ങുന്നു. ദൈവത്തിലുള്ള വിശ്വാസമാണ് അതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്. വിശ്വാസത്തിൽമാത്രം അഭയം കണ്ടെത്തേണ്ട മറ്റവസരങ്ങളും ഒന്നിനു പിറകേ മറ്റൊന്നായി അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിട്ടുണ്ട്. വയോവൃദ്ധനായ അദ്ദേഹത്തിനു വന്ധ്യയായ സ്വഭാര്യയിൽനിന്ന് ഒരു പുത്രൻ ലഭിക്കുമെന്ന വാഗ്ദാനത്തിൽ വിശ്വസിക്കുന്നതിന് ദൈവത്തിന്റെ വാക്കു മാത്രമായിരുന്നു ആധാരം. അബ്രാഹത്തിന്റെ വിശ്വാസദാർഢ്യം ഏറ്റം ഹൃദയസ്പൃക്കായി പ്രകടമായത് ഇസഹാക്കിനെ തന്റെ സ്വന്തം കരംകൊണ്ട് വധിച്ചു ബലി കഴിക്കുവാൻ സമ്മതിക്കുമ്പോഴാണ്. ദൈവം അതു കല്പിച്ചു. ദൈവത്തിൽമാത്രം ആശ്രയിച്ചുകൊണ്ട് മറ്റൊന്നും പരിഗണിക്കാതെ അനുസരിക്കുവാൻ അദ്ദേഹം സന്നദ്ധനായി. ഈ പ്രതിസന്ധികളിലൊക്കെ ദൈവത്തിന്റെ മുമ്പിൽ സ്വീകരിക്കേണ്ട നിലപാട് ഒന്നുകിൽ വിശ്വാസത്തിന്റേത് അല്ലെങ്കിൽ അവിശ്വാസത്തിന്റേതായിരുന്നു. വിശ്വാസയോഗ്യനാണ് ദൈവമെന്ന് അനുഭവത്തിൽനിന്നു മനസ്സിലാക്കിയ അബ്രാഹം, എല്ലാ മാനുഷിക പരിഗണനകൾക്കും നിഗമനങ്ങൾക്കും ഉപരിയായി ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ ആശ്രയിക്കുകയും ചെയ്തു. ദൈവം അബ്രാഹത്തിന്റെ വിശ്വാസത്തെ അങ്ങേയറ്റംവരെ പരീക്ഷിക്കുയുമുണ്ടായി (ഉൽപ 22:1); അബ്രാഹമാകട്ടെ അവസാനംവരെ വിശ്വാസത്തിൽ ഉറച്ചുനിന്നു. ആ വിശ്വാസത്തിലൂടെ നീതികരിക്കപ്പെടുകയും ചെയ്തു (ഉൽപ 15:6).

അബ്രാഹത്തിന്റെ വിശ്വാസത്തെക്കുറിച്ച് പുതിയനിയമം സാക്ഷിക്കുന്നതു നോക്കൂ:

"തനിക്കു അവകാശമായി ലഭിക്കുവാൻ പോകുന്ന ദേശത്തേക്കു വിളിക്കപ്പെട്ടപ്പോൾ അബ്രാഹം അതനുസരിച്ചതു വിശ്വാസം നിമിത്തമത്രേ: എവിടേയ്ക്കാണു പോകുന്നതെന്നറിയാതെയാണ് അദ്ദേഹം യാത്ര പുറപ്പെട്ടത്.

അദ്ദേഹം തനിക്കു വാഗ്ദാനംചെയ്യപ്പെട്ട ദേശത്ത് പരദേശിയെ

പ്പോലെ വസിച്ചതും വിശ്വാസത്താലാണ്....

വന്ധ്യയും വൃദ്ധയുമായ സാറായ്ക്കു ഗർഭധാരണശക്തി ലഭിച്ചതും വിശ്വാസം നിമിത്തമാണ്. തന്നോടു വാഗ്ദാനം ചെയ്തയാൾ വിശ്വസ്തനാണെന്നു അബ്രാഹം വിശ്വസിച്ചിരുന്നു... പരീക്ഷണ വിധേയനായ അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ ഒരുങ്ങിയതും വിശ്വാസം നിമിത്തമാണ്" (ഹെബ്രാ 11:8-16).

ചുരുക്കത്തിൽ, പഴയനിയമത്തിലെ വിശ്വാസത്തെ ദൈവത്തിന്റെനേരേയുള്ള മനുഷ്യന്റെ ആത്മാർത്ഥതയുടേയും അർപ്പണബുദ്ധിയുടെയും ആശ്രയ മനോഭാവത്തിന്റെയും പ്രകടനമായി നിർവചിക്കാം. ചരിത്രത്തിന്റെ മദ്ധ്യത്തിൽ സന്നിഹിതനായി അതിനെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവത്തെ എല്ലാ കാര്യങ്ങളിലും എല്ലാ സംഭവങ്ങളിലും കണ്ടെത്താൻ വിശ്വാസത്തിന്റെ സമീപനം പ്രേരിപ്പിക്കുന്നു. മനുഷ്യനു നേരിടുന്ന ഏറ്റം നൈരാശ്യപൂർണങ്ങളായ അവസരങ്ങളിൽ ജീവിതത്തിനർത്ഥവും ആശയും പകരുവാൻ കഴിയുന്ന ഏക നിലപാടായും വിശ്വാസത്തെ പഴയനിയമം വ്യാഖ്യാനിക്കുന്നു. ജോബിന്റെ കഥ വ്യക്തമാക്കുന്നതും ഇതുതന്നെ. എല്ലാം നഷ്ടമായപ്പോഴും എറ്റവും പ്രതികൂലങ്ങളായ സാഹചര്യങ്ങൾ നേരിടേണ്ടിവന്നപ്പോഴും, ‘‘ഇനി ദൈവത്തെ ശപിച്ചു ചാകുക" എന്നു സ്വന്തം ഭാര്യപോലും ഉപദേശിച്ചപ്പോഴും ജോബ് ദൈവത്തിൽതന്നെ ആശ്രയിച്ചുനിന്നു.

അബ്രാഹത്തെപ്പോലെ വിശ്വാസവും ദൈവാശ്രയബുദ്ധിയുമുള്ള ഒരു ജനതതിയാകുവാനാണ് ഇസ്രായേലും വിളിക്കപ്പെട്ടത്. വിശ്വാസത്തിന്റെ മാർഗത്തിലൂടെ അവരെ വളർത്തിക്കൊണ്ടു വരുവാനുള്ള ദൈവത്തിന്റെ നേരിട്ടുള്ള പരിശ്രമമാണ് ഈജിപ്തിൽനിന്ന് ദൈവം അവർക്കു നൽകുന്ന മോചനം. ഈജിപ്തിൽനിന്നു പോന്നപ്പോൾ ഇസ്രായേല്യരുടെ സ്വാഭാവിക സുരക്ഷിതത്വം നഷ്ടപ്പെട്ടു. ദൈവത്തിൽമാത്രം ആശ്രയിക്കണമെന്നായി. വിശ്വാസക്കുറവുകൊണ്ടവർ ദൈവത്താൽ നിയോഗിക്കപ്പെട്ട തങ്ങളുടെ നേതാക്കന്മാരായ അഹറോനും മോശയ്ക്കുമെതിരേ പിറുപിറുത്തു. "ഈജിപ്തിൽ ഇറച്ചിക്കലത്തിനു സമീപമിരുന്ന് തൃപ്തിയാകുവോളം അപ്പം ഭക്ഷിച്ചിരുന്നപ്പോഴത്തെ" സുരക്ഷിതത്വമോർത്ത് അവർ മൂശയോടും അഹറോനോടും ചോദിക്കുകയാണ്: "പട്ടിണിയിട്ടു കൊല്ലുവാൻ നിങ്ങളെന്തിന് ഈ മരുഭൂമിയിലേയ്ക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുവന്നു?" (പുറ 16:3). എന്നാൽ വൈകുന്നേരം മാംസവും പ്രഭാതത്തിൽ അപ്പവും തൃപ്തിയാവോളം നൽകിക്കൊണ്ട് ദൈവം അവരെ ബോധ്യപ്പെടുത്തി, താനാണ് അവരുടെ ദൈവമായ കർത്താവെന്ന്.





സീനായ് മലയിൽവച്ച് ദൈവവും ഇസ്രായേല്യരും തമ്മിൽ ഒരു ഉടമ്പടി ഉറപ്പിക്കപ്പെട്ടു. ഉടമ്പടിയുടെ ലക്ഷ്യം ഇസ്രായേലിനെ ദൈവത്തിന്റെ സ്വന്തം ജനതയാക്കി ഉയർത്തുകയായിരുന്നു. അതിന്റെ വ്യവസ്ഥയായിട്ട് ദൈവം ആവശ്യപ്പെട്ടത് തന്റെ നിയമങ്ങളും നിർദ്ദേശങ്ങളും ഇസ്രായേൽ അനുസരിക്കണമെന്നാണ്. "ആകയാൽ എന്റെ സ്വരം കേൾക്കുകയും എന്റെ നിയമങ്ങൾ അനുസരിക്കുകയും ചെയ്താൽ മറ്റെല്ലാ ജനങ്ങളെക്കാൾ നിങ്ങളെനിക്ക് പ്രിയപ്പെട്ട ജനതയായിരിക്കും" (പുറ 19:5) കർത്താവിന്റെ കല്പനകളും നിർദ്ദേശങ്ങളും മോശ വന്നു ജനങ്ങളെ അറിയിച്ചു. കർത്താവ് അരുൾ ചെയ്തു: സകല കാര്യങ്ങളും തങ്ങൾ ചെയ്യുമെന്ന് ജനങ്ങളെല്ലാവരും ഏകസ്വരത്തിൽ മറുപടി പറഞ്ഞു "കർത്താവ് കല്പിച്ചവയെല്ലാം ഞങ്ങൾ നിവർത്തിക്കും" (പുറ 24:7 ഇസ്രായേൽജനത്തിന്റെ ഒന്നാകെയുള്ള വിശ്വാസപ്രഖ്യാപനമായിരുന്നു അത്.

ദൈവത്തിന്റെ ഉടമ്പടിയിലുള്ള വിശ്വാസം ഉറച്ച ശരണമായി വളർന്നു, ഇസ്രായേല്യരുടെ ഹൃദയങ്ങളിൽ. ഉടമ്പടിയോട് അവർ പലപ്പോഴും അവിശ്വസ്തത കാണിച്ചിട്ടുണ്ടെങ്കിലും അവരുടെ പീഡനങ്ങളിൽ, പ്രയാസങ്ങളിൽ, യുദ്ധങ്ങളിൽപോലും ദൈവം അവർക്കു സഹായത്തിനു വരുമെന്ന പ്രത്യാശ എന്നും അവരിൽ കുടികൊണ്ടിരുന്നു. ഈ ഉറച്ച ശരണത്തിന്റെയും അചഞ്ചലമായ പ്രത്യാശയുടെയും ബഹിർസ്ഫുരണങ്ങൾ ഇസ്രായേലിന്റെ ആധ്യാത്മികഗീതങ്ങളായ സങ്കീർത്തനങ്ങളിൽ നല്ലവണ്ണം തെളിഞ്ഞു കാണാം.

ചില ഉദാഹരണങ്ങൾ:

"കർത്താവ് എന്റെ രക്ഷയും പ്രകാശവുമാകുന്നു;
ഞാൻ ആരെ പേടിക്കണം?
കർത്താവ് എന്റെ ജീവിതത്തിന്റെ കോട്ടയാകുന്നു.
ആരുടെ മുമ്പിൽ ഞാൻ മുട്ടു മടക്കണം?" (സങ്കീ 27).

"ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട്
ഞാൻ ധൈര്യമവലംബിക്കും;
മനുഷ്യർക്ക് എന്നോട് എന്തു ചെയ്യാൻ കഴിയും? (സങ്കീ 56).

എന്റെ രക്ഷകനായ ദൈവവും
സുരക്ഷിതമായ അഭയകേന്ദ്രവും
അവിടുന്നു തന്നെയാണല്ലോ."

ഇസ്രയേലിന്റെ വിശ്വാസം കൂടുതൽ ആന്തരികവും സജീവവും ആയിത്തീരുന്നത് ബാബിലോണിയൻ അടിമത്തത്തിന്റെ കാലത്താ

ണ്. ബാഹ്യാചാരങ്ങളുടെ തിളക്കത്തിൽ മയങ്ങാതെ ദൈവികസാന്നിധ്യം ഹൃദയത്തിന്റെ ഉള്ളിൽ കണ്ടെത്താനും ദൈവത്തെ ആന്തരികമായി ആരാധിക്കുവാനും അവർ അവിടെ പഠിച്ചു. ബാബിലോണിയൻ പ്രവാസകാലത്തുണ്ടായ ആധ്യാത്മികാനുഭവമാണ് ഏകദൈവത്തിലുള്ള വിശ്വാസം ഇസ്രായേൽക്കാരിൽ രൂഢമൂലമാക്കിയതെന്നു പറയാം. ദൈവമാണ് എല്ലാറ്റിന്റേയും സ്രഷ്ടാവ് എന്ന വിശ്വാസവും അതോടൊപ്പം വളർന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ ഉറച്ച ശരണം നിലനിന്നിരുന്നതുകൊണ്ട് അവരുടെ രക്ഷകനായി ഒരു മിശിഹാ (അഭിഷിക്തൻ) യേയും അവർ പ്രതീക്ഷിക്കാൻ തുടങ്ങി. ആ രക്ഷകനത്രേ യേശുക്രിസ്തു.

## 1.2 വിശ്വാസം പുതിയനിയമത്തിൽ

പുതിയനിയമം കേന്ദ്രീകൃതമായിരിക്കുന്നതു യേശുക്രിസ്തുവിലാണ്. യേശു രംഗത്തു വരുന്നതോടുകൂടി പുതിയനിയമത്തിൽ വിശ്വാസത്തിന്റെ വിവക്ഷയ്ക്കും വ്യത്യാസമുണ്ടാകുന്നു. ഒരു സന്ദേശവുമായിട്ടാണ് യേശു ആഗതനാകുന്നത്. "സമയം സമാഗതമായി; ദൈവരാജ്യമിതാ ആസന്നമായിരിക്കുന്നു; അനുതപിക്കുകയും സുവിശേഷത്തിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുവിൻ (മർക്കോ 1:15). ഈ സാക്ഷ്യമനുസരിച്ച്, യേശുവിന്റെ സുവിശേഷ പ്രഘോഷണത്തിലൂടെ സമാഗതമായ ദൈവരാജ്യത്തിന്റെ സ്വീകരണമായി വിശ്വാസത്തെ കണക്കാക്കാം.

മനുഷ്യനിൽ ദൈവാഭിമുഖ്യം വളർത്തുന്നത് വിശ്വാസമാണ്. പുതിയനിയമത്തിൽ യേശുവിന്റെ പക്കലേക്കാണ് ഈ വിശ്വാസം അവനെ അടുപ്പിക്കുന്നത്. കാരണം, യേശുവിൽ ദൈവം ലോകത്തിനു പ്രത്യക്ഷനായിത്തീർന്നു എന്നാണല്ലോ പുതിയനിയമം പഠിപ്പിക്കുക. ദൈവത്തിനർപ്പിക്കേണ്ട വിശ്വാസം യേശുതന്നെ തനിക്കായി അവകാശപ്പെടുന്നുണ്ട് (മർക്കോ 9:42). ദൈവത്തിൽ വിശ്വസിക്കുന്നതും യേശുവിൽ വിശ്വസിക്കുന്നതും തുല്യമാണെന്നത്രേ ഇവിടെ വ്യക്തമാകുന്നത്.

യേശു, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനു മുമ്പ് ജനങ്ങളിൽനിന്നും വിശ്വാസം ആവശ്യപ്പെട്ടിരുന്നു (മത്താ 9:2, 22,29). വിശ്വാസം ഇല്ലാതിരുന്നവർക്കായി അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നില്ല (മർക്കോ 6:56). തന്റെ ദൈവികശക്തിയുപയോഗിച്ചാണ് അസാധാരണ കൃത്യങ്ങൾ യേശു ചെയ്തിരുന്നതെങ്കിലും അവ മനുഷ്യന്റെ വിശ്വാസത്തെക്കൂടി ആശ്രയിച്ചാണിരുന്നത്. യേശുവിന്റെ വാക്കുകളിൽ വിശ്വസിച്ച പത്രോസിനു കടലിനുമീതെ നടക്കുവാൻ സാധിച്ചു. സംശയം ആ വിശ്വാസത്തെ ഉലയ്ക്കുവാൻ തുടങ്ങിയ



വിശ്വാസം ദൈവശാസ്ത്ര വീക്ഷണത്തിൽ

പ്പോൾ പത്രോസിന്റെ കാലുകൾ അലകൾക്കുമീതെ ഉറയ്ക്കാതെയായി (മത്താ 14:28. 31).

യേശുവിന്റെ വചനങ്ങളും വിശ്വാസത്തിന്റെ നിലപാടാണ് ശ്രോതാക്കളിൽനിന്ന് ആവശ്യപ്പെടുന്നത്. വിശ്വസിക്കുന്നവനേ അവിടത്തെ പ്രബോധനങ്ങൾ ഗ്രഹിക്കാനാവൂ (മർക്കോ 4:10.12). യേശുവിൽ വിശ്വാസമർപ്പിക്കാതെ അവിടുത്തെ കല്പനകളുടെ ആധികാരികതയും അലംഘനീയതയും അംഗീകരിക്കുക സാധ്യമല്ല. അത്രയ്ക്ക് വ്യത്യാസവും നവീനവുമാണ് യേശുവിന്റെ സമീപനം. മലയിലെ പ്രസംഗം എന്നപേരിൽ മത്തായി സുവിശേഷകൻ ക്രോഡീകരിച്ചിരിക്കുന്ന അവിടുത്തെ പ്രബോധനങ്ങൾ (അധ്യാ. 5,6,7) ഇതിനു തെളിവത്രേ.

ഇങ്ങനെ നോക്കുമ്പോൾ സുവിശേഷങ്ങളിൽ വിശ്വാസത്തിന്റെ നിലപാട് യേശുവിനെ സ്വീകരിച്ചംഗീകരിക്കുന്ന മനുഷ്യന്റെ തീരുമാനമായി കാണപ്പെടുന്നു. തനിക്കുവേണ്ടിയോ തനിക്കെതിരായോ ഒരു തീരുമാനമെടുക്കുവാൻ അവിടുന്നു ജനങ്ങളെ ക്ഷണിക്കുന്നു (മത്താ 12:30). ഇത്തരം ഒരു സുപ്രധാന തീരുമാനമാണ് പത്രോസിന്റെ വിശ്വാസ പ്രഖ്യാപനത്തിൽ പ്രകടമാകുന്നത് (മർക്കോ 8:29). പലരും യേശുവിനെപ്പറ്റി പലതരത്തിലുള്ള അഭിപ്രായങ്ങൾ പറഞ്ഞു. എങ്കിലും പത്രോസ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു, അവടുന്നു ദൈവത്താൽ അയയ്ക്കപ്പെട്ടവനും ദൈവപുത്രനുമാണെന്ന് (മത്താ 16:16). യേശുവിലുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനം വളരെ പ്രധാന്യമർഹിക്കുന്നതിന്റെ കാര്യമിതാണ്. മനുഷ്യന്റെ ദൈവത്തോടുള്ള നിലപാട് ആത്യന്തികമായി അടങ്ങിയിരിക്കുന്നത്, യേശുവിനോടു സ്വീകരിക്കുന്ന നിലപാടിലാണ്.

അതുകൊണ്ട് യേശുവിലുള്ള വിശ്വാസം മനുഷ്യരക്ഷയ്ക്ക് അനുപേക്ഷണീയമാണ് (ലൂക്കാ 8:12; മർക്കോ 16:14, 16). ഇക്കാര്യം സുവ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട് വിശുദ്ധ യോഹന്നാൻ. യേശുവിൽ വിശ്വാസമർപ്പിച്ചെങ്കിലേ മരണത്തിന്റേയും അന്ധകാരത്തിന്റേയും പിടിയിൽനിന്നു മോചിതരായി ജീവന്റേയും പ്രകാശത്തിന്റേയും സാമ്രാജ്യത്തിലേയ്ക്ക് പ്രവേശിക്കുവാൻ സാധിക്കൂ എന്നാണ് യോഹന്നാന്റെ സുവിശേഷം സാക്ഷിക്കുന്നത്. "പുത്രനിൽ വിശ്വാസമർപ്പിക്കുന്നവർക്ക് നിത്യജീവനുണ്ട്. അവിടുത്തെ നിരസിക്കുന്നവരോ ആ ജീവൻ കണ്ടെത്തുകയില്ല" (യോഹ 3:15, 36). ജീവന്റെ അപ്പം ലഭിക്കുവാൻ എന്താണു ചെയ്യേണ്ടതെന്നും ജനങ്ങൾ അവിടുത്തോടു ചോദിച്ചപ്പോൾ അവിടുന്നു പ്രതിവചിച്ചു: "ദൈവം ആവശ്യപ്പെടുന്നതിതാണ്: അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക"

(യോഹ 6.29). പുത്രനെ കാണുകയും വിശ്വസിക്കുകയും ചെയ്യുന്നവരെല്ലാം നിത്യജീവൻ പ്രാപിക്കണമെന്ന് പിതാവ് ആഗ്രഹിക്കുന്നു. അതനുസരിച്ച് അവസാനനാളിൽ യേശു അവരെ ഉയർപ്പിക്കും (യോഹ 6:40).

യേശുവിലുള്ള വിശ്വാസം നിത്യരക്ഷയ്ക്ക് ഇത്രയേറെ ആവശ്യകരമാകയാലാണ്, അനുവാചകരെ യേശുവിൽ വിശ്വസിപ്പിക്കുക എന്ന ഏകലക്ഷ്യം മുൻനിർത്തി വിശുദ്ധ യോഹന്നാൻ സുവിശേഷം രചിച്ചത്. തന്മൂലം യേശു ആരെന്നും അവിടുത്തെ ആഗമനോദ്ദേശം എന്തെന്നും അവിടുന്ന് എന്താവശ്യപ്പെടുന്നുവെന്നും ബോധപൂർവം വിശുദ്ധ യോഹന്നാൻ പഠിപ്പിക്കുന്നു. അവസാനം തന്റെ ഉദ്ദേശ്യത്തെ എടുത്തു പ്രഖ്യാപിച്ചുകൊണ്ട് യോഹന്നാൻ തന്റെ സുവിശേഷം സമാഹരിക്കുകയും ചെയ്യുന്നു. "ശിഷ്യന്മാരുടെ മുമ്പിൽ വച്ചു മറ്റുപല അദ്ഭുതങ്ങളും യേശു ചെയ്തു: പക്ഷേ, അവയെല്ലാം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. യേശു ക്രിസ്തുവാണെന്നും ദൈവപുത്രനാണെന്നും നിങ്ങൾ വിശ്വസിച്ച് അവിടുത്തെ നാമത്തിൽ നിങ്ങൾക്കു ജീവനുണ്ടാകുന്നതിനുവേണ്ടിയാണ് ഇത്രയും എഴുതിയത് (യോഹ 20:30, 31).

യോഹന്നാന്റെ ഈ പ്രഖ്യാപിത ലക്ഷ്യമാണ് അദ്ദേഹമെഴുതിയ സുവിശേഷത്തിന്റെ പ്രത്യേക ഘടനയ്ക്കുപോലും നിദാനമെന്നു കാണുമ്പോഴാണ് വിശ്വാസത്തിന് എത്ര വലിയ പ്രാധാന്യം യോഹന്നാൻ നൽകുന്നുവെന്ന് നമുക്കു മനസ്സിലാകുക. യേശുവിൽ വിശ്വാസമർപ്പിക്കുവാനുള്ള പ്രേരണ നൽകുന്നതിനുവേണ്ടി ആദ്യത്തെ ആറധ്യായങ്ങളിൽ അവിടുന്ന് ദൈവപുത്രനാണെന്ന് പടിപടിയായി വെളിപ്പെടുത്തുന്നു. ഇതിന്റെ വെളിച്ചത്തിൽ കുറേപ്പേർ യേശുവിൽ വിശ്വസിക്കുന്നു. മറ്റുചിലർ അവിടുത്തെ തിരസ്ക്കരിക്കുന്നു. യേശുവിന്റെ നേരേ ജനങ്ങൾ സ്വീകരിക്കുന്ന വിപരീത നിലപാടാണ് ഏഴു മുതൽ പന്ത്രണ്ടുവരെയുള്ള അധ്യായങ്ങളിൽ വിവരിക്കുന്നത്. തന്നിൽ വിശ്വസിച്ചവർക്ക് ചില അന്ത്യശാസനങ്ങൾ നല്കിയശേഷം അവിടുന്ന് മഹത്വത്തിലേക്ക് പ്രവേശിക്കുന്നതായി ശേഷമുള്ള അധ്യായങ്ങൾ വിവരിക്കുന്നു.

യേശു ആരെന്നു വെളിപ്പെടുത്തുവാൻ യോഹന്നാൻ അവലംബിക്കുന്ന മാർഗം അവിടുത്തെപ്പറ്റി മറ്റുള്ളവരിലൂടെ സാക്ഷ്യപ്പെടുത്തുകയാണ്. സ്നാപകയോഹന്നാനും (1:29) അന്ത്രയോസും (1:40) ഫിലിപ്പും (1:43-45) നഥാനിയേലും (1:49) എല്ലാം ആദ്യത്തെ അധ്യായത്തിൽത്തന്നെ പ്രത്യക്ഷപ്പെടുന്ന സാക്ഷികളാണ്. ഇതിനു പുറമേ തന്റെതന്നെ പ്രവൃത്തികളും യേശുവിനു സാക്ഷ്യം നൽകുന്നുണ്ട്.





കാനായിലെ കല്യാണത്തിൽ അവിടുന്നു വെള്ളം വീഞ്ഞാക്കിയതിന്റെ ഫലമായി ശിഷ്യർ കൂടുതൽ ദൃഢമായി യേശുവിൽ വിശ്വസിച്ചു തുടങ്ങി (2:11); തന്നെയും തന്റെ ദൗത്യത്തെയും വെളിപ്പെടുത്തുവാനും ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനുംവേണ്ടിയാണ് അവിടുന്ന് രോഗികളെ സുഖമാക്കിയതും മറ്റത്ഭുതങ്ങൾ പ്രവർത്തിച്ചതും... മരിച്ചവരെ ഉയിർപ്പിച്ചുകൊണ്ടു താനാണ് ജീവനും ഉത്ഥാനവും എന്ന് അവിടുന്ന് തെളിയിച്ചു (11:25). അതു വിശ്വസിക്കുവാൻ അവിടുന്ന് ലാസറിന്റെ സഹോദരിയെ ആഹ്വാനം ചെയ്യുന്നു (11:27). അന്ധനു കാഴ്ച നൽകിക്കൊണ്ട് അവിടുന്ന് വിശ്വസനീയമായ വിധത്തിൽ പ്രഖ്യാപിച്ചു - താൻ ലോകത്തിന്റെ പ്രകാശമാണെന്ന് (യോഹ 9). കാഴ്ച ലഭിച്ച അന്ധൻ അവസാനം "കർത്താവേ ഞാൻ വിശ്വസിക്കുന്നു" എന്നുദ്ഘോഷിക്കുന്നു (9:38).

യോഹന്നാന്റെ സുവിശേഷത്തിൽ വിശ്വാസം വളർന്നു ദൃഢതരമാകുന്നുവെന്നത് ഒരു സവിശേഷതയാണ്. യേശുവുമൊത്ത് ഒരു ദിവസം അവർ കഴിച്ചുകൂട്ടിയപ്പോൾ, സ്നാപകയോഹന്നാന്റെ വാക്കുകൾ വിശ്വസിച്ച് യേശുവിനെ അനുഗമിച്ച ശിഷ്യരുടെ വിശ്വാസം ഒന്നുകൂടി ശക്തിപ്പെടുന്നു. സമറിയാക്കാർ യേശുവിന്റെ അടുത്തേക്കു വന്നത് ഒരു സ്ത്രീയുടെ സാക്ഷ്യമനുസരിച്ചാണ്. യേശു അവരോടൊപ്പം രണ്ടുദിനങ്ങൾ താമസിച്ചതിന്റെ ഫലമായി അവർക്കു പറയാൻ കഴിഞ്ഞു: നിന്റെ വാക്കുകൾ നിമിത്തമല്ല ഇനി ഞങ്ങൾ വിശ്വസിക്കുന്നത്. ഇദ്ദേഹം സാക്ഷാൽ ലോകരക്ഷകനാണെന്ന് ഞങ്ങൾ നേരിട്ടുതന്നെ ഗ്രഹിച്ചിരിക്കുന്നു (4:42). കാഴ്ച ലഭിച്ച അന്ധൻ ആദ്യം കരുതിയത് യേശു പ്രവാചകരിൽ ഒരുവനായിരിക്കുമെന്നാണ് (9:17). പിന്നീട് യേശു സ്വയം അവന് വെളിപ്പെടുത്തിയപ്പോഴാണ് അവന്റെ ആന്തരികനയനങ്ങൾ യഥാർത്ഥ വിശ്വാസത്തിലേക്ക് തുറക്കപ്പെട്ടത് (9:35-38).

യേശുവിനോട് ഏറ്റം അടുത്തു പെരുമാറിയ ശിഷ്യരുടെതന്നെ വിശ്വാസം ദൃഢതരമാകുന്നത് അവിടുത്തെ ഉത്ഥാനത്തിനുശേഷമാണ്.

## ഇതര സുവിശേഷങ്ങളിൽ

യേശുവിലുള്ള വിശ്വാസം അനുവാചകരിൽ ഉളവാകത്തക്കവിധം യേശു ആരെന്ന് വെളിപ്പെടുത്തുകയാണ് മറ്റു സുവിശേഷങ്ങളുടേയും ആത്യന്തിക ലക്ഷ്യമെന്ന് അവയുടേയും രചനാരീതി വ്യക്തമാക്കുന്നുണ്ട്. ബത്ലഹേമിൽ ജാതനായ യേശുവിന് യാഹ്വേയോടുള്ള ബന്ധമാണ് യേശുവിന്റെ ജനനത്തേയും അതോടനുബന്ധി

ച്ചുള്ള സംഭവങ്ങളേയും വിവരിക്കുന്ന ലൂക്കാ സുവിശേഷകന് സമർത്ഥിക്കുവാനുള്ളത്. യേശുവിന്റെ ജനനത്തെ, സർവോന്നതനായ യഹ്വേയുടെ പ്രവാചകനായിവന്ന സ്നാപകയോഹന്നാന്റെ ജനനവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് യേശു യോഹന്നാനേക്കാൾ വലിയവനാണെന്നും സർവോന്നതന്റെ പുത്രനാണെന്നും ഉള്ള പരമാർത്ഥം ലൂക്കാ സുവിശേഷകൻ വെളിവാക്കുന്നു. അതുപോലെ യേശു ദേവാലയത്തിൽ സമർപ്പിക്കപ്പെടുന്ന രംഗം വിവരിക്കുന്നത്, യേശു യാഹ്വേയ്ക്കു തുല്യനാണ്, യാഹ്വേ തന്നെയാണ് എന്ന് ഗ്രഹിപ്പിക്കാനാണ്. കാരണം ഈ വിവരണത്തിന് അടിസ്ഥാനമായി നില്ക്കുന്നത് " യാഹ്വേ ദേവാലയത്തിലേക്കു വരും" എന്ന മലാക്കിയുടെ പ്രവചനമാണ് (മലാ 3:1).

അതുപോലെതന്നെ യേശുവിന്റെ അത്ഭുതങ്ങളും വിശ്വാസത്തിന് പ്രേരിപ്പിക്കുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശതാധിപന്റെ ഭൃത്യനെ യേശു സുഖപ്പെടുത്തിയ സംഭവംതന്നെയെടുക്കുക (മത്താ 8:15-15: ലൂക്കാ 7:1-10). അദ്ദേഹംവന്ന് തന്റെ ഭൃത്യന്റെ അപകടനിലയെപ്പറ്റി യേശുവിനെ അറിയിക്കുകമാത്രം ചെയ്യുന്നു (മത്താ 8:6). തന്റെ നിസ്സഹായത ഗ്രഹിക്കുമ്പോൾ തന്റെനേർക്ക് തീർച്ചയായും യേശു സഹായഹസ്തം നീട്ടുമെന്ന് ശതാധിപന് ഉറപ്പുണ്ടായിരുന്നു. യേശുവിന്റെ അത്ഭുതസിദ്ധിയിൽ മാത്രമല്ല, അവിടുത്തെ സേവനസന്നദ്ധതയിലും ഔദാര്യത്തിലും ശതാധിപന് വിശ്വാസമുണ്ടായിരുന്നു എന്നാണിതു കാണിക്കുക. യേശുവിന്റെ പ്രത്യുത്തരം (8:7) ശതാധിപന്റെ വിശ്വാസത്തെ പ്രത്യക്ഷമായി പ്രകടിപ്പിക്കാനുള്ള ഒരാഹ്വാനമായിരുന്നു. അവിടുത്തെ ശക്തിയെ ഏറ്റുപറഞ്ഞ ശതാധിപന്റെ വിശ്വാസത്തെ യേശു ശ്ലാഘിക്കുകയും മാതൃകയായി ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. ഈ സന്ദർഭമുപയോഗിച്ച് യേശു പഠിപ്പിക്കുന്നു. ഇതുപോലെ സജീവവിശ്വാസമുള്ളവരേ സ്വർഗരാജ്യത്തിൽ പ്രവേശിക്കൂ എന്ന് (മത്താ 8:11-12).

കടലിലെ കൊടുങ്കാറ്റു ശാന്തമാക്കിയ സംഭവത്തിന്റേയും പ്രധാന സന്ദേശം യേശുവിലുള്ള വിശ്വാസമാണ് എന്നുകാണാൻ പ്രയാസമില്ല. യേശു വഞ്ചിയിൽ കിടന്നുറങ്ങിയപ്പോൾ ആവിർഭവിച്ച കൊടുങ്കാറ്റ് ശിഷ്യരെ ഭയാക്രാന്തരാക്കി. അവർ അവിടുത്തെ വിളിച്ചുണർത്തുന്നു. യേശു കടലിനെ ശാന്തമാക്കുകയും ശിഷ്യരുടെ വിശ്വാസക്കുറവിനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

**വിശ്വാസം അപ്പസ്തോലലേഖനങ്ങളിൽ**

യേശുശിഷ്യന്മാർ ക്രൈസ്തവസമൂഹങ്ങൾക്കയച്ച കത്തുകളുടെയും ലേഖനങ്ങളുടെയും സമാഹാരമാണ് പുതിയനിയമത്തിലെ





'ലേഖനങ്ങൾ' ക്രൈസ്തവജീവിതത്തെക്കുറിച്ചുള്ള വിചിന്തനങ്ങളും പ്രയോഗിക നിർദ്ദേശങ്ങളുമാണ് അവയുടെ ഉള്ളടക്കം. അവയിൽ പ്രധാനപ്പെട്ടത് ആചാര്യനായ വിശുദ്ധ പൗലോസിന്റെ കത്തുകളത്രേ. വിശ്വാസത്തെക്കുറിച്ചും അതിന്റെ പ്രായോഗിക വിവക്ഷകളെക്കുറിച്ചും മറ്റെങ്ങും ലഭിക്കാത്ത അവഗാഹം ഈ കത്തുകളിലുണ്ട്.

വിശുദ്ധ പൗലോസിന്റെ പ്രബോധനങ്ങളുടെ കേന്ദ്രസ്ഥാനം വിശ്വാസംതന്നെയാണ്; പ്രത്യേകിച്ച്, അദ്ദേഹം റോമാക്കാർക്കും ഗലാത്യർക്കും എഴുതിയ കത്തുകളുടെ.

വിശ്വാസം കൈവരുന്നത് വെളിപാടിലൂടെയാണ് എന്നത്രേ വിശ്വാസത്തിന്റെ തുടക്കത്തെക്കുറിച്ച് പൗലോസ് പഠിപ്പിക്കുന്നത്. വെളിപാട് സംലഭ്യമാകുന്നത് വചനം വഴിയും, വചനം നേരിട്ടോ അല്ലാതെയോ ശ്രവിക്കാം. ദമാസ്കസിൽവച്ച് പൗലോസ് ദൈവത്തിൽനിന്ന് വചനം നേരിട്ടു സ്വീകരിക്കുകയാണുണ്ടായത്. സാധാരണ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം സുവിശേഷപ്രഘോഷണത്തിലൂടെയാണ് വചനം നല്കപ്പെടുക. "വിശ്വാസം കേൾവിയേയും കേൾവി മിശിഹായുടെ വചനത്തേയും ആശ്രയിച്ചിരിക്കുന്നു" (റോമാ 10:17). എങ്ങനെയായാലും പ്രഘോഷണത്തിന്റെ കാതൽ യേശുതന്നെ. "യഹൂദർക്ക് ഇടർച്ചയും, വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിതനായ മിശിഹായെയാണ് ഞങ്ങൾ പ്രസംഗിക്കുന്നത്" (1 കോറി 1:23).

വിശ്വാസത്തെ വിധേയത്വത്തിന്റെ മനോഭാവവുമായി പൗലോസ് ബന്ധിപ്പിക്കുന്നുണ്ട് (റോമാ 1:5; 16:26). ക്രൈസ്തവസന്ദേശം അംഗീകരിക്കാനും സ്വീകരിക്കാനുമുള്ള വിധേയ മനസ്ഥിതിയിലാണ് വിശ്വാസം അടങ്ങിയിരിക്കുന്നത് 'വിശ്വാസത്തിന്റെ വിധേയത്വം' (obedience of faith) എന്നതുകൊണ്ട് പൗലോസ് അർത്ഥമാക്കുന്നത് ഇതാണ്. പ്രസ്തുത സന്ദേശത്തെ വെളിപ്പെടുത്തിയ ദൈവികതിരുമനസ്സിനോടുള്ള അനുസരണംവരെ ഈ വിധേയത്വം ചെന്നുനിൽക്കുന്ന ഒരിടത്ത് 'നിങ്ങളുടെ വിശ്വാസം' (റോമാ 1:8, എന്നത് അതേ അർത്ഥത്തിൽ) 'നിങ്ങളുടെ അനുസരണം' (16:14) എന്ന് പൗലോസ് പറയുന്നത് ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്.

വിശ്വാസത്തെ മനുഷ്യന്റെ ആത്യന്തികമായ 'നീതീകരണ'ത്തിനു നിദാനമായി പ്രതിഷ്ഠിക്കുന്നതാണ് പൗലോസിന്റെ വീക്ഷണത്തിലെ മൗലികത എന്നുപറയാം. അന്നത്തെ മതാചാരത്തിലും മതബോധനത്തിലും വിപ്ലവാത്മകമായ നവീനത്വമാണ് ഇവിടെ പൗലോസ് കാഴ്ചവയ്ക്കുക. യഹൂദമതത്തിലെ ആചാരപ്രകാരം

നിയമങ്ങൾ ഏറ്റവും സംപൂജ്യങ്ങളായിരുന്നു. മനുഷ്യജീവിതത്തിന്റെ എല്ലാ അംശങ്ങളേയും ബാധിക്കുന്ന മതനിയമങ്ങളാണ് അന്നു പ്രാബല്യത്തിലിരുന്നത്. സാബത്തുദിവസം ഇത്ര നാഴികയേ നട ക്കാൻ പാടുള്ളൂ. സാബത്തുദിവസം വൃക്ഷങ്ങളിൽനിന്നു പഴങ്ങൾ പറിച്ചുകൂടാ എന്നിങ്ങനെയുള്ള നിബന്ധനകൾ ഉണ്ടായിരുന്നത്രേ. ഈ 'വിശുദ്ധ' നിയമങ്ങളെ കണിശമായി അനുസരിച്ചാൽ ദൈവ ത്തിന്റെ മുമ്പിൽ നീതികരിക്കപ്പെടുമെന്ന് തീർച്ചയുമുണ്ടായിരുന്നു. മനുഷ്യന്റെ മനസ്സിനെയും ബുദ്ധിയെയും ഹൃദയത്തെയും അടിമ ത്തത്തിൽ വയ്ക്കുന്ന ഈ നിയമങ്ങൾ നിറവേറ്റാനുള്ള വ്യഗ്രത കൊണ്ട്, ദൈവത്തിനുമുമ്പിൽ പ്രധാനപ്പെട്ട സുകൃതങ്ങളായ നീതി, വിശ്വാസം, കാരുണ്യം ഇവ അവഗണിക്കാൻപോലും യഹൂദർ മടി കാണിച്ചിരുന്നില്ല. ദൈവികകല്പനകളേക്കാൾ സ്വന്തം പാരമ്പര്യ ങ്ങളായിരുന്നു അവർക്കു പ്രധാനം (മത്താ 23:33) തന്റെ മാനസാ ന്തരത്തിനുമുമ്പ് ഇക്കാര്യത്തിൽ അതീവതീക്ഷ്ണമതിയായ യഹൂ ദനായിരുന്നു പൗലോസ് (ഗലാ 1:14). മാനസാന്തരത്തിനുശേഷ മാണ് നിയമത്തിന്റെ ആ പഴയ വ്യവസ്ഥിതി രക്ഷയുടെ കാര്യത്തിൽ നിഷ്പ്രയോജനമെന്ന് അദ്ദേഹത്തിനു ബോധ്യമാകുന്നത്. അന്നു മുതൽ പൗലോസ് പഠിപ്പിച്ചുതുടങ്ങി: ന്യായപ്രമാണം കൂടാതെ വിശ്വാസംകൊണ്ടുതന്നെ മനുഷ്യൻ വിശുദ്ധീകരിക്കപ്പെടുമെന്ന് (റോമാ 3:28).

എന്നാൽ ക്രൈസ്തവ മതാനുയായികളാകുന്ന വിജാതീയരും യഹൂദനിയമാവലി സ്വീകരിച്ചനുസരിച്ചെങ്കിലേ രക്ഷപ്രാപിക്കൂ എന്ന് യഹൂദക്രൈസ്തവർ നിർബന്ധിക്കാൻ തുടങ്ങി. ഈ സമീപന ത്തിലെ അടിമത്തം മനസ്സിലാക്കിയ പൗലോസ് കുറച്ചുകൂടി ശക്തവും വ്യക്തവുമായ നിലപാടു സ്വീകരിച്ചു. വിശ്വാസത്തിന്റെ കാര്യത്തിൽ: "ന്യായപ്രമാണമനുസരിച്ചുള്ള പ്രവൃത്തികൾ വഴിയ ല്ല, പ്രത്യുത യേശുവിലുള്ള വിശ്വാസം വഴിയാണ് മനുഷ്യൻ നീതീ കരിക്കപ്പെടുന്നതെന്ന് നമുക്കറിയാം. തന്നിമിത്തം ന്യായപ്രമാണമ നുസരിച്ചുള്ള പ്രവൃത്തികളാലല്ല, ക്രിസ്തുവിലുള്ള വിശ്വാസ ത്താൽതന്നെ നീതീകരിക്കപ്പെടേണ്ടതിന് യേശുക്രിസ്തുവിൽ നാം വിശ്വസിച്ചു. ന്യായപ്രമാണമനുസരിച്ചുള്ള പ്രവൃത്തികളാൽ ഒരു വനും നീതികരിക്കപ്പെടുന്നില്ല." (ഗലാ 2:16).

അങ്ങനെ നീതീകരണത്തിന്റേയും രക്ഷയുടേയും വിശുദ്ധിയു ടേയുമെല്ലാം നിദാനമായി പൗലോസ് പ്രതിഷ്ഠിച്ചത് വിശ്വാസത്തെ യാണ്. വെറും വിശ്വാസമല്ല, "സ്നേഹത്താൽ പ്രാവർത്തികമാക്ക പ്പെടുന്ന" സജീവമായ വിശ്വാസം (ഗലാ 5:6). യേശുവിലുള്ള





വിശ്വാസം ഒരുവനെ നയിക്കുന്നത് സ്വാതന്ത്ര്യത്തിലേക്കാണ് എന്ന പൗലോസിന്റെ വീക്ഷണവും ശ്രദ്ധേയമാണ്. വിശ്വാസം ദാസരുടെ നിലയിൽനിന്ന് പുത്രരുടെ ഔന്നത്യത്തിലേക്ക് മനുഷ്യരെ ഉയർത്തുന്നു (ഗലാ 4:7). പുത്രന്മാർ സ്വതന്ത്രരാണല്ലോ. അതു കൊണ്ട് യേശുവിൽ വിശ്വാസം കണ്ടെത്തിയവരോട് പൗലോസിന്റെ ഉപദേശമിതാണ്: "മിശിഹാ നൽകിയ സ്വാതന്ത്ര്യത്തിൽ ഉറച്ചു നിൽക്കുവിൻ; അടിമത്തത്തിന്റെ നുകത്തിനു വീണ്ടും കീഴ്പ്പെടരുത്" (ഗലാ 5:1).

വിശ്വാസത്തെ പരാമർശിക്കുന്ന മറ്റു രണ്ടു രേഖകളാണ് ഹെബ്രാ യർക്കുള്ള ലേഖനവും യാക്കോബിന്റെ ലേഖനവും. ഹെബ്രാ യർക്കുള്ള ലേഖനത്തിൽ "പ്രതീക്ഷിതമായ വസ്തുക്കളെ സംബ ന്ധിച്ച ഉറപ്പും അദൃശ്യവസ്തുക്കൾക്കുള്ള തെളിവുമാണ് വിശ്വാസം" (11:1) എന്ന് പ്രസ്താവിച്ചിരിക്കുന്നത്, വിശ്വാസത്തിനൊരു നിർവ്വ ചനമായി ഉപദേശിക്കപ്പെട്ടിട്ടുള്ളതല്ല എന്നത്രേ പണ്ഡിതരുടെ അഭി പ്രായം. വിശ്വാസത്തിന്റെ മനോഭാവത്തിൽ ഉൾച്ചേർന്നിരിക്കുന്ന പ്രത്യേകതളെ നിർദ്ദേശിക്കുക മാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ; വിശ്വാസമുള്ളവന്റെ പ്രത്യാശ ഉറച്ചതായിരിക്കും. ഇതിനുദാഹര ണമായിട്ട് വിശുദ്ധ ഗ്രന്ഥത്തിൽനിന്നുതന്നെ നിരവധി മാതൃകകൾ അവതരിപ്പിക്കുന്നുമുണ്ട് പതിനൊന്നാമധ്യായത്തിൽ.

യാക്കോബ് തന്റെ ലേഖനത്തിൽ പ്രതിപാദിക്കുന്നത് അനുദിന ജീവിതത്തിൽ പ്രകടമാക്കേണ്ട സജീവമായ വിശ്വാസത്തെക്കുറി ച്ചാണ് (2:14-26). ഒരുവൻ തനിക്ക് വിശ്വാസമുണ്ടെന്ന് ഉദ്ഘോഷി ക്കുകയും എന്നാൽ തദനുസാരം പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ അവനെന്തു പ്രയോജനമാണുള്ളത് എന്നദ്ദേഹം ചോദി ക്കുന്നു (2:14). വിശ്വാസം മാത്രം രക്ഷയ്ക്കുതകുകയില്ല. "ആത്മാ വില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ, പ്രവൃത്തി കൂടാത്ത വിശ്വാസവും നിർജീവമത്രേ" (2:26).

## 2. വ്യക്ത്യുന്മുഖവിശ്വാസം

പഴയനിയമത്തിലെ വിശ്വാസത്തിൽനിന്നും വ്യത്യസ്തമാണ് പുതിയനിയമത്തിലെ വിശ്വാസമെന്ന് വ്യക്തമാകുന്നു. പഴയനിയമ ത്തിൽ, ദൈവത്തിന്റെ വചനങ്ങളിൽ ഇസ്രായേൽക്കാർ വിശ്വാസ മർപ്പിച്ചു. പുതിയനിയമത്തിലാകട്ടെ മനുഷ്യനായി അവതരിച്ച ദൈവ വചനമാണ് വിശ്വാസവിഷയം. ഇവിടെ വിശ്വാസം ഒരു വ്യക്തിയി ലേക്കു തിരിയുന്നു. ഒരു വസ്തുതയിലുള്ള (അതൊരു നിത്യസ ത്യമായിക്കൊള്ളട്ടെ) വിശ്വാസവും ഒരു വ്യക്തിയിലുള്ള വിശ്വാ

സവും തമ്മിൽ വ്യത്യാസമുണ്ട്. ഒരു വ്യക്തിയിൽ നാം വിശ്വസിക്കുമ്പോൾ ആ വ്യക്തിയുടെ ആദർശവും വീക്ഷണവും അഭിലാഷവും ഇഷ്ടാനിഷ്ടങ്ങളുമെല്ലാം നാം സ്വീകരിക്കുകയാണ്. അതായത് ആ വ്യക്തിയുടെ സ്വാധീനത്തിനായി നമ്മുടെ വ്യക്തിത്വത്തിന്റെ ഉള്ളറകൾ നാം തുറന്നിടുന്നു. ആ വ്യക്തി തന്റെ ആദർശവും വീക്ഷണവും അഭിലാഷങ്ങളുംകൊണ്ടു നമ്മെ സ്വാധീനിക്കുമ്പോൾ അയാളുടെ ജീവൻ നമ്മിലേക്കു പകരുകയായി. കാരണം, ഒരുവന്റെ വ്യക്തിപരമായ ജീവൻ കുടികൊള്ളുന്നത് അവന്റെ ആദർശാഭിലാഷങ്ങളിലാണല്ലോ.

അപ്പോൾ യേശുവിൽ വിശ്വസിക്കുക എന്നുപറഞ്ഞാൽ അവിടുത്തെ ജീവിതത്തെ വരിക്കുക എന്നാർണത്ഥം; അതായത് അവിടുത്തെ ആദർശത്തിനും അഭിലാഷത്തിനും കല്പനകൾക്കും പ്രബോധനങ്ങൾക്കുമെല്ലാം നമ്മുടെ ജീവിതത്തിൽ സ്ഥാനം നൽകുക. അപ്പോൾ ആ വിശ്വാസം ജീവദായകമായിത്തീരും. കാരണം, യേശുവിൽ കുടികൊള്ളുന്ന ദൈവിക ജീവന്റെ ഫലങ്ങളാണല്ലോ അവിടുത്തെ പ്രബോധനങ്ങളും കല്പനകളും. അവ നാം സ്വീകരിക്കുമ്പോൾ അവിടുത്തെ ജീവൻതന്നെയാണ് നാം പ്രാപിക്കുന്നത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, യേശുവിന്റെ പ്രബോധനങ്ങളും കല്പനകളും നമ്മുടെ ജീവിതത്തിൽ വീണു മുളയ്ക്കുമ്പോൾ യേശുവിന്റെ ജീവൻ നമ്മിൽ കിളിർക്കുവാൻ തുടങ്ങും. യേശുതന്നെ അരുൾച്ചെയ്തു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വാക്ക് അനുസരിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല" (യോഹ 8:51). യേശുവിനോടുള്ള സ്നേഹവും വിശ്വാസവും പ്രകടമാക്കേണ്ടത് അവിടുത്തെ വചനം അനുസരിച്ചുകൊണ്ടാണ്. ദൈവവുമായി ഐക്യപ്പെടുവാനുള്ള മാർഗവും ഇതുതന്നെ: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം അനുസരിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ വന്ന് അവനോടുകൂടെ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14:23) വിശ്വാസത്തിൽ ഉൾച്ചേർന്നിരിക്കുന്ന വിധേയമനോഭാവവും ഇവിടെ പ്രകടമാണ്.

## 3. വിശ്വാസം ദൈവവിജ്ഞാനീയത്തിൽ

സ്വയം ആവിഷ്ക്കരിക്കുന്ന ദൈവത്തിന്റെ മുമ്പിൽ മനുഷ്യൻ കൈക്കൊള്ളുന്ന വിധേയത്വത്തിന്റെയും ആത്മാർപ്പണത്തിന്റെയും നിലപാടാണ് വിശ്വാസമെന്ന് വിശുദ്ധ ഗ്രന്ഥത്തിൽനിന്നും നാം ഗ്രഹിച്ചു. വിശ്വാസത്തെക്കുറിച്ചുള്ള വ്യവസ്ഥിതങ്ങളായ വിചിന്തനങ്ങളെല്ലാം വിശുദ്ധഗ്രന്ഥത്തെ അടിസ്ഥാനമാക്കി കെട്ടിപ്പടുത്തതാണെങ്കിലും കാലത്തിന്റെയും സാഹചര്യങ്ങളുടെയും സമ്മർദ്ദ





ഫലമായി വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാന ചൈതന്യത്തിൽനിന്നും ക്രൈസ്തവചിന്തകൾ അല്പമൊന്നു മാറിപ്പോയിട്ടുണ്ട്. വിശ്വാസത്തെപ്പറ്റിയുള്ള വിഭിന്നവീക്ഷണങ്ങൾ അപഗ്രഥിച്ചാൽ ഇവ മനസ്സിലാകും.

### 3.1 ആദ്യനൂറ്റാണ്ടിലെ സഭാപിതാക്കന്മാർ

വിശ്വാസത്തെപ്പറ്റിയുള്ള ബൈബിൾ വീക്ഷണത്തിന്റെ പ്രതിഫലനംതന്നെയാണ് ആദ്യനൂറ്റാണ്ടുകളിലെ സഭാപിതാക്കന്മാരായ ഇഗ്നേഷ്യസ്, പോളിക്കാർപ്പ്, ഐറണിയസ് തുടങ്ങിയവരുടെ പ്രബോധനങ്ങളിൽ. യേശുവിലുള്ള വിശ്വാസത്തെ അവരും ഊന്നിപ്പറഞ്ഞു. "ജീവന്റെ ആദ്യവും അന്ത്യവും യേശുവിലാണ്. വിശ്വാസം തുടക്കത്തെക്കുറിക്കുന്നു. സ്നേഹം പൂർണതയെയും. ഇവ രണ്ടും ഒന്നിച്ചു ചേർന്നതാണ് ദൈവം." ആത്മാർപ്പണമനോഭാവത്തിൽനിന്നും മാറി ക്രമേണ വിശ്വാസത്തിന്റെ ഉള്ളടക്കത്തിലേക്കായി ഏറെ ശ്രദ്ധ. കാരണമുണ്ടായിരുന്നു; അബദ്ധ സിദ്ധാന്തങ്ങളുമായിട്ടുള്ള സമ്പർക്കം. പോളിക്കാർപ്പ് എഴുതുന്നു: യേശു മനുഷ്യനായിത്തീർന്നു എന്നു പറയാത്തവർ അന്തിക്രിസ്തുവാണ്. കുരിശിനെ അംഗീകരിക്കാത്തവൻ സാത്താന്റെ സന്തതിയാണ്. യേശുവിന്റെ പ്രബോധനങ്ങൾ വളച്ചൊടിച്ച് തന്റെ താല്പര്യങ്ങൾക്കായി അവയെ ഉപയുക്തമാക്കുകയും, ഉത്ഥാനമില്ലെന്നും അന്ത്യവിധിയില്ലെന്നും പറയുകയും ചെയ്യുന്നവൻ സാത്താന്റെ ആദ്യസന്തതിയും. വിശ്വാസത്തെ ഹൃദയത്തിന്റെ തലത്തിൽനിന്നും ബുദ്ധിയുടെ മണ്ഡലത്തിലേക്കു മാറ്റി പ്രതിഷ്ഠിക്കുന്ന പ്രവണത ഐറണിയസിന്റെ പ്രസ്താവനകളിൽ വ്യക്തമായി കാണാം. അതോടൊപ്പം പാരമ്പര്യത്തിന്റെ പ്രാധാന്യവും വർദ്ധിച്ചുവന്നു. പാരമ്പര്യത്തിൽനിന്നും കാലുമാറി ഉറച്ച വിശ്വാസത്തിന്റെ ഉള്ളടക്കത്തെപ്പറ്റിയുള്ള അബദ്ധസിദ്ധാന്തങ്ങൾക്കെതിരേ അദ്ദേഹം പറയുന്നതുനോക്കൂ: "വിശ്വാത്തിന്റെ അതിർത്തികൾവരെ വ്യാപിച്ചു കിടക്കുന്നു സഭ. ഏക ദൈവത്തിലും സർവ്വശക്തനായ പിതാവിലും ഉള്ള വിശ്വാസം അപ്പസ്തോലന്മാരിൽനിന്നും അവരുടെ ശിഷ്യന്മാരിൽനിന്നും ലഭിക്കുന്നതാണ്. ഈ വിശ്വാസത്തെയാണ് സഭ കാത്തുസൂക്ഷിക്കുന്നത്. വിശ്വാസം പലതില്ലാത്തതിനാൽ കൂടുതൽ അറിഞ്ഞതുകൊണ്ടും വിശ്വാസത്തിന് വർധന വരുന്നില്ല. കുറച്ച് അറിയുന്നവൻ വിശ്വാസത്തെ ചെറുക്കുന്നുമില്ല."

വിശ്വാസത്തെപ്പറ്റിയുള്ള പ്രബോധനത്തിൽ അഗസ്റ്റിന്റെ പാണ്ഡിത്യം അവിസ്മരണീയമായ മുദ്ര പതിപ്പിച്ചിട്ടുണ്ട്. വിശ്വാസത്തിന് രണ്ടു വശങ്ങളുള്ളതായി അദ്ദേഹം സിദ്ധാന്തിച്ചു. വസ്തു

നിഷ്ഠമായ വശവും കർത്തൃനിഷ്ഠമായ വശവും. ഇവയിൽ ആദ്യത്തേത് വിശ്വസിക്കപ്പെടുന്ന വസ്തുതകളാണ്. രണ്ടാമത്തേത് വിശ്വാസത്തിന്റെ മനോഭാവവും. ഈ ഉൾക്കാഴ്ചയുടെ വെളിച്ചത്തിൽ വിശ്വാസത്തിന്റെ ബൗദ്ധികവശത്തെ കൂടുതൽ വിസ്തൃതമാക്കാമെന്നായി. വിശ്വസിക്കുകയെന്നു പറഞ്ഞാൽ അഗസ്റ്റിന്റെ വീക്ഷണത്തിൽ മനഃപ്രേരണയ്ക്ക് വശമായി ചിന്തിക്കുക എന്നാകുന്നു. ആത്മാർപ്പണവും ബൗദ്ധികവ്യാപാരവും ഇതിലടങ്ങിയിട്ടുണ്ട്. "മനസ്സിലാക്കുവാൻവേണ്ടി വിശ്വസിക്കൂ!" എന്നതായിരുന്നു അഗസ്റ്റിന്റെ ആഹ്വാനം. അതിരുകടന്ന യുക്തിവാദത്തിനും അന്ധമായ വിശ്വാസത്തിനും എതിരെയുള്ള അദ്ദേഹത്തിന്റെ സമീപനത്തെ ഇതു വ്യക്തമാക്കുന്നു. ഈ വീക്ഷണത്തിനടിസ്ഥാനമായി വിശുദ്ധ ഗ്രന്ഥത്തെയാണ് അഗസ്റ്റിൻ ഉദ്ധരിക്കുന്നത്. യുക്തിവാദത്തിനെതിരായി അദ്ദേഹത്തിന്റെ വാക്കുകൾ: "നിങ്ങൾ പറയുന്നു. കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിച്ചെങ്കിലേ വിശ്വസിക്കാനാവൂ എന്ന്; അവർ പറയുന്നു: വിശ്വസിക്കുക, എങ്കിലേ നിങ്ങൾക്കു മനസ്സിലാവൂ!ഇവിടെയാണ് നമ്മുടെ തർക്കം: ഇതിലേതാണു ശരിയെന്ന് ആരു പറയും! പ്രവാചകൻ, അല്ല പ്രവാചകനിലൂടെ ദൈവം തന്നെ വിധി പറയട്ടെ; നമുക്കു മൗനമായി അതു ശ്രവിക്കാം... പ്രവാചകൻ പറയുന്നു: "വിശ്വസിക്കുകയില്ലെങ്കിൽ നിങ്ങൾക്കു ഗ്രഹിക്കാനാവില്ല. വിശ്വസിക്കുകയില്ലെങ്കിൽ നിങ്ങളും നിലനില്ക്കുകയില്ല."

### 3.2 മദ്ധ്യയുഗത്തിലെ സ്ക്കോളാസ്റ്റിക്കു ചിന്തകർ

മദ്ധ്യയുഗമായപ്പോഴേക്കും വിശ്വാസത്തിന്റെ ബൗദ്ധിക വശത്തിന് ഏകപക്ഷീയമായ പ്രാധാന്യം ലഭിക്കുവാൻ തുടങ്ങി. മദ്ധ്യയുഗദൈവചിന്തകരിൽ ഏറ്റം സമാദരണീയനത്രേ തോമസ് അക്വൈനാസ്. ക്രൈസ്തവദൈവശാസ്ത്രത്തെ നൂറ്റാണ്ടുകളോളം സ്വാധീനിച്ച അദ്ദേഹത്തിന്റെ വീക്ഷണത്തിന്റെ ബൗദ്ധികഗാംഭീര്യം വിഖ്യാതമത്രേ. സത്യമാകുന്ന വിശ്വാസത്തിന്റെ വിഷയമെന്ന പ്രതിജ്ഞയിൽ തുടങ്ങുന്നു അക്വൈനാസിന്റെ വിചിന്തനങ്ങൾ. സത്യത്തെ ഗ്രഹിക്കുന്നത് ബുദ്ധിയാണ്. അപ്പോൾ ബൗദ്ധികവ്യാപാരത്തിൽ ഉൾപ്പെടുന്നതാണ് വിശ്വാസം എന്നുവരുന്നു. തുടർന്ന് ബുദ്ധിയുടെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള അരിസ്റ്റോട്ടിലിന്റെ വിശകലനത്തെ ആധാരമാക്കിയാണ് വിശ്വാസത്തെ അദ്ദേഹം വ്യാഖ്യാനിക്കുക. ബുദ്ധിക്ക് സാധാരണഗതിയിൽ രണ്ടുവിധത്തിലുള്ള വ്യാപാരമാണുള്ളത്.

1. ഒരു വസ്തു ഇന്നതാണെന്നു ഗ്രഹിക്കുക.
2. ആശയങ്ങൾ കൂട്ടിയോജിപ്പിച്ച് ചിന്തിക്കുക.





ആദ്യത്തെ വ്യാപാരത്തിൽ ബുദ്ധിക്കു മുൻപിൽ വസ്തു വ്യക്തമായി തെളിവായി വന്നുനില്ക്കും. രണ്ടാമത്തേതിലാകട്ടെ ആശയങ്ങളുടെ പരസ്പര ചേർച്ചയായിരിക്കും ബുദ്ധിയെ നയിക്കുന്ന പ്രമാണം. ആശയങ്ങളുടെ പരസ്പര ബന്ധം ഗ്രഹിക്കാനാവാത്ത ഒരു പ്രസ്താവനയെപ്പറ്റി സന്ദേഹപരമായ നിലപാടാണ് ബുദ്ധി സ്വീകരിക്കുക.

ബുദ്ധിയുടെ രണ്ടാമതുപറഞ്ഞ തരത്തിലുള്ള വ്യാപാരമാണ് വിശ്വാസം, അക്വൈനാസിന്റെ വീക്ഷണത്തിൽ. ദൈവം ആവിഷ്ക്കരിക്കുന്ന ഒരു സത്യത്തിന്റെ ആന്തരികയുക്തി ഗ്രഹിക്കാൻ സാധിക്കുന്നില്ല എന്നു വരികിലും അതു സത്യമാണെന്നു സമർത്ഥിച്ച് സ്വീകരിക്കുകയാണ് വിശ്വാസം. തെളിവ് ദുർബലമെങ്കിലും ബുദ്ധി അതംഗീകരിക്കുന്നു. ഇവിടെ ബുദ്ധിയെ അതിനായി പ്രേരിപ്പിക്കുന്നത് ഇച്ഛാശക്തിയാണ്. അങ്ങനെ ദൈവം വെളിപ്പെടുത്തുന്ന വസ്തുത അതിൽതന്നെ ദുർഗ്രഹമെങ്കിലും, ദൈവത്തിന്റെ അധികാരവും വിശ്വസ്തയും കണക്കിലെടുത്തുകൊണ്ട് ഇച്ഛാശക്തിയുടെ പ്രേരണയ്ക്കു വഴങ്ങി, സത്യമെന്ന് സന്ദേഹരഹിതമായി അംഗീകരിച്ച് സ്വീകരിക്കുകയാണ് വിശ്വാസം എന്നതാണ് തോമസ് അക്വൈനാസിന്റെ നിഗമനം.

### 3.3 ലൂഥറും മറ്റു നവീകരണ ചിന്തകരും

മനുഷ്യന്റെ നീതീകരണത്തെക്കുറിച്ചുള്ള സിദ്ധാന്തമാണ് ലൂഥറിന്റെ വിശ്വാസ സമീക്ഷയ്ക്ക് ആധാരം. നീതീകരണത്തിലെത്താൻ, അതായത് രക്ഷയിലെത്തിച്ചേരാൻ മനുഷ്യനൊരിക്കലും സ്വയം സാദ്ധ്യമല്ല. കാരണം, അടിസ്ഥാനപരമായി അവൻ പാപപങ്കിലനാണ്. പാപമോചനവും നീതീകരണവും മുഴുവനായും യേശുവിലൂടെ സംസിദ്ധമായ ദൈവികദാനമാകുന്നു. അതു പ്രാപിക്കുവാനുള്ള ഏകമാർഗമത്രേ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം. ദൈവം പാപങ്ങൾ മായിച്ചുവെന്ന് ഉറച്ചു ശരണപ്പെടുകയാണ്. ഈ വിശ്വാസത്തിന്റെ കാതൽ. അങ്ങനെ വിശ്വാസത്തിന് രണ്ട് അർത്ഥഭേദങ്ങൾ ലൂതർ കല്പിക്കുന്നുണ്ട്.

i) *ചരിത്രപരമായ അറിവ്:* ഉദാ. യേശുവിന്റെ ജനനമരണങ്ങളിൽ വിശ്വസിക്കുക. ഈ വിശ്വാസം ദുഷ്ടാരൂപികൾക്കും ഉണ്ടാകാവുന്നതാണ്.

ii) *രക്ഷാകരമായ വിശ്വാസം:* ഇതാണ് ശരിക്കുള്ള വിശ്വാസം. ഈ വിശ്വാസത്തിലൂടെ നമ്മുടെ കഴിവില്ലായ്മയെ ദൈവത്തിന്റെ മുമ്പിൽ ഏറ്റുപറയുകയും അവിടുത്തെ പക്കൽനിന്നും പാപമോചനം ദാന

മായി ലഭിച്ചിരിക്കുന്നുവെന്ന് ഉറച്ചു ശരണപ്പെടുകയും ചെയ്യുന്നു. അചഞ്ചലമായ ഈ ശരണമത്രേ രക്ഷാകരമായി ഭവിക്കുന്നത്.

വിശ്വാസത്തിന്റെ ബൗദ്ധികവശത്തെ പെരുപ്പിച്ചു കാണിക്കുകയും, അതിന്റെ അവശ്യഘടകമായ ശരണത്തെ അഥവാ പ്രത്യാശയെ കാര്യമായി പരിഗണിക്കാതിരിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിൽ ലൂഥറിന്റെ രംഗപ്രവേശം ദൈവശാസ്ത്രചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. ലൂഥർ തന്റെ വിശ്വാസസമീക്ഷക്ക് ആധാരമായി സ്വീകരിച്ചത് പൗലോസ് അപ്പസ്തോലന്റെ പ്രബോധനങ്ങളെയാണ്. ഗലാത്യർക്കും റോമാക്കാർക്കും പൗലോസ് അയച്ച കത്തുകളിൽ വിശ്വാസത്തെ ദൈവികദാനമായി പരാമർശിച്ചിട്ടുണ്ടല്ലോ. ലൂഥറിന്റെ വീക്ഷണത്തെ അടിത്തറയിട്ടുറപ്പിക്കുന്ന ചില വാക്യങ്ങളിതാ: "ന്യായപ്രമാണാനുഷ്ഠാനം കൂടാതെ വിശ്വാസം കൊണ്ടു തന്നെ മനുഷ്യൻ വിശുദ്ധീകരിക്കപ്പെടുന്നെന്നാണ് ഞങ്ങളുടെ അഭിമതം" (റോമാ 3:28)

"ഒന്നും പ്രവർത്തിക്കാത്തവനെങ്കിലും പാപിയെ വിശുദ്ധീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനെ സംബന്ധിച്ചിടത്തോളം അവന്റെ വിശ്വാസം നീതിയായി പരിഗണിക്കപ്പെടുന്നു (റോമാ 4:5)

അങ്ങനെ വിശ്വാസത്തിലൂടെമാത്രം രക്ഷ എന്ന അഭിമതത്തിൽ ലൂതർ ഉറച്ചുനിൽക്കുന്നു. സ്നേഹത്തിലൂടെ പ്രാവർത്തികമാക്കപ്പെടുന്ന വിശ്വാസംകൊണ്ടേ കാര്യമുള്ളൂ" (ഗലാ 5:6) എന്ന പൗലോസ് അപ്പസ്തോലന്റെ പ്രബോധനത്തെ ലൂഥർ വ്യഖ്യാനിക്കുന്നത് വിശ്വാസത്തിന്റെ ഫലമായി സ്നേഹം ഉളവാകണം എന്നത്രേ. നീതീകരണം പ്രാപിക്കാനായി നമ്മുടെ സ്നേഹത്തെപോലും നമുക്കാശ്രയിക്കാനാവില്ല. വിശ്വാസത്തിലൂടെ മാത്രമേ പാപമോചനം ലഭിക്കുകയുള്ളൂ. കാരണം, പാപമോചനവും നീതീകരണവും നമുക്കു നമ്മുടെ പ്രവൃത്തിവഴി സമ്പാദിക്കാവുന്നതല്ല; ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന അവിടുത്തെ ദാനങ്ങളാണ്. വാഗ്ദാനങ്ങൾ സ്വീകരിക്കുക വിശ്വാസത്തിലൂടെയേ സാധ്യമാകൂ. ലഥറിന്റെ നിഗമനങ്ങൾ എല്ലാ ക്രൈസ്തവചിന്തകരും അപ്പാടെ സ്വീകരിക്കുന്നില്ലെങ്കിലും, വിശ്വാസത്തിന്റെ കാതലായ ആത്മാർപ്പണത്തെ അദ്ദേഹം എടുത്തുപറഞ്ഞു എന്നകാര്യം എല്ലാവരും അംഗീകരിക്കുന്നുണ്ട്. കത്തോലിക്കരുമായുള്ള വിവാദമാണ് ചില വശങ്ങൾ ആവശ്യത്തിലധികം ഊന്നിപ്പറയാൻ ലൂഥറിനെ പ്രേരിപ്പിച്ചത്. പാരമ്പര്യത്തോടും ബാഹ്യാചാരങ്ങളോടുമുള്ള വെറും അനുരൂപണം എന്ന നിലയിൽ വിശ്വാസം പൊതുവേ പരിഗണിക്കപ്പെട്ടു പോന്ന സാഹചര്യത്തിൽ വിശ്വാസത്തിന്റേയും മതത്തിന്റേയും വ്യക്തിഗതവും ആന്തരികവു





മായ വശം ഉയർത്തിക്കാട്ടിയത് ഒട്ടും അസ്ഥാനത്തായിരുന്നില്ല. ലൂഥറിന്റെ നവീകരണപ്രസ്ഥാനം സഭയിൽ അഗാധമായ ഒരുണർവ് തന്നെ സൃഷ്ടിക്കുകയുണ്ടായി എന്നത് നിഷേധിക്കാനാവാത്ത ചരിത്രസത്യമാണ്. ലൂഥറിനുശേഷം വിശ്വാസത്തിന്റെ കർതൃനിഷ്ഠമായ വശത്തെ ഊന്നിപ്പറഞ്ഞവരാണ് കാൽവിൻ (Calvin), കാൾ ബാർത്ത് (Karl Barth), പോൾ ടില്ലിച്ച് (Paul Tillich) തുടങ്ങിയ പ്രോട്ടസ്റ്റന്റ് ചിന്തകർ. വിശ്വാസം സജീവമായ ഒരാന്തരികാനുഭൂതിയാണ് കാൽവിന്റെ വീക്ഷണത്തിൽ. ജീവിതപരിവർത്തനത്തിൽ ഈ ആന്തരികകാനുഭൂതി ഫലം ചൂടുന്നു. വിശ്വാസത്തെക്കുറിച്ചുള്ള വീക്ഷണത്തെ ആധാരമാക്കി 17-ാം നൂറ്റാണ്ടിൽ പ്രോട്ടസ്റ്റന്റ് സഭകളിൽ ഒരുതരം ഭക്തിമാർഗം (Pietism) ശക്തിപ്പെട്ടുവന്നു. വൈകാരികതയുടെ അതിപ്രസരം ഈ പ്രസ്ഥാനത്തിന്റെ പ്രത്യേകതയായിരുന്നു.

കത്തോലിക്കാ ചിന്തകരുടെയിടയിലും വിശ്വാസത്തെക്കുറിച്ചും മതത്തെക്കുറിച്ചുമുള്ള തത്തുല്യനീക്കങ്ങൾ രൂപംകൊള്ളുകയുണ്ടായി. പാരമ്പര്യവീക്ഷണങ്ങൾക്കു പ്രചോദനമേകിയ ചിന്തകർ 'ആധുനികർ' (Modernists) എന്നപേരിലാണ് ക്രൈസ്തവചിന്തയുടെ ചരിത്രത്തിൽ അറിയപ്പെടുക. ഈ ആധുനിക ചിന്തകരുടെ വീക്ഷണത്തിൽ മനുഷ്യവ്യക്തിത്വത്തെ മുഴുവനും ബാധിക്കുന്ന ആന്തരികാനുഭവമാണ് വിശ്വാസം. അതൊരു ആത്മസാക്ഷാത്ക്കാരം തന്നെയാണ്. ഈ ആധുനികരെ അന്നത്തെ ഔദ്യോഗിക സഭ സംശയദൃഷ്ട്യാ വീക്ഷിച്ചു. അവർക്കെതിരായി ശക്തമായ നീക്കംതന്നെ ഔദ്യോഗികതലത്തുനിന്നുമുണ്ടായി. എന്നാൽ, പിന്നീട് വിശിഷ്യ രണ്ടാം വത്തിക്കാൻ കൗൺസിലിൽ, അവരുടെ ചിന്തയുടെ നല്ല വശങ്ങൾ പലതും അംഗീകരിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## 4. കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രബോധനം

### 4.1 ട്രെന്റ് കൗൺസിൽ

ലൂഥറിന്റെയും അനുയായികളുടെയും പ്രബോധനങ്ങൾ പ്രചരിക്കാൻ തുടങ്ങിയപ്പോൾ കത്തോലിക്കാസഭയ്ക്ക് തന്റെ ഔദ്യോഗികനിലപാടും പ്രഖ്യാപിക്കേണ്ടിവന്നു. ട്രെന്റ് എന്ന സ്ഥലത്തു കൂടിയ കൗൺസിലിൽവച്ച് ഈ പ്രഖ്യാപനം നടന്നു. വിശ്വാസത്തെ രക്ഷയുടെ പശ്ചാത്തലത്തിലാണ് ട്രെന്റ് കൗൺസിൽ വീക്ഷിക്കുന്നത്. പ്രഖ്യാപനത്തിന്റെ കാതലായ ഭാഗം ഇപ്രകാരമാണ്:

"വിശ്വാസംവഴിയാണ് നം നീതീകരിക്കപ്പെടുന്നത്. കാരണം

വിശ്വാസമാണ് മനുഷ്യരക്ഷയുടെ തുടക്കം. വിശ്വാസമാണ് എല്ലാ നീതീകരണത്തിന്റേയും അടിസ്ഥാനം. അതില്ലാതെ ദൈവത്തെ പ്രീതിപ്പെടുത്തുക സാദ്ധ്യമല്ല" (ഹെബ്രാ 11:6). ഇതോടു യോജിക്കാൻ ലൂഥറിന് പ്രയാസമില്ല. എന്നാൽ കത്തോലിക്കാ വീക്ഷണത്തിൽ വിശ്വാസത്തിന് ബൗദ്ധികമായ ഒരു വശംകൂടിയുണ്ടെന്ന് കൗൺസിൽ വ്യക്തമാക്കുന്നു. അതായത് ദൈവത്തോടുള്ള ആത്മാർപ്പണത്തിൽ ദൈവം വെളിപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സത്യമാണെന്നുള്ള അംഗീകാരംകൂടി നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്നു. കൂടാതെ വിശ്വാസത്തോട് സ്നേഹത്തെക്കൂടി കൗൺസിൽ യോജിപ്പിക്കുന്നുണ്ട്. കാരണം, രക്ഷയ്ക്ക് സ്നേഹംകൂടി ആവശ്യമാണ്. വിശ്വാസത്തിലൂടെയുള്ള രക്ഷ, സ്നേഹത്താൽ പ്രചോദിതമാകുന്ന പുതിയ ജീവിതമത്രേ.

"എന്റെ പാപം ദൈവം ക്ഷമിച്ചു" എന്ന ഉറച്ച വിശ്വാസമാണ്, ലൂഥറിന്റെ ചിന്തയിൽ വിശ്വാസത്തിന്റെ കാതൽ. ട്രെന്റിൽ കൂടിയ കൗൺസിൽ ഈ അഭിപ്രായത്തെ തിരസ്കരിച്ചു. പകരം യേശു രക്ഷകനാണ് എന്ന വസ്തുതയത്രേ കൗൺസിൽ വിശ്വാസവിഷയമായി സമർത്ഥിക്കുന്നത്. അതായത്, എന്റെ പാപങ്ങൾ ക്ഷമിക്കപ്പെടാം എന്നുള്ള സാധ്യത വാസ്തവത്തിൽ അവ ക്ഷമിക്കപ്പെട്ടോ, ഇല്ലയോ എന്നത് എന്റെ അനുതാപത്തേയും, ദൈവിക പ്രചോദനത്തിന് ഞാൻ നല്കിയ പ്രത്യുത്തരത്തേയും ആശ്രയിച്ചാണിരിക്കുന്നത്.

## 4.2 ഒന്നാം വത്തിക്കാൻ കൗൺസിൽ

പത്തൊൻപതാം നൂറ്റാണ്ടായപ്പോഴേയ്ക്കും വിശ്വാസത്തെപ്പറ്റിയുള്ള വീക്ഷണങ്ങൾക്ക് ബൗദ്ധികവശത്തേയ്ക്ക് കൂടുതൽ ചായ്വ് ലഭിച്ചിരുന്നു. രക്ഷയുടെ പശ്ചാത്തലത്തിൽനിന്ന് വേർതിരിച്ച വിശ്വാസത്തെ വിജ്ഞാനവുമായി ബന്ധിക്കുവാൻ തുടങ്ങി; യുക്തിവാദികൾ ബുദ്ധിയുടെ കഴിവിനെയും പൂർണ സ്വാതന്ത്ര്യത്തേയും പ്രഖ്യാപിച്ചപ്പോൾ അതിനെതിരായി സഭയ്ക്കും പോരാടേണ്ടിവന്നതാണ് പ്രധാന കാരണം. തത്ഫലമായി, ദൈവാവിഷ്കരണം എന്നത് സത്യാസത്യങ്ങൾ വെളിപ്പെടുത്തുന്ന മാർഗമായി പരിഗണിക്കപ്പെടുവാൻ തുടങ്ങി. ബുദ്ധിക്കതീതമായ സത്യങ്ങളുണ്ടെന്നും, അവ, ദൈവം നമുക്ക് വെളിപ്പെടുത്തിത്തരുന്നുവെന്നും, അവയെ ചോദ്യം ചെയ്യാതെ, നാം സ്വീകരിക്കണമെന്നുമുള്ള പ്രബോധനം വേരുറച്ചപ്പോൾ, ദൈവിക സത്യങ്ങളെ ചോദ്യംചെയ്യാതെ സ്വീകരിക്കുന്നതാണ് വിശ്വാസമെന്ന വിവക്ഷയും ഉയർന്നുവന്നു. സഭയുടെ ഔദ്യോഗിക പ്രബോധന മാധ്യമമായ ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനങ്ങളിൽ ഈ വീക്ഷണമാണ് നന്നായി നിഴലിച്ചു കാണുന്നത്.





കൗൺസിൽ പ്രഖ്യാപനത്തിന്റെ ചുരുക്കം ഇതാണ്: ദൈവത്തെക്കുറിച്ചു രണ്ടുവിധത്തിൽ അറിയുവാൻ സാധിക്കും. 1. യുക്തിയുടെ സ്വാഭാവിക വെളിച്ചമുപയോഗിച്ച്. 2 അതിസ്വാഭാവികമായ മാർഗത്തിലൂടെ... ഈ രണ്ടാമത്തേതാണ് ദൈവാവിഷ്ക്കരണം അഥവാ ദൈവത്തിന്റെ സ്വയംവെളിപ്പെടുത്തൽ. സ്വാഭാവികമായി അന്വേഷിച്ചറിയുവാൻ സാധിക്കുന്ന വസ്തുതകൾ തന്നെയാണെങ്കിലും ദൈവാവിഷ്ക്കരണത്തിലൂടെ എളുപ്പത്തിലും അസന്നിഗ്ദമായും തെറ്റുകൂടാതെയും ഗ്രഹിക്കുവാൻ കഴിയും. തന്നെയുമല്ല, ദൈവത്തെയും നമ്മുടെ ആത്മരക്ഷയെയും സംബന്ധിക്കുന്ന പല സത്യങ്ങളും യുക്തിക്ക് അപ്രാപ്യങ്ങളുമാകുന്നു. കാരണം, തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം സജ്ജമാക്കിയിട്ടുള്ളവ കണ്ണു കണ്ടിട്ടില്ല; ചെവി കേട്ടിട്ടല്ല; മനുഷ്യഹൃദയത്തിൽ പ്രവേശിച്ചിട്ടുമില്ല" (1 കോറി 2:9).

ദൈവാവിഷ്ക്കരണത്തെക്കുറിച്ചുള്ള ഈ വീക്ഷണത്തിന്റെ അപര്യാപ്തതയെപ്പറ്റി ഇന്നാർക്കും അഭിപ്രായഭിന്നതയില്ല. ഒരാധുനിക ചിന്തകൻ ഇതേപ്പറ്റിപ്പറയുന്നു: "ദൈവത്തെ പലപ്പോഴും സത്യങ്ങൾ പ്രക്ഷേപണം ചെയ്യുന്ന ഒരു നിലയമാക്കിത്തീർത്തിരിക്കുകയാണ്. തത്ഫലമായി ലോകത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും മറ്റെല്ലാവരേയുംകാൾ കൂടുതലായ ജ്ഞാനം ക്രൈസ്തവന് ലഭിക്കുന്നു എന്ന മിഥ്യാഭിപ്രായം തലപൊക്കുന്നു. ഇവിടെ സംഭവിക്കുന്ന അപകടം ദൈവത്തെത്തന്നെ വിട്ടുകളയുന്നു എന്നതാണ്."

ദൈവാവിഷ്ക്കരണത്തിന്റെ ഉള്ളടക്കം മനുഷ്യമനസ്സിന് സ്വാഭാവികമായി അപ്രാപ്യമായ സത്യങ്ങളാണെന്നു വ്യാഖ്യാനിച്ചപ്പോൾ ആ സത്യങ്ങളെ ചോദ്യംചെയ്യാതെ സ്വീകരിക്കുകയാണ് വിശ്വാസമെന്നും സമർത്ഥിക്കേണ്ടിവന്നു. കൗൺസിലിന്റെ വാക്കുകളിൽ "സ്രഷ്ടാവും നാഥനുമെന്ന നിലയിൽ മനുഷ്യൻ സമൂലം ദൈവത്തെ ആശ്രയിച്ചുനിൽക്കുന്നതുകൊണ്ടും, സൃഷ്ടമനസ്സ് നിത്യസത്യത്തിനെപ്പോഴും വിധേയമായിരിക്കുകകൊണ്ടും നമ്മുടെ ബുദ്ധിയുടെയും മനസ്സിന്റെയും പൂർണമായ വിധേയത്വം ദൈവത്തിലർപ്പിക്കുവാൻ നാം കടപ്പെട്ടവരാണ്. ഈ വിധേയത്വം അതിസ്വാഭാവികമായ ഒരാത്മഗുണമാണ്. ഇതുവഴി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള കാര്യങ്ങൾ ദൈവകൃപയുടെ സഹായവും പ്രചോദനവുമനുസരിച്ച് സത്യമാണെന്നും, നാം വിശ്വസിക്കുന്നു. നമുക്ക് ബോദ്ധ്യമായതുകൊണ്ടല്ല, പ്രത്യുത അവയെ വെളിപ്പെടുത്തുന്ന ദൈവത്തിന്റെ അധികാ

രത്തെ അടിസ്ഥാനമാക്കി മാത്രം. വഞ്ചിക്കാത്തവനും വഞ്ചിക്കപ്പെടാത്തവനും ആണല്ലോ ദൈവം"

എങ്കിലും വിശ്വാസത്തിന്റെ ഈ വിധേയത്വം നമ്മുടെ ബുദ്ധിക്ക് അനുയോജ്യമാക്കേണ്ടതിന് ആന്തരികമായി പരിശുദ്ധാത്മാവിന്റെ സഹായവും ബാഹ്യമായ തെളിവുകളുടെ സാക്ഷ്യവും ദൈവം പ്രദാനംചെയ്യുന്നുണ്ട്. ബാഹ്യമായ തെളിവുകൾ അത്ഭുതങ്ങളും പ്രവചനങ്ങളുമാണ്.

വിശ്വാസത്തെക്കുറിച്ചുള്ള ബൗദ്ധികമായ ഈ വീക്ഷണമാണ് കത്തോലിക്കാസഭയിൽ സഭാതലവനായ മാർപാപ്പായുടെ അപ്രമാദിത്വമെന്ന ആശയത്തിന് അതിപ്രാധാന്യം നൽകിയതെന്ന് പറയുന്നതിൽ തെറ്റുണ്ടാവില്ല. സഭാതലവനെന്ന നിലയിൽ വിശ്വാസത്തെയും, സന്മാർഗത്തെയുംപറ്റി മാർപാപ്പാ ചെയ്യുന്ന ഔദ്യോഗിക പ്രഖ്യാപനത്തിൽ തെറ്റുവരാതിരിക്കുവാനുള്ള ദൈവികവരമാണ് അപ്രമാദിത്വം. ഇങ്ങനെ അവകാശപ്പെടുന്നതിനുള്ള യുക്തി ഇതാണ്: വിശ്വാസം നിത്യരക്ഷയ്ക്ക് ആവശ്യമാണെന്നു വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. വിശ്വാസത്തിന്റെ വിഷയം ബുദ്ധിക്ക് അതീതമായ സത്യങ്ങളാണെന്ന് യുക്തി നിർദ്ദേശിക്കുന്നു. നിത്യരക്ഷയുടെ കാര്യമായതുകൊണ്ട് വിശ്വാസത്തിന്റെ വിഷയത്തെ സംബന്ധിച്ചിടത്തോളം സന്ദേഹമൊന്നുമുണ്ടാകാൻ പാടില്ല. അപ്പോൾ ദൈവം വെളിപ്പെടുത്തിയിട്ടുള്ളതും ഉറച്ചുവിശ്വസിക്കേണ്ടതുമായ സത്യങ്ങൾ ഏവയെന്ന് എങ്ങനെ തിരിച്ചറിയുവാൻ കഴിയും? ഒരൊറ്റ മാർഗ്ഗമേയുള്ളൂ. പഠിപ്പിക്കാൻ അധികാരമുള്ള സഭയിലേക്ക് തിരിയുക. അപ്പോൾ സഭാംഗങ്ങളെ രക്ഷയിലേക്ക് നയിക്കുവാനുള്ള ദൗത്യം സ്വീകരിച്ചിരിക്കുന്ന സഭ പ്രഥമമായി ചെയ്യേണ്ടത്, വിശ്വാസത്തിന് വിഷയമായ സത്യങ്ങളെ നിർവചിച്ച് വിശ്വാസികൾക്ക് നൽകുകയാണ്. സഭയുടെ രക്ഷാകരദൗത്യത്തിൽ ദൈവസഹായം വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതുകൊണ്ട് രക്ഷാകരസത്യങ്ങളെപ്പറ്റിയുള്ള പ്രഖ്യാപനങ്ങളിൽ തെറ്റുവരുവാൻ പാടുള്ളതല്ല. തെറ്റു സംഭവിച്ചാൽ ദൈവം വിശ്വസ്തനല്ലെന്നുവരും.

വിശ്വാസത്തെ നിർവ്വചിച്ച ഒന്നാം വത്തിക്കാൻ കൗൺസിൽത്തന്നെയാണ് അപ്രമാദിത്വവും പ്രഖ്യാപിച്ചത്. എന്നാൽ അപ്രമാദിത്വം ഇന്നു വീണ്ടും സഭാചിന്തകരുടെ ഇടയിൽ ചർച്ചയ്ക്കും പഠനത്തിനും വിഷയമായിക്കൊണ്ടിരിക്കയാണ്. ദൈവാവിഷ്കരണത്തേയും വിശ്വാസത്തേയുംപറ്റിയുള്ള സമഗ്രവീക്ഷണങ്ങളാണ് അപ്രമാദിത്വം പോലുള്ള അടിസ്ഥാന സിദ്ധാന്തങ്ങൾപോലും ചർച്ചാവേദിയിലേക്ക് കൊണ്ടുവരുവാൻ ക്രൈസ്തവ ചിന്തകരെ ഇന്നു പ്രേരിപ്പിക്കുന്നത്.





## 5. ആധുനിക സമീപനങ്ങൾ

ആധുനിക ക്രൈസ്തവ ചിന്ത വിശ്വാസത്തിന് അർത്ഥവ്യാപ്തിയും ആഴവും നൽകുന്നുണ്ട്. നിത്യരക്ഷനേടുവാൻ ആവശ്യമായ മനോഭാവം എന്ന നിലയിലാണ് വിശ്വാസധാരണകൾക്ക് അർത്ഥവ്യതിയാനും വന്നിട്ടുള്ളത്. രക്ഷയെപ്പറ്റിയുള്ള പുതിയ സമീപനങ്ങൾ രൂപമെടുത്തപ്പോൾ രക്ഷിക്കാൻവേണ്ടി ദൈവം മനുഷ്യനെ ക്ഷണിക്കുന്ന രീതിയെ (ദൈവാവിഷ്ക്കരണത്തെ) പ്പറ്റിയും നവീനമായി ചിന്തിക്കുവാൻ തുടങ്ങി. മനുഷ്യരക്ഷ, ദൈവാവിഷ്ക്കരണം എന്നിവ സംബന്ധിച്ച് ആധുനിക ചിന്തകളുമായി പരിചയപ്പെട്ടെങ്കിലേ, ഇവയോടു ബന്ധപ്പെട്ട വിശ്വാസത്തിന്റെ നവീനാർത്ഥവും ഗ്രഹിക്കാവൂ.

### 5.1 മനുഷ്യൻ: സാക്ഷാത്ക്കരിക്കപ്പെടേണ്ട സാധ്യത

ആത്മാവിനെ ശരീരത്തിൽനിന്ന് മോചിപ്പിച്ച് മറ്റൊരു ലോകത്തേയ്ക്ക് ദൈവം കൊണ്ടുപോകും എന്നായിരുന്നു രക്ഷയെപ്പറ്റിയുള്ള സർവ്വസാധാരണമായ വീക്ഷണം. എന്നാൽ മനുഷ്യൻ ഏകസാകല്യമാണെന്നും, മനുഷ്യൻ മുഴുവൻ സാക്ഷാത്ക്കാരത്തിലെത്തിച്ചേരേണ്ടവനാണെന്നുമുള്ള സത്യം ആധുനിക തത്വചിന്തയാണ് ഊന്നിപ്പറയുന്നത്. മനുഷ്യന്റെ സാക്ഷാത്ക്കാരസ്വഭാവമെന്തെന്ന് നിർവ്വചിക്കുവാനും ആധുനികചിന്തകന്മാർ പരിശ്രമിക്കുന്നുണ്ട്. ഈശ്വരന്റെ പക്കൽവരെ എത്തിക്കുന്ന അവരുടെ വിചിന്തനങ്ങൾ ഇവിടെ സംക്ഷേപിക്കാം.

1. പദാർത്ഥവും ചേതന (spirit) യുമായ മനുഷ്യനെ നിർവ്വചിക്കേണ്ടത് ഒരു വ്യക്തിയായിട്ടാണ് (personal being). വ്യക്തികളുടെ സത്തയിൽത്തന്നെ ആരൂഢമായിരിക്കുന്ന വിശേഷതയത്രേ ഇതര വ്യക്തികളുമായി ബന്ധപ്പെടുവാനുള്ള കഴിവും അഭിനിവേശവും. മനുഷ്യസത്തയുടെ ഈ പ്രത്യേകതയെ അതിന്റെ പരോന്മുഖത്വമെന്നു നിർദ്ദേശിക്കാം. മറ്റെല്ലാ കഴിവുകളും അടിസ്ഥാനപരമായ ഈ പരോന്മുഖത്വത്തെ കേന്ദ്രമാക്കിയുള്ളതാണ്. അപ്പോൾ മനുഷ്യൻ പരമമായ സാക്ഷാത്ക്കാരം കണ്ടെത്തുന്നത് പരോന്മുഖത്വത്തിന്റെ പൂർണമായ സാഫല്യത്തിലാണ്. അതായത് ശരിക്കുള്ള വൈയക്തിക ഐക്യത്തിൽ.

ഈ വിചിന്തനങ്ങളുടെ പശ്ചാത്തലത്തിൽ മനുഷ്യന്റെ അസ്തിത്വത്തെ സഹാസ്തിത്വ (to be with) മായി വേണം വിവക്ഷിക്കാനെന്ന് അസ്തിത്ത്വ ചിന്തകന്മാർ സമർത്ഥിക്കുന്നു. "ഞാനും'

'നീയും' അസ്തിത്വത്തിൽ വരുന്നത് വെവ്വേറെയല്ല, പ്രത്യുത അന്യോന്യതയുടെ സജീവബന്ധത്തിലാണ്. 'നീ'യുമായുള്ള സമ്പർക്കത്തിലൂടെയാണ് 'ഞാൻ' ഉദ്ഭൂതമാകുന്നതുതന്നെ. 'ഞാൻ' ഞാനായിത്തീരുന്നത് 'നീ' എന്നു പറയുന്നതുകൊണ്ടാണ്.

അതുകൊണ്ട് എന്റേതെന്നും നിന്റേതെന്നുമൊക്കെ വേർതിരിച്ചെടുക്കാവുന്ന അസ്തിത്വമല്ല മനുഷ്യന്റേത്. ഓരോരുത്തനും അവന്റേതായ ഓരോ പ്രത്യേക ലോകവുമില്ല. ആയിരിക്കുന്ന ലോകം "നമ്മുടെ ലോകമത്രേ." ആ ലോകത്ത് നമ്മുടെ സാന്നിധ്യം സഹസാന്നിധ്യവുമാണ്. മനുഷ്യവികാസത്തിനും വളർച്ചക്കും സ്നേഹബന്ധങ്ങൾ കൂടിയേ തീരൂ എന്ന മനഃശാസ്ത്രത്തിന്റെ നിഗമനവും ഇവിടെ പ്രസ്താവ്യമത്രേ.

മനുഷ്യന്റെ നാനാവിധമായ കഴിവുകൾ പൂവണിയുന്നതിന് മറ്റുള്ളവരുടെ സാമീപ്യവും സഹകരണവും ആവശ്യമാണെന്ന് അനുദിനാനുഭവത്തിൽ നിന്ന് വ്യക്തമാണ്. വായിച്ചു ഗ്രഹിക്കുവാൻ അനുവാചകരുണ്ടെങ്കിലേ ഈ എഴുത്തുപോലും സാഫല്യത്തിലെത്തുകയുള്ളൂ. പ്രത്യുത്തരം പ്രതീക്ഷിച്ചുകൊണ്ട് മറ്റുള്ളവരുടെ നേരേ നീട്ടുന്ന ക്ഷണമാണ് നമ്മുടെ ക്രിയാത്മകങ്ങളായ പ്രവർത്തനങ്ങളെല്ലാം. അങ്ങനെ, സ്വയം കണ്ടെത്തണമെങ്കിൽ ഓരോരുത്തനും ഇതര വ്യക്തികളിൽ ലയിച്ച് അപ്രത്യക്ഷനാകണം. ഇതേ ഉൾക്കാഴ്ചയാണ്, 'തന്റെ ജീവൻ കാത്തുസൂക്ഷിക്കുവാൻ പരിശ്രമിക്കുന്നവന് അതു നഷ്ടപ്പെടും" (മർക്കോ 8:35) എന്ന യേശുവിന്റെ വാക്കിൽ പ്രതിഫലിക്കുന്നത്.

2. മനുഷ്യന്റെ പരോന്മുഖത്വം സാക്ഷാത്കൃതമാക്കുന്നത് ഇതര വ്യക്തികളാണെന്നു കണ്ടു. പൂർണമായ സാക്ഷാത്ക്കാരം ഒരു നിമിഷത്തെ മാത്രം അനുഭൂതിയല്ല. ജീവന്റെ അനന്തവും അവികലവുമായ ഒരവസ്ഥയാണിത്. എങ്കിൽ നമുക്കുതന്നെ പൂർണ വിധേയല്ലാത്ത നമ്മുടെ വ്യക്തിത്വത്തെ അതായിത്തന്നെ സ്വീകരിക്കുവാനും അനന്തമായി താങ്ങിനിറുത്തുവാനും നമ്മെപ്പോലെ പരിമിതനും അപകവനുമായ മറ്റൊരാൾക്കുവേണ്ടി സാധ്യമല്ലെന്നു സിദ്ധിക്കുന്നു. ഇവിടെയാണ് ദൈവത്തിങ്കലേക്ക് നമുക്ക് തിരിയേണ്ടി വരിക. നമ്മെ പൂർണമായും നിരപേക്ഷമായും സ്വീകരിച്ച് നമ്മുടെ വ്യക്തിത്വത്തെ അനന്തമായി താങ്ങിനിറുത്തുവാൻ കഴിവുള്ളവനായി ദൈവത്തെ നാം കണ്ടെത്തുകയും ചെയ്യുന്നു.

3. മറ്റൊരു വ്യക്തിയുമായി ആത്യന്തികമായി ദൈവത്തോടു വ്യക്തിപരമായ ബന്ധത്തിൽ എത്തിച്ചേരുമ്പോഴേ നമുക്കു സാക്ഷാത്ക്കാരം കൈവരൂ എന്ന നിഗമനത്തെ ക്രൈസ്തവ ചിന്ത പൂർണ





മായും സ്വാഗതം ചെയ്യുന്നു. കാരണം ക്രൈസ്തവദർശനത്തിന്റെ മൂലക്കല്ലാണല്ലോ ദൈവികത്രിത്വം എന്ന രഹസ്യം. അന്യോന്യതയുടേയും വൈയക്തികവേഴ്ചയുടേയും സ്നേഹത്തിന്റേയും പൂർണതയാണ് ത്രിയേകദൈവം.

### 5.2 ദൈവാവിഷ്ക്കരണം

പരമസത്തയുമായി വ്യക്തിപരമായ ബന്ധത്തിൽ പ്രവേശിക്കുമ്പോഴാണ് മനുഷ്യന് സാക്ഷാത്ക്കാരം സിദ്ധിക്കുക എന്ന നിഗമനത്തിൽ ആധുനിക തത്വചിന്തകരിൽ പലരും എത്തിച്ചേരുന്നുണ്ട്. എന്നാൽ അങ്ങനെ വ്യക്തിഗതമായൊരു ബന്ധം സ്ഥാപിതമാകാൻ സാദ്ധ്യതയുണ്ടോ എന്നത് മറ്റൊരു പ്രശ്നമായി അവശേഷിക്കുന്നു. കാരണം, മനുഷ്യനും ദൈവവും സ്വതന്ത്ര വ്യക്തികളാണ്. അവർ തമ്മിലുള്ള ബന്ധത്തിന് ഇരുവരുടെയും സമ്മതവും സഹകരണവും കൂടിയേ തീരൂ.

മനുഷ്യനെ തന്റെ പക്കലേക്ക് അടുപ്പിക്കുവാൻ താൻ തിരുമനസ്സായി എന്ന് ദൈവം നമുക്ക് വെളിപ്പെടുത്തി. അതാണ് ദൈവാവിഷ്ക്കരണമെന്നുപറയുന്നത്. ആ ക്ഷണം സ്വീകരിച്ച് ദൈവത്തിന്റെ വിളിക്ക് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം. ദൈവാവിഷ്ക്കരണത്തെപ്പററി ആദ്യം പ്രതിപാദിക്കാം.

വചനമാണ് ദൈവാവിഷ്ക്കരണത്തിന്റെ പ്രധാന മാധ്യമം. ദൈവം സംസാരിച്ചു എന്നുള്ള അടിസ്ഥാനത്തിലാണ് നമ്മുടെ ഗ്രഹണശക്തിക്കതീതമായ സത്യങ്ങൾ ചോദ്യം ചെയ്യാതെ സ്വീകരിക്കേണ്ടത് എന്ന് പാരമ്പര്യ ദൈവശാസ്ത്രം സിദ്ധാന്തിക്കുന്നു. വചനത്തെക്കുറിച്ചുള്ള സമഗ്രമായൊരു പഠനംവഴിയത്രേ ദൈവാവിഷ്ക്കരണത്തിന് ആധുനിക ചിന്തകൾ പുതിയ വ്യാഖ്യാനങ്ങൾ നൽകുന്നത്.

### 5.3 വചനത്തിന്റെ സാധ്യതകൾ

വചനങ്ങളുടെ ഒരു പ്രധാന ധർമ്മം അറിവുപകരുകയാണ്. ഒരാൾ ഗ്രഹിച്ചിരിക്കുന്ന വിജ്ഞാനം മറ്റൊരാൾക്ക് പകരുന്നതിന് ഭാഷയുടെ മാധ്യമം ഉപയോഗിക്കുന്നു. ഭാഷയുടെ ഉപയോഗങ്ങളിലൊന്നുമാത്രമാണിത്. നാം ഉച്ചരിക്കുന്ന വചനം ആശയം കൈമാറാനുള്ള ഒരു ഉപാധിയെന്നതുപോലെ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചെടുക്കുവാനുള്ള മാർഗവുമാണ്. ഇവിടെ വചനം വ്യക്തികളെ തമ്മിൽ ബന്ധിക്കുന്നു. കൂടാതെ വചനത്തിന്റെ മറ്റൊരു സാധ്യതയാണ് വ്യക്തിയുടെ ആത്മാവിഷ്ക്കരണം. ആന്തരിക ഭാവങ്ങളെ മറ്റൊരാളിലേക്കു സംവഹിച്ചുകൊണ്ട് വചനത്തിനുമാത്രം സാധിക്കാവുന്ന ഒരു കാര്യമാണിത്. രണ്ടു സുഹൃത്തുക്കൾ തമ്മിലുള്ള സംഭാഷണം ഉദാഹരണമായെടുക്കാം. എന്തു പറയുന്നുവെന്നതിനേക്കാൾ,

പരസ്പരം സംഭാഷിക്കുക, അതിലൂടെ അന്യോന്യം സമ്പർക്കത്തിൽ തുടരുക, പരസ്പരം സന്നിഹിതരാകുക, ഇതിനൊക്കെയാണ് സുഹൃത്സംഭാഷണത്തിൽ ഏറെ പ്രാധാന്യം. അതുകൊണ്ടാണല്ലോ എത്ര നിസ്സാര വിഷയത്തെക്കുറിച്ചും എത്രയേറെ നേരമെങ്കിലും മുഷിച്ചിൽ കൂടാതെ സംസാരിക്കാൻ സുഹൃത്തുക്കൾക്കു കഴിയുന്നത്.

വ്യക്തികൾ തമ്മിലുള്ള ബന്ധം സംജാതമാകുന്നതോടുകൂടി വിനിമയംചെയ്യപ്പെടുന്ന ഓരോ വാക്കും "ഞാനും, നീയും" തമ്മിലുള്ള കണ്ടുമുട്ടലാണ്. "എന്നെയും" ആവഹിച്ചുകൊണ്ട് "നിന്നെ" അന്വേഷിച്ചു തിരിക്കുന്നു ഞാൻ. ഇവിടെ പരസ്പരസമ്പർക്കത്തിനുവേണ്ടി രണ്ടു വ്യക്തികൾ അവരുടെ ഹൃദയം തുറന്നു കാട്ടുവാനായി ഉപയോഗിക്കുന്ന ഉപാധിയായിത്തീരുന്നു വചനം.

ദൈവവചനത്തെ ഈ അർത്ഥത്തിലാണ് ആധുനിക ചിന്തകർ വിശദീകരിക്കുന്നത്. ദൈവാവിഷ്ക്കരണത്തിലൂടെ നമുക്ക് ലഭിച്ച ദൈവവചനത്തിന്റെ പ്രധാന ധർമ്മം ആശയങ്ങളും സത്യങ്ങളും നമുക്ക് നൽകുകയായിരുന്നില്ല. പ്രത്യുത തന്റെ ആന്തരിക രഹസ്യങ്ങൾ തുറന്നുകാട്ടി മനുഷ്യനെ ഒരു സുഹൃത്സംഭാഷണത്തിനു ക്ഷണിക്കുകയായിരുന്നു. ദൈവാവിഷ്ക്കരണം പൂർത്തിയാക്കുന്ന യേശു സ്വശിഷ്യരോട് പറഞ്ഞു: "ഞാൻ ഇനി നിങ്ങളെ ദാസരെന്നുവിളിക്കുകയില്ല. തന്റെ യജമാനൻ ചെയ്യുന്നതെന്തെന്ന് അറിയാത്തവനാണല്ലോ ദാസൻ. പിതാവിൽനിന്നു കേട്ടവയെല്ലാം ഞാൻ നിങ്ങളെ അറിയിച്ചുകഴിഞ്ഞു. അതിനാലത്രേ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്ന് വിളിച്ചത് (യോഹ 15:15).

അപ്പോൾ മനുഷ്യനെ സ്വജീവിതത്തിൽ ഭാഗഭാക്കാക്കുകയും അതുവഴി അവനെ ആത്മസാക്ഷാത്ക്കാരത്തിലെത്തിക്കുകയും ചെയ്യാനുള്ള തന്റെ പദ്ധതിയെ മനുഷ്യർക്ക് വെളിപ്പെടുത്താനും, മനുഷ്യനെ തന്റെ പക്കലേക്ക് വാത്സല്യപൂർവ്വം ക്ഷണിക്കുന്നു എന്നു മനുഷ്യവർഗത്തെ ബോദ്ധ്യമാക്കാനുമാണ് ദൈവം മനുഷ്യന് സ്വയം ആവിഷ്ക്കരിക്കുന്നത്.

## 5.4 മനുഷ്യന്റെ പ്രത്യുത്തരം

ദൈവാവിഷ്ക്കരണത്തെക്കുറിച്ചുള്ള പൂർണ്ണമായ ആശയങ്ങൾ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രകാശിപ്പിക്കുന്നു. തത്ഫലമായി വിശ്വാസത്തിനു വിപുലമായൊരു വ്യാഖ്യാനം ലഭിക്കുകയുണ്ടായി. "ദൈവത്തിന്റെ സത്യസന്ധതയിൽ ഉറച്ചുനിന്നുകൊണ്ട് അവിടുന്നു വെളിപ്പെടുത്തിയ കാര്യങ്ങൾ സത്യമാണെന്ന് ഏറ്റുപറയുന്നതാണ്





വിശ്വാസം എന്ന ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ വിപുലമാക്കുന്നു. "സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിനു വിശ്വാസമാകുന്ന വിധേയത്വം സമർപ്പിക്കേണ്ടതുണ്ട്. വിശ്വാസംവഴി മനുഷ്യൻ ദൈവത്തിന് പൂർണമായി, സ്വതന്ത്രമായി സ്വയം സമർപ്പിക്കുന്നു; അവിടുന്നു നൽകുന്ന വെളിപാട് സ്വമനസ്സാ സ്വീകരിച്ചുകൊണ്ട്."

ഈ വീക്ഷണവ്യത്യാസം ആധുനികചിന്താഗതിയുടെ പ്രതിഫലനമാണ്. ക്രൈസ്തവ വിശ്വാസം, സിദ്ധാന്തങ്ങളുടെ മുമ്പിൽ ബുദ്ധിയുടെ അടിയറവു പറയലല്ലെന്നും, ക്രിസ്തുവിലൂടെ ദൈവിക സംസർഗത്തിലെത്തിക്കാൻ കളമൊരുക്കുന്ന മനോഭാവമാണെന്നും വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ക്രൈസ്തവചിന്തകർ ഇന്നുദ്ഘോഷിക്കുന്നു. ഈ അർത്ഥത്തിൽ മനുഷ്യനെ ദൈവവുമായി ബന്ധിക്കുന്ന സദാത്മകകണ്ണിയായും വിശ്വാസത്തെ നിഷ്ക്കർഷിക്കാം.

ചുരുക്കത്തിൽ, വിശ്വാസത്തിനു ബൈബിൾ നൽകുന്ന അർത്ഥവ്യാപ്തിയിലേക്കു ക്രൈസ്തവചിന്തകർ വീണ്ടും കടന്നുവരികയാണ്. അങ്ങനെ, ദൈവക്ഷണം സ്വീകരിക്കുകയും പ്രത്യുത്തരമായി മനുഷ്യൻ സ്വയം ദൈവകരങ്ങളിൽ അർപ്പിക്കുകയും ചെയ്യുന്നതാണ് വിശ്വാസം. മനുഷ്യനും ദൈവവും തമ്മിൽ നേരിൽ ആദ്യമായി കണ്ടുമുട്ടുമ്പോൾ മനുഷ്യവദനത്തിൽ വിരിയുന്ന സൗഹാർദ്ദത്തിന്റെ പുഞ്ചിരിയാണത്.

ദൈവവചനത്തിനായി മനുഷ്യൻ തന്റെ ഹൃദയം പൂർണമായി തുറക്കുകയും ആ വചനത്താൽ നയിക്കപ്പെടുവാൻ അനുവദിക്കുകയും ചെയ്യുമ്പോൾ വിശ്വാസത്തിന്റെ ആഴം വർദ്ധിക്കുന്നു; മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം ദൃഢതരമാകുകയും ജീവിതൈക്യമായി അതു വളരുകയും ചെയ്യുന്നു. ദൈവത്തിന്റെ വചനമായ യേശുവിന്റെ ആഗമനത്തോടെ, അവിടുന്നു വഴിയാണ് ദൈവത്തിലേക്ക് പോകേണ്ടത് എന്നു വന്നു. അപ്പോൾ ദൈവത്തിലുള്ള വിശ്വാസം ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം യേശുവിലുള്ള വിശ്വാസമാകുന്നു.

വിശ്വാസത്തിന്റെ അന്തഃസത്ത മുഴുവനും ഗ്രഹിക്കാൻ വിശ്വാസവുമായി ബന്ധപ്പെട്ട മറ്റുചില വശങ്ങൾക്കൂടി പരിഗണിക്കേണ്ടതുണ്ട്.

## 5.5 വിശ്വാസവും സ്നേഹവും

ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനമാണ് വിശ്വാസം. 'വിശ്വാസത്തിലൂടെയത്രേ രക്ഷ' എന്നു വിശുദ്ധ പൗലോസ് പഠിപ്പിക്കു

ന്നു. ക്രൈസ്തവ ജീവിതത്തിൽ സ്നേഹത്തിനു പ്രഥമസ്ഥാനമാണുള്ളത് (മത്താ 22:35-40; 25:31-46). എങ്കിൽ വിശ്വാസവും സ്നേഹവും തമ്മിലുള്ള ബന്ധമെന്ത്? വിശ്വാസം പൂവണിയുന്നത് സ്നേഹത്തിലാണ്. സ്നേഹത്തെ ശുദ്ധീകരിക്കുന്നത് വിശ്വാസവും. സ്നേഹബന്ധം സാദ്ധ്യമാകുന്നത് വിശ്വാസത്തിന്റെ ആത്മാർപ്പണത്തിലൂടെയാണ്. സ്നേഹിക്കാനുള്ള നമ്മുടെ കഴിവുകേട് മനസ്സിലാക്കിക്കൊണ്ട് സ്വന്തം പ്രവൃത്തികൾവഴി സാക്ഷാത്കാരം നേടുവാൻ കഴിവില്ലാതെ ദൈവത്തിൽനിന്നു സഹായ ഹസ്തം സ്വീകരിക്കുവാൻ സന്നദ്ധമാകുന്ന മനോഭാവമായും വിശ്വാസത്തെ വീക്ഷിക്കാം. ഈ അർത്ഥത്തിൽ ദാനം സ്വീകരിക്കാൻ നീട്ടിയ കരങ്ങളാണ് വിശ്വാസത്തിന്റെ പ്രതീകം. സ്നേഹത്തിന്റെ ബദ്ധശത്രുവായ അഹംഭാവവും തന്നിഷ്ടവും ദൂരീകരിച്ച് സ്നേഹത്തിന്റെ നിർത്ധരിയെ ശുദ്ധീകരിക്കാൻ വിശ്വാസത്തിനേ കഴിയൂ.

### 5.6 യുക്തിയും വിശ്വാസവും

യുക്തിക്ക് അതീതമായ സത്യങ്ങളാണ് വിശ്വാസത്തിന്റെ വിഷയം എന്നതായിരുന്നു പഴയ ധാരണ. വിശ്വാസം വിജ്ഞാനത്തിന്റെ ഒരു രൂപമാണെന്നാണല്ലോ തോമസ് അക്വൈനാസും പഠിപ്പിക്കുന്നത്. തത്വജ്ഞനായ ഹേഗലിന്റെ (Hegel) സിദ്ധാന്തമനുസരിച്ച് വിജ്ഞാനത്തിന്റെ അവികസിത രൂപമാണ് വിശ്വാസം. വിശ്വാസത്തിന്റെ ഉള്ളടക്കം വിചിന്തനത്തിലൂടെ പുറത്തു കൊണ്ടുവരുകയും അവസാനം ശാസ്ത്രമായി വികസിപ്പിച്ചെടുക്കുകയും വേണം.

എന്നാൽ ആധുനിക ചിന്തയുടെ വെളിച്ചത്തിൽ വിശ്വാസത്തെ ആത്മാർപ്പണത്തിലൂടെ ദൈവത്തിനു നൽകുന്ന പ്രത്യുത്തരമായി നാം നിർവചിച്ചപ്പോൾ യുക്തിയുടെ മണ്ഡലത്തിൽനിന്നു വിശ്വാസത്തെ മോചിപ്പിച്ചെങ്കിലും യുക്തിയെ പാടേ വിട്ടുകളയാവതല്ല. മനുഷ്യന്റെ പൂർണ സമർപ്പണത്തിൽ യുക്തി വിചാരവും ഉൾപ്പെടുന്നുണ്ടല്ലോ. വിശ്വാസത്തിലൂടെ ദൈവത്തിൽമാത്രം സുരക്ഷിതത്വം കണ്ടെത്താൻ പ്രേരണ നൽകുന്നത് യുക്തിയാണെന്നു പറയാം. ദൈവാവിഷ്ക്കരണത്തിൽ ദൈവത്തേയും മനുഷ്യനേയും സംബന്ധിക്കുന്ന സത്യങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ട് യുക്തിപരമായ വശംകൂടി വിശ്വാസത്തിനുണ്ട് എന്നു സമ്മതിക്കണം.

## 5.7 സ്വാതന്ത്ര്യവും വിശ്വാസവും

സ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമാണ് വിശ്വാസം; കാരണം, വിശ്വാസത്തിലേക്കുള്ള ക്ഷണവും, ആ ക്ഷണത്തിനു നൽകുന്ന മറുപടിയും സ്വാതന്ത്ര്യത്തികവുള്ള ദൈവത്തിൽനിന്നും, സ്വതന്ത്രനായ





മനുഷ്യനിൽനിന്നുമാണല്ലോ യഥാക്രമം നിർഗളിക്കുക. ഇക്കാര്യത്തിൽ ആർക്കും ആരെയും നിർബന്ധിക്കാവതല്ല. ദൈവം മനുഷ്യനു തന്റെ ജീവനിൽ ഭാഗഭാഗിത്വം നല്കിയേ തീരൂ എന്നില്ല; അതുപോലെ ദൈവക്ഷണം മനുഷ്യന് മനഃപൂർവ്വം തിരസ്ക്കരിക്കുവാനും കഴിയും.

എന്നാൽ വിശ്വാസത്തിലൂടെ മാത്രമേ മനുഷ്യൻ സാക്ഷാത്ക്കാരം പ്രാപിക്കൂ എന്നതുകൊണ്ട് സാക്ഷാത്കാരത്തിലേക്കു കുതിക്കുന്ന മനുഷ്യൻ വിശ്വാസത്തിന്റെ നിലപാട് സ്വീകരിക്കുക ആവശ്യമാണ്. ഇതല്ലാതെ മറ്റൊരു മാർഗം സാക്ഷാത്ക്കാരത്തിലേക്കു നയിക്കാനില്ല എന്ന അർത്ഥത്തിൽ ഇവിടെ മനുഷ്യനു സ്വാതന്ത്ര്യം പ്രയോഗിക്കുക സാധ്യമല്ലെന്നും പറയാം. അപ്പോൾ ഒരുവിധത്തിൽ പറഞ്ഞാൽ വിശ്വാസം സ്വതന്ത്രമാണ്. മറ്റൊരുവിധത്തിൽ നോക്കുമ്പോൾ അവശ്യാവശ്യവും.

### 5.8 വിശ്വാസഭദ്രത

വിശ്വാസത്തെ ബൗദ്ധികമായി പരാമർശിച്ചിരുന്നപ്പോൾ വിശ്വാസഭദ്രതയെപ്പറ്റിയും ദീർഘമായി പ്രതിപാദിക്കാറുണ്ടായിരുന്നു. അപ്പോഴൊക്കെ ബുദ്ധിയിലെന്നതിനേക്കാൾ ഇച്ഛാശക്തിയിലാണ് വിശ്വാസഭദ്രതയുടെ നീതീകരണം കണ്ടെത്തിയിരുന്നത്. ദൈവത്തിന്റെ അധികാരത്തെ അടിസ്ഥാനമാക്കി അവിടുന്ന് വെളിപ്പെടുത്തുന്ന കാര്യങ്ങൾ സത്യമാണെന്ന് ഉറച്ചു വിശ്വസിക്കാം. വിശ്വാസം ഈ അടിസ്ഥാനത്തിൽ ഭദ്രമാണ്. യുക്തിയുടെ വെളിച്ചത്തിൽ അത്ര തീർച്ചയില്ലെങ്കിലും.

എന്നാൽ വിശുദ്ധ ഗ്രന്ഥത്തിലും ആധുനിക ചിന്തയിലും കാണുന്ന വിശ്വാസഭദ്രത മറ്റൊരുതരത്തിലുള്ളതാണ്. പഴയനിയമത്തിൽ വിശ്വാസമെന്നുപറഞ്ഞാൽ ദൈവത്തിന്റെ കരങ്ങളിൽ സുരക്ഷിതത്വവും ജീവിത ഭദ്രതയും കണ്ടെത്തുകയാണല്ലോ.

വിശ്വാസത്തിന്റെ ആധുനികാർത്ഥത്തിൽ അതിന്റെ ഭദ്രതയെപ്പറ്റി ഇങ്ങനെ ചോദിക്കാം. വിശ്വാസത്തിലൂടെ ദൈവവുമായി സാധിതമാകുന്ന വൈയക്തികബന്ധത്തെക്കുറിച്ച് എനിക്കെങ്ങനെ തീർച്ചയുണ്ടായിരിക്കാൻ കഴിയും? ഇതേപ്പറ്റി ആദ്യമായി പറയാനുള്ളത്, വിശ്വാസത്തിന്റെ അസന്ദിഗ്ദത ശാസ്ത്രത്തിന്റെ അസന്ദിഗ്ദതയിൽനിന്നു തികച്ചും വ്യത്യസ്തമാണെന്നാണ്. ശാസ്ത്രത്തിന്റെ ഭദ്രത യുക്തിയുടെ നേട്ടമാണ്. വിശ്വാസത്തിന്റെ ഭദ്രതയോ ഓരോരുത്തന്റെയും തീരുമാനത്തിന്റെ ഉറപ്പിനെ ആശ്രയിച്ചിരിക്കുന്നു. യുക്തിയുടെ പൂർണമായ പിൻബലം ഇല്ലാത്ത വിശ്വാസത്തിന്റേ

തായ തീരുമാനത്തെ ഒരു "കുതിക്കൽ" ആയി ചില ചിന്തകർ വിവക്ഷിച്ചിട്ടുണ്ട്. വസ്തുനിഷ്ഠമായി നോക്കുമ്പോൾ അവ്യക്തത മുന്നിൽ കണ്ടുകൊണ്ടുള്ള കുതിക്കലാണ്. സാഹസമാണ് വിശ്വാസം. ഈ വിശ്വാസത്തിന്റെ ഭദ്രത വിശ്വാസത്തിൽ മാത്രമേ പ്രാപ്യമാകൂ. അതായത് വിശ്വാസത്തിന്റെ നിലപാടിൽ എത്തിച്ചേർന്ന ഒരുവന് അനുഭവപ്പെടുന്ന ആന്തരികമായ "ഉറപ്പ്" അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഏറ്റം വലിയ അടിസ്ഥാനവും തെളിവുമാണ്.

## 5.9 വിശ്വാസം ദൈവദാനം

തെളിവുകൾ നോക്കി ബോധ്യപ്പെടാവുന്ന മണ്ഡലമല്ല വിശ്വാസത്തിന്റേത്. വിശ്വാസത്തിന്റെ നിലപാടിൽ സ്വയം എത്തിച്ചേരാൻ നമുക്കു സാധ്യവുമല്ല. ദൈവിക കൃപയാണ് നമ്മെ അങ്ങോട്ട് നയിക്കുന്നത് എന്ന് വിശുദ്ധ ഗ്രന്ഥം പഠിപ്പിക്കുന്നു. "കൃപാവരത്താൽ വിശ്വാസം മുഖേന നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു. അതു നിങ്ങളിൽനിന്നുണ്ടായതൊന്നുമല്ല; ദൈവത്തിന്റെ ദാനമാണ്. ആരും അഭിമാനിക്കേണ്ട; അതു പ്രവൃത്തിയുടെ ഫലമൊന്നുമല്ല' (എഫേ 2:8, 9).

## 5.10 വിശ്വാസവും ലോകമതങ്ങളും

ക്രൈസ്തവമതത്തിനു പുറത്ത് രക്ഷയില്ല എന്നൊരു സങ്കുചിത ചിന്താഗതി പ്രാബല്യത്തിലിരുന്ന കാലമുണ്ടായിരുന്നു. ക്രിസ്തുവിലുള്ള വിശ്വാസം രക്ഷയ്ക്ക് അനുപേക്ഷണീയമാണ് എന്ന അടിസ്ഥാന പ്രമാണമാകാം അത്തരത്തിലൊരു ചിന്തയ്ക്ക് പ്രേരകമായി നിന്നത്. എന്നാൽ ഇന്ന് ക്രൈസ്തവമതത്തിനു പുറത്തും ദൈവകൃപ പ്രകടമാണെന്നും അവ പ്രാപിച്ച് സാക്ഷാത്ക്കാരം നേടുന്ന സിദ്ധാന്തമുണ്ടെന്നും ക്രൈസ്തവചിന്തകരാരും സംശയിക്കുന്നില്ല. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇക്കാര്യം ഔദ്യോഗികമായി പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട് (L.G. 16).

മറ്റു മതവിശ്വാസികളും ദൈവികൈക്യത്തിലെത്തിച്ചേരുന്നുവെങ്കിൽ അവരിലും ക്രൈസ്തവ വിശ്വാസത്തിനു തുല്യമായ ഒരു മനോഭാവം - ദൈവത്തോടുള്ള വിധേയത്വം ആത്മാർപ്പണവും - അവശ്യം കാണേണ്ടതുണ്ട്. അത്തരമൊരു മനോഭാവത്തിന് വ്യക്തമായ ഉദാഹരണമാണ് ഹൈന്ദവഭക്തി.

ക്രിസ്തുവിനുമുമ്പ് വിരചിതമായ ഭഗവദ്ഗീതയിലാണ് ഭക്തിമാർഗം ആധികാരികമായും വ്യവസ്ഥാപിതമായും പ്രത്യക്ഷമാവുന്നത് എന്നു പറയാം. വിഷ്ണുവിന്റെ അവതാരമെന്ന് പ്രകീർത്തിക്കപ്പെടുന്ന ശ്രീകൃഷ്ണനെ കേന്ദ്രമാക്കിയുള്ള ഭക്തിമാർഗത്തെയും





അതിന്റെ രക്ഷാകരസ്വഭാവത്തേയുംപറ്റി സമഗ്രമായൊരു പ്രതിപാദനമുണ്ട് ഗീതയിൽ, പ്രത്യേകിച്ച് പന്ത്രണ്ടാമധ്യായത്തിൽ.

## 5.11 യഥാർത്ഥ ഭക്തി

എല്ലാ കർമ്മങ്ങളും ഈശ്വരനിലർപ്പിച്ച് അവിടുന്നുതന്നെ സർവ്വോത്കൃഷ്ടൻ എന്ന ബോധത്തോടുകൂടി മറ്റൊന്നിലും മനസ്സിനെ പ്രവേശിപ്പിക്കാതെ അവിടുത്തെതന്നെ വ്യാഖ്യാനിച്ചുകൊണ്ട് സേവിക്കുന്ന ഉറച്ച മനസ്സുള്ളവരാണ് യഥാർത്ഥ ഭക്തർ (12:6) ഇങ്ങനെ ഈശ്വരനിൽത്തന്നെ മനസ്സിനേയും ബുദ്ധിയേയും കേന്ദ്രീകരിച്ചു നിർത്തുന്നവരെ സംസാര സാഗരത്തിൽനിന്ന് അവിടുന്ന് കൈകൊടുത്തുയർത്തുകയും തന്റെ രൂപം പ്രാപിച്ച് തന്നിൽത്തന്നെ വസിക്കുവാനുള്ള വരം അവർക്ക് നല്കുകയും ചെയ്യുന്നു. (12:6). സംസാരബന്ധങ്ങളിൽനിന്ന് മോചനം (18:6), മുക്തിയിലേക്ക് മനുഷ്യനെ നയിക്കാൻ കഴിവുള്ള ഭക്തി (8:22, 9:28, 9:31, 12:7), മനുഷ്യനെ ആന്തരിക പ്രവർത്തനത്തിനും വിധേയനാക്കുന്നു (9:30). സോപാധികനായ ഈശ്വരന്റെ യഥാർത്ഥരൂപം അറിയാനും കാണാനും കഴിയുന്നത് ഭക്തിവഴിയാണ് (18:55; 11:54). എല്ലാ ജാതിയിലുള്ളവർക്കും സ്ത്രീപുരുഷഭേദമന്യേ സത്യമാണ് ഭക്തിമാർഗ്ഗം (9:22)

ഗീതക്കുശേഷം ഹൈന്ദവഭക്തിക്ക് കൈവന്നിട്ടുള്ള വളർച്ച എ. ഡി. ഒൻപതാം ശതകത്തോടുകൂടി എഴുതപ്പെട്ട ഭാഗവതപുരാണത്തിൽ പ്രതിഫലിക്കുന്നു. കേവലനും ഏക ഭാവാത്മകനും വ്യതിരിക്തതയുടെ നിഴൽപോലുമേശാത്ത അദ്വൈതമായ ഈശ്വരന്റെ നേർക്കുള്ള ഭക്തി ശുദ്ധവും കർമങ്ങൾക്കതീതവുമായിരിക്കേണ്ടതെന്ന് ഭാഗവതപുരാണം അനുശാസിക്കുന്നു.

ദാനധർമ്മമോ പ്രായശ്ചിത്തമോ ത്യാഗമോ
പൂജ്യാചരമോ മതനിഷ്ഠയോ ഒന്നുമല്ല കാര്യം.
ഹരി, യഥാർത്ഥഭക്തിയിൽ മാത്രം പ്രസാദിക്കുന്നു.
മറ്റെല്ലാം ഫലശൂന്യങ്ങളത്രേ (7.7.52).
ഹരിയെ പ്രസാദിപ്പിക്കുന്നതെന്തോ
അതാണു യഥാർത്ഥ കർമ്മം
അങ്ങിൽ മനസ്സിനെ ഉറപ്പിച്ചു നിർത്തുന്നതെന്തോ
അതാണ് യഥാർത്ഥ ജ്ഞാനം (4.29.49).
വിശുദ്ധർ എന്റെ ഹൃദയമാകുന്നു:
അവരുടെ ഹൃദയം ഞാനും.
എന്നെയല്ലാതെ മറ്റൊന്നും അവരറിയുന്നില്ല:
അവരെയെല്ലാതെ മറ്റൊന്നും ഞാനുമറിയുന്നില്ല (9.4.68).

വിശ്വാസം, സ്നേഹം, ഈശ്വരാശ്രയം ഇവയെല്ലാമുൾക്കൊള്ളുന്ന സജീവമായ ഭക്തി. നാരദന്റെയും ശാണ്ഡില്യന്റെയും ഭക്തി സൂക്തങ്ങൾ ഭക്തിയുടെ സ്വഭാവമെന്തെന്ന് നിർവചിക്കുന്നുണ്ട്. ഈശ്വരനോടുള്ള പരമമായ സ്നേഹമാണ് ഭക്തി (നാരദസൂത്രം -2). ഈശ്വരനോടുള്ള പരമാശ്രയമാണ് ഭക്തി (ശാണ്ഡില്യർ 1:1:2). കർമയോഗത്തേയും ജ്ഞാനയോഗത്തേയുംകാൾ ശ്രേഷ്ഠമായ ഭക്തി, മറ്റെന്തോ നേടിയെടുക്കാനുള്ള ഉപാധിയല്ല; ഭക്തിയുടെ പ്രതിഫലം ഭക്തിതന്നെ. ദൈവത്തെമാത്രം ലക്ഷ്യമാക്കുകയും ദൈവകൃപയിലും സ്നേഹത്തിലും മാത്രം ആശ്രയിക്കുകയും ചെയ്യുന്ന ഭക്തി വേറൊന്നിലും താല്പര്യം ഊന്നുന്നില്ല. നിവേദിതനും അർപ്പിതനുമായ യഥാർത്ഥ ഭക്തൻ ഈശ്വരനുമായി ഐക്യം പ്രാപിച്ച് അവസാനം 'തദീയനും' 'തന്മയരും' ആയിത്തീർന്നു.

### 5.12 ഭക്തിയും വിശ്വാസവും

ബൈബിളിലെ വിശ്വാസവും ഗീതയിലെ ഭക്തിയും തമ്മിൽ വളരെ അടുത്ത സാമ്യമുണ്ട്. 'വിശ്വാസത്തിലൂടെ രക്ഷ'; ഇതത്രേ പുതിയനിയമത്തിലെ പ്രധാന പ്രമേയം. സ്വന്തം ശക്തിയിൽ ആശ്രയിക്കാതെ ദൈവത്തിൽ പൂർണമായും ശരണം തേടുകയാണ് രക്ഷയുടെ മാർഗമെന്ന് പൗലോസ് അപ്പസ്തോലൻ വ്യക്തമായി പഠിപ്പിക്കുന്നു. ഇത്തരത്തിലൊരു ആത്മസമർപ്പണമാണ് ഭക്തിമാർഗവും ഉപദേശിക്കുന്നത്.

വിശ്വാസത്തിലുള്ളതിലധികം വികാരസാന്ദ്രത ഭക്തിയിലുള്ളതുകൊണ്ട് ബൗദ്ധികവശത്തിന് വിശ്വാസത്തിലുള്ളത്ര പ്രാധാന്യം ഭക്തി കല്പിക്കുന്നില്ല. ഇങ്ങനെയെല്ലാമായാലും ദൈവികകരങ്ങളിലുള്ള സ്നേഹനിർഭരമായ ആത്മസമർപ്പണമെന്ന അർത്ഥത്തിൽ ക്രൈസ്തവവിശ്വാസവുമായി അനുഭൂതി മണ്ഡലത്തിൽ വളരെയധികം സാമ്യമുണ്ട് യഥാർത്ഥഭക്തിക്ക്.

## 6. ഉപസംഹാരം

ക്രൈസ്തവ ജീവിതത്തിന്റെ സ്രോതസ്സായ വിശ്വാസത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചത്. വിശുദ്ധ ഗ്രന്ഥത്തിലെ വിശ്വാസധാരണകൾക്ക് നിറം കൊടുക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിന് ജന്മം നൽകിയ സമൂഹത്തിലെ ദൈവികാനുഭൂതിയാണ്. ഇതാകട്ടെ ആ സമൂഹത്തിന്റെ മാനസികവും സാംസ്കാരികവുമായ പശ്ചാത്തലത്തിലാണ് സംലഭ്യമാകുന്നതും. വേറൊരു സംസ്കാരിക പശ്ചാത്തലത്തിൽ, വേറൊരുവിധത്തിലാകും ഈശ്വരൻ അനുഭവവേദ്യനായിത്തീരുക. അപ്പോൾ ഈശ്വരന് മനുഷ്യൻ





നൽകുന്ന വിശ്വാസത്തിന്റെ പ്രത്യുത്തരവും വ്യത്യസ്തരീതിയിലായിരിക്കും.

അതുപോലെ ക്രൈസ്തവ ചിന്തയുടെ ചരിത്രത്തിലും സാഹചര്യങ്ങൾ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഒന്നാം വത്തിക്കാൻ കൗൺസിൽത്തന്നെ വിശ്വാസത്തെപ്പറ്റി നടത്തിയ ഔദ്യോഗിക പ്രഖ്യാപനത്തിൽ യുക്തിവാദത്തോടും പാരമ്പര്യവാദത്തോടും മറ്റുമുള്ള പ്രതികരണം വ്യക്തമാണ്. എല്ലാം യുക്തിക്ക് വിധേയമാക്കാം എന്ന യുക്തിവാദത്തിന്റെ നിലപാടിനെ നേരിടാനാണ്, യുക്തിക്കതീതമായ സത്യങ്ങളുണ്ടെന്നും ദൈവം ആവിഷ്ക്കരിക്കുന്ന പ്രസ്തുത സത്യങ്ങൾ വിശ്വാസത്തിൽ മാത്രം പ്രാപ്യങ്ങളാണെന്നും ഔദ്യോഗികമായി ഒന്നാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചത്. വിശ്വാസം ഒരു മനോഭാവവും നിലപാടും ആണെന്ന സത്യം മറന്നില്ലെങ്കിലും, വിശ്വാസത്തിന്റെ ബൗദ്ധികവശത്തെ ആവശ്യത്തിലേറെ ഒന്നാം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുകയുണ്ടായി.

വിശ്വാസത്തെ സംബന്ധിച്ച ധാരണകളിൽ വ്യതിയാനം വരുന്നത് ആധുനിക തത്വചിന്തയുടെ സ്വാധീനത്തോടുകൂടിയാണ്. പ്രത്യേകിച്ച് അസ്തിത്വചിന്തയുടെ. വിശുദ്ധ ഗ്രന്ഥപഠനത്തിൽ വളർന്നുവന്ന താൽപ്പര്യവും പുതിയ സമീപനങ്ങൾക്ക് പ്രചോദനമേകി. ആധുനിക ചിന്തയുടെ പല നല്ല ഉൾക്കാഴ്ചകളും രണ്ടാം വത്തിക്കാൻ കൗൺസിൽ അതിന്റെ ഔദ്യോഗിക പ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദൈവത്തിനുള്ള ആത്മസമർപ്പണമാണ് ദൈവവിശ്വാസത്തിന്റെ കാതൽ എന്ന് ഇന്നെല്ലാവരും സമ്മതിക്കും. വിശ്വാസം വഴി മാത്രം രക്ഷ (റോമാ 1:17) എന്ന വിശുദ്ധ ലിഖിതത്തിലെ സൂക്തം എന്നും അർത്ഥവത്തായിരിക്കും.

**ഫാ. അബ്രഹാം കൂത്തോട്ടിൽ,**
*ക്രിസ്തുദർശനം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 1975.

# 02

# വിശ്വാസത്തിന്റെ വക്താക്കൾ

**പൂർവ്വമാതാപിതാക്കന്മാരുടെ ജീവിതാനുഭവങ്ങൾ**

വിളിച്ചവനിൽ വിശ്വസിച്ച് ദൈവഹിതത്തിന് ആമ്മേൻ പറയുന്ന വിശ്വാസത്തിന്റെ നിദർശനമാണ് അബ്രാഹം. അദ്ദേഹത്തിന്റെ അവിശ്വാസത്തെയും സാമാന്യമനുഷ്യനടുത്ത കാഴ്ചപ്പാടിനെയും കരുണാപൂർവ്വം ദൈവം ക്ഷമിക്കുന്നു. സാറാ എന്ന പിതാമഹിയുടെയും ഇസഹാക്ക്, യാക്കോബ്, എന്ന പിതാമഹന്മാരെയും ഗ്രന്ഥകാരൻ ലേഖനത്തിൽ പ്രതിപാദിക്കുന്നു. ഈ കാലഘട്ടത്തിൽ പ്രലോഭനങ്ങളിലും പ്രതിസന്ധികളിലും വിശ്വാസം മുറുകെ പിടിച്ച് ജീവിക്കാൻ നമ്മെപ്പോലെ പച്ചമനുഷ്യരായ പൂർവ്വമാതാപിതാക്കളുടെ ജീവിതാനുഭവത്തിലൂന്നിയ വിശ്വാസം നമുക്ക് സഹായകമാകും.

## I. അബ്രാഹം

### 1. പുതിയനിയമപാഠം

ഹെബ്രായക്കാർക്കുള്ള ലേഖനത്തിന്റെ രചയിതാവ് അബ്രാഹത്തിന്റെ വിശ്വാസചൈതന്യത്തിന് ഇപ്രകാരം ഭാഷ്യം നല്കുന്നു. "വിശ്വാസം മൂലം അബ്രാഹം തനിക്ക് അവകാശമായി ലഭിക്കാനുള്ള





സ്ഥലത്തേക്കുപോകാൻ വിളിക്കപ്പെട്ടപ്പോൾ അനുസരിച്ചു. എവിടേക്കാണ് പോകേണ്ടതെന്നറിയാതെതന്നെയാണ് അവൻ പുറപ്പെട്ടത്. വിശ്വാസത്തോടെ അവൻ വാഗ്ദത്തഭൂമിയിൽ വിദേശിയെപ്പോലെ കഴിഞ്ഞു. അതേ വാഗ്ദാനത്തിന്റെ അവകാശികളായ ഇസഹാക്കിനോടും യാക്കോബിനോടുമൊത്ത് അവൻ കൂടാരങ്ങളിൽ താമസിച്ചു. ദൈവം സംവിധാനം ചെയ്തതും നിർമ്മിച്ചതും അടിസ്ഥാനമുറപ്പിച്ചതുമായ ഒരു നഗരത്തെ അവൻ പ്രതീക്ഷിച്ചിരുന്നു. വിശ്വാസം മൂലമാണ്, പരീക്ഷിക്കപ്പെട്ടപ്പോലെ അബ്രാഹം ഇസഹാക്കിനെ സമർപ്പിച്ചത്. ഇസഹാക്കിലൂടെ നിന്റെ സന്തതി വിളിക്കപ്പെടും എന്ന വാഗ്ദാനം സ്വീകരിച്ചിരുന്നിട്ടും, അവൻ തന്റെ ഏകപുത്രനെ ബലിയർപ്പിക്കാൻ ഒരുങ്ങി. മരിച്ചവരിൽനിന്നു മനുഷ്യരെ ഉയിർപ്പിക്കാൻപോലും ദൈവത്തിനു കഴിയുമെന്ന് അവൻ വിചാരിച്ചു. അതുകൊണ്ട് ആലങ്കാരികമായി പറഞ്ഞാൽ ഇസഹാക്കിനെ അവനു തിരിച്ചുകിട്ടി.

#### 1.1 മുഖ്യ ആശയങ്ങൾ

പൂർവ്വപിതാവിന്റെ താഴെപ്പറയുന്ന ചെയ്തികളെ വിശ്വാസദർപ്പണത്തിലൂടെ നോക്കിക്കാണുകയാണ് രചയിതാവ്.

- സുരക്ഷിതജീവിതത്തെ വിട്ടുപേക്ഷിക്കാനുള്ള ദൈവനിർദ്ദേശം
- വാഗ്ദാനം ചെയ്ത ദേശത്തെ ഉന്മുഖമാക്കിയുള്ള ജീവിതം
- ഇസഹാക്കിനെ ബലിയർപ്പിക്കണമെന്ന ദൈവാജ്ഞ

അബ്രാഹത്തിന്റെ ജീവിതത്തിലെ മൂന്ന് സുപ്രധാന സംഭവങ്ങളാണിവ. പഴയനിയമത്തിൽ അവയെ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു.

### 2. പഴയനിയമത്തിൽ

#### 2.1 വിശ്വാസം, സ്വയം ശൂന്യവത്കരണത്തിനുള്ള വിളി

ഹാരാൻദേശത്ത് ബന്ധുമിത്രാദികളോടൊപ്പം സുരക്ഷിതത്വമാർന്ന ശാന്തവും മതാത്മകവുമായ ജീവിതം നയിച്ചുവരികയായിരുന്നു അബ്രാഹം. അപ്പോഴാണ് അബ്രാഹത്തെ ദൈവം വിളിച്ചത്. "നീ നിന്റെ ദേശത്തേയും നിന്റെ ജനത്തേയും നിന്റെ പിതൃഭവനത്തേയും വിട്ടുപേക്ഷിച്ച് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക" (ഉൽപ 12:1). അന്നേവരെ നയിച്ചുവന്നിരുന്ന ജീവിതത്തെ ആത്യന്തികമായി കൈവെടിയുക, ഇന്നലെയോടും ഇന്നിനോടുമുള്ള ബന്ധങ്ങൾ മൗലികമായി വിച്ഛേദിക്കുക - ദിവ്യകല്പനയുടെ പൊരുൾ അതായിരുന്നു. സുരക്ഷിതത്വവും, താൻ എന്തോ ആണെ

ന്നുള്ള ആത്മസംതൃപ്തിയും, അന്നേവരെ വിശ്വസ്തതാപൂർവ്വം പൂജിച്ചിരുന്ന ദേവത നല്കിയിരുന്ന സാന്ത്വനവും സ്ഥൈര്യവും പാടേ പരിത്യജിക്കുക അന്നത്തെ സാമൂഹിക വ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ തീർത്തും ദുഷ്കരമായിരുന്നു. ഗോത്രസംവിധാനം നിലനിന്നിരുന്ന അക്കാലത്ത് സ്വന്തം ഗോത്രം കൈവെടിഞ്ഞ് അലഞ്ഞു തിരിയാൻ ആരും മുതിരുകയില്ല. പുറത്തുള്ളവർ അയാളെ ശത്രുവായി കരുതും, ആക്രമിക്കും, വധിക്കും. ആരും ആഹാരമോ അന്തിയുറങ്ങാൻ പാർപ്പിടമോ നല്കുകയില്ല. ആടുമാടുകൾ തീറ്റയോ കുടിക്കാൻ വെള്ളമോ ലഭിക്കാതെ ചത്തുപോകും. മറ്റൊരു വാക്കിൽ ഇരുട്ടിലേക്ക് എടുത്തു ചാടുവാനായിരുന്നു അബ്രാഹം വിളിക്കപ്പെട്ടത്. ഗതി ലഭിക്കാതെ അലഞ്ഞുതിരിയുന്ന ജീവിതശൈലി സുബോധമുള്ളവരാരും സ്വീകരിക്കുകയില്ല. പക്ഷേ പൂർവ്വപിതാവ് ഒരക്ഷരവും എതിർത്തു പറയുകയുണ്ടായില്ല. കർത്താവിന്റെ കല്പനയിൽ പരിപൂർണ്ണവിശ്വാസം അർപ്പിച്ചുകൊണ്ട് അബ്രാഹം ഇറങ്ങിത്തിരിച്ചു (ഉൽപ 12:4). അന്ന് അദ്ദേഹത്തിന് എഴുപത്തിയഞ്ച് വയസ്സുണ്ടായിരുന്നുവെന്ന് ഓർക്കണം. അന്ധമായ വിശ്വാസത്തിന്റെ നിദർശനമായിത്തീർന്നു അദ്ദേഹം. അതുവഴി രക്ഷാചരിത്രത്തിന്റെ പിതാവായിത്തീരാനുള്ള അനുഗ്രഹം നേടിയെടുത്തു.

## 2.2 വിശ്വാസം പരീക്ഷിക്കപ്പെടുന്നു

വിശ്വാസികളുടെ പിതാവിന്റെ വിളി ജീവിക്കണമെങ്കിൽ ഒരു കാര്യം അഭ്യസിച്ചേ മതിയാകുമായിരുന്നുള്ളൂ അബ്രാഹത്തിന്. സ്വന്തം മനസ്സുപേക്ഷിച്ച് ദൈവേഷ്ടത്തിന് സദാ ആമ്മേൻ പറയണം: ഗതി ലഭിക്കണമെങ്കിൽ അവിടുത്തെ അള്ളിപ്പിടിക്കണം; ഒന്നുമില്ലാത്തവനും ഒന്നുമല്ലാത്തവനുമാണെന്ന സത്യം ഏറ്റുപറയണം. അങ്ങനെ പക്വത പ്രാപിക്കാനുള്ള അവസരങ്ങൾ ദൈവം അബ്രാഹത്തിന് വീണ്ടും വീണ്ടും നല്കുകയുണ്ടായി. വിശ്വാസികളെന്ന് അറിയപ്പെടുന്ന കേരളക്രൈസ്തവരുടെയും ജീവിതത്തിൽ അനുഭവപ്പെടുന്ന പ്രതിസന്ധികൾ ഈ കാഴ്ചപ്പാടിലാകണം നോക്കികാണേണ്ടത്.

### *2.2.1 ഈജിപ്തിലെ പ്രതിസന്ധി*

ക്ഷാമംമൂലം ഈജിപ്തിലേക്ക് പോകേണ്ടിവന്നു അബ്രാഹത്തിന് (ഉൽപ 12:10-20). ദൈവം തന്നെ ദിവ്യനന്മകളാൽ പൂരിതനാക്കുമെന്നും കാത്തുപരിപാലിക്കുമെന്നുമുള്ള ഉറപ്പ് (12:2-3) പൂർവ്വപിതാവ് മറന്നു കളയുന്നത് തുടർന്ന് നാം കാണുക. ഭാര്യയായ സാറാ സുന്ദരിയായിരുന്നു. തന്മൂലം താനവളുടെ ഭർത്താവാണെന്നറി





ഞ്ഞാൽ ഈജിപ്തുകാർ തന്നെ വധിച്ചുകളയും. പ്രതിസന്ധിയിൽ ദൈവസഹായം അഭ്യർത്ഥിക്കുന്നില്ല അബ്രാഹം; അവിടുന്നിൽ വിശ്വാസം അർപ്പിക്കുന്നുമില്ല. സ്വന്തം തടി സംരക്ഷിക്കാൻ ഒരു കുതന്ത്രം മെനഞ്ഞു അദ്ദേഹം. സഹോദരനാണ് കൂടെയുള്ളതെന്ന് സാറാ ഈജിപ്തുകാരോട് പറയണം. ഇപ്രകാരം ആപത്സന്ധിയിൽ തീർത്തും അവിശ്വാസിയായിത്തീർന്നു, വിശ്വാസികളുടെ പിതാവായിത്തീരാൻ വിളിക്കപ്പെട്ടവൻ. എങ്കിലും വിശ്വസ്തനായ ദൈവം അബ്രാഹത്തെ ശിക്ഷിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്തില്ല. പ്രതിസന്ധിയിൽ അദ്ദേഹത്തിന്റെ സംരക്ഷകനായി പ്രത്യക്ഷപ്പെട്ടു. അതോടൊപ്പം തന്റെ അവിശ്വാസത്തെക്കുറിച്ച് ലജ്ജിതനായിത്തീരാൻ അവസരം നല്കുകയും ചെയ്തു.

### *2.2.2 ആമേനോതുന്ന അബ്രാഹം*

ദിവ്യനന്മകളാൽ തന്നെ പൂരിതനാക്കാമെന്ന് ദൈവം അബ്രാഹത്തോട് വാഗ്ദാനം ചെയ്തിരുന്നല്ലോ (12:2-3). അന്നത്തെ കാഴ്ചപ്പാടിൽ അനുഗ്രഹങ്ങൾ ത്രിവിധതലത്തിലുള്ളതായിരുന്നു. തിരുസാന്നിധ്യം, സന്താനസമൃദ്ധി, ദേശം. ആദ്ധ്യാത്മികം, ഭൗതികം എന്ന വ്യത്യാസങ്ങൾ ഉണ്ടായിരുന്നില്ല. തിരുസാന്നിധ്യത്തിന്റെ പ്രത്യക്ഷലക്ഷണങ്ങളായിരുന്നു സന്താനസമൃദ്ധി, സ്വന്തമായൊരുഭൂമി അഥവാ ദേശം. ഇവ രണ്ടുമില്ലാത്തവനായിരുന്നു അബ്രാഹം. അദ്ദേഹം പ്രായം ചെന്നവനും ഭാര്യ വന്ധ്യയുമായിരുന്നല്ലോ. അനപത്യത ദൈവത്തിന്റെ ശാപമായാണ് പരിഗണിക്കപ്പെട്ടിരിക്കുന്നത്. സന്താനമില്ലാതെ മൃതിയടഞ്ഞാൽ തനിക്കുള്ളതിന്റെ യെല്ലാം അവകാശിയായിത്തീരുമായിരുന്നു അദ്ദേഹത്തിന്റെ മുഖ്യഭൃത്യൻ. അപ്പോൾ ദൈവം ഒരു വാഗ്ദാനം നല്കി. ആകാശത്തിലെ നക്ഷത്രജാലങ്ങൾപോലെ അബ്രാഹമിന് സന്തതികളെ നല്കുമെന്ന്. സാധാരണഗതിയിൽ തീർത്തും അസാധ്യമായ വാക്കുകൾ. പക്ഷേ അബ്രാഹം കർത്താവിൽ വിശ്വസിച്ചു; അത് അദ്ദേഹത്തിന്റെ ധാർമ്മികതയായി കണക്കാക്കപ്പെട്ടു (വാക്യം 6).

ഹെഅമീൻ എന്ന മൂലപദത്തിന്റെ അർത്ഥം മുഴുവൻ വിശ്വസിക്കുക എന്ന വാക്കിൽ ഉൾക്കൊള്ളുന്നില്ല. ആമേൻ എന്ന ധാതുവാണ് ഉപയോഗിച്ചിരിക്കുക. ദൈവത്തിന്റെ വാക്കുകൾക്ക് സുദൃഢവും സർഗ്ഗാത്മകവുമായി പ്രത്യുത്തരിക്കലാണത്. ആമേൻ പറയുക എന്നതിന്റെ ബിബ്ലിക്കൽ അർത്ഥം അതത്രേ. ദൈവം അരുൾചെയ്തതിന് താൻ പൂർണ്ണമായി സമ്മതമരുളുന്നു; സമർപ്പിക്കുന്നു; അക്കാര്യം നിവർത്തിക്കപ്പെടുമെന്ന് കണ്ണടച്ച് പ്രഖ്യാപിക്കുന്നു; ആ സത്യത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നു.

ഇത്തരം ആശയങ്ങളാണ് ആമേൻ പറയുന്നതിൽ അടങ്ങിയിരിക്കുക.

#### *2.2.3 അബ്രാഹം നമ്മുടെ മാതൃക*

വിശ്വസിക്കുക എന്ന ബൈബിൾ ക്രിയയുടെ അർത്ഥം ഇപ്രകാരമുള്ള ആമേനോതലാണ്. സാമാന്യബുദ്ധിക്ക് തീർത്തും അസാധ്യമായവ വിശ്വസ്തനും സർവ്വശക്തനുമായ ദൈവത്തിന് സാധ്യമാണെന്ന് പ്രഖ്യാപിക്കൽ; അവിടുത്തേക്ക് സമ്പൂർണ്ണമായി സമർപ്പിക്കൽ. കണ്ണുമടച്ചുള്ള ഈ പ്രതികരണത്തെ ഇരുളിലേക്കുള്ള എടുത്തുചാട്ടമെന്ന് വിശേഷിപ്പിക്കാം. കണ്ടാലെ വിശ്വസിക്കൂ, മനുഷ്യബുദ്ധിക്കു ഗ്രാഹ്യമായ കാര്യങ്ങളേ വിശ്വസിക്കൂ എന്നതാണല്ലോ ആധുനികമനുഷ്യന്റെ ചിന്താഗതി. അബ്രാഹത്തിന്റെ വിശ്വാസത്തെ ഭോഷത്വമായി മുദ്രകുത്തും ഇക്കൂട്ടർ. തിരുഹിതം എത്ര അഗ്രാഹ്യവും മൗഢ്യവുമെന്ന് തോന്നിയാലും രക്ഷാചരിത്രത്തിന്റെ പിതാവായ അബ്രാഹത്തെ അടുത്തനുകരിക്കാം. അപ്പോൾ നമ്മളും ധാർമ്മികരായിത്തീരും; രക്ഷാതനയരായി ഭവിക്കും; അബ്രാഹത്തിന്റെ തനയനായ യേശുവിന്റെ ശിഷ്യനുമാകും.

### 2.3 വിശ്വാസം പരീക്ഷിക്കപ്പെടുന്നു

ദൈവവാഗ്ദാനത്തോട് ആമേൻ പറഞ്ഞ അബ്രാഹം പ്രതിസന്ധികൾക്കും പ്രലോഭനങ്ങൾക്കും വിധേയനാകുന്നതാണ് തുടർന്നു നാം കാണുക. വന്ധ്യയും പ്രായം ചെന്നവളുമായ സാറാ തന്റെ ഭർത്താവിന് ഒരു സന്തതിയെ നല്കാൻ ഒരു മാർഗ്ഗം കണ്ടെത്തി: അടിമപ്പെണ്ണായ ഹാഗാറിനെ അബ്രാഹമിന് നല്കുക (16:1-4). ദൈവത്തിന്റെ വാഗ്ദാനത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്നെങ്കിൽ പൂർവ്വപിതാവ് ആ പ്രലോഭനത്തിന് വഴിപ്പെടില്ലായിരുന്നു. സർവ്വശക്തന് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കഴിയുമെന്ന സത്യത്തിൽ അടിയുറച്ചു നിൽക്കാതെ അദ്ദേഹം ഭാര്യയുടെ ഇംഗിതത്തിനനുസൃതം പ്രവർത്തിച്ചു. അബ്രാഹവും നമ്മെപ്പോലെ ഒരു മനുഷ്യനായിരുന്നുവെന്ന് സാരം. എന്നിട്ടും ദൈവം ആ വിശ്വാസിയെ ശാസിക്കുകയുണ്ടായില്ല. ആ ദൗർബല്യം കാരുണ്യപൂർവ്വം ക്ഷമിക്കുകയാണ് ചെയ്തത്. ഹാഗാറിൽനിന്നു ജനിച്ച പുത്രനേയും അവിടുന്ന് അനുഗ്രഹിക്കാൻ തയ്യാറായി (16:10; 21:12-13).

### 2.4 ഒരു അവിശ്വാസപ്രകടനം

അദ്ധ്യായം 17 ൽ അബ്രാഹമിന്റെ ഒരു മാനുഷികപ്രതികരണം രേഖപ്പെടുത്തിയിട്ടുണ്ട്. സാറായ്ക്കു ഒരു പുത്രൻ ജനിക്കുമെന്ന





ഉടമ്പടി വാഗ്ദാനം നല്കുകയായിരുന്നു യാഹ്‌വേ. ശ്രവണമാത്രയിൽ പൂർവ്വപിതാവ് ഇപ്രകാരമാണ് പ്രതികരിച്ചത്. "അബ്രാഹം കമിഴ്ന്നുവീണു ചിരിച്ചുകൊണ്ട് പിറുപിറുത്തു: നൂറുവയസ്സു തികഞ്ഞവനു കുഞ്ഞു ജനിക്കുമോ? തൊണ്ണൂറു വയസ്സുള്ള സാറാ പ്രസവിക്കുമോ? (വാക്യം 17). തികച്ചും അവിശ്വാസത്തിന്റെ വാക്കുകൾ! തുടർന്ന് അബദ്ധം പറഞ്ഞുപോയ ദൈവത്തെ ആ അമളിയിൽനിന്നു രക്ഷപ്പെടുത്താനെന്നവണ്ണം സംസാരിക്കുകയും ചെയ്തു: "ഇസ്മായേൽ അങ്ങയുടെ തിരുമുമ്പിൽ ജീവിച്ചിരുന്നാൽ മതി" (വാക്യം 18). അടിമപ്പെണ്ണിൽ നിന്നു ജനിച്ചവനായിരുന്നല്ലോ ഇസ്മായേൽ. തനിക്ക് സാറായിൽനിന്ന് രക്ഷാചരിത്രത്തിന്റെ സന്തതിയെ നല്കുമെന്ന് വാഗ്ദാനം ചെയ്ത ദൈവത്തെ തിരുത്തുന്നു അദ്ദേഹം!

സാമാന്യമനുഷ്യനടുത്ത ഈ പ്രതികരണത്തിൽ കോപാകുലനാകുന്നില്ല കരുണാസമ്പന്നൻ. താൻ ചെയ്ത വാഗ്ദാനം കൂടുതൽ സുദൃഢവും വ്യക്തവുമായ രീതിയിൽ അവിടുന്നു ആവർത്തിച്ചു. മനുഷ്യൻ ദുർബലനാണെന്ന് ദൈവത്തിനറിയാം. വീണും എഴുന്നേറ്റും മാത്രമാണ് വിശ്വാസത്തിൽ അടിയുറക്കാനാവുക. ഒറ്റ ചാട്ടത്തിൽ വിശ്വാസത്തിന്റെ ഔന്നത്യത്തിൽ എത്തിച്ചേരുക ദുഷ്കരം തന്നെ. പക്വതയേറിയ പരിശീലകനെപ്പോലെയാണ് ക്ഷമാശീലനായ ദൈവം പ്രവർത്തിക്കുക. കാറും കോളും ജീവിതനൗകയെ ഉലക്കുമ്പോൾ ഊന്നുകോലാവർത്തിക്കുന്നു അവിടുന്ന്. ആധുനികരായ നമുക്ക് സമാശ്വാസമേകുന്ന ഈ സത്യം.

### 2.5 പരീക്ഷണത്തിന്റെ പരകോടി

#### *2.5.1 ഹിന്നേനി*

പൂർവ്വപിതാവിന്റെ ജീവിതത്തിൽ കാണുന്ന പ്രത്യേകത അദ്ദേഹം വീഴ്ചയിലൂടെയും താഴ്ചയിലൂടെയും വിശ്വാസത്തിൽ വളർന്നുവെന്നതാണ്. അതാണ് ആധുനികരായ നമുക്ക് അബ്രാഹം നല്കുന്ന പാഠം. അദ്ദേഹത്തിന്റെ വിശ്വാസത്തെ അന്തിമമായി ദൈവം പരീക്ഷിക്കുന്നുണ്ടെങ്കിലും 22:1-19 ൽ. ഇസഹാക്കിനോടും സാറായോടുമൊന്നിച്ച് സന്തുഷ്ടജീവിതം നയിച്ചുവരികയായിരുന്നു അബ്രാഹം. ആകസ്മികമായി ദൈവം അദ്ദേഹത്തെ പേരുചൊല്ലി വിളിച്ചു. ഉടനടിയായിരുന്നു പ്രത്യുത്തതരം, ഇതാ ഞാൻ (ഹിന്നേനി). ഈ ഹീബ്രുപദം പൂർവ്വപിതാവിന്റെ നാമമായിത്തീർന്നിരുന്നുവെന്ന് അനുമാനിക്കാം. എപ്പോഴും എവിടേയും തിരുഹിതത്തിന് ആമേൻ പറയുന്നവനായിത്തീർന്നിരുന്നു ആ വിശ്വാസിയായ വിശ്വസ്തൻ.

***2.5.2 അയുക്തമായ ഉത്തരവ്***

പേരുചൊല്ലി വിളിച്ചുകൊണ്ട് ഒരു കല്പന, ഏകജാതനായ ഇസഹാക്കിനെ കൂട്ടിക്കൊണ്ട് മോറിയാമലമുകളിൽ ചെന്ന് അവനെ ഒരു ദഹനബലിയായി അർപ്പിക്കണം! സാമാന്യയുക്തിക്കു നിരക്കാത്ത അനുശാസനം. ദൈവം തന്നെയല്ലേ വാർദ്ധക്യദശയിൽ ഒരു പുത്രനെ നല്കിയത്! ഉടമ്പടി വാഗ്ദാനങ്ങളിൽ ഒന്നായിരുന്നല്ലോ അത് (ഹെബ്രാ 11:18) തർക്കിക്കുവാനോ സംശയിക്കാനോ മുതിരുകയുണ്ടായില്ല വിശ്വാസികളുടെ പിതാവ്. മരിച്ചവനെ ഉയിർപ്പിക്കാൻപോലും ദൈവത്തിനു കഴിയുമെന്ന് അദ്ദേഹം മനസ്സിൽ കരുതി (ഹെബ്രാ 11:19).

***2.5.3 ഒരു കാൽവരിപ്രയാണം***

ഒരൊറ്റ വാക്കും ഉരിയാടാതെ അബ്രാഹം പുത്രനോടൊത്ത് ഇറങ്ങിപുറപ്പെട്ടു. കണ്ണുകൾ ഈറനണിയിക്കുന്ന വിവരണമാണ് അദ്ധ്യായം 22 ൽ തുടർന്ന് നാം കാണുക. അബ്രാഹം ദഹനബലിക്കുള്ള വിറക് കീറിയെടുത്തു. കഴുതക്കു ജീനിയിട്ട് രണ്ട് വേലക്കാരോടൊപ്പം പുറപ്പെട്ടു. മൂന്നു ദിവസമെടുത്തു സ്ഥലത്തെത്തുവാൻ. ആ ദീർഘവേളയിലൊന്നും ഒരക്ഷരവും ശബ്ദിച്ചില്ല ആ പിതാവ്. അദ്ദേഹത്തിന്റെ മനസ്സിൽ അലയടിച്ചിരുന്ന വികാരങ്ങളൊന്നും ആഖ്യാനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മാനുഷികമായ ചിന്തകളെ വിശ്വാസപ്രകരണങ്ങൾകൊണ്ട് അതിജീവിക്കുവാൻ അബ്രാഹം ഭഗീരഥപ്രയത്നം ചെയ്തുകാണും. മലയുടെ അടിവാരത്തിൽ ഭൃത്യരേയും കഴുതയേയും നിർത്തിയശേഷം ദഹനബലിക്കുള്ള വിറകെടുത്ത് മകന്റെ ചുമലിൽ വച്ചു; കത്തിയും തീയും സ്വയമെടുത്ത് മുന്നോട്ട് നടന്നു. ആരോഹണമദ്ധ്യേ ദഹനബലിക്കുള്ള കുഞ്ഞാടെവിടെയെന്ന് ചോദിച്ചുപോയി ഇസഹാക്ക്. ദൈവം തരും മകനേ എന്നായിരുന്നു പ്രത്യുത്തരം.

***2.5.4 ഹിന്നേനി***

മറ്റൊരു മനുഷ്യനും ഇത്തരത്തിലുള്ള പ്രതിസന്ധിയിലൂടെ കടന്നുപോകാനിടയില്ല. അപ്പോഴും അബ്രാഹം തന്നെ വിളിച്ചവനിൽ ഉറച്ചു വിശ്വസിക്കുവാൻ സ്വയം പോരാടുകയായിരുന്നു. മലമുകളിലെത്തിയപ്പോൾ ഒരു ബലിപീഠം പണിത് അതിൽ വിറകുനിരത്തി; ഇസഹാക്കിനെ ബന്ധിച്ച് അതിനു മീതേ കിടത്തി; മകനെ ബലി കഴിക്കാൻ കത്തി ഉയർത്തി. തൽക്ഷണം ആകാശത്തുനിന്നുള്ള "അബ്രാഹം" എന്ന വിളി അവിടെ മുഴങ്ങി. ഹിന്നേനി (ഇതാ ഞാൻ)! - അബ്രാഹം പ്രത്യുത്തരിച്ചു. ദൈവത്തിൽ കണ്ണുമടച്ച്





വിശ്വസിച്ച് ഏകജാതനെപ്പോലും ബലി കഴിക്കുവാൻ ഒരുങ്ങിയ പൂർവ്വപിതാവിന്റെ വിശ്വാസത്തിനു മുമ്പിൽ അല്പവിശ്വാസികളായ നമ്മൾ ലജ്ജിച്ച് തലതാഴ്ത്തുക തന്നെ വേണം. തന്റെ വിശ്വസ്ത ദാസനെ ദൈവം പ്രതിസമ്മാനിച്ചു.

# II. സാറാ

**3. ഹെബ്രായർക്കുള്ള ലേഖനത്തിൽ**

"വൃദ്ധയായിരുന്ന സാറായ്ക്കു വിശ്വാസംമൂലം ഗർഭധാരണ ശക്തി ലഭിച്ചു. എന്തെന്നാൽ തനിക്കു വാഗ്ദാനം നല്കിയവൻ വിശ്വാസ്യനാണെന്നു സാറാ വിശ്വസിച്ചു" (ഹെബ്രാ 11:11).

**4. പഴയനിയമത്തിൽ**

**4.1 അർദ്ധവിശ്വാസത്തിന്റെ ചിരി**

നൂറാം വയസ്സിൽ തനിക്കൊരു പുത്രനെ ലഭിക്കുമെന്ന് ദൈവം അരുൾചെയ്തപ്പോൾ കമിഴ്ന്നു വീണ് ചിരിച്ചവനാണല്ലോ അബ്രാഹം (17:17). അവിശ്വാസത്തിന്റേതായിരുന്നു ആ പ്രതികരണം. സാറയും ചിരിച്ചതായി 18:12 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. മാമ്രേയിൽ ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ട് അബ്രാഹത്തിന്റെ ആതിഥ്യം സ്വീകരിക്കുകയുണ്ടായി (18:1-15). ഭക്ഷണശേഷം അവിടുന്ന് ചോദിച്ചു: "നിന്റെ ഭാര്യയായ സാറാ എവിടെ?" "ഇതാ കൂടാരത്തിൽ!" അബ്രാഹം മൊഴിഞ്ഞു. തുടർന്ന് ദൈവം അരുൾചെയ്തു:

"വസന്തത്തിൽ ഞാൻ തീർച്ചയായും തിരിച്ചുവരും. അപ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു മകനുണ്ടായിരിക്കും." കൂടാരവാതിൽക്കൽനിന്നു ഈ വാക്കുകൾ കേട്ടുകൊണ്ടിരുന്ന സാറാ അറിയാതെ ചിരിച്ചുപോയി. ഉള്ളിൽ നിറഞ്ഞ സന്തോഷത്തിന്റെ ബഹിർഗമനമായിരുന്നു ആ ചിരി. "എനിക്ക് തീർച്ചയായും സന്താന സൗഭാഗ്യം ലഭിക്കുമോ?" അബ്രാഹത്തിന്റേതുപോലെ അവിശ്വാസത്തിന്റേതായിരുന്നില്ല ആ ചിരി. ആക്കം സർഗ്ഗാത്മകതലത്തിനായിരുന്നു. സാറായുടെ ചിരിയിൽ പ്രതീക്ഷയുടെ നാളം സംശയത്തിന്റെ കാർമേഘങ്ങളെ അതിജീവിക്കുമാറ് തെളിഞ്ഞു നിന്നു.

**4.2 വിശ്വാസപൂർണ്ണിമയുടെ ചിരി**

ശിശുവിന്റെ ജനനവേളയിലാണ് പൂർണ്ണിമയാർന്ന വിശ്വാസത്തിന്റെ ചിരി പൊട്ടി വിടർന്ന് ഏവരിലും പ്രോജ്ജ്വലിച്ച് നിന്നത് (21:2-7). അബ്രാഹം നവജാതന് ഇസഹാക്ക് ("അവൻ ചിരിക്കുന്നു") എന്ന നാമം നല്കി. തദവസരത്തിൽ സാറാ ഉദ്ഘോഷിക്കു

കയാണ്. "ദൈവം എനിക്ക് ചിരി ഒരുക്കിയിരിക്കുന്നു. കേൾക്കുന്ന വരൊക്കെ എന്നോടൊത്ത് ചിരിക്കും." സാറായുടെ വിശ്വാസം പുതിയ ഇസഹാക്കായ യേശുവിന്റെ രക്ഷാചരിത്രത്തിന് വഴിതെളിച്ചു. മാനവചരിത്രം പ്രത്യാശയുടെയും സൗഭാഗ്യത്തിന്റെയും സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും കഥയായി പരിണമിക്കുകയാണ്. "അവൻ ചിരിക്കുന്നു" എന്ന നാമമുള്ള ശിശു ചിരിയുടെ നിദർശനവും ഉറവിടവുമായി. ദൈവമൊരുക്കിയ ചിരിയുടെ ആ സദ്യയിൽ പങ്കെടുക്കാനായി മറ്റുള്ളവരേയും സാറാ ആഹ്വാനം ചെയ്തു. ശ്രവിച്ചവരൊക്കെയും സന്തോഷനിർഭരരായി. വിശ്വാസയുഗത്തിന്റെ തനയരായി.

## III. ഇസഹാക്ക്

### 5. ഹെബ്രായക്കാർക്കുള്ള ലേഖനത്തിൽ

"വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിശ്വാസത്താൽ ഇസഹാക്ക് യാക്കോബിനെയും ഏസാവിനെയും അനുഗ്രഹിച്ചു" (11:20).

### 6. പഴയനിയമത്തിൽ

#### 6.1 ആടിയുലഞ്ഞ വിശ്വാസം

സാധാരണ മനുഷ്യരെപ്പോലെ ഇസഹാക്കിനും വിശ്വാസത്തിന്റെ പരീക്ഷണഘട്ടങ്ങളുണ്ടായി. ക്ഷാമംമൂലം അദ്ദേഹത്തിന് ഭാര്യാസമേതം ഗരാറിലേക്ക് പോകേണ്ടിവന്നു. ദൈവം പൂർവ്വപിതാവിനു പ്രത്യക്ഷപ്പെട്ട് അനുഗ്രഹവാഗ്ദാനങ്ങൾ സ്ഥിരീകരിച്ചു (26:1-5). എന്നിട്ടും തന്റെ ഭാര്യയായ റബേക്കായെ സഹോദരിയായി ചിത്രീകരിക്കാനാണ് ഇസഹാക്ക് മുതിർന്നത്. അവൾക്ക് അഴകുള്ളതിനാൽ നാട്ടുകാർ തന്നെ കൊല്ലുമെന്ന് ഭയന്നുപോയിരുന്നു അദ്ദേഹം (26:6-11). അബ്രാഹമിന്റെ ദൈവത്തിൽ അടിയുറച്ച വിശ്വാസമുണ്ടായിരുന്നെങ്കിൽ ഇസഹാക്ക് വ്യാജം പറയുകയില്ലായിരുന്നു. സർവ്വശക്തൻ തന്നെ കാത്തുകൊള്ളുമെന്നും ദൈവം സത്യമാണെന്നും പൂർണ്ണമായി വിശ്വസിച്ചിരുന്നെങ്കിൽ അദ്ദേഹം അപ്രകാരം ചെയ്യുമായിരുന്നില്ലല്ലോ. മാനുഷികമായ രീതിയിൽ മാത്രം ചിന്തിച്ചുപോയതുകൊണ്ടാണ് ദൈവികകാഴ്ചപ്പാടിൽ അടിയുറച്ചു നിൽക്കാത്തത്. എന്നിട്ടും വിശ്വസ്തനായ ദൈവം പൂർവ്വപിതാവിനെ കൈവെടിഞ്ഞില്ല. ദേശവാസികളിൽനിന്നും രാജാവിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കുകയാണുണ്ടായത് (26:8-11).

#### 6.2 വിശ്വാസത്തിലധിഷ്ഠിതമായ അനുഗ്രഹമേകൽ

അദ്ധ്യായം 27 ൽ യാക്കോബ് അമ്മയുടെ സഹായത്തോടെ





കണ്ണിനു കാഴ്ച കുറഞ്ഞിരുന്ന ഇസഹാക്കിനെ കബളിപ്പിച്ച് മൂത്തമകനായി ചമഞ്ഞ ഏസാവിന് ലഭിക്കേണ്ടിയിരുന്ന അനുഗ്രഹം തട്ടിയെടുത്ത കഥ വിവരിക്കുന്നു. താൻ വഞ്ചിക്കപ്പെട്ടുവെന്ന് പിന്നീട് മനസ്സിലായപ്പോൾ വിറച്ചുപോയി, വൃദ്ധനായ ആ പിതാവ്. താൻ യാക്കോബിനെ അനുഗ്രഹിച്ചുവെന്നും അവൻ അനുഗൃഹീതനായിരിക്കുമെന്നും അദ്ദേഹം മൊഴിഞ്ഞു. ദൈവത്തിന്റെ നിഗൂഢകരം ആ കബളിക്കപ്പെടലിൽ ഇസഹാക്ക് ദർശിച്ചു. തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേലിന്റെ പിതാവ് യാക്കോബായിരിക്കണമെന്നായിരുന്നു ദൈവനിശ്ചയം. വഞ്ചിക്കപ്പെട്ട ഏസാവിനേയും അനുഗ്രഹിക്കുകയുണ്ടായി അദ്ദേഹം. തന്റെ സഹോദരനെ സേവിച്ചുകൊണ്ട് വസിക്കണമെന്നതാണ് ദൈവനിയോഗമെന്നു മൂത്തപുത്രനെ വിശ്വാസം മൂലം അറിയിക്കാനും ഇസഹാക്ക് മടിച്ചില്ല.

## IV. യാക്കോബ്

### 7. ഹെബ്രായക്കാർക്കുള്ള ലേഖനത്തിൽ

ആസന്നമരണനായ യാക്കോബ് തന്റെ വടി ഊന്നിനിന്ന് ആരാധിച്ചുകൊണ്ട് യൗസേപ്പിന്റെ മക്കളെ ഓരോരുത്തരേയും വിശ്വാസത്തോടെ അനുഗ്രഹിച്ചു (11:21).

### 8. പഴയനിയമത്തിൽ

#### 8.1 യാക്കോബിന്റെ ആദ്യകഥ

കൗശലവും വഞ്ചനയും പ്രയോഗിച്ച് ആദ്യജാതന്റെ അവകാശങ്ങൾ തട്ടിയെടുക്കാൻ ശ്രമിച്ചവനായിരുന്നു യാക്കോബ്. ലാബാന്റെ ഭവനത്തിലും സൂത്രങ്ങൾ പ്രയോഗിച്ച് സമ്പന്നനായിത്തീർന്നു അദ്ദേഹം. ദൈവാനുഗ്രഹങ്ങളായ സന്താനപുഷ്ടിയും സമ്പത്തും നേടിയെടുത്തു. മറ്റൊരനുഗ്രഹമായ ദേശം ഏസാവിനെ കബളിപ്പിച്ച് കൈക്കലാക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞു (32:1-23). ആ രാത്രി അപരിചിതനായി വന്ന് ദൈവം യാക്കോബുമായി മൽപ്പിടുത്തത്തിൽ ഏർപ്പെട്ടു (32:24-32); അദ്ദേഹത്തെ മുടന്തനാക്കി. അതോടെ സ്വന്തശക്തിയിൽ ആശ്രയിച്ചുകൊണ്ട് ദൈവാനുഗ്രഹങ്ങൾ നേടിയെടുക്കാമെന്ന ആത്മവിശ്വാസം പൂർവ്വപിതാവിൽ നഷ്ടപ്പെട്ടു. ദൈവത്തിൽ ശരണം ഗമിക്കാനും അവിടുത്തെ അള്ളിപ്പിടിക്കാനും തയ്യാറായി. തന്റെ ഇഷ്ടസുതനായ യൗസേപ്പിന്റെ തിരോധാനം യാക്കോബിനെ കദനക്കടലിലാഴ്ത്തി. അഹത്തിന് മൃതിയടയുകയായിരുന്നു അദ്ദേഹം. ദൈവത്തിൽമാത്രം വിശ്വാസമർപ്പിക്കാൻ സഹനത്തിന്റെ മാർഗ്ഗത്തിലൂടെ പൂർവ്വപിതാവിനെ അഭ്യസിപ്പിച്ചു ദൈവം.

**8.2 വിശ്വാസപ്രേരിതമായ അനുഗ്രഹിക്കൽ**

കുരിശിന്റെ വഴിയിലൂടെ ദൈവത്തിന്റെ പക്വതയിലേക്കു വളർന്ന യാക്കോബിന്റെ അന്ത്യകാലം ആനന്ദപൂരിതമായിരുന്നു. ഇഷ്ടഭാജനമായിരുന്ന യൗസേപ്പിനോടൊപ്പം ഈജിപ്തിൽ സൗഭാഗ്യപൂർണ്ണമായ ജീവിതം നയിക്കാൻ ഭാഗ്യമുണ്ടായി. മരണാസന്നനായപ്പോൾ യൗസേപ്പും അദ്ദേഹത്തിന്റെ രണ്ടുപുത്രന്മാരും പിതാവിന്റെ അടുക്കലണഞ്ഞു (48:1-20). തന്റെ പുത്രന്മാരെ അനുഗ്രഹിക്കാനപേക്ഷിച്ചു. ഇളയവനായ എഫ്രായിമിനെ തന്റെ വലതുകൈകൊണ്ട് പിടിച്ച് യാക്കോബിന്റെ ഇടതുകൈക്കു നേരേയും, മൂത്തവനായ മനാസ്സെയെ ഇടതുകൈക്കൊണ്ടു പിടിച്ചു യാക്കോബിന്റെ വലതുകൈക്കു നേരേയും നിർത്തി. അപ്പോൾ യാക്കോബ് വിശ്വാസംമൂലം ഇളയവന്റെ തലയിൽ വലതുകൈവെച്ചും മൂത്തവന്റെ തലയിൽ ഇടതുകൈവെച്ചും അനുഗ്രഹിച്ചു. യൗസേപ്പിന് ആ പ്രവൃത്തി രസിച്ചില്ല. കൈകൾ പരസ്പരം മാറ്റി മക്കളെ അനുഗ്രഹിക്കണമെന്ന് അദ്ദേഹം നിർബന്ധിച്ചപ്പോൾ പിതാവ് സമ്മതിച്ചില്ല. വിശ്വാസത്താൽ പ്രേരിതനായി അദ്ദേഹം മൊഴിഞ്ഞു. മൂത്തവനിൽനിന്ന് ഒരു ജനതയുണ്ടാകും, അവനും വലിയവനാകും, എന്നാൽ അവന്റെ അനുജൻ അവനേക്കാൾ വലിയവനാകും; അവന്റെ സന്തതികളോ അനവധി ജനതകളും.

**9. പൂർവ്വമാതാപിതാക്കന്മാർ, വിശ്വാസമാതൃകകൾ**

ആധുനികയുഗത്തിൽ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതം നയിക്കാൻ എളുപ്പമല്ല. പ്രലോഭനങ്ങളിലും പ്രതിസന്ധികളിലും വിശ്വാസം മുറുകെ പിടിച്ച് മുന്നോട്ടു പോകുവാൻ പൂർവ്വപിതാക്കന്മാരുടെ ജീവിതാനുഭവങ്ങൾ നമുക്ക് പ്രചോദനമരുളും. അവരും നമ്മെപ്പോലെ പച്ചമനുഷ്യരായിരുന്നു. രക്തവും മാംസവുമുള്ളവർ. പ്രതിസന്ധികളിൽ അടിപതറുകയും ചെയ്തിട്ടുണ്ട്. എന്നാൽ വീണിടത്ത് അവർ കിടന്നില്ല. ദൈവാനുഗ്രഹത്തിൽ വിശ്വസിച്ചുകൊണ്ട് എഴുന്നേറ്റു മുന്നോട്ടു നടന്നു. അടിപതറുക സ്വാഭാവികമാണ്. അപ്പോൾ പൂർവ്വപിതാക്കന്മാരുടെ മാതൃക നമുക്ക് പ്രചോദനമരുളട്ടെ.

**ഡോ. പോൾ കല്ലുവീട്ടിൽ,**
*ജീവധാര*, ഏപ്രിൽ, 2013.



# 03

# ചരിത്രസംഭവങ്ങളും ഇസ്രായേൽ വിശ്വാസത്തിന്റെ ഗുണകരമായ വളർച്ചയും

സാർവത്രികമായ ഒരു കാഴ്ചപ്പാടിൽ വിശ്വാസം ഒരു ദാനമല്ല. ഇസ്രായേലിന്റെ വിശ്വാസത്തിൽ വളർച്ചയും വ്യതിചലനങ്ങളും കാണാനാകും. അവ ചില ചരിത്രസന്ദർഭങ്ങളിലൂടെ ചൂണ്ടിക്കാണിക്കാൻ സാധിക്കുന്നവയാണ്. ചരിത്രത്തിന് അർത്ഥവും തുടർച്ചയും നല്കുന്ന ഇവയെ 'അടിസ്ഥാനസംഭവങ്ങൾ' എന്നു വിളിക്കുന്നു. ഇവയിൽ നിന്നുണ്ടാകുന്ന അനുഭവങ്ങളെ മനഃശാസ്ത്രം തീവ്രാനുഭവങ്ങൾ എന്നു വിശേഷിപ്പിക്കുന്നു. തീവ്രാനുഭവങ്ങൾ ഒരു വ്യക്തിയുടെ വിശ്വാസത്തെയോ അവിശ്വാസത്തെയോ സാരമായി സ്വാധീനിക്കുന്നവയാണ്. അത് അവന്റെ മനോഭാവങ്ങളെത്തന്നെ മാറ്റിമറിക്കുന്നു. ഈ മനഃശാസ്ത്രതത്വം ഇസ്രായേലിന്റെ വിശ്വാസത്തെ സാധൂകരിക്കാൻ പര്യാപ്തമാണ്. ഇസ്രായേലിന്റെ വിശ്വാസജീവിതത്തിലെ ഇത്തരം സംഭവങ്ങളാണ് അവരുടെ വളർച്ചയ്ക്കും രൂപീകരണത്തിനും കാരണമായത്.

## ചരിത്രവും വിശ്വാസവും: ഇസ്രായേലിന്റെ ദൈവശാസ്ത്രസഹ സംബന്ധികൾ

ഇസ്രായേലിന് ചരിത്രം മനുഷ്യർക്കിടയിലെ ദൈവികപ്രവർത്തനങ്ങളായിരുന്നു. അവരുടെ ചരിത്രവും വിശ്വാസവും പരസ്പരപൂരകങ്ങളാണ്, പരസ്പര ബന്ധമുള്ള ദൈവശാസ്ത്രങ്ങളാണ്. ദൈവത്തിന്റെ നിരന്തരമായ പ്രവർത്തനങ്ങളുടെയും ഇസ്രായേലിനോടും ലോകത്തോടുമുള്ള ബന്ധത്തിന്റെയും വെളിപാടായിട്ടാണ് അവർ ചരിത്രത്തെ മനസ്സിലാക്കിയിരുന്നത്. ഇസ്രായേലിന്റെ വിശ്വാസത്തിന്റെ അടിത്തറ ദൈവശാസ്ത്രപരമായ ചരിത്രമാണ്; അവയുടെ അടിസ്ഥാനം യഹോവയുടെ കരങ്ങളിലൂടെ രൂപപ്പെടുന്ന ചരിത്രപരമായ സംഭവങ്ങളും. 'പഴയനിയമചരിത്രത്തിൽ എല്ലാം രൂപം പ്രാപിച്ചത് വിശ്വാസത്തിലൂടെയാണ്. ഇതിനെയാണ് നാം രക്ഷാകരചരിത്രം എന്ന് വിളിക്കുന്നത്. ഇത് ഒരു ചരിത്രരേഖ മാത്രമല്ല ദൈവിക നേതൃത്വത്തിന്റെ അംഗീകരിക്കലും സാക്ഷ്യംവഹിക്കലുമാണ്.

## ചരിത്രപരമായ വിശ്വാസ പ്രമാണവും ഇസ്രായേൽ വിശ്വാസത്തിന്റെ ഘടകങ്ങളും

വിമർശനാത്മകമായ ചരിത്രഅപഗ്രഥനം വ്യക്തമാക്കുന്നത് ഇസ്രായേലിന്റെ രൂപീകരണം അക്ഷരാർത്ഥത്തിൽ ഏക പൂർവ്വപിതാവിൽ നിന്നല്ല. മറിച്ച്, പന്ത്രണ്ട് ഗോത്രങ്ങളുടെ സംയോജനത്തിലൂടെയാണ്. പല ഗോത്രങ്ങൾ ഒരു ജനസമൂഹമായിത്തീർന്നു. അവരുടെ മതപരവും സാമൂഹികവുമായ ഒത്തുകൂടലുകളിൽ പൂർവ്വകാലസംരംഭങ്ങൾ രക്ഷാകര സംഭവങ്ങളായി ആചരിച്ചിരുന്നു. ഈ ആചരണങ്ങൾ വിശ്വാസസ്ഥിരീകരണത്തിന് കാരണമായി. ഇത്തരം ചരിത്രസംഭവങ്ങളുടെ സാരാംശത്തെയാണ് ചരിത്രപരമായ വിശ്വാസപ്രമാണം എന്നു വിളിക്കുന്നത്.

1) പഞ്ചഗ്രന്ഥികൾ
   * നിയ 6:10-25 കുടുംബവേദോപദേശം
   * നിയ 26:1-11 നേർച്ചപ്പണം കൊടുക്കൽ

2) നിയമാവർത്തനചരിത്രത്തിൽ
   * ജോഷ്വാ 24:2-28 ഷെക്കെമിലെ ഉടമ്പടിയുടെ രൂപകല്പന
   * ന്യായാ 6:9-10 മിദിയാൻകാരിൽനിന്നും ആക്രമണം ഉണ്ടായപ്പോൾ ഒരു പ്രവാചകന്റെ വരവ്
   * 1 സാമു 10:18 മിസ്പായിലെ രാഷ്ട്രീയ പ്രതിസന്ധിയുടെ സമയത്ത് സാമുവൽ കടന്നുവരുന്നു.





   * 1 സാമു 12:6-13 സാമുവലിന്റെ വിടവാങ്ങൽ
   * 1 രാജാ 8:12-21 സോളമന്റെ സമർപ്പണപ്രാർത്ഥന

3) ദിനവൃത്താന്തചരിത്രം
   * 2 ദിന 7:19-22 കർത്താവ് സോളമന് വീണ്ടും പ്രത്യക്ഷപ്പെടുന്നു.
   * നെഹെ 9:7-37 എസ്രായുടെ പ്രാർത്ഥന

4) മിദ്രാഷിക് ചരിത്രം
   * യൂദി 5:5-21 ഹോളോഫർണസിനുള്ള ആഖിയേറിന്റെ ഉപദേശം.
   * എസ്തേ. 13:15-16 എസ്തേറിന്റെ പ്രാർത്ഥന
   * എസ്തേ. 14:15 വിപ്രവാസത്തെക്കുറിച്ച് പ്രതിപാദനം

5) മക്കബായ ചരിത്രം
   * 1 മക്ക 2:51-60 മത്താത്തിയാസിന്റെ വിടവാങ്ങൽ

6) പ്രവാചക ലിഖിതങ്ങൾ
   * ആമോ 2:9-11 ഇസ്രായേലിനെ വിധിക്കുന്നു
   * ഹോസി 11:1; 13:4-6 യഹോവയുടെ അന്ത്യവിധിയെക്കുറിച്ച്
   * മിക്കാ 6:1-5 യഹോവ തന്റെ ജനത്തിനെതിരെ
   * ജറെ 32:20-23 ജറമിയായുടെ പ്രാർത്ഥനയിൽ
   * എസെ 20 ദൈവവും ഇസ്രായേലുമായുള്ള ബന്ധത്തിന്റെ പ്രതിപാദനം

7) വിവിധതരം ആരാധനാഗീതങ്ങളിൽ
   * യഹോവയോടുള്ള ആരാധനാഗീതം - സങ്കീ 68,114,135,136
   * സമൂഹവിലാപങ്ങൾ -സങ്കീ. 44, 74, 79, 80,106
   * ചരിത്രപരമായ ഉപദേശം - സങ്കീ 78, 105
   * പ്രവചനങ്ങളും ഉപദേശങ്ങളും - സങ്കീ 81

8) ജ്ഞാനസാഹിത്യത്തിൽ
   * ജ്ഞാനം 10:1-11 ജ്ഞാനത്തിന്റെ കീർത്തനം
   * പ്രഭാ അദ്ധ്യായങ്ങൾ 44-50 പൂർവ്വപിതാക്കന്മാരെ കീർത്തിക്കുന്നു.

9) പുതിയനിയമത്തിൽ
   * അപ്പ 7:2-53 സ്തേഫാനോസിനെക്കുറിച്ച് പ്രതിപാദനം
   * അപ്പ 13:16-23 അന്ത്യോക്യായിൽ വച്ച് പൗലോസിന്റെ പ്രതിപാദനം
   * ഹെബ്രാ 11:4-31 പൂർവ്വികരുടെ വിശ്വാസത്തെ പുകഴ്ത്തുന്നു.

ചരിത്രപരമായ വിശ്വാസപ്രമാണത്തിന്റെ ഉള്ളടക്കത്തിൽ വിശ്വാസത്തിന്റെ അടിസ്ഥാനഘടകങ്ങൾ മാത്രമല്ല, അവ രൂപംകൊണ്ട പ്രക്രിയയും കാണാൻ കഴിയും.

## 1. പുറപ്പാടും ഇസ്രായേലിന്റെ വിശ്വാസവും

ഇസ്രായേലിന്റെ വിശ്വാസത്തിന്റെ മൗലികഘടകം ഈജിപ്തിന്റെ അടിമത്തത്തിൽനിന്നുള്ള രക്ഷയും പുറപ്പാടുമാണ്. ഇവയിൽ ദൈവത്തിനുള്ള സ്ഥാനമാണ് അവരുടെ വിശ്വാസത്തിന്റെ സുപ്രധാനമായ ആദ്യഘടകം. ചരിത്രപരമായ വിശ്വാസപ്രമാണത്തിന്റെ മുകളിലുദ്ധരിച്ച 37 സംഭവങ്ങളിൽ 32 പ്രാവശ്യം രക്ഷയെക്കുറിച്ചും പുറപ്പാടിനെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. അവ: നിയ. 6:12, പ്രത്യേകിച്ച് 21-23ബി; നിയ. 26:6-8; ജോഷ്വ 5-7 ബി, പ്രത്യേകിച്ച് 17; ന്യായാ. 6:8-9ബി; 1 സാമു. 10:18; 1 സാമു. 26,8 എ-ബി; 1 രാജാ. 8:16.21 സി; 2 രാജാ. 17:7-8; 2 ദിന. 7:19-22; നെഹെ. 19-10; യൂദി. 5:11-12; എസ്ത. 13:16; 14:5; ആമോ. 2:10എ; ഹോസി 11:1; 6:4; മിക്കാ 6:4; ജറ. 32:20-21; എസ. 20:5സി -10എ, 35-36; സങ്കീ. 44:2ബി, 68:7-8, 78:1113 42-53; 80:8-9എ; 81:6-7എ, പ്രത്യേകിച്ച് 10 ബി; 105:23-38; 106:7-12; 114:1,3 എ, 5എ; 135:8-9; 136:10-1511:14; അപ്പ 7:17 -36എ, 13:16-17; ഹെബ്രാ. 11:23 -29.

ഈജിപ്തിൽ നിന്നുള്ള രക്ഷയെ വിവരിച്ചിരിക്കുന്ന ഭാഷ പ്രധാനമായും യുദ്ധസംബന്ധമായ വിജയത്തിന്റെയും വിമോചനത്തിന്റെയും ഭാഷയാണ്. ഉദാ: "തന്റെ ശക്തമായ കരത്താലും മഹത്തും ഭയാനകവുമായ അടയാളങ്ങളാലും അത്ഭുതങ്ങളാലും...." (നിയ. 6:21-22, 26:8; ജോഷ്വ 24:17; നെഹ. 9:10; ജറ. 32:20-21; സങ്കീ. 135:8-9; 136:10-15; അപ്പ. 13:17ബി); "ഞാൻ നിങ്ങളെ ഈജിപ്തിൽ നിന്നു മോചിപ്പിച്ചു" (മിക്കാ 8:4); അങ്ങ് എന്നെ പുറന്തള്ളിയതുകൊണ്ട് (സങ്കീ. 44:2ബി); "ദൈവമേ അങ്ങ് അങ്ങയുടെ ജനത്തിന് മുമ്പേ നീങ്ങിയപ്പോൾ" (സങ്കീ. 68:7); 'അത്ഭുതങ്ങളും അടയാളങ്ങളും, കടലിനെ വിഭജിച്ചു, പകർച്ചവ്യാധികൾ" (സങ്കീ. 78:1113, 43-53; 105:27 -36); ഈജിപ്തിൽനിന്ന് അങ്ങ് ഒരു മുന്തിരിവള്ളികൊണ്ടുവന്നു (സങ്കീ. 8:8എ); "ഞാൻ നിന്നെ മോചിപ്പിച്ചു" സങ്കീ:81:7എ); "അവിടുന്ന് അവരെ രക്ഷിച്ചു.... അവരെ വീണ്ടെടുത്തു" സങ്കീ:106:10); "കടിഞ്ഞൂലുകളെ സംഹരിച്ചു" (സങ്കീ. 135:8-9; 136:1015); " ശത്രുക്കളെ ജലത്തിൽ മുക്കിക്കൊല്ലുകയും, നീതിമാന്മാരെ കൊള്ളയടിച്ചും" (ജ്ഞാനം 10:18-20).

ഈ ചേരുംപടിചേർക്കലിൽ നിന്നും ചില രസകരമായ സംഭവങ്ങൾ ഉരുത്തിരിഞ്ഞു:

1) പുറപ്പാടിൽ ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തെ പുകഴ്ത്തുന്ന പരമ്പരാഗത ആരാധനക്രമത്തിന്റെയും സാഹിത്യരൂപത്തിന്റെയും പ്രാചീനതയെയും തുടർച്ചയെയും കാണിക്കുന്ന ചില സമാനമായ വാക്കുകളും ശൈലികളും കണ്ടെത്തി.





2) രാജാവായ യഹോവയും തന്റെ സൈന്യമായ ഇസ്രായേൽജനവും ഫറവോയ്ക്കും അവന്റെ സൈന്യത്തിനുമെതിരായി യുദ്ധം ചെയ്യുന്നു.

3) യഹോവ ഫറവോയെ പകർച്ചവ്യാധിയാകുന്ന സൈനിക ആയുധമുപയോഗിച്ച് തകർത്തുകളഞ്ഞു.

4) യഹോവയുടെ സൈന്യം വിജയിക്കുകയും തകർക്കപ്പെട്ട ഈജിപ്തുകാരെ കൊള്ളയടിക്കുകയും കൊള്ളമുതൽ കൊണ്ടുപോവുകയും ചെയ്തു.

5) അങ്ങനെ ഈജിപ്തിൽനിന്നുള്ള വിമോചനം ഇസ്രായേൽചരിത്രത്തിലെ യഹോവയുടെ ആദ്യരക്ഷാപ്രവർത്തനമാവുകയും താരതമ്യപ്പെടുത്താവുന്ന മറ്റു രക്ഷാപ്രവർത്തനങ്ങൾക്കു മാതൃകയാവുകയും ചെയ്തു.

ഇവിടെ സുപ്രധാനമായ അടിസ്ഥാനസംഭവം ഈജിപ്തിൽ നിന്നുള്ള വിമോചനവും തീവ്രാനുഭവം രക്ഷയും സ്വാതന്ത്ര്യവുമാണ്. ഇസ്രായേൽ യഹോവയെ മനസ്സിലാക്കിയിരുന്നത് യുദ്ധനേതാവും ഈജിപ്തിൽനിന്നും തങ്ങളെ രക്ഷിച്ച യോദ്ധാവുമായിട്ടാണ്. അനന്തരഫലമായി ഇസ്രായേലിന്റെ വിശ്വാസം ആദ്യരംഗത്ത് യോദ്ധാവും രക്ഷകനുമായ യഹോവയിലായിരുന്നു. വിശ്വാസത്തിന്റെ ഈ ഘടകം പൗലോസിന്റെ സമയംവരെ അവരുടെ ചരിത്രത്തിലെ കേന്ദ്രആശയമായി നിലനിന്നു. പിന്നീട് ചരിത്രത്തിലെ ക്രമാനുഗതമായ അടിസ്ഥാന സംഭവങ്ങളിലൂടെ പുതിയ പരിണാമങ്ങൾ അതിന് കൈവന്നിട്ടുണ്ട്.

## 2. വാഗ്ദാനദേശത്തിന്റെ കീഴടക്കൽ: കുടിപാർപ്പും വിശ്വാസവും

പുറപ്പാടിനോടൊപ്പം തന്നെ സുപ്രധാനമാണ് കാനാനിലെ കീഴടക്കലും കുടിപാർപ്പും. പുറപ്പാടും കീഴടക്കലും പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. യഹോവയുടെ രക്ഷാകരമായ പ്രവർത്തനത്തെ മനസ്സിലാക്കാൻ ഇവയെ ഒരുമിച്ചു പരിഗണിക്കേണ്ടത് അനിവാര്യമാണ്. ചരിത്രപരമായ വിശ്വാസപ്രമാണത്തിൽ വാഗ്ദാനദേശത്തിന്റെ കീഴടക്കലും കുടിപാർപ്പും പുറപ്പാട് സംഭവത്തോട് ചേർന്നുനില്ക്കുന്നു. വിശ്വാസപ്രമാണത്തിൽ ഇത് 22 പ്രാവശ്യം ഉദ്ധരിച്ചിരിക്കുന്നു. വളരെ പ്രധാനപ്പെട്ടതും വ്യക്തവുമായ സംഭവങ്ങൾ ഇവയാണ്:

- നിയ. 6:18-19, പ്രത്യേകിച്ച് 23 ബി "....നിർമ്മാർജ്ജനം ചെയ്ത്

അവകാശമാക്കാനും ...... അവിടെനിന്നു കൊണ്ടുപോന്നു" (നിയ. 26:9-12 1 സാമു 12:8ബി; ജറ. 32:22-23; സങ്കീ. 136:21-22).

- ജോഷ 24:11-13, പ്രത്യേകിച്ച് 18 ".......... ദൈവം നമ്മുടെ മുമ്പിൽ നിന്നും അമോര്യരെയും എല്ലാ ജനതകളെയും ഓടിച്ചു...." (യൂദി 6:9സി;5:15ബി-17; സങ്കീ. 78:54-55; സങ്കീ 80:ബി-11; സങ്കീ 105:44-48 അപ്പ. 7:45-50; 13:19ബി-23).

- നെഹ. 9:24-25 " സുരക്ഷിതനഗരങ്ങളും ഫലഭൂയിഷ്ഠമായ പ്രദേശങ്ങളും അവർ പിടിച്ചടക്കി" കാലെബിന് ദേശത്ത് അവകാശം കൊടുത്തു" (1 മക്ക. 2:54-56).

-ആമോ. 2:9-10 "അമോര്യരെ ഞാൻ നിങ്ങൾക്കു മുമ്പിൽ നശിപ്പിച്ചു.....നിങ്ങളെ ഉയർത്തിക്കൊണ്ടുവന്നു.... അമോര്യരുടെ ദേശം കൈവശമാക്കാൻ" (എസ. 20:28; സങ്കീ. 114:2; 135:10-12).

-സങ്കീ. 44:2എ-3 അവരെ നട്ടുപിടിപ്പിക്കാൻ അവിടുന്ന് സ്വന്തം കരത്താൽ ജനതകളെ പുറത്താക്കി.... വാളുകൊണ്ടല്ല അവർ നാടു പിടിച്ചടക്കിയത്, കരബലം കൊണ്ടല്ല അവർ വിജയം വരിച്ചത്, അവിടുത്തെ വലത്തുകൈയും ഭുജവും മുഖപ്രകാശവും കൊണ്ട ത്രേ.... (ഹെബ്രാ 11:30-31).

-സങ്കീ. 106:34-39 ഇസ്രായേലിന്റെ അവിശ്വസ്തതയുടെ വശദീകരണം.

വീണ്ടും ഈ ഉദ്ധരണികളിൽ സൈനികഭാഷ വ്യക്തമായി ശ്രദ്ധിക്കപ്പെടാതെ പോയിരിക്കുന്നു. യഹോവ ജേതാവും ഇസ്രായേൽജനം പരമ്പരാഗതമായി ഭൂമി സ്വീകരിക്കുന്ന പ്രയോജകരുമായി കാണുന്നു. യഹോവയുടെ വിജയവും ഭൂമിദാനവും ഈ പുസ്തകങ്ങളിലെ പ്രധാനപ്രമേയങ്ങളാണ്. ജോഷയുടെ പുസ്തകവും ന്യായാധിപന്മാരും സാമുവലിന്റെ ആദ്യഭാഗവും യഹോവയെ ജനങ്ങൾക്കുവേണ്ടിയുള്ള ഏകയോദ്ധാവും ഇസ്രായേലിലെ നേതാക്കന്മാരെ അവിടുത്തെ ഉപകരണങ്ങളായും എടുത്തു കാണിക്കുന്നു. ഉദാ: ജോഷായുടെ പുസ്തകം 10:11-ൽ കാനാന്യരുമായുള്ള യഹോവയുടെ യുദ്ധം, നിയ. 5:4-5-ലെ പൂർവ്വകാലങ്ങളിലുള്ള യഹോവയുടെ യുദ്ധം. നിയ. 7-ൽ പ്രതിപാദിക്കുന്ന മിഥിയാൻകാരുമായുള്ള ഗിദയോന്റെ യുദ്ധം ഒരുതരത്തിൽ യഹോവയുടെ യുദ്ധം തന്നെയാണ്. 1 സാമുവൽ 7:10-ൽ യഹോവ ഫിലിസ്ത്യർക്കെതിരേ യുദ്ധം ചെയ്യുന്നതായി നാം കാണുന്നു. കാനാനിലെ ഈ കീഴടക്കൽ - കുടിപാർപ്പ് ശ്രമത്തിൽ ഇസ്രായേലിന്റെ പ്രധാനപങ്ക് യുദ്ധപ്രവർത്തനങ്ങളിലും ഉപരി വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിലായി





രുന്നു. പാരമ്പര്യത്തിന്റെ പേരിൽ ഭൂമി നല്കുന്നവനും ജേതാവുമായ യഹോവയിൽ കേന്ദ്രീകൃതമായ ഒരു വിശ്വാസമാണ് ഇസ്രായേലിനുണ്ടായിരുന്നത്.

### 3. മരുഭൂമിയിലെ അലച്ചിലും ഇസ്രായേലിന്റെ വിശ്വാസവും

ഇസ്രായേലിന്റെ ചരിത്രപരമായ വിശ്വാസപ്രമാണത്തിൽ മൂന്നാമതായി പ്രാധാന്യമർഹിക്കുന്നത് മരുഭൂമിയിലെ അലച്ചിലും അതിനോടു ബന്ധപ്പെട്ട സംഭവങ്ങളുമാണ്. പുറപ്പാടിനും വാഗ്ദാനദേശത്തിന്റെ കീഴടക്കലിനുമിടയിലുള്ള സംഭവമാണ് മരുഭൂമിയിലെ വാസം. ഈ കാലഘട്ടത്തിലെ അനുഭവങ്ങളും ഇസ്രായേലിന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കാൻ സഹായകമായവയാണ്.

ഇടക്കാലവാസത്തിന്റെയും അലച്ചിലിന്റെയും സമയത്ത് നടന്ന പ്രധാനസംഭവമാണ് സീനായ് ഉടമ്പടി അഥവാ സീനായ് വെളിപാട്. ചരിത്രപരമായ വിശ്വാസപ്രമാണത്തിൽ സീനായ് ഉടമ്പടിയെക്കുറിച്ച് 11 പ്രാവശ്യം മാത്രമാണ് പ്രതിപാദിച്ചുകാണുന്നത്. എന്നാൽ മരുഭൂമിവാസത്തെക്കുറിച്ച് 20 പ്രാവശ്യം പ്രതിപാദിക്കുകയും കൂടുതൽ പ്രാധാന്യം നല്കുകയും ചെയ്തിരിക്കുന്നു.

ഈ പുസ്തകത്തിൽ മരുഭൂമിയിലെ വാസം യഹോവയുടെ സംരക്ഷണമായിട്ടാണ് വിവരിച്ചിരിക്കുന്നത്: ജോഷ 24:7സി - 10; യൂദി. 5:13-15എ; ആമോ. 2:10ബി; മിക്കാ 6:5; സങ്കീ. 68:7; 74:12-15; 78:14-20, 23-29; 135:10-11; 136:16-20; അപ്പ. 13:18-19എ. മരുഭൂമിയിൽ യഹോവ അവരെ സംരക്ഷിക്കുകയും അവർക്ക് ഭക്ഷണം നല്കുകയും ചെയ്തു. നെഹ. 9:11-22; ഹോസി. 13:5-6; സങ്കീ. 81:7ബി-8, 105:38-43. ഇസ്രായേലിന്റെ രക്ഷയ്ക്ക് ദൈവം അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചു. സങ്കീ. 114:3ബി,4,5ബി-8. മരുഭൂമിയിലെ ഇടക്കാലവാസത്തിൽ ഇസ്രായേൽ ദൈവത്തെ പരീക്ഷിച്ചു, നിയ. 6:16. ഇസ്രായേൽ യഹോവയ്ക്കെതിരായി പാപം ചെയ്തു, എന്നാൽ അവിടുന്ന് അവരോട് അനുകമ്പ കാണിക്കുകയും അവരോട് ക്ഷമിക്കുകയും ചെയ്തു, എസ 16:13-14, 20:10ബി-27; സങ്കീ 106:13-33; അപ്പ 7:3 ബി-44; ഇസ്രായേൽ യഹോവയുടെ കാരുണ്യം അനുഭവിച്ചു. സീനായ് ഉടമ്പടിയെക്കുറിച്ചുള്ള പരാമർശം ഈ ഗ്രന്ഥങ്ങളിൽ നാം കാണുന്നുണ്ട്: നിയ 6:13-15, 1720, 24-25; ന്യായാ. 6:10; രാജാ. 8:21; നെഹ. 9:13-14; എസെ 16:8,59-60; എസെ 20:11-13,21; സങ്കീ 68:8; 78:10,37, 81:9-10, 105:45; അപ്പ 7:38.

മരുഭൂമിയിലെ വാസത്തെക്കുറിച്ചുള്ള ഈ വാക്യങ്ങളിൽ സൈനികഭാഷയുടെ തുടർച്ച നാം കാണുന്നു. ദൈവത്തിന്റെ പ്രവർത്തന

ഭാഷയിലും ഒരു പ്രത്യേക ചായ്‌വ് നാം കാണുന്നു. സാമ്രാജ്യങ്ങൾ പിടിച്ചടക്കുന്നതിലും സ്വന്തമാക്കുന്നതിലുമുപരി ദൈവിക പ്രവർത്തനം ലക്ഷ്യം വയ്ക്കുന്നത് ഇസ്രായേലിന്റെ സംരക്ഷണ മാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ദൈവം ഇസ്രായേലിന് തന്നെ ത്തന്നെ വെളിപ്പെടുത്തുന്നത് സംരക്ഷണവും നേതൃത്വവും കാരു ണ്യവുമായിട്ടാണ്. അതേസമയം, അനുസരണക്കേടുകാണിക്കുന്ന ഇസ്രായേലിനെ ശിക്ഷിക്കുന്നവനായും മനസ്തപിച്ചാൽ കരുണ കാണിക്കുന്നവനായും വെളിപ്പെടുന്നു. ഇസ്രായേലിന്റെ മരുഭൂമി അനുഭവത്തിന്റെ നല്ല ഒരു സംഗ്രഹമാണ് സങ്കീർത്തനം 106:13-33.

ഇത്തരത്തിൽ സീനായ് ഉടമ്പടിയുടെയും വെളിപാടിന്റെയും അനുഭവം വലിയ ചലനങ്ങൾ അവരുടെ വിശ്വാസജീവിതത്തിൽ സൃഷ്ടിക്കുന്നുണ്ട്. ഉടമ്പടിയുടെ ഫലമായി ഉത്തരവാദിത്വത്തി ന്റെയും പശ്ചാത്താപത്തിന്റെയും മനോഭാവം അവരിൽ രൂപപ്പെട്ടു. ഈ ഉടമ്പടിയോട് അവിശ്വസ്തത കാണിച്ചെങ്കിലും ദൈവം അവ രോട് വിശ്വസ്തനായിരുന്നു. അങ്ങനെ യോദ്ധാവും രക്ഷകനുമായ യഹോവയിലുള്ള വിശ്വാസത്തിലേക്ക് അവർ വളർന്നു. പിന്നീട്, അതിൽനിന്നും യുദ്ധത്തിൽ രക്ഷിക്കുന്നവൻ കരുണയുള്ള സംര ക്ഷൻ സമയത്ത് എല്ലാം നല്കുന്നവൻ നല്ല നേതാവ് നീതിയുള്ള ന്യായാധിപൻ എന്നീ നിലകളിലേക്ക് ആ വിശ്വാസം വളർന്നുരൂപ പ്പെട്ടു.

### 4. പൂർവ്വികചരിത്രവും ഇസ്രായേലിന്റെ വിശ്വാസവും

പുറപ്പാടിനും കാനാനിലെ കുടിപാർപ്പിനും മുമ്പ് ഇസ്രായേലിന് ഒരു പൂർവ്വകാലചരിത്രമുണ്ട്. എന്നാൽ പുറപ്പാടിന്റെ ദൈവശാസ്ത്ര ത്തിൽ നിന്നാണ് പൂർവ്വകാലചരിത്രത്തിന്റെതന്നെയും ദൈവ ശാസ്ത്രം രൂപപ്പെട്ടിരിക്കുന്നത്. പൂർവ്വകാലചരിത്രം ചരിത്രപരമായ വിശ്വാസപ്രമാണത്തിൽ നാലാം സ്ഥലത്തുണ്ട്. ഇത് 15 സ്ഥലങ്ങ ളിൽ പ്രതിപാദിച്ചിട്ടുണ്ട്.

നിയ. 6:10-11 അബ്രാഹത്തെയും ഇസഹാക്കിനെയും യാക്കോബി നെയും കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

നിയ. 26:3-5 അലയുന്ന ഒരു അരമായൻ.. അതായത് യാക്കോബ്.

ജോഷ്വ 24:2-4 ഞാൻ നിങ്ങളുടെ പിതാവായ അബ്രാഹത്തെ എടു ത്തു....ഇസഹാക്കിനെയും യാക്കോബിനെയും ഏസാവിനെയും കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

1 സാമു. 12:8 എ യാക്കോബ് ഈജിപ്തിലേക്കു പോയപ്പോൾ.... യാക്കോബ് മാത്രം.





നെഹ 9:7-8 “അവിടുന്നാണ് കൽദായദേശമായ ഊറിൽ നിന്നും അബ്രാമിനെ തിരഞ്ഞെടുത്തുകൊണ്ടുവന്ന് അബ്രാഹം എന്ന പേരു നല്കിയ കർത്താവ്. അവൻ വിശ്വസ്തനാണെന്ന് അവിടുന്ന് മന സ്സിലാക്കി” ജോസഫിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ഇസഹാക്കി നെക്കുറിച്ചും യാക്കോബിനെക്കുറിച്ചും പ്രതിപാദിക്കുന്നില്ല.

യൂദി. 5:6-10 കൽദായവംശത്തിൽപ്പെട്ടവരാണ് ഈ ജനം.... ഒരു പൂർവ്വപിതാവിനെക്കുറിച്ചും പേരെടുത്ത് പറഞ്ഞിട്ടില്ല.

എസ. 16:3 “നിന്റെ പിതൃദേശവും ജനനസ്ഥലവും കാനാനാണ്. നിന്റെ പിതാവ് അമോര്യനും മാതാവ് ഹിത്യയുമാണ്”

എസ. 20:56 “... യാക്കോബു ഭവനത്തിലെ സന്തതിയോട് ശപഥം ചെയ്തിരുന്നു.

സങ്കീ. 105:9-22 അബ്രാഹത്തെയും ഇസഹാക്കിനെയും യാക്കോ ബിനെയും ജോസഫിനെയും കുറിച്ച് പ്രതിപാദിക്കുന്നു. പൂർവ്വപി താക്കന്മാരുടെ ചരിത്രം കുറേക്കൂടി വിശദീകരിക്കുന്നു.

ജ്ഞാനം 10:5-14 അബ്രാഹത്തെയും ഇസഹാക്കിനെയും യാക്കോബിനെയും പന്ത്രണ്ട് പൂർവ്വപിതാക്കന്മാരെയും ജോസഫി നെയും കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു.

അപ്പ. 13:17എ “ ഈ ഇസ്രായേൽ ജനതയുടെ ദൈവം നമ്മുടെ പിതാക്കന്മാരെ തിരഞ്ഞെടുത്തു....”

ഹെബ്ര. 11:8-22 അബ്രാഹത്തെയും ഇസഹാക്കിനെയും യാക്കോ ബിനെയും ഏസാവിനെയും ജോസഫിനെയും വിശ്വാസത്തിന്റെ മാതൃകയായി നല്കിയിരിക്കുന്നു.

അബ്രാഹത്തിന്റെ വിളിയും ഊറിൽ നിന്നുള്ള പുറപ്പാടുമാണ് ഇസ്രായേൽ ചരിത്രത്തിലെ നിർണായകമായ അടിസ്ഥാനസംഭവ മെന്ന് മുകളുദ്ധരിച്ച ഭാഗങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിയും. രണ്ടാമത്തേത് യാക്കോബിന്റെ ഈജിപ്തിലേക്കുള്ള യാത്രയും കുടിയേറ്റവുമാണ്. സ്വന്തം ദേശം വെടിയാനും പുതുജീവിതത്തോട് സഹകരിക്കാനും അദൃശ്യമായ ഒരു ഭാവിയിലേക്കുള്ള പുറപ്പാടിന്റെ ആരംഭം കുറിക്കാനുമുള്ള വിളിയായിരുന്നു അബ്രാഹത്തിന് ലഭി ച്ചത്. ഇതിൽ വിശ്വാസത്തിന്റെ തീവ്രാനുഭവം രഹസ്യാത്മകമായ വിളിയും അടിസ്ഥാനസംഭവം സ്വദേശത്തുനിന്നുള്ള ചരിത്രപരമായ പുറപ്പാടുമായിരുന്നു. ദൈവത്തിന്റെ വാഗ്ദാനത്തിന് അബ്രാഹം സ്വയം സമർപ്പിച്ചു.

ദൈവത്തിന്റെ വാഗ്ദാനത്തിൽ സമ്മാനമായി ഭൂമിയും എണ്ണമറ്റ തലമുറകളുമുണ്ട്. ഉൽപത്തി 15:6 നമ്മോടു പറയുന്നു, "അവൻ കർത്താവിൽ വിശ്വസിച്ചു. അവിടുന്ന് അത് അവനു നീതീകരണ മായി കണക്കാക്കി". ദൈവത്തിന്റെ വാഗ്ദാനത്തോട് അബ്രാഹം വിശ്വസ്തനായിരുന്നു. ദൈവത്തിന്റെ വാക്കുകളോടുള്ള അബ്രാ ഹത്തിന്റെ സ്വാഭാവികമായ പ്രതികരണമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. അബ്രാഹത്തിന്റെ വിശ്വാസത്തെ ശ്രദ്ധേയമാക്കുന്ന രണ്ട് കാരണങ്ങളുണ്ട്. 1. പതിനാലാം അദ്ധ്യായത്തിലുള്ള യുദ്ധത്തിനു ശേഷം വരുന്ന ഒരു പ്രതിസന്ധിഘട്ടത്തിലാണ് അബ്രാഹത്തിന് ദൈവത്തിന്റെ വാഗ്ദാനം ലഭിക്കുന്നത്.

2. അബ്രാഹത്തിന്റെ ദൈവത്തോടുള്ള ഈ മനോഭാവം എല്ലാ തലമുറകളും പാലിക്കേണ്ട ഒരു മാതൃകയായി നിലകൊള്ളുകയും ചെയ്യുന്നു.

വിശ്വസിക്കുക എന്നാൽ ഹെബ്രായഭാഷയിൽ സംസാരിക്കുന്ന വന്റെ വാക്കുകളിൽ സുരക്ഷിതത്വം കണ്ടെത്തുക എന്നാണർത്ഥം. ചരിത്രത്തിലേക്കുള്ള തന്റെ പദ്ധതി എന്താണെന്ന് യഹോവ അവന് വെളിപ്പെടുത്തിയത് എന്താണോ അതിൽ അബ്രാഹം വിശ്വസിച്ചു. അങ്ങനെ അവൻ ആ വാഗ്ദാനത്തിൽ അചഞ്ചലനായി നിന്നു. അതായിരുന്നു അബ്രാഹത്തിന്റെ വിശ്വാസം. പൂർവ്വപിതാക്കന്മാ രുടെ അലച്ചിലിന്റെ കഥ, പ്രത്യേകിച്ച് അബ്രാഹത്തിന്റേത്, ഒരു തീർത്ഥയാത്ര പോലെ നാം വായിക്കണം; വിശ്വാസത്തിൽ അടി യുറച്ച്, ജീവിക്കുന്ന ദൈവത്തെത്തേടിയുള്ള ഒരുയാത്ര. അബ്രാഹം ഈ വിശ്വാസം തലമുറകൾക്ക് കൈമാറുകയും തലമുറകൾ പിന്തു ടരേണ്ടതിന് ഒരുമാതൃക നല്കുകയും ചെയ്തു.

വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ വിവിധ ഗോത്രങ്ങളുടെ അനുഭ വങ്ങളിൽ നിന്നാണ് ഇസ്രായേലിന്റെ പൂർവ്വകാലചരിത്രം മനസ്സി ലാക്കിയിട്ടുള്ളതും വ്യാഖ്യാനിച്ചിട്ടുള്ളതും. ഈ വിശ്വാസം രൂപം കൊണ്ടത് അടിസ്ഥാനസംഭവങ്ങളായ പുറപ്പാട്, കീഴടക്കൽ, കുടി യേറ്റം, മരുഭൂമിയിലെ വാസം എന്നിവയിൽ നിന്നുണ്ടായ തീവ്രാ നുഭവങ്ങളിലൂടെയാണ്. യോദ്ധാവും -രക്ഷകനും, ജേതാവും-ഭൂമി ദാതാവും, സംരക്ഷകനും മരുഭൂമിയിലെ നേതാവുമായ യഹോവ യിലുള്ള വിശ്വാസം അവരെ പിതാക്കന്മാരുടെ ദൈവത്തെ വാഗ്ദാനം നൽകുന്നവനും സംരക്ഷകനും മുൻകരുതലുകളുള്ളവ നുമായി കാണുവാനും മനസ്സിലാക്കുവാനും സഹായിച്ചു. പൂർവ്വീ കരുടെ വിശ്വാസത്തിന്റെ, പ്രത്യേകിച്ച് അബ്രാഹത്തിന്റെ വിശ്വാസ ത്തിന്റെ വിവരണം ഇപ്പോഴത്തെ സ്ഥിതിയിലെത്തിച്ചത് ദാവീദി





ന്റെയും സോളമന്റെയും കാലത്തുണ്ടായിരുന്ന യാഹ്വിസ്റ്റിക് സ്കൂളാണ്. സ്വയം പര്യാപ്തതയുടെയും അഹന്തയുടെയും മനോ ഭാവങ്ങളെ പ്രതിരോധിക്കുന്നതിനുവേണ്ടിയാണ് അന്ന് ദൈവശാ സ്ത്രജ്ഞർ പൂർവ്വീകരുടെ ഈ കഥ പറഞ്ഞിരുന്നത്. സോളമന്റെ സുവർണ്ണ കാലഘട്ടം യഹോവയുടെ വാഗ്ദാനത്തിന്റെയും വിശ്വ സ്തതയുടെയും ഫലമാണെന്നും രാജാവിന്റെ ഭരണവൈഭവം മൂല മല്ലെന്നും ജനം മനസ്സിലാക്കുന്നതിനുവേണ്ടിയായിരുന്നു ഈ കഥ പറഞ്ഞിരുന്നത്. അങ്ങനെ യഹ്വിസ്റ്റുകൾ അബ്രാഹത്തിനും മറ്റു പിതാക്കന്മാർക്കും ദൈവത്തിലും അവിടുത്തെ രക്ഷയിലുമുണ്ടാ യിരുന്ന വിശ്വാസത്തെ കാണിച്ചുതരുന്നു. വിശ്വാസത്തിലും സംസ്ക്കാരത്തിലുമുള്ള സംഘർഷത്തിൽനിന്നും ജനത്തെ രക്ഷി ക്കാൻ ഈ പ്രക്രിയകൾ ഉപയോഗിച്ചിരുന്നു. ഇപ്രകാരം ഇസ്രായേ ലിന് അനുകരിക്കാൻ അബ്രാഹത്തെ ഒരു മാതൃകയായി നല്കി.

**5. ഇസ്രായേൽ വിശ്വാസത്തിന്റെ വളർച്ചയിലും രൂപീകരണ ത്തിലും പ്രവാചകവചനങ്ങൾക്കുള്ള സ്ഥാനം.**

സോളമൻ 931 ബി.സി.-യിൽ മരണമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ രാജ്യം വടക്ക്, തെക്ക് എന്നീ രണ്ടു ഭരണമേഖലകളായി തിരിച്ചു. രാഷ്ട്രീയ അതഃപതനത്തിനുശേഷം രാജകീയഭരണകാലത്ത് 200 വർഷത്തോളം ഇസ്രായേൽ ചരിത്രത്തിൽ നിർണായക സംഭവ ങ്ങളൊന്നും തന്നെ ഉണ്ടായിട്ടില്ല.

രാഷ്ട്രീയ പ്രതിസന്ധികാലത്തെ എടുത്തുപറയത്തക്ക പ്രാധാ ന്യമുള്ള ഒരു സംഭവം 755 ബി.സി.യിലെ സീറോ-എഫ്രായിം യുദ്ധം മാത്രമാണ്. ഇത് എഫ്രായിമിനെക്കാൾ കൂടുതൽ യൂദായുടെ രാഷ്ട്രീയപ്രതിസന്ധിയായിരുന്നു. എന്തുചെയ്യണമെന്നറിയാതെ യൂദാരാജാവായ ആഹാസ് വിറപൂണ്ട് നില്ക്കുന്ന സമയത്താണ് പ്രവാചകനായ ഏശയ്യാ വന്ന് യഹോവയിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്യുന്നത്. ഏശയ്യാ ആഹാസിനോട് പൂർണ്ണമായി വിശ്വ സിക്കാനും എല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ച് നിശബ്ദനും പ്രവർത്തനരഹിതനുമായിരിക്കാനും ആവശ്യപ്പെട്ടു. അവൻ പറയു ന്നു, "ശ്രദ്ധിക്കുക, സമാധാനമായിരിക്കുക, ഭയപ്പെടേണ്ട, പുകഞ്ഞു കൊണ്ടിരിക്കുന്ന ഈ രണ്ടു തീക്കൊള്ളി നിമിത്തം നീ ഭയപ്പെടരു ത്. അതായത് സമരിയായിലെ പെക്കായും ദമാസ്ക്കസിലെ റാസീനും (7:4) ഏശയ്യാ ആഹാസിന് ഉറപ്പുകൊടുക്കുന്നു, "അത് സംഭവിക്കുകയില്ല ഒരിക്കലും സംഭവിക്കുകയില്ല" (7:7). അദ്ദേഹം രാജാവിന് ശാസന കൊടുക്കുന്നു., "നീ വിശ്വസിക്കുന്നില്ലെങ്കിൽ നിനക്ക് സുസ്ഥിതി ലഭിക്കുകയില്ല.(7:9ബി). പാരമ്പര്യത്തിലുള്ള

യഹോവയുടെ വിശുദ്ധയുദ്ധങ്ങളെ നിരത്തിവച്ചുകൊണ്ട് ഏശയ്യാ ആഹാസിനോടും അവന്റെ ഉപദേശകരോടും ഇടം കൊടുക്കാൻ ആവശ്യപ്പെടുന്നു. പഴയനിയമത്തിലെ വിശ്വാസം മുമ്പോട്ടും പിമ്പോട്ടും നോക്കി കാണാവുന്നതാണ്. അത് ഒരു ചരിത്രസംഭവമായി പുറകോട്ടും കാലത്തിന്റെ പൂർണതയിൽ പൂർത്തിയാകുന്ന വിമോചനത്തിന്റെ ദൈവത്തിലുള്ള വിശ്വാസം എന്ന രീതിയിൽ മുമ്പോട്ടും നോക്കി കാണാനായിട്ട് സാധിക്കും. ഏശയ്യായുടെ പുസ്തകത്തിൽ വിശ്വാസം എന്നത് യഹോവയിലേക്കുള്ള നോട്ടമാണ്.

ജറമിയായുടെ കാലത്ത് വിശ്വാസത്തിന് പുതിയൊരു കാഴ്ചപ്പാട് രൂപം കൊണ്ടു. അതായത് വിശ്വാസം ഒരു പ്രസ്ഥാനമോ വസ്തുതയോ അല്ല. അത് യഹോവയെന്ന ഒരു വ്യക്തിയിലേക്ക് നയിക്കുന്ന വിശ്വാസമാണ്. അദ്ദേഹത്തിന്റെ തന്നെ അനുഭവം ജറമിയായെ ദൈവം ദൈവംതന്നെ എന്നു പഠിപ്പിച്ചു. വാസ്തവത്തിൽ, ദൈവത്തോടുള്ള അദ്ദേഹത്തിന്റെ വിശ്വാസബന്ധം വ്യക്തിപരമായിരുന്നു. ജറമിയായെ സംബന്ധിച്ച് വിശ്വാസം എന്നാൽ സ്വയം പരിത്യജിക്കലാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, വിശ്വാസം എന്നത് പൂർണ്ണമായ ഉപേക്ഷയും ആത്മാവായ ദൈവത്തിലുള്ള പൂർണ്ണമായ സമർപ്പണവുമാണ്. പിഴുതെറിയാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടംമറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും കഴിവുള്ളവനായ യഹോവയ്ക്കുവേണ്ടിയുള്ള ഉപേക്ഷയാണ് (ജറ 11:10; 12:14-17; 18:7-10; 12:14-17; 18:7-10; 24:6; 31:28,40; 42:10; 45:4). ഇസ്രായേൽ തന്നോട് സംസാരിക്കുന്ന ദൈവത്തിൽ ആശ്രയിക്കുകയും ആ ദൈവവചനത്തിന് അനുസരിച്ച് ജീവിക്കുകയും വേണം.

### 6. നാടുകടത്തലും തിരിച്ചുവരവും: ഇസ്രായേൽ വിശ്വാസത്തിന്റെ പുതിയ അവസ്ഥ

അസീറിയാക്കാരും ബാബിലോണിയക്കാരും നാടുകടത്തിയതിന്റെ പേരിൽ ദൈവജനത്തിന് പ്രവാസമനുഭവിക്കേണ്ടിവന്നു. തിഗ്ലാത്പിലേസർ മൂന്നാമൻ 733-732 ബി.സി.യിൽ ഇസ്രായേൽക്കാരെ ഗലീലിയായിലും ജോർദ്ദാന്റെ മറുകരെ നിന്നും നാടുകടത്തി (2 രാജാ 15:29; 1 ദിന. 5:6-26). സമരിയായുടെ പതനത്തിനു ശേഷം 722 ബിസിയിൽ ജനങ്ങളെ അസീറിയായിലേക്ക് നാടുകടത്തി. (2 രാജാ. 17:6-18). യൂദായുടെ ഭരണകാലത്ത് 4 തവണ നാടുകടത്തപ്പെട്ടു: ഒരു തവണ അസീറിയായിലെ സെന്നാക്കെരീബും മറ്റു മൂന്നുതവണ ബാബിലോണിയായിലെ നബുക്കദ്നേസറും. ജറമിയ പ്രവചിച്ചതുപോലെ ജറുസലേം നിലംപതിക്കുകയും ദേവാലയം തകർക്കപ്പെടുകയും രാജത്വവും പൗരോഹിത്യവും ആരാധനാക്രമവും ദൈവജനത്തിന്റെ മറ്റെല്ലാ സ്ഥാപനങ്ങളും ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്തു. അങ്ങനെ ആ ദേശം മരണമടഞ്ഞു.





ഈ സന്ദിഗ്ധഘട്ടത്തിൽ മൂന്നു പ്രവാചകന്മാർ, അതായത് ജറമിയ, എസക്കിയേൽ, പിന്നെ അജ്ഞാതനായ മറ്റൊരുവനും- പരമ്പരാഗതമായി ഉത്തരഏശയ്യ എന്നറിയപ്പെടുന്നു - അവരുടെ ശൈലിയിൽ ഈ നാശത്തിന് വിശദീകരണം നല്കി. അതേസമയം ഒരു പുതുവിശ്വാസത്തിന് അടിസ്ഥാനമിടുകയും ചെയ്തു. എല്ലാം അന്ധകാരപൂർണ്ണവും മൂകവുമായിരുന്ന സമയത്ത് ഈ മനുഷ്യർ എല്ലാ കാലത്തിന്റെയും എല്ലാ നാടിന്റെയും എല്ലാ ജനത്തിന്റെയും ദൈവമായ തങ്ങളുടെ ദൈവത്തിന്റെ മഹത്വമേറിയ വലിപ്പത്തെക്കുറിച്ച് പഠിപ്പിച്ചു. ഇസ്രായേലിന്റെ ദൈവത്തോടുള്ള അവിശ്വസ്തത മൂലം അവർ തകർച്ച ഏറ്റുവാങ്ങുകയും അതിലൂടെ ദൈവത്തിന്റെ പരിശുദ്ധി വെളിപ്പെടുത്തുകയും ചെയ്തു. അവിടുന്ന് അവരെ കൈവിടുകയല്ല ചെയ്തതത് മറിച്ച്, പഴമയുടെ എല്ലാ അനർത്ഥങ്ങളിൽ നിന്നും പ്രവാചകരിലൂടെ പുതിയൊരു വിശ്വാസത്തിന് അടിസ്ഥാനമിടുകയാണ് ചെയ്തത്. ഇപ്രകാരം ഇസ്രായേലിന്റെ ഉന്മൂലനം ചെയ്യപ്പെട്ട പ്രസ്ഥാനങ്ങളിൽ നിന്നും രൂപംകൊണ്ട പുതിയ വിശ്വാസത്തെക്കുറിച്ച് ജറമിയായും എസക്കിയേലും ഉത്തര ഏശയ്യായും വർണ്ണിച്ചിട്ടുണ്ട്.

ഇസ്രായേലും യൂദായുമായി ദൈവം പുതിയ ഉടമ്പടി സ്ഥാപിക്കും. ജറ. 31: 31-34, അത് എന്നും നിലനില്ക്കുന്ന ഒരുടമ്പടിയായിരിക്കും ജറ 32:40; എസ. 16:60; 37:26; ഏശ. 55:3; 61:8; ബാറു. 2:35; സമാധാനത്തിന്റെ ഒരുടമ്പടി; എസ. 34:25; 37:26.

ഇസ്രായേലിനെയും യൂദായെയും ദൈവം പുനഃസ്ഥാപിക്കുകയും അവരുടെ നാട്ടിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്യും. ജറ. 16:14-15; 30:18-24; 31:23-28.

നാടുകടത്തപ്പെട്ടവരെ പുതിയ പുറപ്പാടിലൂടെ ദൈവം കടത്തിവിടും. ജറ. 31:7-14, 15-20, 21-22; ഏശ. 40:3-5; 43:14-21; 49:8-13; 50:2-3;51:9-11; 52:11-12; ഏശ. 63:11-14.

ദൈവം തന്റെ ജനത്തിന് ഒരു പുതുഹൃദയവും പുതു ആത്മാവും നല്കും. എസ 11:19-20; 36:26-28; 37:14. അവിടുന്ന് തന്റെ ആത്മാവിനെ അവരുടെ മേൽ നിക്ഷേപിക്കും, എസ. 39:29.

ദൈവം ജറുസലേമിനെ പുനഃസ്ഥാപിക്കും. ജറ. 31:38-40; 33:1-13; എസ. 48:30-35. പുതിയ ദേവാലയവും പുതിയ ആരാധനാക്രമവും - എസക്കിയേൽ, അദ്ധ്യായങ്ങൾ 40-48.

ദൈവം മരിച്ചവരെയും വരണ്ട അസ്ഥികളെയും പുനരുജ്ജീവിപ്പിക്കും, എസ. 37:1-14.

ദൈവത്തിന്റെ രക്ഷാപ്രവർത്തനം ഒരുതരത്തിൽ പുതുസൃഷ്ടിയാണ്. ഏശ. 42:14-44:23. ഇസ്രായേലിന്റെ യഥാർത്ഥ കാവൽക്കാരൻ അവിടുന്നാണെന്ന് സ്ഥാപിക്കുന്നു.

ആദ്യത്തെ അടിസ്ഥാനസംഭവമായ പുറപ്പാടിൽ "ഞാൻ ഞാൻ തന്നെയാകുന്നു." (പുറ. 3:14) എന്ന് വെളിപ്പെടുത്തുന്ന ദൈവം, പുതിയ പുറപ്പാടിൽ ചരിത്രത്തിന്റെയും വിധിയുടെയും ഉടയവനും ആദിയും അന്തവും താനാണ് എന്ന് വെളിപ്പെടുത്തുന്നു. (ഏശ. 41:1- 4; 42:8-9;43:8-13;44:6-8).

അടിസ്ഥാനസംഭവങ്ങളായ നാടുകടത്തലും തിരിച്ചുവരവും ഇസ്രായേൽ വിശ്വാസത്തിന് പുതിയ ദിശാബോധം നല്കുന്നുണ്ട്. പുതുസൃഷ്ടിയായ ഇസ്രായേലിൽ ഉൾച്ചേർന്നിരിക്കുന്ന ഘടകങ്ങൾ ഇവയാണ്. പുതിയ ഉടമ്പടിയും ഹൃദയവും ആത്മാവും പുതിയ ദേവാലയവും ആരാധനക്രമവും. പിന്നീട് ഏശയ്യ പുതിയ സ്വർഗ്ഗം പുതിയ ഭൂമി എന്നീ ആശയങ്ങൾ കൂട്ടിച്ചേർക്കും (അദ്ധ്യായങ്ങൾ 60-62). ചരിത്രപരമായ വിശ്വാസ പ്രമാണത്തിൽ നിർണായക സംഭവങ്ങളായ നാടുകടത്തലിനും തിരിച്ചുവരവിനും വലിയ പ്രാധാന്യം നല്കിയിട്ടില്ല.

**7. സൃഷ്ടി: പുരാതന ചരിത്രവും ഇസ്രായേൽ വിശ്വാസവും**

ചരിത്രപരമായ വിശ്വാസപ്രമാണത്തിന്റെ വിശ്വാസത്തെക്കുറിച്ചുള്ള ആശയത്തിൽ സൃഷ്ടിയെക്കുറിച്ചും അതിപുരാതനചരിത്രത്തെക്കുറിച്ചും ഉൾപ്പെടുത്തിയിട്ടുണ്ട്. സങ്കീ. 74:16-17ൽ പകലും രാത്രിയും നക്ഷത്രങ്ങളും സൂര്യനും ഋതുക്കളും, സങ്കീ. 135:7ൽ മേഘങ്ങളും ഇടിമിന്നലും മഴയും കാറ്റും നാം കാണുന്നു. ഹെബ്രാ. 11:4-7ന്റെ അതിപുരാതനചരിത്രത്തിൽ അബ്രാഹത്തിനുമുമ്പ് ആബേലിനെയും ഏനോക്കിനെയും നോഹയേയും വിശ്വാസത്തിന്റെ മാതൃകയായി നല്കിയിരിക്കുന്നു.

പ്രപഞ്ചത്തിന്റെ സൃഷ്ടികർമ്മത്തിൽ ഇസ്രായേലിന്റെ വിശ്വാസത്തെ ജ്വലിപ്പിച്ച അനുഭവം ചരിത്രത്തിലെ ഏതെങ്കിലും ഒരു അടിസ്ഥാനസംഭവത്തിലൂടെ ചൂണ്ടിക്കാണിക്കാൻ സാധിക്കുകയി





ല്ല. ഇസ്രായേലിന്റെ വിശ്വാസം ജേതാവും വിമോചകനും വിപ്രവാസത്തിന്റെ സൃഷ്ടാവും വീണ്ടെടുക്കുന്നവനുമായ യഹോവയിലായിരുന്നു. അതുകൊണ്ടുതന്നെ പൂർവ്വകാലങ്ങളിൽ പ്രാബല്യത്തിലുള്ള യഹോവ പ്രപഞ്ചത്തിന്റെയും ലോകത്തിന്റെ സൃഷ്ടാവും ജേതാവുമായവനാണ്. ദൈവത്തിന്റെ ശക്തമായ കരം പ്രതികൂല ശക്തികളെ നിയന്ത്രിച്ചുകൊണ്ട് പ്രപഞ്ചത്തിൽ ക്രമവും ഐക്യവും കൊണ്ടുവന്നു. ബാബിലോണിയൻ ചിന്തകരും പ്രീസ്റ്റിലി സ്കൂളിലെ ഇസ്രായേൽ ദൈവശാസ്ത്രജ്ഞരും തമ്മിലുള്ള ബന്ധം പ്രപഞ്ചോത്പത്തിയുടെ കെട്ടുകഥകളെക്കുറിച്ചുള്ള അറിവും ക്രിയാത്മകമായ ആഖ്യാനത്തിന്റെ സാധ്യതകളിലൂടെ യഹോവയുടെ ശക്തി മനസ്സിലാക്കുന്നതിനും സഹായകമായി ഉൽ. 1:1-2:4എ, സങ്കീ. 104.

**സംഗ്രഹം**

"അവസാനം ആരംഭത്തിലേക്കു വെളിച്ചം വീശുന്നു" എന്ന ജ്ഞാനമീമാംസാതത്വം ദൈവശാസ്ത്രത്തിനും അനുയോജ്യമാണ്. രക്ഷാകര ദൈവശാസ്ത്രം സൃഷ്ടിപരമായ ദൈവശാസ്ത്രത്തിലേക്ക് നമ്മെ നയിക്കുന്നുവെന്ന് സാരം. രക്ഷാശാസ്ത്രം നമുക്ക് ലഭ്യമാകുന്നത് ചരിത്രസംഭവങ്ങളിലെ അനുഭവവേദ്യമായ അറിവുകളിലൂടെയാണ്. ഇത് ദൈവത്തിന്റെ രക്ഷാകര ഇടപെടലുകളുടെ തന്നെ ഭാഗമാണ്. ഈ അറിവ് സൃഷ്ടിതത്വത്തെ മനസ്സിലാക്കാൻ ഒരു വിശ്വാസിയെ സഹായിക്കുന്നു. ഇസ്രായേലിന്റെ വിശ്വാസത്തെ വളർത്തിയ ചരിത്രത്തിലെ നിർണായക സംഭവങ്ങളാണ് നാം അപഗ്രഥിച്ചത്. ബൈബിൾപരമായ ഈ വിശ്വാസം അതിന്റെ ആരംഭത്തിലും വളർച്ചയിലും ചരിത്രപരമാണ്. ചരിത്രസംഭവങ്ങളിലൂടെയുള്ള ഇസ്രായേലിന്റെ വിശ്വാസവളർച്ചയെ നമ്മുടെ വിശ്വാസവളർച്ചയുമായി താരതമ്യം ചെയ്യാൻ കഴിയും. ഇസ്രായേലിന്റെ ഈ ജീവിതോദാഹരണം നമ്മുടെ വിശ്വാസത്തിന്റെ ഗുണകരമായ വളർച്ചയുടെ ഘട്ടങ്ങളെ വിലയിരുത്തുവാൻ നമ്മെ സഹായിക്കും.

പരിഭാഷ: **ബിബിൻ മുളവരിയ്ക്കൽ,**
*ജീവധാര*, ഒക്ടോബർ, 2014

# 04

## വിശ്വാസം: സമവീക്ഷണസുവിശേഷങ്ങളിൽ

എന്താണു വിശ്വാസം? ആരിലാണു നമ്മൾ വിശ്വസിക്കുന്നത്? വിശ്വാസം നമ്മുടെ ജീവിതത്തിലും മനോഭാവത്തിലും എന്തുമാറ്റം വരുത്തുന്നു? തുടങ്ങിയ പ്രമേയങ്ങൾ സമവീക്ഷണസുവിശേഷങ്ങളുടെ വെളിച്ചത്തിൽ ചർച്ചചെയ്യുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ആദ്യഭാഗത്ത്, വിശ്വാസത്തിന്റെ വ്യത്യസ്ത അർത്ഥതലങ്ങൾ പരിശോധിക്കുന്നു. സമവീക്ഷണ സുവിശേഷങ്ങളിലെ വിശ്വാസത്തെ സംബന്ധിക്കുന്ന രംഗങ്ങളാണ് രണ്ടാം ഭാഗത്തു പരിശോധിക്കുന്നത്.

### ക്രിസ്തുശിഷ്യത്വം - ഒരു വിശ്വാസയാത്ര

വി. മർക്കോസിന്റെ വിവരണമനുസരിച്ച്, വിശ്വാസത്തെക്കുറിച്ചു സംസാരിച്ചുകൊണ്ടാണ് ഈശോ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതുതന്നെ. അവിടുന്ന് അരുളിച്ചെയ്തു: സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോ 1,15). വിശ്വസിക്കാനുള്ള ആഹ്വാനവുമായാണ് ഈശോ ഗലീലികടൽത്തീരത്ത് പ്രത്യക്ഷപ്പെട്ടത്. വിശ്വസിക്കുന്നതിനുള്ള ഒരുക്കമായി പശ്ചാത്തപിക്കണമെന്ന് അവിടുന്ന് നിർദ്ദേശിച്ചു. എന്തുകൊണ്ടാണ് പശ്ചാത്തപിച്ചു വിശ്വസിക്കേണ്ടത് എന്നും അവിടുന്നു വ്യക്തമാക്കി: സമയപൂർത്തിയിൽ ദൈവരാജ്യം വന്നിരിക്കു





ന്നു. ഈശോ പ്രഘോഷിച്ച സുവിശേഷം മുഴുവന്റെയും സാരസംഗ്രഹം അവിടുത്തെ ഈ കന്നിപ്രസംഗത്തിലുണ്ട്.

"സമയം പൂർത്തിയായി" എന്നതുകൊണ്ട്, മനുഷ്യചരിത്രത്തിൽ നിർണ്ണായകമായി ഇടപെടാനായി ദൈവം നിശ്ചയിച്ചിരുന്ന സമയമായി (kairos) എന്നാണ് ഈശോ ഉദ്ദേശിച്ചത്. ദൈവികമായ ഈ ഇടപെടൽ മനുഷ്യനായവതരിച്ച ഈശോമിശിഹായിലൂടെയായിരുന്നു. കാരണം, അവിടുന്നാണ് ചരിത്രാരംഭം മുതൽ ദൈവം വാഗ്ദാനം ചെയ്തിരുന്ന രക്ഷകനായ മിശിഹാ. അബ്രാഹത്തിനും (ഉത്പ 22:18) ദാവീദിനും (2 സാമു 7:1214) നൽകപ്പെട്ട വാഗ്ദാന പ്രകാരമുള്ള അഭിഷിക്തനാണ് നസ്രായനായ ഈശോ. മോശ മുൻകൂട്ടി അറിയിച്ച ഭാവിപ്രവാചകനും (നിയ 18,15) ഈശോ മിശിഹാ തന്നെയാണ്. ദൈവം തന്റെ പുത്രനിലൂടെ മനുഷ്യവർഗ്ഗത്തെ നേരിട്ട് രക്ഷിക്കാൻ ആരംഭിച്ചിരിക്കുന്നു എന്നു സാരം.

"ദൈവരാജ്യം സമീപിച്ചിരിക്കുന്നു" എന്നാണ് ഈശോയ്ക്ക് അറിയിക്കാനുണ്ടായിരുന്നത്. ദൈവത്തിന്റെ ഹിതം നടപ്പാകുന്ന സംവിധാനമാണു ദൈവരാജ്യം. ദൈവത്തിന്റെ ഹിതമാകട്ടെ, അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ നഷ്ടപ്പെട്ട തന്റെ ദൈവപുത്രസ്ഥാനം വീണ്ടെടുക്കണമെന്നതാണ്. ഈ ദൈവികപദ്ധതി പൂർത്തിയാക്കുന്നതിനുവേണ്ടിയാണ് അവിടുന്ന് തന്റെ ഏകജാതനെ ഭൂമിയിലേക്കയച്ചത്. അവിടുത്തെ ആഗമനത്തോടുകൂടി ദൈവത്തിന്റെ ഈ രാജ്യം ഭൂമിയിൽ സമാരംഭിക്കുകയായിരുന്നു.

ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായി അറിയുകയും അത് നിറവേറ്റുകയും ചെയ്ത വ്യക്തി ഈശോമിശിഹായാണ്. അതുകൊണ്ടാണ്, ദൈവരാജ്യം നിങ്ങൾക്കിടയിൽതന്നെയുണ്ട് (ലൂക്കാ 17:21) എന്നു അവിടുന്ന് വ്യക്തമാക്കിയത്. തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അവിടുന്ന് ദൈവരാജ്യം സ്ഥാപിക്കാൻ ആരംഭിച്ചു. സഹനമരണോത്ഥാനങ്ങളിലൂടെ അതു പൂർണ്ണതയിലെത്തിക്കുകയും ചെയ്തു. ചരിത്രത്തിൽ അതു പൂർത്തിയാക്കുന്നത് അവിടുത്തെ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തോടുകൂടിയാണ്.

പരസ്യജീവിതാരംഭത്തിൽ, ഈ ദൈവരാജ്യത്തിൽ പ്രവേശിക്കാനാണ് ഈശോ തന്റെ ശ്രോതാക്കളെ ക്ഷണിച്ചത്. പശ്ചാത്തപിക്കാൻ അഥവാ മാനസാന്തരപ്പെടാൻ ആവശ്യപ്പെട്ടപ്പോൾ അവിടുന്ന് ഉദ്ദേശിച്ചത് അതാണ്. ഒരു വ്യക്തിയുടെ പൂർണ്ണമായ തിരിയലിനെയാണ് അനുതാപം അഥവാ പശ്ചാത്താപം സൂചിപ്പിക്കുന്നത്. തിരിയേണ്ടത് സുവിശേഷമായ ഈശോമിശിഹായിലേക്കാണ്

എന്നും അവിടുന്നു കൂട്ടിച്ചേർത്തു. ഇപ്രകാരം, മനുഷ്യരക്ഷകനായി അവതരിച്ച നസ്രായൻ ഈശോമിശിഹായിലേക്കു പൂർണ്ണമായി തിരിയുന്നതാണു വിശ്വാസം. ദൈവപുത്രനും വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനായ മിശിഹായുമായി അവിടുത്തെ സ്വീകരിക്കലാണു വിശ്വാസം.

ഈശോയിൽ വിശ്വസിക്കുന്ന വ്യക്തി ഒരു യാത്ര ആരംഭിക്കുകയാണ്. അനുഗമിക്കുക (മർക്കോ 1:17) എന്ന ആഹ്വാനത്തോടെ അവിടുന്നു തന്നിൽ വിശ്വസിക്കാൻ ആൾക്കാരെ ക്ഷണിച്ചത് അതുകൊണ്ടാണ്. എല്ലാമുപേക്ഷിച്ച് ഈശോയുടെ പിന്നാലെ പോയവർ അവിടുത്തെ പ്രഥമശിഷ്യന്മാരായി (മർക്കോ 1:16-20).

വിശ്വാസം ശിഷ്യന്മാരെ ഒരു പുതിയ അസ്തിത്വത്തിലേക്കു പ്രവേശിപ്പിച്ചു. വ്യക്തിപരമായ ഒരു കണ്ടുമുട്ടലിലേക്ക് അതു നയിച്ചു. നസ്രായന്റെ ദർശനങ്ങളും ജീവിതശൈലിയും അവരുടെ ജീവിതത്തിനു പുതിയൊരു ദിശാബോധം നല്കി. തലചായ്ക്കാൻ ഇടമില്ലാത്ത ഗുരുവിന്റെ സന്തതസഹചാരികളായി അവർ മാറി. കാരണം, അവിടുന്ന് അവരെ വിളിച്ചുതിരഞ്ഞെടുത്തത് പ്രധാനമായും തന്നോടുകൂടെ ആയിരിക്കാനായിരുന്നു (മർക്കോ 3:13). കൂടെ വസിച്ചുകൊണ്ടുമാത്രമേ ഗുരുമുഖത്തുനിന്നു പഠിക്കാനും അവിടുത്തെ ജീവിതശൈലി സ്വാംശീകരിക്കാനും സാധിക്കുമായിരുന്നുള്ളൂ. ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന ഒരു സഹവാസത്തിലേക്കാണു ശിഷ്യന്മാർ വിശ്വാസത്തിലൂടെ പ്രവേശിച്ചത്.

ഈശോ നിരന്തരം ഒരു യാത്രയിലായിരുന്നു. ജറുസലേമിലേക്കുള്ള യാത്രയിൽ. മനുഷ്യരക്ഷാർത്ഥമുള്ള പിതാവിന്റെ ഹിതം പൂർത്തിയാക്കേണ്ടിയിരുന്നത് അവിടെവച്ചായിരുന്നു. തന്റെ സഹനമരണോത്ഥാനങ്ങളിലൂടെയാണ് അതവിടുന്നു നിർവഹിച്ചത്. ജറുസലേം ലക്ഷ്യമാക്കിയുള്ള യാത്രയിലും പെസഹാരഹസ്യങ്ങളുടെ നിമിഷങ്ങളിലും അവിടുത്തോടുകൂടെ ആയിരിക്കാനുള്ള വിളിയായിരുന്നു ശിഷ്യന്മാർ വിശ്വാസത്തിലൂടെ സ്വീകരിച്ചത്. ചുരുക്കത്തിൽ, മിശിഹാസംഭവത്തിനു ദൃക്സാക്ഷികളാകാനുള്ള വിളിയായിരുന്നത്.

മിശിഹായുടെ പരസ്യജീവിതാരംഭംമുതൽ സ്വർഗാരോഹണം വരെ തന്നോടുകൂടെ ശ്ലീഹന്മാരെ അവിടുന്നു കൊണ്ടുനടന്നത് ഒരു പ്രത്യേക ലക്ഷ്യത്തോടുകൂടെയായിരുന്നു; തന്റെ ശാരീരിക അസാന്നിധ്യത്തിൽ തന്റെ ദൗത്യം ഈ ലോകത്തു തുടർന്നുകൊണ്ടു പോകുവാൻ. പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തപ്പോൾതന്നെ അതു വ്യക്തമാക്കപ്പെട്ടിരുന്നു. തിരഞ്ഞെടുപ്പിന്റെ ലക്ഷ്യത്തെപ്പറ്റി വി. മർക്കോസ് എഴുതുന്നു: "തന്നോടുകൂടെ ആയിരിക്കാനും, പ്രസംഗിക്കുന്നതിന്





അയയ്ക്കാനും രോഗികളെ സുഖപ്പെടുത്തുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനും അധികാരം നല്കുന്നതിനുംവേണ്ടി അവൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു"(മർക്കോ 3:14-15). പ്രേഷിതദൗത്യവുമായി അയയ്ക്കുന്നതിനുവേണ്ടിയായിരുന്നു അവിടുന്ന് അവരെ പരിശീലിപ്പിച്ചത്. അവിടുത്തെ പരസ്യജീവിതകാലത്തു തന്നെ ഈശോ ശ്ലീഹന്മാരെ ഈരണ്ടുപേരെ വീതം അയയ്ക്കുന്നതു നമ്മൾ കാണുന്നുണ്ട് (മർക്കോ 6:7-13). സ്വർഗാരോഹണത്തിനുമുമ്പ് ഉത്ഥിതനായ മിശിഹാ തന്റെ ദൃക്സാക്ഷികളെ സാക്ഷികളായി നിയമിച്ചയച്ചു. അവിടുന്ന് അരുളിച്ചെയ്തു: നിങ്ങൾ ലോകമെങ്ങുംപോയി സർവ്വസൃഷ്ടികളോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവൻ രക്ഷപ്രാപിക്കും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും. വിശ്വസിക്കുന്നവർക്ക് അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയും (മർക്കോ 16:15-18). ഈശോയുടെ ദൈവരാജ്യസുവിശേഷമാണ് ശ്ലീഹന്മാർ പ്രഘോഷിക്കേണ്ടിയിരുന്നത്. ഈശോ ദൈവരാജ്യം പ്രസംഗിച്ചത് വിശ്വാസത്തിലേക്ക് ആൾക്കാരെ ക്ഷണിക്കാനായിരുന്നു എന്നു നമ്മൾ കണ്ടതാണ്. അതുപോലെതന്നെ, ശ്ലീഹന്മാരും തങ്ങളുടെ സുവിശേഷ ശുശ്രൂഷവഴി ലോകമെങ്ങുമുള്ള സകല മനുഷ്യരെയും ഈശോയിലുള്ള വിശ്വാസത്തിലേക്കു നയിക്കണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ടാണവിടുന്ന്, വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവർ രക്ഷപ്രാപിക്കും എന്നു കൂട്ടിച്ചേർത്തത്.

സുവിശേഷത്തിലെ ശിഷ്യന്മാർ ഈശോയിൽ വിശ്വസിക്കുന്നവരുടെ പ്രതീകങ്ങളാണ്. എല്ലാ യുഗങ്ങളിലുമുള്ള വിശ്വാസികൾക്ക് അവർ മാതൃകയാണ്. പുതിയനിയമകാലഘട്ടമായ ഇന്നുവിശ്വസിക്കുക എന്നാൽ ഈശോമിശിഹായെ രക്ഷകനും നാഥനുമായി ജീവിത്തിലേക്കു സ്വീകരിക്കുക, അവിടുത്തെ സുവിശേഷ മൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നാണ്. ഈശോയെ രക്ഷകനായി സ്വീകരിക്കുന്നയാൾ സ്വാഭാവികമായി ദൈവത്തെ പിതാവായും അംഗീകരിക്കും. കാരണം, ഈശോ വെളിപ്പെടുത്തിയത് പിതാവിന്റെ മുഖമാണ്. പിതാവായ ദൈവത്തിന് മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹവും കാരുണ്യവുമാണ് ഈശോയുടെ വാക്കുകളിലും പ്രവൃത്തികളിലും പ്രതിഫലിച്ചത്. വിശ്വാസംവഴി ഈശോയുടെ കൂടെയായിരിക്കാൻ നിശ്ചയിക്കുന്ന വ്യക്തി അവിടുത്തെ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിതം ക്രമീകരിക്കും; അവിടുത്തെ മനോഭാവങ്ങൾ ആർജ്ജിക്കും, ജീവിതശൈലി അനുകരിക്കും. അവിടുന്ന് ഏല്പിക്കുന്ന പ്രേഷിതദൗത്യം സന്തോഷത്തോടുകൂടെ ഏറ്റെടുക്കുകയും ചെയ്യും.

## വിശ്വാസരംഗങ്ങൾ - സമവീക്ഷണസുവിശേഷങ്ങളിൽ

സമവീക്ഷണസുവിശേഷങ്ങളിൽ വിശ്വാസസംബന്ധമായ നിരവധി രംഗങ്ങളുണ്ട്. വിശ്വാസ തീർത്ഥാടനത്തിൽ അവയിൽനിന്ന് പല പാഠങ്ങളും പഠിക്കാനുണ്ട്.

### 2.1 ഈശോയിൽ വിശ്വസിക്കുന്ന ശതാധിപൻ (മത്താ 8:5-13; ലൂക്കാ 7:1-10)

കഫർണാമിൽവെച്ച് ഈശോയെ സമീപിക്കുന്ന വിജാതീയനായ ശതാധിപൻ ആരെയും ആശ്ചര്യപ്പെടുത്തുന്ന കഥാപാത്രമാണ്. തളർവാതം ബാധിച്ച തന്റെ ഭൃത്യനോടുള്ള അനുകമ്പമൂലമാണ് അദ്ദേഹം ഈശോയുടെ പക്കലെത്തുന്നതുതന്നെ. "വന്നു സുഖപ്പെടുത്താം" എന്ന് ഈശോ അരുളിച്ചെയ്തപ്പോൾ, "എന്റെ കർത്താവേ, നീയെന്റെ ഭവനത്തിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല. നീയൊരു വാക്ക് അരുളിച്ചെയ്താൽ എന്റെ ഭൃത്യൻ സുഖം പ്രാപിക്കും" (മത്താ 8:8) എന്നുള്ള അദ്ദേഹത്തിന്റെ പ്രതികരണം ഈശോയെപ്പോലും ആശ്ചര്യപ്പെടുത്തി. "ഇസ്രായേലിൽപോലും ഇതുപോലുള്ള വിശ്വാസം ഞാൻ കണ്ടിട്ടില്ലെന്ന് സത്യമായി ഞാൻ നിങ്ങളോട് പറയുന്നു" (മത്താ 8:10) എന്ന് അവിടുത്തെ വാക്കുകളിൽ നിന്നതു വ്യക്തമാണ്. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽക്കാർക്കിടയിൽപോലും കാണാത്തതരത്തിലുള്ള ആഴമായ വിശ്വാസമാണ് ഈ വിജാതീയന്റേത് എന്നാണ് അവിടുന്ന് പ്രഖ്യാപിച്ചത്. അവിടുന്ന് തുടർന്നു: "പോയ്കൊള്ളുക. നീ വിശ്വസിച്ചതുപോലെ സംഭവിക്കട്ടെ" (മത്താ 8:13). വെറും ഒരു വാക്കുകൊണ്ട് തന്റെ ഭൃത്യനെ സുഖപ്പെടുത്തുവാൻ ഈശോയ്ക്ക് കഴിവുണ്ട് എന്നാണല്ലോ അദ്ദേഹം വിശ്വസിച്ചത്. തന്റെ ഭടന്മാരുടെമേൽ തനിക്കുള്ള അധികാരത്തിന് സമാനമാണ് ഈശോയ്ക്ക് രോഗത്തിന്മേലുള്ളത് എന്നാണദ്ദേഹം ഏറ്റുപറഞ്ഞത്. ആ വിശ്വാസം സത്യമാണെന്ന് തെളിയിക്കപ്പെട്ടു. സുവിശേഷകൻ ആ വിവരണം സമാപിപ്പിക്കുന്നത് ഇപ്രകാരമാണ്: "ആ നിമിഷത്തിൽതന്നെ അയാളുടെ ഭൃത്യൻ സുഖം പ്രാപിച്ചു" (മത്താ 8:13). ദൈവിക അധികാരമുള്ള രക്ഷകനാണ് ഈശോമിശിഹായെന്ന വിശ്വാസമാണ് ശതാധിപനുണ്ടായത്. അത് അദ്ദേഹത്തിന്റെ ഭൃത്യന്റെ രക്ഷയ്ക്ക് ഹേതുവായി ഭവിക്കുകും ചെയ്തു.

### 2.2 കുരുടന്മാരുടെ വിശ്വാസം (മത്താ 9:27-31)

ഈശോയുടെ പിന്നാലെ നടന്ന് തുടർച്ചയായി അവിടുത്തെ സഹായം യാചിക്കുന്ന രണ്ട് കുരുടന്മാരെ സുവിശേഷങ്ങളിൽ നമ്മൾ കണ്ടുമുട്ടുന്നുണ്ട്. "ദാവീദിന്റെ പുത്രാ, ഞങ്ങളോട് കരുണ





തോന്നണമേ" (മത്താ 9:27) എന്നതാണ് അവരുടെ അഭ്യർത്ഥന . സുഖപ്പെടുത്തുന്നതിനുമുമ്പ് അവിടുത്തേക്ക് അറിയേണ്ടിയിരുന്നത് അവർക്ക് അതിനാവശ്യമായ വിശ്വാസമുണ്ടോ എന്നായിരുന്നു. വിശ്വാസം അവർ പരസ്യമായി പ്രകടിപ്പിച്ചപ്പോൾ അവിടുന്ന് അവരുടെ കണ്ണുകൾ തൊട്ടുകൊണ്ട് അരുളിച്ചെയ്തു. "നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്ക് ഭവിക്കട്ടെ"(മത്താ 9:29). "ദാവീദിന്റെ പുത്രാ" എന്ന അഭിസംബോധനതന്നെ അവരുടെ വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. ദാവീദുരാജാവിനു ദൈവം വാഗ്ദാനം ചെയ്തിരുന്ന മിശിഹായായ രക്ഷകനാണ് ഈശോ എന്നാണല്ലോ ആ വാക്കുകളുടെ അർത്ഥം. ഈശോമിശിഹായിലുള്ള വിശ്വാസം അവർക്കു കാഴ്ചയും രക്ഷയും പ്രദാനം ചെയ്തു.

### 2.3 അത്തിമരത്തിൽനിന്നൊരു പാഠം (മത്താ 21:18-22)

ജറുസലേം ദൈവാലയത്തിനു സമീപം വഴിയരികിലുണ്ടായിരുന്ന ഫലമില്ലാതിരുന്ന അത്തിമരത്തെപ്പറ്റി ഈശോ അരുളിച്ചെയ്തു: "ഇനിയൊരിക്കലും നിന്നിൽ ഫലങ്ങൾ ഉണ്ടാക്കാതിരിക്കട്ടെ" (മത്താ 21:19). ഉടൻതന്നെ ആ അത്തിവൃക്ഷം ഉണങ്ങിപ്പോയതു കണ്ട് അത്ഭുതംകൂറിയ ശിഷ്യന്മാരോട് അവിടുന്ന് അരുളിച്ചെയ്തു: "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ വിശ്വസിക്കുകയും സംശയിക്കാതിരിക്കുകയും ചെയ്താൽ, ഞാൻ ഈ അത്തിവൃക്ഷത്തോട് ചെയ്തതുമാത്രമല്ല നിങ്ങൾക്കു ചെയ്യാനാവുന്നത്. ഈ മലയോടു മാറിപ്പോയി കടലിൽ വീഴുക എന്നു നിങ്ങൾ പറഞ്ഞാൽ അതും സംഭവിക്കും. വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ചോദിക്കുന്നതെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ 21:21-22). നമ്മുടെ അനുദിനജീവിതത്തിലുണ്ടാകുന്ന മലപോലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും വിശ്വാസദൃഷ്ടിയിൽ പരിഹരിക്കാൻ സാധിക്കും എന്നാണ് അവിടുത്തെ ഈ പ്രബോധനത്തിന്റെ അർത്ഥം. "വിശ്വസിക്കുന്നവർക്ക് അത്ഭുതങ്ങൾ ചെയ്യുവാൻ കഴിയും" (മർക്കോ 16:17) എന്ന് ശിഷ്യന്മാരെ അയയ്ക്കുമ്പോൾ ഈശോ പറയുന്നതു നമ്മൾ ശ്രവിച്ചതാണല്ലോ.

### 2.4 പ്രവാചകന്മാരെ വിശ്വസിക്കാൻ (മത്താ 21:23-32)

ദൈവം അയച്ച അവിടുത്തെ വക്താക്കളാണല്ലോ പ്രവാചകന്മാർ. ദൈവഹിതം അറിയിക്കുന്ന അവരെ വിശ്വസിക്കണമെന്ന് ഈശോ പഠിപ്പിക്കുന്നു. പ്രവാചകന്മാർ മിശിഹായെപ്പറ്റി മുൻകൂട്ടി അറിയിക്കുകയും അവിടുത്തെ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതുകൊണ്ടാണ് അവരെ വിശ്വസിക്കേണ്ടത്. തന്റെ അധികാരത്തെ ചോദ്യംചെയ്ത പ്രധാനാചാര്യരോടും പ്രമാണികളോടും ഈശോ

സ്നാപക യോഹന്നാന്റെ അധികാരത്തെക്കുറിച്ച് ചോദിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. യോഹന്നാന്റെ അധികാരം തിരിച്ചറിഞ്ഞാൽ നിശ്ചയമായും അതു മിശിഹായിലേക്കു നയിക്കും എന്നതുകൊണ്ടാണ് ഇപ്രകാരം അവിടുന്നു ചോദിച്ചത്. കാരണം, മിശിഹായ്ക്കു മുമ്പേപോയി അവിടുത്തേക്കുവേണ്ടി വഴിയൊരുക്കുകയായിരുന്നല്ലോ യോഹന്നാൻ പ്രവാചകൻ ചെയ്തത്. നീതിമാർഗ്ഗത്തിലൂടെ വന്ന യോഹന്നാനെ വിശ്വസിക്കാതിരുന്നവരെ ഈശോ നിശിതമായ ഭാഷയിൽ കുറ്റപ്പെടുത്തുന്നുമുണ്ട് (മത്താ 21:32). മരണശേഷം പാതാളത്തിൽ പീഡനത്തിനിരയായ ധനികനോട് പിതാവായ അബ്രാഹം പറയുന്നതും ഇതേകാര്യം തന്നെയാണ്; "അവർ മോശയെയും പ്രവാചകന്മാരെയും ശ്രവിക്കുകയില്ലായെങ്കിൽ, മരിച്ചവരിൽ ഒരാൾ ഉയിർത്തുചെന്നാലും വിശ്വസിക്കുകയില്ല" (ലൂക്കാ 16:21). എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക്, മോശ മുതൽ എല്ലാ പ്രവാചകന്മാരും തന്നെപ്പറ്റി വിശുദ്ധഗ്രന്ഥങ്ങളിൽ എഴുതിയിരുന്നവ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ ഉത്ഥിതനായ കർത്താവ് ചെയ്തതും മറ്റൊന്നുമല്ല (ലൂക്കാ 24:27).

### 2.5 വിശ്വസിക്കരുത്! (മത്താ 24:23-28)

യുഗാന്ത്യത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ ഈശോ തന്റെ ശിഷ്യന്മാർക്ക് ഇപ്രകാരം മുന്നറിയിപ്പു നല്കി: "അക്കാലത്ത് ആരെങ്കിലും നിങ്ങളോട് 'മിശിഹാ ഇവിടെയുണ്ട്', അല്ലെങ്കിൽ 'അവിടെയുണ്ട്' എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കരുത്. കാരണം, വ്യാജമിശിഹാമാരും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെടും. കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുകയും ചെയ്യും" (മത്താ 23-25). ലോകത്തിന്റെ അന്ത്യം പ്രവചിച്ചുകൊണ്ടു വിശ്വാസത്തിൽ ആഴമില്ലാത്ത ദുർബല മാനസരെ വഴിതെറ്റിക്കുന്ന പല വ്യാജന്മാരും പ്രത്യക്ഷപ്പെടുന്ന ഇക്കാലത്ത് ഈ മുന്നറിയിപ്പിനു പ്രസക്തിയേറുന്നു.

### 2.6 സ്നേഹിതനു രക്ഷയാകുന്ന വിശ്വാസം (മർക്കോ 2:1-12)

കഫർണാമിലെ ഒരു ഭവനത്തിൽ വചനം പ്രസംഗിച്ചുകൊണ്ടിരുന്ന ഈശോയുടെ മുമ്പിലേക്ക് ഒരു തളർവാതരോഗിയെ അതിസാഹസികമായി വഹിച്ചുകൊണ്ടുവന്ന അദ്ദേഹത്തിന്റെ സ്നേഹിതരുടെ വിശ്വാസംകണ്ട് ഈശോ അവനു സൗഖ്യം നല്കി. വിശ്വാസത്തോടെ മറ്റുള്ളവർക്കുവേണ്ടി നമ്മൾ നടത്തുന്ന പ്രാർത്ഥനകൾക്കു ഫലസിദ്ധിയുണ്ടാകും എന്നതിനുറപ്പാണിത്.





### 2.7 നിങ്ങൾക്കു വിശ്വാസമില്ലേ? (മർക്കോ 4:35-41)

ഗലീലിത്തടാകത്തിലൂടെ വഞ്ചിയിൽ ഈശോയും ശിഷ്യന്മാരും കൂടെ മറുകരയ്ക്കു പോകുമ്പോൾ ഉണ്ടായ കൊടുങ്കാറ്റിൽ വഞ്ചി മുങ്ങുമോ എന്ന ഭയപ്പെട്ട ശിഷ്യന്മാർ, ഉറങ്ങുകയായിരുന്ന ഗുരുവിനെ വിളിച്ചുണർത്തി വിലപിച്ചു: "ഞങ്ങൾ നശിക്കാൻ പോകുന്നതു നീ കാണുന്നില്ലേ?" (മർക്കോ 4:38). അവിടുന്നു കടലിനെ ശാസിച്ചപ്പോൾ കാറ്റു ശമിക്കുകയും വലിയ ശാന്തതയുണ്ടാവുകയും ചെയ്തു. തുടർന്നുള്ള അവിടുത്തെ ചോദ്യം ശിഷ്യന്മാരുടെ അസ്തിത്വത്തെ സ്പർശിക്കുന്നതായിരുന്നു. അവിടുന്നു ചോദിച്ചു: "നിങ്ങൾ എന്തിനു ഭയപ്പെടുന്നു? നിങ്ങൾക്കു വിശ്വാസമില്ലേ?"(മർക്കോ 4:40). ഈ ഭൂമിയിലുള്ള നമ്മുടെ വിശ്വാസതീർത്ഥാടനത്തെ കടലിലെ യാത്രയോടുപമിക്കാറുണ്ടല്ലോ. നമ്മുടെ ജീവിതതോണി കാറ്റിൽപ്പെട്ടു മുങ്ങിപ്പോകുമോ എന്നു സംശയം തോന്നുമ്പോൾ കർത്താവിന്റെ ഈ ചോദ്യം നമ്മെയും ആശ്വസിപ്പിക്കണം.

### 2.8 സംഘപ്രമാണിയുടെയും രക്തസ്രാവക്കാരിയുടെയും വിശ്വാസം (മർക്കോ 5:21-43)

രോഗംബാധിച്ചു മരിക്കാറായ തന്റെ മകളെ രക്ഷിക്കണമെന്ന അപേക്ഷയുമായി ഈശോയെ സമീപിച്ച സംഘപ്രമാണിയായ ജായ്റോസും പന്ത്രണ്ടുവർഷമായി രക്തസ്രാവംമൂലം ക്ലേശിച്ചിരുന്ന സ്ത്രീയും ഈശോയിലുള്ള വിശ്വാസത്തിന്റെ കാര്യത്തിൽ ഒരുപോലെയായിരുന്നു. "അങ്ങുവന്നു കൈവച്ചാൽ തന്റെ മകൾ സുഖം പ്രാപിക്കും" (മർക്കോ 4:23) എന്ന ജായ്റോസിന്റെ വിശ്വാസപ്രഖ്യാപനവും, "അവിടുത്തെ വസ്ത്രത്തിലെങ്കിലും സ്പർശിച്ചാൽ താൻ സുഖം പ്രാപിക്കും" (മർക്കോ 4:28) എന്ന ആ സ്ത്രീയുടെ വിശ്വാസബോധ്യവും ഒന്നുതന്നെയാണ്. ഇരുവരോടുമുള്ള ഈശോയുടെ പ്രതികരണവും സമാനമാണ്. പിന്നിലൂടെച്ചെന്ന് അവിടുത്തെ വസ്ത്രത്തിൽ സ്പർശിച്ചു സൗഖ്യം നേടിയ ആ സ്ത്രീയോട് അവിടുന്ന് അരുളിച്ചെയ്തു: "എന്റെ മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക. നിന്റെ രോഗത്തിൽനിന്നു സുഖം പ്രാപിക്കുക" (മർക്കോ 5:34). ഈശോയെയും കൂട്ടി വീട്ടിലേക്കുപോകുംവഴി, തന്റെ പുത്രി മരിച്ചുപോയി എന്ന വാർത്തകേട്ടു ദുഃഖിതനായ ജായ്റോസിനോട് അവിടുന്നു പറഞ്ഞു: "ഭയപ്പെടേണ്ട വിശ്വസിച്ചാൽ മാത്രം മതി" (മർക്കോ 5:36). മരിച്ചുകഴിഞ്ഞിരുന്ന ബാലികയെ ഉയിർപ്പിച്ചുകൊണ്ട് വിശ്വാസത്തിന്റെ ശക്തി അവിടുന്നു തെളിയിക്കുകയും ചെയ്തു.

**2.9 വിശ്വാസക്കുറവു പരിഹരിക്കണമേ (മർക്കോ 9:18)**

തങ്ങളുടെ പക്കലെത്തിച്ച പിശാചുബാധിച്ച ബാലനെ സുഖപ്പെടുത്തുവാൻ കഴിയാതെപോയ ശിഷ്യന്മാരോട് ഈശോ ചോദിച്ചു: "അല്ലയോ, വിശ്വാസമില്ലാത്ത തലമുറയേ, ഞാൻ എത്രനാൾകൂടി നിങ്ങളോടൊന്നിച്ചുണ്ടാകും? എത്രനാൾകൂടി ഞാൻ നിങ്ങളോടു പ്രസംഗിക്കും?" (മർക്കോ 9:18). സുഖപ്പെടുത്തുവാൻ കഴിയാതപോയത് അവരുടെ വിശ്വാസക്കുറവു നിമിത്തമാണെന്ന് അവിടുന്നു വ്യക്തമാക്കി. രോഗിയുടെ പിതാവിനോട് ഈശോ അരുളിച്ചെയ്തു: "നിനക്കു വിശ്വസിക്കാൻ കഴിയുമെങ്കിൽ... വിശ്വസിക്കുന്നവന് എല്ലാം സാധ്യമാണ്" (മർക്കോ 9:24). "ഞാൻ വിശ്വസിക്കുന്നു; എന്റെ വിശ്വാസക്കുറവു പരിഹരിക്കണമേ" (മർക്കോ 9:24) എന്നു ബാലന്റെ പിതാവ് വിളിച്ചപേക്ഷിച്ചപ്പോൾ ഈശോ ബാലനെ സുഖപ്പെടുത്തി. ശിഷ്യന്മാർക്ക് അതു ചെയ്യാൻ സാധിക്കാതെപോയത് വിശ്വാസത്തിന്റെ അഭാവംമൂലമായിരുന്നു. ഈശോ കൂട്ടിച്ചേർത്തു: "പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗത്തെ പുറത്താക്കാൻ സാധിക്കുകയില്ല" (മർക്കോ 9:28). എപ്രകാരമാണു വിശ്വാസം പ്രാർത്ഥനയും ഉപവാസവുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്ന് ഇവിടെ വ്യക്തമാക്കുന്നു.

**2.10 വിശ്വാസക്കുറവുമൂലം ഊമനായ സഖറിയാ (ലൂക്കാ 1:5-22)**

നിറവേറാനിരിക്കുന്ന എന്റെ വാക്കുകൾ നീ വിശ്വസിക്കായ്കയാൽ, ഇന്നുമുതൽ ഇതു സംഭവിക്കുന്ന ദിവസംവരെ സംസാരിക്കാൻ കഴിയാതെ നീ ഊമനായിരിക്കും (ലൂക്കാ 1:20). വിശുദ്ധഗ്രന്ഥം നന്നായി അറിയാമായിരുന്ന സഖറിയാ സംശയിക്കാൻ പാടില്ലായിരുന്നു. കാരണം, ദൈവത്തിന്റെ പ്രത്യേക ഇടപെടൽമൂലം വാർദ്ധക്യത്തിൽ സന്താനഭാഗ്യമുണ്ടായ പല ദമ്പതികളും പഴയനിയമത്തിലുണ്ടല്ലോ. ഉദാഹരണത്തിന്, അബ്രാഹം - സാറാ ദമ്പതിമാരും എൽക്കാനാ - ഹന്നാ ദമ്പതിമാരും. രക്ഷാകരചരിത്രത്തിൽനിന്നു പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, ദൈവത്തിന്റെ വചനമനുസരിച്ചു ജീവിക്കാൻ നമുക്കു സാധിക്കണം.

**2.11 വിശ്വാസംവഴി പാപമോചനം (ലൂക്കാ 7:36-50)**

ഫരിസേയനായ ശെമയോന്റെ വീട്ടിൽ വിരുന്നിനു ക്ഷണിക്കപ്പെട്ട ഈശോയുടെ പക്കലെത്തിയ പട്ടണത്തിലെ പാപിനിയായ സ്ത്രീ, അവിടുത്തെ പാദാന്തികത്തിലിരുന്നു കരയുകയും പാദങ്ങൾ കണ്ണുനീരുകൊണ്ടു നനയ്ക്കുകയും തലമുടികൊണ്ടു തുടയ്ക്കുകയും ചെയ്തു. ഈ പ്രവൃത്തികൾക്കു പിന്നിലെ അവളുടെ





വിശ്വാസം കണ്ടറിഞ്ഞ ഈശോ അരുളിച്ചെയ്തു: ഇവൾ അധികം സ്നേഹിച്ചതിനാൽ, ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (ലൂക്കാ 7:47). അവളോടായി അവിടുന്നു തുടർന്നു: നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തിൽ പോവുക (ലൂക്കാ 7:50). തന്റെ നിരവധിയായ പാപങ്ങൾ ക്ഷമിച്ച് ആന്തരികസൗഖ്യവും ശാന്തിയും പ്രദാനം ചെയ്യുവാൻ കഴിവുള്ള ദൈവപുത്രനാണ് ഈശോയെന്നു വിശ്വസിച്ചതുകൊണ്ടാണ് അവൾ ഈശോയെ സമീപിച്ചത്. ഇതവൾക്കു പാപമോചനം മാത്രമല്ല, രക്ഷയ്ക്കും കാരണമായി. ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടു തിരിച്ചുവന്ന സൗഖ്യംപ്രാപിച്ച സമരിക്കാരനായ കുഷ്ഠരോഗിയോടും ഇതേവാചകംതന്നെയാണ് അവിടുന്ന് അരുളിച്ചെയ്തത് (ലൂക്കാ 17:19).

**2.12 ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ (ലൂക്കാ 17:5)**

ഒരിക്കൽ ശ്ലീഹന്മാർ ഈശോയോടപേക്ഷിച്ചു: "കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ" (ലൂക്കാ 17:5). കടുകുമണിയോളമെങ്കിലും വിശ്വാസമുണ്ടെങ്കിൽ അത്ഭുതങ്ങൾ പ്രവർത്തിക്കാൻ സാധിക്കുമെന്നായിരുന്നു അവിടുത്തെ സാന്ത്വനം. ഈശോയെ അനുഗമിച്ച ശിഷ്യന്മാരുടെ വിശ്വാസം പ്രാരംഭഘട്ടത്തിൽ കടുകുമണിയോളമേ ഉണ്ടായിരുന്നുള്ളൂ. ഈശോയുടെ ഉത്ഥാനത്തിനും പരിശുദ്ധാത്മാവിന്റെ ആഗമനത്തിനും ശേഷമേ അവരുടെ വിശ്വാസം പൂർണ്ണമായുള്ളൂ. പക്ഷേ, ഈശോയെ കണ്ടുമുട്ടിയ നാളിൽത്തന്നെ അവിടുത്തെ അനുഗമിക്കാൻ അവർ തയ്യാറായി എന്നതായിരുന്നു അവരുടെ സവിശേഷത. അതുവഴി പിന്നീട് അവർക്ക് വിശ്വാസരംഗത്ത് അത്ഭുതങ്ങൾ പ്രവർത്തിക്കാൻ സാധിക്കുകയും ചെയ്തു.

**2.13 വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കാ 1:45)**

പരി. കന്യകാമറിയം വിശ്വാസത്തിന്റെ സ്ത്രീയാണ്. ദൈവ ദൂതൻ അറിയിച്ച മംഗളവാർത്ത സ്വീകരിക്കാൻ മറിയത്തിന് സാധിച്ചത് ദൈവത്തിൽ അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാണ്. "ഇതാ, കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1:38). എന്നുദ്ഘോഷിച്ചപ്പോൾ ഈ വിശ്വാസമാണ് പരി. അമ്മ പ്രകടമാക്കിയത്. തന്നിൽ വിശ്വസിക്കുന്നവരെ അത്ഭുതകരമായി ഉയർത്തുന്ന ദൈവത്തെ വാഴ്ത്തിക്കൊണ്ട് മറിയം ആലപിച്ച ഗീതം (ലൂക്കാ 1:46-55) വിശ്വാസത്തിന്റെ ശ്രേഷ്ഠമായ ആഘോഷമാണ്. ദൈവത്തിലുള്ള പരിപൂർണ്ണ വിശ്വാസത്താലാണ് തന്റെ പ്രിയ പുത്രന് മറിയം ജന്മം നൽകിയതും പോറ്റി വളർത്തിയതും.

ഇതേ വിശ്വാസത്തോടുകൂടെയാണ് പരസ്യജീവിതകാലമത്രയും തന്റെ പുത്രനോടുകൂടെ ഉണ്ടായിരുന്നത്. ഈശോയുടെ ജീവിതത്തിലെ രക്ഷാകരസംഭവങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കാൻ മറിയത്തിന് സാധിച്ചതും ശക്തമായ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാണ് (ലൂക്കാ 1:19-51). ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം, ശ്ലീഹന്മാരെയും ശിഷ്യന്മാരെയും ഒരുമിച്ചുകൂട്ടി പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഒരുക്കിയതും വിശ്വാസത്തിന്റെ വെളിച്ചത്തിലായിരുന്നു. ഈ ഭൂമിയിലെ നമ്മുടെ വിശ്വാസതീർത്ഥാടനത്തിൽ പരി. കന്യകാമറിയം നമുക്ക് മാതൃകയും മധ്യസ്ഥയുമാണ്.

**ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ,**
*ബൈബിൾ ഭാഷ്യം*, ലക്കം 3, സെപ്റ്റംബർ 2012.



# 05

## വിശ്വാസത്തിന്റെ വാതിൽ: ക്രിസ്തുവിജ്ഞാനീയ ദർശനങ്ങൾ

സാർവ്വത്രികസഭ 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ വിശ്വാസവർഷമായി ആചരിക്കുകയുണ്ടായി. വിശ്വാസവർഷാചരണത്തിനൊരുക്കമായാണ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ 'വിശ്വാസത്തിന്റെ വാതിൽ' എന്ന അപ്പസ്തോലിക എഴുത്ത് പ്രസിദ്ധീകരിച്ചത്. 'വിശ്വാസത്തിന്റെ വാതിൽ' എന്ന രേഖയിലെ ക്രിസ്തുവിജ്ഞാനീയദർശനങ്ങൾ ചൂണ്ടിക്കാണിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**"യേശുക്രിസ്തുവിൽ വിശ്വസിക്കുകയെന്നത് രക്ഷയിൽ എത്തിച്ചേരാനുള്ള സുനിശ്ചിതമായ വഴിയാണ്" (വിശ്വാസത്തിന്റെ വാതിൽ 3).**

മനുഷ്യവംശത്തെ പാപത്തിൽനിന്നു രക്ഷിച്ച് ദൈവത്തോട് അനുരഞ്ജിപ്പിച്ച യേശുവിന്റെ രക്ഷാകരപ്രവൃത്തിയെയാണ് രക്ഷ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. യേശുവിന്റെ മരണംവഴി പാപത്തിന്റെ അടിമത്തത്തിൽനിന്നും മനുഷ്യവർഗ്ഗം രക്ഷിക്കപ്പെട്ടു.

നിങ്ങൾ വീണ്ടെടുക്കപ്പെട്ടത് നശ്വരമായ വെള്ളിയോ സ്വർണ്ണമോ കൊണ്ടല്ല; കറയോ കളങ്കമോ ഇല്ലാത്ത കുഞ്ഞാടിന്റേതുപോലുള്ള ക്രിസ്തുവിന്റെ അമൂല്യരക്തം കൊണ്ടത്രേ (1 പത്രോ 1:18-19).

രക്ഷയെക്കുറിച്ച് ഏക ആശയമല്ല പുതിയനിയമത്തിലുള്ളത്. രക്ഷ എന്ന രഹസ്യത്തെ വ്യത്യസ്തപ്രതീകങ്ങളിലൂടെയാണ് പുതിയനിയമം വെളിപ്പെടുത്തുന്നത്. താഴെപ്പറയുന്നവയാണ് രക്ഷയുമായി ബന്ധപ്പെടുത്തി പുതിയനിയമം നൽകുന്ന ഉൾക്കാഴ്ചകൾ: 1. രക്ഷ ദൈവസ്നേഹത്തിൽനിന്നു വരുന്ന ഒരു പ്രവൃത്തിയാണ് (യോഹ 3:16-17; റോമാ 5:6-10; യോഹ 4:9-10). 2. രക്ഷ പാപത്തിന്റെയും മരണത്തിന്റെയും പിശാചിന്റെയുംമേൽ യേശു നേടിയ വിജയമാണ്. തിന്മയുടെ ശക്തികളുടെമേൽ യേശു നേടിയ വിജയമാണ് രക്ഷ (യോഹ 16:33). പിശാചിന്റെ രാജ്യത്തെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് യേശു ഈ ലോകത്തിലേക്കു വരുന്നത് (1 യോഹ 3:8). തന്റെ കൃപയാൽ യേശു നമ്മെ നിയമത്തിൽനിന്നു മോചിപ്പിച്ചു (ഗലാ 4:5). 3. രക്ഷ പാപങ്ങൾക്കുള്ള പരിഹാരമാണ്. നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്തുകൊണ്ടാണ് യേശു രക്ഷ നേടിത്തന്നത്. നമുക്കുവേണ്ടി ബലിയർപ്പിച്ച പ്രധാനപുരോഹിതനാണ് ദൈവപുത്രനായ യേശു (ഹെബ്രാ 4:14). ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണ് യേശു (യോഹ 1:29). നാം കൃപയാൽ യേശുക്രിസ്തു വഴിയുള്ള വീണ്ടെടുപ്പിലൂടെ സൗജന്യമായി നീതികരിക്കപ്പെടുന്നു (റോമാ 3:24-25). 4. രക്ഷ പാപങ്ങളിൽനിന്നുള്ള മോചനമാണ്. യേശു നമ്മുടെ രക്ഷകനാണ്. കാരണം അവിടുന്ന് നമ്മെ പാപങ്ങളിൽനിന്നു രക്ഷിച്ചു (മത്താ 1:21). പാപികൾക്ക് യേശുവിലൂടെയാണ് രക്ഷ നൽകപ്പെടുന്നത് (മർക്കോ 2:17). 5. രക്ഷ അനുരഞ്ജനമാണ്. ദൈവം കാലത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗത്തിലും ഭൂമിയിലുള്ള എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിച്ചു (എഫേ 1:10). യേശുവഴിയായാണ് നാം ദൈവവുമായുള്ള അനുരഞ്ജനം സാധിച്ചിരിക്കുന്നത്. 6. രക്ഷയ്ക്ക് സാമൂഹ്യമാനമുണ്ട്. യേശു രക്ഷയെ വിരുന്നിനോടാണ് ഉപമിച്ചിരിക്കുന്നത് (മത്താ 8:11; ലൂക്കാ 13:28). യേശുക്രിസ്തു എല്ലാവർക്കുംവേണ്ടിയാണ് മരിച്ചത് (2 കോറി 5:15). 7. രക്ഷ ഒരു പുതിയ ഉടമ്പടിയാണ്. തന്റെ രക്ഷാകരദൗത്യത്തെ പുതിയ ഉടമ്പടിയായാണ് യേശു അവതരിപ്പിക്കുന്നത് (ലൂക്കാ 22:20).

ദൈവമാണ് നമ്മെ രക്ഷിക്കുന്നത്; ദൈവത്തിനു മാത്രമേ നമ്മെ രക്ഷിക്കാൻ കഴിയുകയുള്ളൂ. കൂടുതൽ വ്യക്തമായി പറഞ്ഞാൽ ദൈവം ഈശോയിലൂടെയാണ് നമ്മെ രക്ഷിച്ചത്. നാം രക്ഷപ്രാപിക്കുന്നത് വിശ്വാസംമൂലമാണ്. ഇത് വിശ്വസിക്കുന്ന എല്ലാവർക്കും ആരെന്നുള്ള വ്യത്യാസം കൂടാതെ യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി ലഭിക്കുന്നതാണ് (റോമ 3:22). സഭ എക്കാലവും ഈ സത്യം പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ വിശ്വാസംമൂലം മാത്രമാണ് നാം രക്ഷ പ്രാപിക്കുന്നത് എന്ന് സഭ പഠിപ്പിച്ചിട്ടില്ല. മനുഷ്യന്റെ രക്ഷ താനേ സംഭവിക്കുന്ന ഒന്നല്ല. വി. ഗ്രന്ഥം പഠിപ്പിക്കുന്നതനുസരിച്ച് യഥാർത്ഥ വിശ്വാസത്തോടൊപ്പം നല്ല പ്രവൃത്തികളും ഉണ്ടായിരിക്കും. വിശ്വാസവും പ്രവൃത്തികളും ഒരുമിച്ചുപോകുന്നതാണ്. വിശ്വാസംവഴി കൃപയാലാണു നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു പ്രവൃത്തികളുടെ ഫലമല്ല. തന്മൂലം, ആരും അതിൽ അഹങ്കരിക്കേണ്ടതില്ല. നാം ദൈവത്തിന്റെ കരവേലയാണ്. നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സൽപ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ് (എഫേ 2:8-10). പ്രവൃത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണെന്ന് വി.ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (യാക്കോ 2:14-26). വി. പൗലോസ് ശ്ലീഹാ ഫിലിപ്പിയിലെ സഭാംഗങ്ങളെ രക്ഷയ്ക്കുവേണ്ടി അദ്ധ്വാനിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു (ഫിലി 2:12). "നാം വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കണം" (യാക്കോ 2:22). രക്ഷ ദൈവത്തിന്റെ ദാനമാണ്. ആ ദാനം സ്വീകരിക്കുന്ന നാം ജീവിതത്തിലൂടെ പ്രത്യുത്തരം നൽകണം. നമ്മുടെ പ്രവൃത്തികൾക്ക് ദൈവം പ്രതിഫലം നൽകുമെന്ന് വ്യക്തമാക്കുന്ന ഭാഗങ്ങൾ വി. ഗ്രന്ഥത്തിലുണ്ട് (മത്താ 5:11-12; ലൂക്കാ 6:38; 1 കൊറി 3:6-9; ഹെബ്രാ 10:35; 11:6).

രക്ഷയെ യേശുവിൽനിന്ന് വേർതിരിച്ചു മനസ്സിലാക്കുക സാദ്ധ്യമല്ല. രക്ഷയുടെ ഫലങ്ങൾ യേശുക്രിസ്തുവിന്റെ ദൈവത്വത്തിൽനിന്ന് വേർതിരിക്കാനാവില്ല. ദൈവപുത്രനുമാത്രമേ നമ്മെ പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും നിയമത്തിന്റെ അടിമത്തത്തിൽനിന്നും രക്ഷിക്കാനാകൂ. തന്നെക്കുറിച്ചും തന്റെ ദൗത്യത്തെക്കുറിച്ചുമുള്ള യേശുവിന്റെ അവബോധം രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. യേശു തന്റെ ജീവിതത്തെ മറ്റുള്ളവർക്കുവേണ്ടിയുള്ളതായാണ് മനസ്സിലാക്കിയത്. മറ്റുള്ളവരെ സ്നേഹിക്കുവാനും അവർക്കു ശുശ്രൂഷ ചെയ്യാനുമായാണ് യേശു തന്റെ ജീവിതം വിനിയോഗിച്ചത്. മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ (മർക്കോ 10:45) യേശു തന്റെ മരണത്തെ ഒരു പരാജയമായല്ല മനസ്സിലാക്കിയത്. യേശുവിന്റെ മരണം മറ്റൊരു സാധ്യതയുമില്ലാത്തതുകൊണ്ട് അവിടുന്ന് ഏറ്റെടുത്തതോ കേവലം

നിഷ്ക്രിയമായി അവിടുന്ന് സഹായിച്ചതോ അല്ല. ദൈവപിതാവിനോടുള്ള യേശുവിന്റെ അനുസരണത്തിന്റെയും തന്നെത്തന്നെ മറ്റുള്ളവർക്കായി ബലിയായി അർപ്പിക്കാനുള്ള അവിടുത്തെ സ്നേഹത്തിന്റെയും പ്രവൃത്തിയാണ് അവിടുത്തെ മരണം.

അന്തർദേശീയ ദൈവശാസ്ത്രസമിതി വ്യക്തമാക്കുന്നതുപോലെ രക്ഷയെന്ന വലിയ വിശ്വാസരഹസ്യത്തിൽ അഞ്ച് ഘടകങ്ങൾ നമുക്ക് കാണാനാകും. 1. യേശു തന്നെത്തന്നെ നമുക്കായി നൽകി. 2. രക്ഷയുടെ രഹസ്യത്തിൽ നമ്മുടെ സ്ഥാനത്ത് യേശു നിൽക്കുന്നു. 3. പാപത്തിൽനിന്നും തിന്മയുടെ എല്ലാ ശക്തികളിൽനിന്നും യേശു നമ്മെ സ്വതന്ത്രരാക്കി. 4. ഇപ്രകാരം പ്രവർത്തിക്കുകവഴി പിതാവിന്റെ രക്ഷാകരപദ്ധതിയാണ് യേശു പൂർത്തിയാക്കിയത്. 5. യേശു നമ്മെ ദൈവികജീവനിൽ പങ്കുകാരാക്കി.

വിവിധ കാലഘട്ടങ്ങളിൽ രക്ഷയുടെ വിവിധ വശങ്ങളിൽ ഏതെങ്കിലും ഒരു പ്രത്യേകതലത്തിനായിരിക്കും പ്രാധാന്യം ലഭിച്ചിട്ടുണ്ടായിരിക്കുക. ഏത് കാലഘട്ടത്തിലായാലും സത്യദൈവവും സത്യമനുഷ്യനുമായ യേശുവുമായി ബന്ധപ്പെടുത്തിയേ രക്ഷയെ മനസ്സിലാക്കാനാകൂ എന്ന് വി.ഗ്രന്ഥവും വി.പാരമ്പര്യവും വ്യക്തമാക്കുന്നു.

### 2. "ലോകത്തിന്റെ ഏകരക്ഷകനായ കർത്താവിലേക്കുള്ള ആത്മാർത്ഥവും നവീകൃതവുമായ മാനസാന്തരത്തിനുള്ള വിളിയാണ് വിശ്വാസവർഷം" (വിശ്വാസത്തിന്റെ വാതിൽ, 6)

യേശുക്രിസ്തു ലോകത്തിന്റെ ഏകരക്ഷകനാണെന്ന സത്യം ഈ രേഖയും ആവർത്തിക്കുന്നു. ഈശോയിൽ വിശ്വസിക്കുക എന്നത് രക്ഷയ്ക്ക് ഒഴിച്ചുകൂടാനാവാത്ത കാര്യമാണെന്ന് പൗലോസ് ശ്ലീഹാ വ്യക്തമാക്കിയിട്ടുണ്ട്. യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചുവെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും (റോമാ 10:9). രക്ഷയുടെ ഈ സുവിശേഷം പ്രസംഗിക്കുക സഭയുടെ എക്കാലത്തെയും ദൗത്യമാണ്. യേശുവിലൂടെ മാത്രമേ രക്ഷ പ്രാപിക്കാൻ കഴിയുകയുള്ളൂവെന്ന് പുതിയനിയമം വ്യക്തമാക്കുന്നുണ്ട്. ആകാശത്തിന് കീഴെ മനുഷ്യരുടെ ഇടയിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല (അപ്പ 4:12). അതേസമയം, എല്ലാവരും രക്ഷപ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4-6) എന്നും പുതിയനിയമം പഠിപ്പിക്കുന്നു. ഈശോ തന്റെ ദൈവരാജ്യ പ്രഘോഷണത്തിൽനിന്നും ശുശ്രൂഷയിൽനിന്നും ആരെയും ഒഴിച്ചു നിർത്തിയില്ല. രക്ഷയുടെ





സുവിശേഷം ഭൂമിയുടെ അതിർത്തികൾവരെ എല്ലാവരോടുമാണ് പ്രഘോഷിക്കപ്പെടുന്നത് (അപ്പ 1:8; 28:30). സുവിശേഷപ്രഘോഷണം എല്ലാവരെയും ലക്ഷ്യം വെച്ചുള്ളതാണ്.

യേശു എല്ലാവരുടെയും രക്ഷക്കുവേണ്ടി മനുഷ്യനായിത്തീർന്ന ദൈവവചനമാണ്. യേശുവിനെ പല രക്ഷകരിൽ ഒരാളായി മാത്രം അവതരിപ്പിക്കുന്നത് പുതിയനിയമാവതരണത്തോടു ചേർന്നുപോകുന്നതല്ല. എന്നാൽ ക്രിസ്തുവിനെക്കുറിച്ച് കേൾക്കാത്തവരും സുവിശേഷം മനസ്സിലാക്കാത്തവരും ദൈവസ്നേഹത്തിൽനിന്നും ദൈവകൃപയിൽനിന്നും അകന്നുനിൽക്കുകയാണെന്ന് കരുതുന്നത് ശരിയല്ല. സത്യം അന്വേഷിക്കുകയും ദൈവഹിതം അനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന അവർ അവരുടെ ജീവിതമനുസരിച്ചാണ് വിധിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ സുവിശേഷത്തെയും അവിടുത്തെ സഭയെയുംപറ്റി അറിയാതിരിക്കുകയും, അതേസമയം സത്യം അന്വേഷിക്കുകയും ദൈവഹിതം തന്റെ ധാരണയനുസരിച്ച് അനുവർത്തിക്കുകയും ചെയ്യുന്ന ഓരോ മനുഷ്യനും രക്ഷിക്കപ്പെടാൻ സാധ്യതയുണ്ട് (CCC 1250). ക്രിസ്തു മരിച്ചത് എല്ലാവർക്കുംവേണ്ടിയാണ്. എല്ലാ മനുഷ്യർക്കും പെസഹാരഹസ്യവുമായി സംയോജിക്കാനുള്ള സാധ്യത പരിശുദ്ധാത്മാവ് നൽകുന്നുണ്ടെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു (GS 22). ഓരോ മനുഷ്യന്റെയും രക്ഷയെ സംബന്ധിച്ച തീരുമാനം നമുക്ക് ദൈവത്തിനു വിട്ടുകൊടുക്കാം. സഭാംഗങ്ങളായ നമ്മുടെ കടമ ജീവിതത്തിൽ ഈശോയ്ക്ക് സാക്ഷ്യംവഹിക്കുക എന്നതാണ്.

### 3. "കർത്താവിനോടൊപ്പം നിൽക്കാൻ തീരുമാനിക്കലാണ് വിശ്വാസം. അങ്ങനെ നിൽക്കുന്നത് അവിടുത്തോടുകൂടെ ജീവിക്കുവാനാണ്" (വിശ്വാസത്തിന്റെ വാതിൽ, 10)

ക്രിസ്തീയവിശ്വാസം യേശുവിനോടൊപ്പം നിൽക്കലാണ്. ക്രിസ്തീയവിശ്വാസം എന്നത് യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിലുള്ള വിശ്വാസമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ അനന്യത യേശുക്രിസ്തുവിന്റെ അനന്യതയുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. യേശുവിന്റെ അനന്യത വ്യക്തമായി പ്രതിപാദിക്കുന്ന അനേകം ഭാഗങ്ങൾ പുതിയനിയമത്തിലുണ്ട്. 1. "ദൈവത്തിനും മനുഷ്യർക്കും മധ്യസ്ഥനായി ഒരുവനേയുള്ളൂ - മനുഷ്യനായ യേശുക്രിസ്തു "(തിമോ 2:5). 2. "ദൈവം നമുക്കു നിത്യജീവൻ നൽകി. ഈ ജീവൻ അവിടുത്തെ പുത്രനിലാണ്. പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവനില്ല" (1 യോഹ 5:11-12). 3. "വഴിയും

സത്യവും ജീവനും ഞാനാണ്, എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല (യോഹ 14:6). 4. അവനിൽ സർവ്വ സമ്പൂർണ്ണതയും നിവസിക്കണമെന്ന് ദൈവം തിരുമനസ്സായി. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളേയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു (കൊളോ 1:20).

യേശുക്രിസ്തുവിന്റെ അനന്യതയെക്കുറിച്ചുള്ള പുതിയനിയമത്തിന്റെ ഭാഷ വ്യക്തവും ശക്തവുമാണ്. യേശുവിന്റെ അനന്യതയിലും സാർവ്വത്രികതയിലുമുള്ള വിശ്വാസം ക്രിസ്തീയ വിശ്വാസത്തിൽ ഒറ്റതിരിഞ്ഞുനിൽക്കുന്ന ഒന്നല്ല. ത്രിതൈ്വകദൈവത്തിലുള്ള വിശ്വാസവും പരി. ത്രിത്വത്തിലെ രണ്ടാമാളായ പുത്രനായ ദൈവം മനുഷ്യനായി അവതരിച്ചതാണു യേശു എന്നതും ഈ വിശ്വാസ സത്യവുമായി അഭേദ്യമായി ബന്ധപ്പെട്ടുനിൽക്കുന്ന കാര്യങ്ങളാണ്.

യേശുക്രിസ്തു മദ്ധ്യസ്ഥനും സാർവ്വത്രിക രക്ഷകനുമാണെന്ന് ദൈവികവെളിപാടിനോട് വിശ്വസ്തത പുലർത്തി സഭ എപ്പോഴും പഠിപ്പിച്ചിട്ടുണ്ട്. തന്റെ ദൈവികവ്യക്തിത്വത്തിന്റെ ഐക്യത്തിൽ യേശുക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാണ്. ഇക്കാരണത്താൽ അവിടുന്നു ദൈവത്തിന്റെയും മനുഷ്യരുടെയുമിടയ്ക്കുള്ള ഒരേയൊരു മദ്ധ്യസ്ഥനാണ് (CCC 480).

യേശുക്രിസ്തുവിന്റെ അനന്യതയെക്കുറിച്ച് പഠിപ്പിക്കുന്നത് മതാന്തരസംവാദത്തിന് തടസ്സമാണെന്ന് ചിലർ വാദിക്കാറുണ്ട്. മറ്റു മതസ്ഥർക്ക് വേദനയുളവാക്കുന്ന രീതിയിലോ അവരുടെ മതവിശ്വാസത്തെ അപകീർത്തിപ്പെടുത്തുന്ന രീതിയിലോ നമ്മുടെ വിശ്വാസത്തെ അവതരിപ്പിക്കുന്നത് അഭികാമ്യമായ കാര്യമല്ല എന്നുകരുതി സ്വന്തം മതവിശ്വാസത്തെ നിഷേധിക്കേണ്ട കാര്യമോ മറ്റുള്ളവർക്ക് സ്വീകാര്യമാകാൻവേണ്ടി സ്വന്തം മതവിശ്വാസത്തിലെ അടിസ്ഥാന തത്ത്വങ്ങളെ ബലികഴിക്കേണ്ട കാര്യമോ ഇല്ല. മറ്റു വിശ്വാസികൾക്ക് സ്വീകാര്യമാകാൻവേണ്ടി സ്വന്തം മതവിശ്വാസത്തിലെ അടിസ്ഥാന സത്യങ്ങളിൽ വെള്ളം ചേർക്കുന്നതോ പ്രധാനപ്പെട്ട പല കാര്യങ്ങളും പറയാതിരിക്കുന്നതോ ആത്മാർത്ഥതയുള്ള ശൈലിയല്ല. കേവലം കൃത്രിമമായ ഒരു ഐക്യം മാത്രമേ ഇതുകൊണ്ട് സൃഷ്ടിക്കാനാകൂ. മാത്രമല്ല, എല്ലാ മതവിശ്വാസികൾക്കും ഒരുപോലെ സ്വീകാര്യമാകുന്ന രീതിയിൽ ക്രിസ്തീയ വിശ്വാസത്തെ അവതരിപ്പിക്കാൻവേണ്ടി പല അടിസ്ഥാനവിശ്വാസസത്യങ്ങളെയും നമുക്ക് ബലി കഴിക്കാൻ സാദ്ധ്യമല്ല. പരി.ത്രിത്വത്തിലുള്ള വിശ്വാസം, മനുഷ്യാവതാരം, യേശുവിന്റെ ഉത്ഥാനം, പരി.കുർബ്ബാനയിലുള്ള യേശുവിന്റെ സാന്നിദ്ധ്യം തുടങ്ങി ക്രിസ്തീയ വിശ്വാസത്തിന്റെ പല അടിസ്ഥാനഘടകങ്ങളും മറ്റു മതവിശ്വാസികൾക്ക് സ്വീകാര്യമല്ല.





മതാന്തരസംവാദത്തിന്റെ നന്മകൾ സഭ വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. യേശുക്രിസ്തുവിലൂടെ പരിശുദ്ധാത്മാവിൽ ലോകത്തിനും മനുഷ്യവർഗ്ഗം മുഴുവനിലും പൂർത്തിയാക്കിയതും തുടർന്നുകൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങളെ കണ്ടെത്താനും വിശ്വാസത്തിൽ ആഴപ്പെടാനും ക്രിസ്തുവിന്റെ അനന്യതയെക്കുറിച്ച് കൂടുതൽ അവഗാഹമുള്ളവരാകാനും മതാന്തരസംവാദം സഹായിക്കും. ക്രൈസ്തവസന്ദേശത്തിന്റെ വ്യതിരിക്തതങ്ങളായ ഘടകങ്ങളെ കൂടുതൽ വ്യക്തമായി കാണാൻ ഇതു സഹായിക്കും (ഡയലോഗും പ്രേഷിതപ്രവർത്തനവും 21-27). "മതാന്തരസംവാദം പരസ്പരമുള്ള അറിവിനെയും സമ്പത്തിനെയും പരിപോഷിപ്പിക്കുന്ന മാർഗ്ഗം എന്ന നിലയ്ക്ക് സഭയുടെ ലോകത്തിലുള്ള സുവിശേഷപ്രഘോഷണത്തിന് വിരുദ്ധമായ ഒന്നല്ല. തീർച്ചയായും മതാന്തരസൗഹൃദശ്രമങ്ങൾ പ്രേഷിതപ്രവർത്തനത്തിന്റെ മാറ്റിനിർത്താനാവാത്ത രൂപമാണ്"(രക്ഷകന്റെ മിഷൻ 55).

എല്ലാ മതവും ഒരുപോലെ സത്യമാണെന്നു പറയുകയല്ല മതാന്തരസംവാദത്തിന്റെ ലക്ഷ്യം. പരസ്പരം അറിയാനും വളർത്താനുമുള്ള ഉപാധി എന്ന നിലയിലാണ് മതാന്തരസംവാദത്തെ മനസ്സിലാക്കേണ്ടത്. എല്ലാ മതങ്ങളും ഒരുപോലെ രക്ഷാദായകങ്ങളാണെന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല. അക്രൈസ്തവമതങ്ങളിൽപെട്ടവർക്കും നിത്യരക്ഷ സാദ്ധ്യമാണെന്ന പ്രബോധനത്തിന് എല്ലാ മതങ്ങളും ഒരുപോലെയാണെന്ന് അർത്ഥമില്ല. സ്വന്തം മതവിശ്വാസത്തിൽ ആഴമേറിയ വിശ്വാസവും ബോദ്ധ്യവുമുമുള്ള വ്യക്തികൾ തമ്മിലാണ് മതാന്തരസംവാദത്തിൽ ഏർപ്പെടേണ്ടത്. അതുകൊണ്ടുതന്നെ ആഴമേറിയ വിശ്വാസം സ്വന്തം മതതത്വങ്ങളിൽ ഉണ്ടാകുന്നത് ഒരിക്കലും മതാന്തരസംവാദത്തിന് എതിരല്ല. "യേശുക്രിസ്തുവിനെപ്പറ്റി അക്രൈസ്തവരോട് പ്രഘോഷിക്കുന്നതിൽ നിന്നു മാറിനിൽക്കാനുള്ള ക്ഷണമല്ല ഇതരമതങ്ങളോടുള്ള ആദരവും ബഹുമാനവും സഹവർത്തിത്വവുംകൊണ്ട് അർത്ഥമാക്കുന്നത്"(ഏഷ്യയിലെ സഭ 20).

യേശുവിന്റെ അനന്യതയിലും സാർവ്വത്രികതയിലുമുള്ള വിശ്വാസം ദൈവപുത്രന്റെ മനുഷ്യാവതാരമെന്ന സത്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. ദൈവം മനുഷ്യനായി അവതരിച്ചതാണ് യേശു എന്ന സത്യം എളിമയോടുകൂടെ പ്രഘോഷിക്കുകയാണ് സഭ ചെയ്യുന്നത്. സഭ സഭയെയല്ല, യേശുക്രിസ്തുവിനെ

യാണ് പ്രഘോഷിക്കുന്നത്. പൗലോസ്ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ: ഞങ്ങൾ ഉദ്ഘോഷിക്കുന്നത് ഞങ്ങളെക്കുറിച്ചല്ല, പ്രത്യുത, യേശുക്രിസ്തുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ് (2 കോറി 4:5). യേശുവിനെ പ്രഘോഷിക്കുന്നതുവഴി സഭയുടെ മഹത്വമല്ല, ദൈവത്തിന്റെ മഹത്വമാണ് സഭ ലക്ഷ്യം വയ്ക്കുന്നത്. "യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനുവേണ്ടിയാണ്" (ഫിലി 2:1) സഭ പ്രഘോഷിക്കുന്നത്. പിതാവായ ദൈവം ലോകത്തിനു നൽകിയ സമ്മാനമാണ് യേശുക്രിസ്തു. യേശു ക്രിസ്ത്യാനികളുടെയോ സഭയുടെയോ മാത്രം കുത്തകയല്ല. യേശു എല്ലാവരുടേതുമാണ്.

**ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ,**
*ബൈബിൾ ഭാഷ്യം*, ലക്കം 3, സെപ്റ്റംബർ 2012.



06

## വിശ്വാസത്തെ മനസ്സിലാക്കാൻ ഈശോ മൗലികമായ പുതിയവഴി ആരംഭിച്ചിരുന്നോ?

വിശ്വാസമാണ് ഈശോയുടെ സന്ദേശത്തിന്റെ അടിസ്ഥാനം. മർക്കോസിന്റെ സുവിശേഷം വിശ്വാസത്തിലേക്കുള്ള ആഹ്വാനമാണ്; "വചനത്തിൽ വിശ്വസിക്കുക" (മർക്കോ 1,15). യോഹന്നാൻ തന്റെ ആമുഖത്തിൽ ക്രിസ്ത്വനുഭവത്തെ വചനാടിസ്ഥാനത്തിൽ ഇങ്ങനെ സംഗ്രഹിക്കുന്നു: തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി. വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബൈബിളിൽ ആവർത്തിച്ച് ചിത്രീകരിച്ചിട്ടുണ്ട്. അതിലേക്കുള്ള സൂചനകളിലൊന്ന് വിശ്വാസം, വിശ്വസിക്കുക എന്നീ നാമക്രിയാരൂപങ്ങളുടെ ആവർത്തനമാണ്. പുതിയനിയമത്തിൽ വിശ്വാസം (Pistis) 243 പ്രാവശ്യവും വിശ്വസിക്കുക (Pisteuein) 241 പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു. 484 പ്രാവശ്യം വിശ്വാസമെന്ന പദം പുതിയനിയമത്തിലുണ്ടെന്ന കാരണത്താൽ യേശു ഈ പുണ്യത്തെപ്പറ്റി ആധികാരികമായി എന്തെങ്കിലും പഠിപ്പിച്ചുവെന്ന് പറയാനാവില്ല. ഒരുപക്ഷേ യേശു പഴയനിയമവിശ്വാസത്തെ പിന്തുടരുക മാത്രമാകും ചെയ്തത്. ഈശോ ഏശയ്യായെപോലെ വിശ്വാസത്തിന്റെ ഒരു പ്രവാചകനായിരുന്നോ? വിശ്വാസത്തെ മനസ്സിലാക്കുന്ന മൗലികമായൊരു പുതിയ വഴി ഈശോ ആരംഭിച്ചിരുന്നോ?

**1. പുതിയതായിട്ട് ഒന്നുമില്ലേ? വിശ്വാസം പഴയനിയമത്തിൽ**

വിശ്വാസത്തെപ്പറ്റിയുള്ള ഈശോയുടെ ധാരണയെ പഴയനിയമത്തിൽനിന്നും ഒരിക്കലും മാറ്റിനിർത്താനാവില്ല. ഈശോ ഒരു യഹൂദനാണ് എന്നത് സാമൂഹികപരമായി മാത്രമല്ല മതപരമായും ആദ്ധ്യാത്മികമായും ശരിയാണ്. പഴയനിയമത്തിൽ ജനങ്ങൾക്ക് ദൈവത്തോടുണ്ടായിരുന്ന വിശ്വാസം ഈശോയ്ക്ക് പാരമ്പര്യമായി ലഭിച്ചു. വീസർ പറയുന്നു, പഴയനിയമത്തിൽ പ്രധാനമായും രണ്ടു വ്യത്യസ്ത ഗ്രൂപ്പുകൾ ഉണ്ടായിരുന്നു. ഇവ ദൈവവുമായുള്ള മനുഷ്യന്റെ ബന്ധത്തിന് വിപരീതമായ അർത്ഥതലങ്ങൾപോലും കൊടുക്കുന്നവയായിരുന്നു. ഒന്ന്, ദൈവഭയവും രണ്ടാമത്തേത് ദൈവത്തിലുള്ള പ്രത്യാശയും.

പുതിയ യഹൂദമതത്തിൽ വിശ്വാസത്തോടുള്ള അനുസരണത്തിലൂടെ നിയമത്തോടുള്ള അനുസരണവും ചേർക്കപ്പെട്ടിരുന്നു. യഹൂദരുടെ പഴയരീതിയിലുള്ള നിയമപരമായ നിലപാടുകളാണ് ഈശോയുടെ കാലത്തും നിലനിന്നിരുന്നത്. ഈശോയുടെ കാലഘട്ടത്തിലെ യഹൂദസമൂഹം ജറുസലേമിന്റെ പതനത്തിനും ദൈവാലയത്തിന്റെ നാശത്തിനുംമുമ്പുള്ള ഒരു സങ്കീർണ്ണകാലഘട്ടത്തിലൂടെ കടന്നുപോവുകയായിരുന്നുവെങ്കിലും അവർ യഹോവയുടെ കരുണയിൽ വിശ്വസിച്ച് ജീവിച്ചു. സങ്കീർത്തനങ്ങളിൽ നമ്മളിങ്ങനെ വായിക്കുന്നു, ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു., കാരണം അത് എനിക്ക് അങ്ങയുടെ കരുണ മനസ്സിലാക്കിത്തന്നു..... എന്റെ ദുഷിച്ച ഹൃദയത്തിലേക്ക് അങ്ങയുടെ അനന്തമായ കാരുണ്യം വർഷിച്ചു (IQH 15,26).

**2. പുതിയ വിശ്വാസത്തിന് മൗലികമായ അടിസ്ഥാനം: പിതാവിനെക്കുറിച്ചുള്ള അവബോധം**

ദൈവത്തിൽ യേശുവിനുണ്ടായ പ്രത്യാശയിൽ അബ്രാഹത്തിന്റെയും പ്രവാചകന്മാരുടെയും വിശ്വാസമുണ്ടായിരുന്നു. ഈശോയുടെ വിശ്വാസം ദൈവത്തിലുള്ള പ്രത്യാശയാണ് (മത്താ 6,25-34; ലൂക്ക 12,22-32). ഇത് കേൾവിയും പ്രവൃത്തിയുമാണ്. കേൾവി ആദ്യവും പ്രവൃത്തി അതിന്റെ അനുകരിക്കലുമാണ് (മത്താ 7, 21-27; ലൂക്ക 8,12-15). ദൈവവചനം ശ്രവിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ സന്തോഷവാന്മാർ ആയിരിക്കും. (ലൂക്ക 11,28).

ഈശോ മനസ്സിലാക്കിയ വിശ്വാസം വേരൂന്നിയിരിക്കുന്നത് ദൈവം പിതാവാണെന്ന അനുഭവത്തിലാണ്. അത് ഈശോ ദൈവപുത്രനാണ് എന്ന സത്യത്തിലേക്ക് കൂട്ടികൊണ്ടുപോകുന്നു.





യേശു ഉദ്ഘോഷിച്ചു, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിലും വിവേകികളിലുംനിന്ന് മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. അതേ പിതാവേ, ഇപ്രകാരമായിരുന്നു നിന്റെ തിരുവുള്ളം. സർവവും പിതാവ് എന്നെ ഏൽപിച്ചിരിക്കുന്നു. പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തിക്കൊടുക്കാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പിതാവിനെയും അറിയുന്നില്ല (മത്താ 11, 25-27).

ദൈവത്തെ പിതാവായി കാണുന്ന രീതി പഴയനിയമത്തിന് തീർത്തും സൗജന്യമല്ലായിരുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ഉടമ്പടിബന്ധത്തെ ഹോസിയപ്രവാചകൻ ദാമ്പത്യജീവിതവുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ, ഒരു പിതാവും പുത്രനും തമ്മിലുള്ള അഗാധമായ സ്നേഹവുമായി താരതമ്യം ചെയ്യുന്നുണ്ട്. യേശുവിന്റെ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയിൽ പഴയനിയമത്തിലെ പിതാവിനെക്കുറിച്ചുള്ള സങ്കല്പങ്ങളുടെ സ്വാധീനം കാണാമെങ്കിലും വ്യക്തമായ നവീനത്വവും ദർശിക്കാം.

**എ) ശീർഷകത്തിന്റെ ആവർത്തനം**

പഴയനിയമത്തിൽ ദൈവത്തെ പിതാവായി ചിത്രീകരിക്കുന്ന സന്ദർഭങ്ങൾ ചുരുക്കമായിട്ടേയുള്ളൂ. വെറും 20 പ്രാവശ്യം. എന്നാൽ ഇത് പുതിയനിയമത്തിൽ 265 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഈശോയ്ക്ക് പിതാവ് എന്ന വിശേഷണം പ്രധാനമാണ്. ഇതിന് ഈശോ വേറൊരു വിശേഷണം നല്കുന്നില്ല.

**ബി) ശീർഷകത്തിന്റെ വ്യക്തിപരമായ ഉപയോഗം**

പഴയനിയമത്തിൽ ദൈവത്തെ പിതാവ് എന്ന പൊതുവായ നാമം കൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു. ചുരുക്കം ചില സാഹചര്യങ്ങളിൽ മാത്രമേ പിതാവ് എന്ന പദം വ്യക്തിപരമായി ഉപയോഗിക്കുന്നുള്ളൂ. അത് രാജാവുമായി ബന്ധപ്പെടുത്തിയാണ് (2 സാമു 7, 14; സങ്കീ 89, 27; 2,7). എന്നാൽ പുതിയനിയമത്തിൽ പിതാവ് എന്ന പദം ഈശോ വ്യക്തിപരമായും ഇസ്രായേൽജനത്തിന്റെ പ്രതിനിധിയായുമാണ് ഉപയോഗിച്ചിരിക്കുന്നത്. അവൻ തന്റെ ശിഷ്യരോട് ദൈവത്തെ പിതാവ് എന്ന് വിളിക്കാൻ ആഹ്വാനം ചെയ്തു (മത്താ 6,9). അവരും അതുപോലെ ചെയ്തു (റോമ 8,15).

**സി) സംബോധന**

പഴയനിയമത്തിന്റെ അവസാനങ്ങളിൽ മാത്രമേ ദൈവത്തെ

പിതാവേ എന്ന് സംബോധന ചെയ്യുന്നുള്ളൂ. അതും വളരെ ചുരുക്കം ചിലയിടങ്ങളിൽ (ജ്ഞാനം 14,3). പുതിയനിയമത്തിലാകട്ടെ പിതാവേ എന്ന സംബോധന ഒരു സാധാരണ രീതിയാണ്. അവൻ എന്ന ധ്വനിയിൽനിന്ന് 'ഞാനും നീയും' എന്ന അർത്ഥത്തിലേക്ക് ഈ ബന്ധം വളരുന്നു. ഇവിടെ പുത്രനും മറ്റ് മക്കളും തമ്മിലുള്ള ഒരു വ്യക്തിപരമായ ബന്ധത്തിന് അടിസ്ഥാനമിടുന്നു. ഇപ്പോൾ ഓരോരുത്തർക്കും ദൈവത്തെ തന്റെ വ്യക്തിപരമായ പിതാവ് എന്ന് വിശേഷിപ്പിക്കാം.

ജറമിയാസിന്റെ പഠനങ്ങളനുസരിച്ച് പിതാവ് എന്ന പദം യേശുവിന്റെ കാലത്ത് കുട്ടികൾ സ്വപിതാവുമായുള്ള സ്നേഹബന്ധത്തെ വിശേഷിപ്പിക്കുവാൻ ഉപയോഗിച്ചിരുന്നതാണ്. കൂടുതൽ അന്വേഷണങ്ങൾ കാണിക്കുന്നത് ഈ പദം യുവാക്കളും ഉപയോഗിച്ചിരുന്നു എന്നാണ്, ആബാ എന്ന പദം യഹൂദരുടെ ഔദ്യോഗിക ഭാഷയായ ഹീബ്രുവിൽനിന്നല്ല അറമായ ഭാഷയിൽനിന്നാണ് വരുന്നത്. അതവിടെ ഒരു ഔദ്യോഗിക പദമല്ല, നിത്യോപയോഗപദമാണ്. ദൈവത്തെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നത് ഒരു പുത്രസഹജമായ ബന്ധം സൂചിപ്പിക്കുന്നു എന്നർത്ഥം.

ഈശോ പറയുന്നു, വിശ്വാസത്തെക്കുറിച്ചുള്ള അറിവ് ദൈവത്തിലുള്ള ആശ്രയത്വമാണ്. യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ: ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു. ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വിശ്വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വിശ്വസിക്കുന്നു. വിധി ദിവസത്തിൽ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിന് സ്നേഹം നമ്മിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു. എന്തെന്നാൽ സ്നേഹത്തിൽ ഭയത്തിന് ഇടമില്ല. പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം, ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണനായിട്ടില്ല (1 യോഹ 4,16-18).

ദൈവത്തിൽ ഉയർന്നുനില്ക്കുക എന്നാൽ സ്നേഹത്തിൽ ഉയർന്നു നില്ക്കുകയാണ്. മനുഷ്യചിന്തകൾക്ക് അതീതമാണ് ഈ പിതൃത്വം. ഇതിനൊരു ഉത്തമ ഉദാഹരണമാണ് ധൂർത്തപുത്രന്റെ ഉപമ (ലൂക്ക 15, 11-32). ഭൂമിയിൽ ഒരു പിതാവും ഇവിടെ കാണുന്നതുപോലെ പ്രായപൂർത്തിയാകാത്തതും വഴിപിഴച്ചതുമായ ഒരു മകനിൽ വിശ്വാസമർപ്പിക്കുകയോ സ്വത്തിന്റെ ഓഹരി കൊടുക്കുകയോ ചെയ്യുകയില്ല. പക്ഷേ സ്നേഹനിധിയായ പിതാവ് ചെളിക്കുഴിയിൽ താണുപോയ മകനെ ഉയർത്തുന്നു. ദൈവത്തിന്റെ ഭ്രാന്തിനെക്കുറിച്ചും കഴിവില്ലായ്മയെക്കുറിച്ചും പൗലോസ് ശ്ലീഹാ പറയുന്നുണ്ട്





(1 കോറി 1,25). അതാണ് നമ്മൾ കുരിശിൽ കണ്ടത്. യേശു പഠിപ്പിച്ച പിതൃ സങ്കൽപ്പം മനുഷ്യബുദ്ധിയ്ക്കും ലോകശക്തികൾക്കും ഉൾക്കൊള്ളാവുന്നതിനേക്കാളും ഉയർന്ന ജ്ഞാനവും ശക്തിയുമാണ് പ്രകടമാക്കുന്നത്.

### 3. വിശ്വാസത്തിലെ മൗലികത

പഴയനിയമപ്രവാചക മുന്നറിയിപ്പുകളിലെ സദ്വാർത്ത രണ്ടാം ഏശയ്യായിൽ പ്രകടമായിരിക്കുന്നു. ബാബിലോൺ പ്രവാസത്തിൽ കഴിയുന്ന ഇസ്രായേല്യരോട് ദൈവം തന്റെ സന്ദേശം കൈമാറുന്നത് ശ്രദ്ധിക്കുക: സദ്വാർത്തയുമായി വരുന്ന സീയോനെ, ഉയർന്ന മലയിൽക്കയറി ശക്തിയോടെ സ്വരമുയർത്തിപ്പറയുക., സദ്വാർത്തയുമായി വരുന്ന ജറുസലേമേ നിർഭയം വിളിച്ചു പറയുക; യൂദായുടെ പട്ടണങ്ങളോട് പറയുക; ഇതാ നിങ്ങളുടെ ദൈവം! ഇതാ ദൈവമായ കർത്താവ് ശക്തിയോടെ വരുന്നു. അവിടുന്ന് കരബലത്താൽ ഭരണം നടത്തുന്നു. സമ്മാനം അവിടുത്തെ കയ്യിലുണ്ട്. പ്രതിഫലവും അവിടുത്തെ മുന്നിലുണ്ട്. ഇടയനെപ്പോലെ അവിടുന്ന് തന്റെ ആട്ടിൻപററത്തെ മേയ്ക്കുന്നു. അവിടുന്ന് ആട്ടിൻകുട്ടികളെ കരങ്ങളിൽ ചേർത്ത് മാറോടണച്ച് തള്ളയാടുകളെ സാവധാനം നയിക്കുന്നു (ഏശ 40,9-11).

പ്രവാചകൻ വീണ്ടും പറയുന്നു: ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു., (61,1).

മുകളിൽ പറഞ്ഞിരിക്കുന്ന വാക്കുകൾ മൊത്തത്തിൽ ഒരു പുതിയ പ്രവാചകഭാഷയാണ്. പ്രവാചക ദൗത്യത്തിന്റെ പരിവർത്തനമാണ്. നേരത്തേ പ്രവാചക ദൗത്യം എന്നത് മുന്നറിയിപ്പ് നല്കുവാനും ശാപത്തിന്റെയും ശകാരത്തിന്റെയും വെളിപാടുകൾ പ്രചരിപ്പിക്കുവാനുമായിരുന്നു. എന്നാലിന്ന് അനന്തമായ ക്ഷമയുടെയും അനുഗ്രഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റേയും സന്ദേശമാണ് നല്കുന്നത്. ഈ പുതിയ രീതിയിലുള്ള പ്രവാചക ദൗത്യത്തിന്റെ അടിസ്ഥാനം ദൈവം ഇടയനാണെന്ന സങ്കല്പമാണ്. സദ്വാർത്തയുടെ സന്ദേശം എന്നത് ഇടയഭാവമുള്ള ദൈവത്തിന്റെ വരവിന്റെയും ഉദാരമായ വാഴ്ചയുടെയും ആരംഭമായി ചിത്രീകരിച്ചിരിക്കുന്നു. ഇത് ഈശോയെക്കുറിച്ചുള്ള പ്രഘോഷണമാണ് (മർക്കോസ് 1,14-15; ലൂക്ക 4, 18; മത്താ 11,5).

കാരുണ്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഭാവമുള്ള ദൈവസങ്കല്പം യേശുവിശ്വാസത്തിന്റെ മൗലികതയായിത്തീർന്നിരിക്കു

ന്നു. അതുകൊണ്ടാണ് യേശു നല്കിയ ദൈവവിശ്വാസം സദ്വാർത്ത യായിത്തീർന്നത്. മനുഷ്യവംശത്തിന് ദൈവം കൊടുത്തിട്ടുള്ള അന ന്തമായ അനുഗ്രഹത്തിന്റെ പ്രകടനമാണ് യേശു ധൂർത്തപുത്രന്റെ ഉപമയിലെ സ്നേഹനിധിയായ പിതാവിലൂടെ നടത്തിയത്. നസ്ര ത്തിലെ ജീവിതം ഭംഗിയായി ചിത്രീകരിച്ചിരിക്കുന്നതുപോലെ ഈശോയുടെ ജീവിതദൗത്യം പാവങ്ങൾക്ക് സദ്വാർത്തയായി. അഷ്ടസൗഭാഗ്യങ്ങളിലൂടെ അവിടുന്ന് ഇത് ഊന്നിപ്പറയുന്നുണ്ട്. ഈശോയുടെ എല്ലാ പ്രവർത്തനങ്ങളും സമൂഹത്തിലെ പാപി കൾക്കും താഴെക്കിടയിലുള്ളവർക്കുംവേണ്ടിയുള്ളതായിരുന്നു. ഇതാണ് കുരിശിലെ സന്ദേശവും. തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (യോഹ 3,16) പൗലോസ്ശ്ലീഹാ പറയുന്നതുപോലെ കുരിശിന്റെ വചനം പ്രഘോഷിക്കപ്പെട്ടത് ദൈവത്തിന്റെ ഭ്രാന്തമായ സ്നേഹത്തിലൂടെ യാണ്. എന്തെന്നാൽ ദൈവത്തിന്റെ ഭോഷത്തം മനുഷ്യരേക്കാൾ ശക്തവുമാണ്. (1 കൊറി 1,25). അതേ യേശു നല്കിയ വിശ്വാസ ത്തിന്റെ മൗലികത സ്നേഹപിതാവായ ദൈവത്തിന്റെ ക്ഷമയും അനുഗ്രഹവും ഉൾക്കൊള്ളുന്നു.

**4. വിശ്വാസത്തിലെ സ്വാതന്ത്ര്യഭാവം**

ഈശോ നല്കിയ പുതിയ വിശ്വാസത്തിന്റെ ഫലങ്ങളിലൊന്ന് സ്വാതന്ത്ര്യമാണ്. പഴയനിയമമെന്നത് ഭയത്തിന്റേതാണ്. പുതിയ നിയമം സ്നേഹത്തിന്റേതാണ്. പഴയനിയമത്തിൽ ദൈവസ്നേഹ ത്തിലേക്കുള്ള ഒരു ചായ്‌വ് കാണാൻ സാധിക്കും. ഭയത്തിനും വിശ്വാ സത്തിനുമിടയ്ക്കുള്ള ഈ ചായ്‌വിനെ ഇങ്ങനെ വിശേഷിപ്പിച്ചിരി ക്കുന്നു. ("living and polar tension") പുതിയനിയമത്തിൽ ഈശോയും ഈ സംഘർഷാവസ്ഥയെ ഒഴിവാക്കുന്നില്ല. വിശ്വാസികൾ ദൈവ ഭയത്തിൽ നിലകൊള്ളുന്നു. ഈശോയ്ക്ക് ചുറ്റുമുള്ള തേജോവ ലയം ഭയമുളവാക്കുന്നു (മർക്കോ 9,6). ഉയിർപ്പിൽ പ്രത്യേകമായി ഭയവും സന്തോഷവും ഒരുമിച്ചുകാണുന്നു (മത്താ 28,8). പത്രോസ് ദൈവികസാന്നിദ്ധ്യത്തെ ഭയഭക്തിയോടെ കാണുന്നു, "കർത്താവേ എന്നിൽ നിന്നകന്നുപോകണമേ, ഞാൻ പാപിയാണ്" (ലൂക്കാ 5,8). ദൈവത്തെ സാധാരണ ദൈവികമായി കാണുവാൻ സാധിക്കുക യില്ല. അവൻ പരിശുദ്ധനും രൂപാന്തരീകരണം പ്രാപിച്ചവനുമായി നിലകൊള്ളുന്നു. രൂപാന്തരീകരണം പ്രാപിച്ചില്ലായിരുന്നുവെങ്കിൽ നമ്മുടെ ചിന്തയ്ക്കതീതമായ ദൈവസ്നേഹത്തിന്റെ അർത്ഥംതന്നെ നഷ്ടപ്പെടുമായിരുന്നു.

പണ്ഡിതർ ഭയത്തെ, ആദരവു നിറഞ്ഞത്, പാദസേവാമനോഭാ വമുള്ളത് എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ആദ്യത്തേ





തിനെ ഭയഭക്തി എന്നു മനസ്സിലാക്കാം. അത് ദൈവികമായ ആജ്ഞ യാണ്. പക്ഷേ., പാദസേവാഭാവമുള്ള ഭയം ഉത്തരവാദിത്വങ്ങളേ റ്റെടുക്കാനുള്ള കഴിവില്ലായ്മയാണ് സൂചിപ്പിക്കുന്നത്. ഈ ഭയത്തിൽ നിന്നാണ് യേശു നമ്മെ മോചിതരാക്കുന്നത്. മനുഷ്യന്റെ തെറ്റുക ളുടെയും ദൗർബല്യങ്ങളുടെയും നന്മതിന്മകളുടെയും കണക്ക് വച്ചു കൊണ്ട് വിധിക്കുന്ന ദൈവസങ്കല്പത്തിൽനിന്നാണ് യേശു നമ്മെ സ്വതന്ത്രരാക്കിയത്. വി.യോഹന്നാൻ ശ്ലീഹാ പറയുന്നതുപോലെ, സ്നേഹത്തിൽ ഭയത്തിന് ഇടമില്ല. പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെ ടുന്നവൻ സ്നേഹത്തിൽ പൂർണനായിട്ടില്ല (യോഹ 4,18).

സ്വാതന്ത്ര്യത്തിന്റെ ഹൃദയത്തിന് സാമൂഹികവലിപ്പം ആവശ്യ മാണ്. യേശു നല്കിയ വിശ്വാസസ്വാതന്ത്ര്യം ഘടനയിലെ വിള്ള ലുകളും ധനികരും പാവപ്പെട്ടവരും തമ്മിലുള്ള അകൽച്ചയും യഹൂ ദരും വിജാതീയരും തമ്മിലുള്ള വിദ്വേഷവും ഫരിസേയരും നിയ മമറിയാത്തവരും തമ്മിലുള്ള അന്തരവും പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള വിവേചനവും തലകീഴായി മറിക്കുന്നതാണ്. ഈ പുതിയ മൂല്യങ്ങളുടെയെല്ലാം അവകാശി സ്വർഗ്ഗീയപിതാവിന്റെ മക്കളാണ്. ഈശോ ദൈവത്തിന്റെ മക്കളെന്ന സ്വാതന്ത്ര്യം സാക്ഷാത്കരിക്കു ന്നത് ശതാധിപനിലും കാനാൻകാരിയിലും കാണാം. പാവപ്പെട്ട വന് സ്വർഗ്ഗരാജ്യത്തിൽ മുൻഗണന നല്കിയപ്പോഴും ലൈംഗികവി വേചനം ഇല്ലാതാക്കിയപ്പോഴും അത് വ്യക്തമായി (മർക്കോ 5:21 -36; ലൂക്കാ 8,1-3). ഉദാഹരണങ്ങൾ വിപുലീകരിക്കാൻ സാധിക്കും. സുവിശേഷത്തിലെ ലോകം സ്വാതന്ത്ര്യം കിട്ടിയ ലോകമാണ്. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, യഹൂദനെന്നോ ഗ്രീക്കു കാരനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങ ളെല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ് (ഗലാ 3,28). സദ്വാർത്ത യ്ക്കുള്ള പ്രത്യുത്തരമാണ് പിതാവിലുള്ള പുതിയതും സ്വതന്ത്ര വുമായ വിശ്വാസജീവിതം.

**5. യേശു നല്കിയ വിശ്വാസത്തിന്റെ ഇതരഗുണങ്ങൾ**

പുതിയരീതിയിലൂടെയും പുതിയ വഴിയിലൂടെയും ഈശോ പിതാവിന്റെ സ്നേഹത്തിന്റെ സദ്വാർത്ത വാക്കിലൂടെയും പ്രവൃ ത്തിയിലൂടെയും അറിയിച്ചു.

**1. ഒരു പുതിയ ഭാഷ**

സദുക്കായരുടെയിടയിൽ ഈശോയ്ക്ക് യഹൂദരുടെ പ്രാദേശി കഭാഷ ഉപയോഗിക്കാമായിരുന്നു. മിദ്രാഷിന്റെയും താർഗുമിന്റെയും ഭാഷ. അല്ലെങ്കിൽ സൂക്ഷ്മമായ പഠനത്തിന്റെയും വ്യാഖ്യാനത്തി

ന്റെയും രീതിശാസ്ത്രം. പക്ഷേ, ഈശോ ആശയപ്രകടനത്തിന് തിരഞ്ഞെടുത്തത് ഉപമകളും കഥകളുമായിരുന്നു. ഇവ ഉപയോഗിച്ചിരുന്നത് സാധാരണക്കാരായ ജനങ്ങളെ അഭിസംബോധന ചെയ്യുമ്പോളാണ്. മർക്കോസ് ഇതിനെപ്പറ്റി അതിശയോക്തിയോടെ പ്രതിപാദിച്ചിട്ടുണ്ട്, ഉപമകളിലൂടെയല്ലാതെ അവൻ അവരോട് ഒന്നും സംസാരിച്ചിട്ടില്ല (മർക്കോ 4,34). ഈശോ ഒരു കഥ പറയുന്ന ആളാണെന്ന തോന്നൽ ജനങ്ങളുടെയിടയിൽ ഉണ്ടാക്കിയെടുത്തു. മത്തായിയും ഈശോയെ ഒരു പ്രഘോഷകനെക്കാളധികമായി കഥ പറയുന്ന ആളായി അവതരിപ്പിച്ചിരിക്കുന്നു (മത്താ 13,34). ഈശോയുടെ ഭാഷയിൽ സാധാരണ ജീവിതത്തിന്റെയും പുതുമയുടെയും അംശങ്ങൾ കാണാം. സാധാരണജീവിതം എന്നതുകൊണ്ടിവിടെ അർത്ഥമാക്കുന്നത് സുവിശേഷത്തിലെ ഉപമകളെല്ലാം ഈശോ സാധാരണ മനുഷ്യരുടെ ജീവിതത്തിൽ നിന്നെടുത്തു എന്നതാണ്. വിതയും കൊയ്ത്തും, പാചകത്തിലുപയോഗിക്കുന്ന ഉപ്പ്, വീട് നിർമ്മാണം, കൃഷിസ്ഥലത്തെ ജോലി, വിളക്ക്, തുണിനെയ്ത്ത് എന്നിവ ഉദാഹരണങ്ങളാണ്. പുതുമ നിറഞ്ഞത് എന്നതുകൊണ്ടുദ്ദേശിക്കുന്നത് കഥകൾക്ക് ദൈവിക പരിവേഷമുണ്ടെന്നും അവയ്ക്ക് അത്ഭുതം സൃഷ്ടിക്കാൻ കഴിയും എന്നുമാണ്. ഉദാഹരണം, നൂറുമേനി വിളവിനെക്കുറിച്ച് ഒരു ഗലീലിയൻ കർഷകനുണ്ടാകുന്ന പ്രതീക്ഷ, പതിനൊന്നാം മണിക്കൂറിലും വരുന്ന ജോലിക്കാരനും മുഴുവൻ വേതനവും കൊടുക്കുന്നത് എന്നിവ.

അവ പുരാണകഥയിൽനിന്നോ ഐതിഹ്യങ്ങളിൽനിന്നോ മനുഷ്യമഹത്വരൂപങ്ങളിൽനിന്നോ കടമെടുത്തതല്ല, മറിച്ച് ഈ പാവപ്പെട്ട മനുഷ്യരുടെ യഥാർത്ഥജീവിതത്തിൽനിന്ന് കടംകൊണ്ടവയാണ്. ഇത് ശ്രോതാക്കളുടെ മനസ്സിനെ ദൈവത്തിന്റെ പ്രതീക്ഷയ്ക്കനുഗുണമായ വഴികളിലേക്ക് ഉയർത്തുന്നു. ദൈവപിതാവിലേക്ക് രൂപാന്തരപ്പെടാനുള്ള ശക്തി അവ ഉൾക്കൊള്ളുന്നു.

**2. അത്ഭുതങ്ങൾ വിശ്വാസത്തിലേക്കുള്ള വഴിയാണ്**

ഈശോ സദ്വാർത്തയുടെ സന്ദേശം അറിയിച്ചത് പ്രവൃത്തികളിലൂടെയാണ്, പ്രത്യേകമായി അത്ഭുതങ്ങളിലൂടെ. ഈശോയുടെ അത്ഭുതങ്ങൾക്ക് ഒത്തിരിയേറെ അർത്ഥതലങ്ങളുണ്ട്. വിശ്വാസത്തിലേക്കുള്ള വിളിയാണത്. ജായ്റോസിനോട് ഈശോ പറയുന്നു, വിശ്വസിക്കുക, വിശ്വസിക്കുക മാത്രം മതി (മർക്കോ 5,36; ലൂക്ക 8,50; യോഹ 11,26). വിശ്വാസത്തെക്കുറിച്ചുള്ള വിവരണങ്ങൾ കേവലം മാനസികമായ സുഖപ്പെടലായി ചില പണ്ഡിതർ വ്യാഖ്യാനിക്കുന്നുണ്ട്. അത് അംഗീകരിക്കാനാവില്ല. ബൈബിളിൽ പറഞ്ഞിരിക്കുന്ന





അത്ഭുതങ്ങൾക്ക് ഗ്രീക്ക് റോമൻ കഥകളിലെ രോഗശാന്തികളോട് സാമ്യമുണ്ട്. രോഗശാന്തിയുടെ വിവരണം രണ്ടിടങ്ങളിലും ഒരുപോലെയാണ്. കഥയുടെ വിവരണം, സൗഖ്യദായകന്റെയും സാക്ഷികളുടെയും പ്രതികരണം എന്നിവയിൽ സാമ്യം കാണാം. പക്ഷേ സുവിശേഷത്തിലെ പ്രത്യേകത അവ വിശ്വാസത്തിൽ ബന്ധിതമായിരിക്കുന്നു എന്നതാണ്. ഈശോ രോഗികളെ വിശ്വാസത്തിലേക്കാണ് വിളിക്കുന്നത്.

ഈശോയിൽ വിശ്വസിക്കുകയെന്നാൽ ഈശോ പറയുന്ന കാര്യങ്ങളിൽ വിശ്വസിക്കുകയെന്നതാണ്. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ഒരാളുടെ അടിസ്ഥാന നില വിശ്വാസത്തിന്റേതാണ്. തന്റെ പരിതോവസ്ഥയിൽ എല്ലാം വ്യക്തിപരമായ സമ്പത്തുകളിൽ ശരണപ്പെടാതെ ദൈവശക്തിയിൽ തന്നെത്തന്നെ സമർപ്പിക്കുകയും ഈശോയുടെ പ്രവൃത്തികളെ പിന്തുടരുകയും ചെയ്യുന്ന വിശ്വാസമാണ് ശിഷ്യത്വത്തിന്റെ തുടക്കം. ഇങ്ങനെ ദൈവത്തിൽ സമർപ്പിക്കുന്നത് എപ്പോഴും നടന്നുകൊണ്ടിരിക്കേണ്ടതാണ്. കടുകുമണി വളരുന്നതുപോലെയാണത്. ചിലപ്പോൾ തടസ്സങ്ങളെയും തകർച്ചകളെയും നേരിടേണ്ടിവരും. പക്ഷേ, പിന്നീട് പ്രത്യാശയോടെ നൂറുമടങ്ങ് വളരും. ശിഷ്യൻ അവന്റെ ശക്തിയില്ലായ്മയിൽ കൈക്കൊള്ളേണ്ട പ്രഥമവും പ്രാധാനപ്പെട്ടതുമായ ഒരു കാൽവെയ്പ്പാണ് തന്നെത്തന്നെ ദൈവത്തിൽ സമർപ്പിക്കുക എന്നത്.

**സംഗ്രഹം**

വിശ്വാസത്തെ മനസ്സിലാക്കാനുള്ള മൗലികമായ പുതിയ വഴി ഈശോ ആരംഭിച്ചിരിക്കുന്നു? ഇതിന്റെ ഉത്തരം ചിലപ്പോൾ അതെ എന്നും ചിലപ്പോൾ അല്ല എന്നുമാകാം. അല്ല എന്നതിന്റെ കാരണം, ഈശോ ഒരു പുതിയ വിശ്വാസത്തെ നിർദ്ദേശിച്ചില്ല എന്നതാണ്. അവൻ തന്റെ സമൂഹത്തെ പുതിയ വിശ്വാസത്തിലേക്ക് വിളിച്ചുമില്ല. മറിച്ച്, അബ്രാഹത്തിന്റെയും മോശയുടെയും മറ്റ് പ്രവാചകന്മാരുടെയും സത്യവിശ്വാസമായ ദൈവത്തിലേക്കും അവന്റെ ഉടമ്പടിയിലേക്കുമാണ് അവൻ വിളിച്ചത്. ജീവിതത്തിന്റെ ദുഃഖങ്ങളിലും സന്തോഷങ്ങളിലും ഈശോ ഭക്തിയുടെയും പ്രത്യാശയുടെയും ഇടയിൽനിന്നുമാറി ഒന്നും ചെയ്തിട്ടില്ല.

അതേ എന്നതിന് കാരണം, ഈശോ ഒരു പുതിയ മൗലികമായ കാഴ്ചപ്പാട് വിശ്വാസത്തിന് നല്കി എന്നതാണ്. പിതാവുമായി പുത്രസഹജമായ ആഴ്ന്ന ബന്ധം സ്ഥാപിക്കുവാൻ പുതിയ വിശ്വാസ കാഴ്ചപ്പാടിലൂടെ സാധിച്ചു. ത്രിത്വസഹജമായ സ്നേഹമാതൃകയിൽ

ഈ ലോകത്തിൽ സ്നേഹത്തിന്റെ സംഭാഷണശൈലി യേശു തുട ങ്ങിവച്ചു. ദൈവപുത്രൻ അവന്റെ മക്കൾ സ്ഥാനത്തിലേക്ക് പങ്കു ചേരാൻ നമ്മെ ക്ഷണിക്കുന്നു. ദൈവം പിതാവാകുന്നു. അതു കൊണ്ട് ഈശോ ദൈവത്തെ നമ്മുടെ പിതാവ് എന്നു വിളിക്കു വാൻ നമ്മോട് ആഹ്വാനം ചെയ്യുന്നു.

ദൈവം സ്നേഹമായിരിക്കുന്നതുകൊണ്ട് മനുഷ്യവംശത്തോ ടുള്ള യേശുവിന്റെ സന്ദേശം സ്നേഹമല്ലാതായിരിക്കാൻ സാധി ക്കുകയില്ല. അനന്തമായ കൃപയിലേക്കും സ്വാതന്ത്ര്യത്തിലേക്കുമുള്ള സന്ദേശത്തിലേക്ക് അവൻ ലോകത്തിന്റെ ശ്രദ്ധ തിരിക്കുന്നു. പുതിയ സന്ദേശം അവതരിപ്പിക്കുവാൻ അവൻ പുതിയ ദൈവഭാഷ കണ്ടെ ത്തി, മനുഷ്യാവതാരത്തിന്റെ ഭാഷ. പിതാവിനെ മുഴുവനായും ഉൾക്കൊണ്ടു വിനയപൂർവ്വം അവിടുന്ന് മനുഷ്യനായവതരിച്ചു. പ്രവ ചിക്കാൻ കഴിയാത്ത അവന്റെ സ്നേഹത്തിന്റെ ശക്തികൊണ്ട് ആ ജീവിതം നമുക്കു നല്കി.

ഈ വിശ്വാസമാണ് തന്റെ ദമാസ്കസ് യാത്രയിൽ മിശിഹായെ ക്കണ്ടപ്പോൾ പൗലോസ് ശ്ലീഹായ്ക്കുണ്ടായത്. നാമിത് കൂടുതലായി മനസ്സിലാക്കുന്നത് ഈശോയുടെ കൂടെയുണ്ടായിരുന്ന ശ്ലീഹന്മാ രുടെ വഴിയിലെ തപ്പിത്തടയലുകളിലും സംശയങ്ങളിലും തെറ്റി ദ്ധാരണകളിലും തോൽവികളിലും നിഷേധിക്കപ്പെടലുകളിലും അവ സാനം യോഹന്നാൻ തന്റെ സുവിശേഷത്തിൽ പറയുന്നതുപോ ലെ, “നീ എന്നെ സ്നേഹിക്കുന്നുവോ? ഉവ്വ് കർത്താവേ, നിനക്ക റിയാം ഞാൻ നിന്നെ സ്നേഹിക്കുന്നു വെന്ന്” എന്ന അനുഭവത്തി ലുമാണ്.

പരിഭാഷ: **നൂറ്റിയാനിക്കുന്നേൽ അലക്സ് & വരണാകുഴിയിൽ ജിജിൻ**, ജീവധാര, കോട്ടയം.



# 07

## മറിയത്തിന്റെ വിശ്വാസയാത്ര

**ആമുഖം**

"പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെ ടാത്തവയുണ്ട് എന്ന ബോധ്യവുമാണ് വിശ്വാസം" (ഹെബ്രാ 11:1). ഈ ഉറപ്പിലും ബോധ്യത്തിലും മര ണംവരെ ജീവിച്ചവളാണ് പരിശുദ്ധ കന്യകാമറിയം. അവളുടെ ജീവിതം മുഴുവനും ഒരു വിശ്വാസയാത്ര യായിരുന്നു. 'കർത്താവ് അരുളിച്ചെയ്തത് സംഭവിക്കും. അവിടുന്ന് വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്' ഇതായി രുന്നു ജീവിതയാത്രയിൽ ഉടനീളം അവളുടെ വിശ്വാ സമന്ത്രം. നസ്രത്തിൽനിന്ന് ബത്‌ലേഹമിലേക്കും പിന്നീട് ഈജിപ്തിലേക്കും അവസാനം യൂദയാനാ ട്ടിലേക്കും മറിയം യാത്രചെയ്തപ്പോൾ ദൈവിക അരു ളപ്പാടുകൾ അവൾക്ക് കരുത്തേകി. എട്ടാംദിവസം ശിശുവിന്റെ പരിച്ഛേദനത്തിനണഞ്ഞപ്പോഴും (ലൂക്കാ 2:22) പെസഹാത്തിരുനാളിൽ സംബന്ധിക്കാനായി ആണ്ടുതോറും ജറുസലേംദേവാലയത്തിലേക്ക് യാത്ര പോയപ്പോഴും (ലൂക്കാ 2:41) മോശയുടെ നിയമം അനു സ്യൂതം പാലിക്കുവാൻ മറിയം ശ്രദ്ധിച്ചു. ഇളയമ്മയെ

സഹായിക്കാൻ യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ യാത്രയാകുന്ന മറിയം (ലൂക്കാ 1:39) പ്രവൃത്തിയില്ലാതെയുള്ള വിശ്വാസം നിർജീവമാണെന്ന് വ്യക്തമാക്കി. കാനായിൽവെച്ച് താൻ കാണാതെ വിശ്വസിക്കുന്നവളാണെന്ന് തെളിയിച്ച മറിയം (യോഹ 2:1-11) ശിഷ്യസമൂഹത്തോട് ചേർന്ന് ഒളിഞ്ഞും തെളിഞ്ഞും രക്ഷാകരകർമ്മത്തിൽ സഹകാരിണിയായി. കുരിശിന്റെ ചുവട്ടിലേക്കും സെഹിയോൻ ഊട്ടുശാലയിലേക്കും നീണ്ട അവളുടെ വിശ്വാസയാത്രയിൽ വിശ്വാസികളുടെ അമ്മയായും സഭയുടെ മാതാവായും അവൾ ശിഷ്യഗണത്തിന് കരുത്തേകി. മറിയത്തിന്റെ വിശ്വാസജീവിതത്തിലേക്കുള്ള ഒരന്വേഷണമാണ് ഈ ലേഖനം.

## 1. വിശ്വാസം ഒരു ആത്മസമർപ്പണം

നസ്രത്തിൽവച്ച് ദൈവദൂതൻ മംഗളവാർത്തയുമായി മറിയത്തിന് പ്രത്യക്ഷപ്പെടുന്നതോടെയാണ് അവളുടെ വിശ്വാസയാത്ര ആരംഭിക്കുന്നത്. കന്യകയായിരിക്കെ ദൈവഹിതാനുസരണം ഗർഭം ധരിക്കുവാനുള്ള തന്റെ കഴിവിനെ അവൾ സംശയിക്കുന്നു. എന്നിരുന്നാലും ദൈവത്തിന് എല്ലാം സാധ്യമാണെന്ന് അവൾക്ക് ഉത്തമബോധ്യമുണ്ട്. ദൂതൻ സംശയനിവാരണം നടത്തിയപ്പോൾ തന്റെ വിശ്വാസം മറിയം ഏറ്റുപറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി? നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38). ഇതാണ് ആഴവും അചഞ്ചലവുമായ വിശ്വാസം. പിലെഫോർട്ട് പറയുന്നു: "ഇതു വിശ്വാസത്തിന്റെ മനോഭാവമാണ്. നിന്റെ വചനംപോലെ എന്നിൽ സംഭവിക്കട്ടെ (ലൂക്കാ 1:38). എന്നത് ദൈവത്തിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലായിരുന്നു". വിശ്വാസം ഒരു ദൈവികദാനമാണ്. ദൈവവചനത്തോടുള്ള അനുസരണവും വിധേയത്വവും ദൈവികപദ്ധതിയോടുള്ള വ്യവസ്ഥകൾ ഇല്ലാത്ത സഹകരണവുമാണ് ഈ വിശ്വാസത്തിന്റെ കാതൽ. മറിയത്തിന്റെ വിശ്വാസം വിശുദ്ധവും നിർമ്മലവും ലളിതവുമായിരുന്നു.

മാനവകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വയം വ്യയംചെയ്യുവാൻ തയ്യാറായപ്പോൾ തനിക്കു കൈവരുവാനിരിക്കുന്ന മഹത്വത്തെക്കുറിച്ചല്ല മറിയം ചിന്തിച്ചത്. ഗുരുതരമായ മൂന്ന് പ്രതിസന്ധികളാണ് ഈ അവസരത്തിൽ അവൾ ഏറ്റ് എടുക്കുന്നത്. i).വിവാഹത്തിനു മുമ്പ് ഗർഭം ധരിക്കുക; ii).വിവാഹനിശ്ചയം നടത്തിയ പുരുഷനെ വഞ്ചിക്കുക; iii).വിവാഹശേഷം ഗർഭം ധരിക്കാതിരിക്കുക. വിവാഹത്തിനുമുമ്പ് ഗർഭം ധരിച്ചാൽ യഹൂദനിയമമനുസരിച്ച് മറിയം കല്ലെറിഞ്ഞു കൊല്ലപ്പെടും. വിവാഹസമ്മതം കൊടുത്തിരിക്കുന്ന പുരുഷനെ വഞ്ചിച്ചാൽ അവൾ അഭിശപ്തയായി ചിത്രീകരിക്കപ്പെടും. വിവാഹശേഷം ഗർഭം ധരിക്കാതിരുന്ന അവൾ വന്ധ്യയെന്ന് മുദ്രകുത്തപ്പെടും. പക്ഷേ മറിയം പതറുന്നില്ല. കല്ലെറിഞ്ഞു കൊല്ലുവാനും, അഭിശപ്തയായി ചിത്രീകരിക്കപ്പെടാനും വന്ധ്യയായി മുദ്രകുത്തപ്പെടാനും അവൾ തയ്യാറായി. ഇവിടെയാണ് മറിയത്തിന്റെ വിശ്വാസത്തിന്റെ ആഴം നാം കാണുക. ദൃഢമായ വിശ്വാസം മലകളെ മാറ്റിമറിക്കുന്നതും ദേവദാരുകളെ കടപുഴകി വീഴ്ത്തുന്നതുമാണ്.

രക്ഷാകരചരിത്രത്തിൽ സമന്വതവും അനന്യവുമായ പങ്കുവഹിക്കാനായി ദൈവം തെരഞ്ഞെടുത്തു വിളിച്ചവളാണ് മറിയം. ശാരീരികമായി യേശുവിന്റെ മാതാവായി തീർന്നു എന്ന വസ്തുതയെ ആശ്രയിച്ചല്ല രക്ഷാകരചരിത്രത്തിലെ അവളുടെ പങ്ക് പ്രധാനമായി നിർണ്ണയിക്കപ്പെടുക. പ്രത്യുത ആ മാതൃത്വത്തെ സുസാദ്ധ്യമാക്കിത്തീർത്ത അവളുടെ വിശ്വാസോന്നതിയെ അടിസ്ഥാനമാക്കിയാണ്. ശാരീരികമായി അമ്മയായി തീരുന്നതിനുമുമ്പ് അവൾ ആത്മാവിൽ അമ്മയായിത്തീർന്നിരുന്നു എന്നാണ് വി. അഗസ്ററിൻ ഇതേക്കുറിച്ച് പറയുന്നത്. ദൈവകൃപ ലഭിച്ചവളും കർത്താവു കൂടെയുള്ളവളുമായ മറിയം മനുഷ്യാവതാരം ചെയ്ത മിശിഹായിൽ വിശ്വസിച്ച ആദ്യത്തെ വിശ്വാസിയാണ്. പുതിയനിയമത്തിലെ വിശ്വാസചരിത്രം ആരംഭിക്കുന്നത് മറിയത്തോടുകൂടിയാണ്. ശാരീരികമായി അവൾ മിശിഹായുടെ മാതാവും ആത്മീയമായി വിശ്വാസികളുടെ അമ്മയുമാണ്. അവളുടെ ദ്വിവിധമാതൃത്വത്തിന്റെ അടിസ്ഥാനമാകട്ടെ ആഴമുള്ളതും അചഞ്ചലവുമായ വിശ്വാസവും.

## 2. വിശ്വാസജീവിതം ശുശ്രൂഷയിൽ

ദൈവാരാധനയും പരസേവനവുമാണ് മറിയത്തിന്റെ വിശ്വാസജീവിതത്തിന്റെ ദ്വിവിധമാനങ്ങൾ. ആണ്ടുതോറും പെസഹാതിരുനാളിന് ജറുസലേം ദൈവാലയത്തിലെത്തുന്ന മറിയം ദൈവാരാധനയിൽ വ്യാപൃതയാകുന്ന വ്യക്തിയാണെങ്കിൽ തന്റെ ഇളയമ്മയെ സഹായിക്കാനായി യൂദയായിലെ മലമ്പ്രദേശത്തുള്ള പട്ടണത്തിലേക്കു തിടുക്കത്തിൽ യാത്ര പുറപ്പെടുന്ന മറിയം (ലൂക്കാ 1:39) മനുഷ്യശുശ്രൂഷയുടെ പര്യായമാണ്. വാർദ്ധക്യത്തിലെത്തിയിരിക്കുന്ന ഗർഭിണിയായ തന്റെ ഇളയമ്മയെ സന്ദർശിക്കുകയും മൂന്നു മാസം അവരോടൊപ്പം ചെലവിടുകയും ചെയ്യുകവഴി ശുശ്രൂഷയുടെ മാതൃകയാണ് അവൾ അനുസ്മരിപ്പിക്കുന്നത്. "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1:45) എന്ന പ്രസ്താവനയോടെയാണ് വി. ലൂക്കാ സുവിശേഷകൻ എലിസബത്തിന്റെ സ്തുതിഗീതം അവസാനിപ്പിക്കുന്ന

ത്. ദൈവത്തിന് ഒന്നും അസാധ്യമല്ല എന്ന് മറിയത്തിന് ഉത്തമ ബോദ്ധ്യമുണ്ടായിരുന്നു. കന്യകയായ താൻ ഒരു അമ്മയാകുമെന്നും വന്ധ്യയായ തന്റെ ഇളയമ്മയ്ക്കും വൃദ്ധനായ സഖറിയായ്ക്കു വാർദ്ധക്യത്തിൽ ഒരു ശിശുവിനെ നല്കാൻ ദൈവത്തിനു സാധിക്കുമെന്നും അവൾ വിശ്വസിച്ചു. അങ്ങനെ ദൈവത്തിലും ദൈവം വെളിപ്പെടുത്തുന്ന അഭൗമികസത്യങ്ങളിലും ആഴമായ ബോധ്യത്തോടെ ജീവിച്ച വ്യക്തിയാണ് മറിയം.

സഖറിയായുടെ അവിശ്വാസവും മറിയത്തിന്റെ വിശ്വാസവും പരസ്പരം തട്ടിച്ചുനോക്കി മനസ്സിലാക്കുമ്പോഴാണ് മറിയത്തിന്റെ വിശ്വാസത്തിന്റെ ആഴം മനസ്സിലാക്കുക. ദൈവികദർശനവും, മാലാഖയുടെ അരുളപ്പാടുകളും സിദ്ധിച്ചിട്ടും സഖറിയായ്ക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. നാം ദൈവികപദ്ധതിയോട് സഹകരിച്ചുകൊണ്ടും ദൈവഹിതത്തിൽ ജീവിതം സമർപ്പിച്ചുകൊണ്ടും മറിയം തന്റെ വിശ്വാസം ഏറ്റുപറയുന്നു. അങ്ങനെ പുതിയ ഉടമ്പടിയിലെ പ്രഥമ വിശ്വാസിയായി മറിയം മാറുന്നു. സഖറിയാ സംശയിച്ചപ്പോൾ മറിയം വിശ്വസിച്ചു. മറിയത്തിന്റെ വിശ്വാസം അബ്രാഹത്തിന്റെ വിശ്വാസത്തിലേക്ക് വിരൽചൂണ്ടുന്നതാണ്. അബ്രാഹം പഴയ ഉടമ്പടിയുടെ ആരംഭത്തിലാണ് രംഗപ്രവേശം ചെയ്തതെങ്കിൽ പുതിയ ഉടമ്പടിയുടെ ആരംഭത്തിലാണ് മറിയം ഉപവിഷ്ഠയായിരിക്കുന്നത്. അബ്രാഹം വിശ്വാസികളുടെ പിതാവാണെങ്കിൽ വിശ്വാസികളുടെ മാതാവാണ് മറിയം. 'വിശ്വസിച്ചവൾ ' എന്ന എലിസബത്തിന്റെ ആശംസാവചനം മംഗളവാർത്തയിലെ മറിയത്തിന്റെ സമർപ്പണ വാക്യത്തിലേക്കും (ലൂക്ക 1:38) ചൂഴ്ന്നു നിൽക്കുന്നു. രക്ഷകന്റെ മനുഷ്യാവതാരത്തിൽ വിശ്വസിച്ചുകൊണ്ട് എല്ലാ ക്രിസ്ത്യാനികളും എങ്ങനെ വിശ്വാസം ഏറ്റുപറയണമെന്നും ജീവിക്കണമെന്നും മറിയം കാണിച്ചുതരുന്നു.

**3. വിശ്വാസജീവിതവും അനുസരണവും**

തിരുക്കുമാരന്റെ അമ്മയാകുവാൻ സമ്മതം മൂളി അധികനാൾ കഴിയുന്നതിനുമുമ്പ് ക്ലേശകരമായ രണ്ട് യാത്രകൾ ഏറ്റെടുക്കുവാൻ മറിയം നിർബന്ധിതയായി. ഒന്ന്, ഭൗതികഭരണാധികാരിയെ അനുസരിക്കുവാനായി നസ്രത്തിൽനിന്ന് ബത്ലേഹമിലേക്കുള്ള യാത്ര. രണ്ട് ദൈവകല്പന ശിരസാവഹിച്ചുകൊണ്ട് ബത്ലഹേമിൽനിന്ന് ഈജിപ്തിലേക്കുള്ള പലായനം. ആദ്യത്തേത് പൂർണ്ണഗർഭിണിയായിരുന്ന അവസരത്തിലാണെങ്കിൽ, രണ്ടാമത്തേത് പ്രസവിച്ച് അധികനാൾ കഴിയുന്നതിനുമുമ്പ്. ആദ്യത്തേത് ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കണമെന്ന റോമൻ ഭരണാധികാരി അഗസ്റ്റസ് സീസറിന്റെ കല്പനയെ മാനിക്കുന്നതിനുവേണ്ടിയാണെങ്കിൽ രണ്ടാമത്തേത് യൂദയാ ഭരണാധികാരിയായിരുന്ന ഹേറോദേസ് രാജാവിന്റെ വധഭീഷണിയെ ഭയപ്പെട്ടുകൊണ്ടാണ്. ഇവിടെയെല്ലാം എതിർപ്പോ നീരസമോ പ്രകടിപ്പിക്കാതെ യൗസേപ്പിനോടൊപ്പം മറിയം യാത്രയാകുന്നു.





**4. ദൈവാരാധന വിശ്വാസജീവിതത്തിൽ**

എല്ലാ യഹൂദമാതാപിതാക്കളെയുംപോലെ ജോസഫും മറിയവും തങ്ങളുടെ നവജാതശിശുവിനെ ജറുസലേം ദേവാലയത്തിൽ കൊണ്ടുപോയി പിതാവായ ദൈവത്തിനു സമർപ്പിക്കുന്നു. തദവസരത്തിൽ ദീർഘദർശിയായ ശിമയോന്റെ പ്രവചനം മറിയത്തിന്റെ വിശ്വാസത്തെ പരീക്ഷിക്കുന്നതായിരുന്നു. ശിമയോൻ ശിശുവിനെ കരങ്ങളിലെടുത്തുകൊണ്ട് അമ്മയായ മറിയത്തോടു പറഞ്ഞു: ഇവൻ ഇസ്രായേലിൽ പലരുടേയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും....നിന്റെ ഹൃദയത്തിലൂടെ ഒരുവാൾ തുളച്ചുകയറുകയും ചെയ്യും (ലൂക്കാ 2:34-35). ആഴമായ വിശ്വാസത്തിനുടമയായ ഒരു മാതൃഹൃദയത്തിനുമാത്രമേ ഹൃദയം തുളക്കുന്ന ഈ വാക്കുകൾ സമാധാനപൂർവ്വം ശ്രവിക്കാനാവൂ.

ആണ്ടുതോറും പെസഹാതിരുനാളിന് ജറുസലേമിൽ പോയിരുന്നവരായിരുന്നു യേശുവിന്റെ മാതാപിതാക്കൾ (ലൂക്കാ 2:41). അങ്ങനെയുള്ള ഒരവസരത്തിലാണ് 12-ാം വയസ്സിൽ തിരുക്കുമാരനെ കാണാതാകുന്നത്. ഇതു മറിയത്തിനും യൗസേപ്പിനും വളരെയധികം മന:ക്ലേശത്തിനും ഹൃദയവ്യഥയ്ക്കും കാരണമായി. മൂന്നു ദിവസമായി മകനെ അന്വേഷിച്ചുള്ള യാത്ര ചെന്നെത്തുന്നത് ജറുസലേം ദേവാലയത്തിലാണ്. അവിടെ ഉപാധ്യായന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും, ചെയ്യുന്ന യേശുവിനെ കണ്ടപ്പോൾ മറിയം ചോദിക്കുന്നു: മകനേ നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? യേശു പറയുന്ന മറുപടി ചിന്തനീയമാണ്: ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ? (ലൂക്കാ 2:49). സുവിശേഷകൻ പറയുന്നു: "അവൻ തങ്ങളോട് പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല"(ലൂക്കാ 2:50). യേശുവിന്റെ പ്ലാനുകളും പദ്ധതികളും മനസ്സിലാക്കാത്ത അവസരത്തിലും ദൃഢമായ വിശ്വാസത്തിനുടമയാകാനാണ് അമ്മയോട് യേശു ആവശ്യപ്പെടുന്നത്. വിശ്വാസിയുടെ പിതാവായ അബ്രാഹത്തിന് ഇന്നും ദൈവമാവശ്യപ്പെട്ടതരം ആഴമായ വിശ്വാസമാണ് വിശ്വാസികളുടെ മാതാവായ മറിയത്തിൽനിന്നും ആവശ്യപ്പെടുന്നത്.

## 5. കാണാതെ വിശ്വസിച്ചജീവിതം

കാനായിലെ അത്ഭുതത്തിന്റെ സാഹചര്യത്തിൽ അഗാധമായ വിശ്വാസത്തോടെ യേശുവിനെ സമീപിക്കുന്ന വ്യക്തിയായിട്ടാണ് മറിയത്തെ വി. യോഹന്നാൻ അവതരിപ്പിക്കുന്നത്. വിവാഹവിരുന്നിൽവെച്ച് വീഞ്ഞ് തീർന്നുപോയപ്പോൾ ഉണ്ടായ മറിയത്തിന്റെ ഇടപെടൽ അവളുടെ വിശ്വാസജീവിതത്തിലേക്ക് വെളിച്ചം വീശുന്നതാണ്. മറിയം പറഞ്ഞു: "അവൻ പറയുന്നതുപോലെ ചെയ്യുക" (യോഹ 2:5) യേശുവിലുള്ള അചഞ്ചലവും അടിയുറച്ചതുമായ വിശ്വാസമാണ് മറിയത്തെക്കൊണ്ട് ഇത് പറയിക്കുന്നത്. യേശുവിന് എല്ലാം സാധ്യമാണ് എന്ന് അവൾ വിശ്വസിച്ചു. മറിയത്തിന്റെ പ്രസ്താവന ഈ കാര്യത്തെപ്പറ്റി ചിന്തിക്കാനും വേണ്ടതുചെയ്യാനുമുള്ള അഭ്യർത്ഥന ഉൾകൊള്ളുന്നതാണ്. ജെ. അൽഫ്രാവോ പറയുന്നു: "യോഹന്നാനെ സംബന്ധിച്ചിടത്തോളം യേശുവിനോട് വിശ്വാസപൂർവ്വം ചോദിക്കുകയും ഭാവാത്മകമായ ഉത്തരം സ്വീകരിക്കുകയും ചെയ്യുന്നവരുടെ മാതൃകയാണ് മറിയം. മറിയത്തിന്റെ വിശ്വാസജീവിതത്തിന്റെ ഏറ്റവും വലിയ സവിശേഷതകളിലൊന്ന് കാണാതിരുന്നിട്ടും അവൾ വിശ്വസിച്ചു എന്നതാണ്. യോഹന്നാന്റെ സുവിശേഷത്തിൽ കാണാതെ വിശ്വസിക്കുന്നവരുടെ വിശ്വാസത്തെയാണ് ശ്രേഷ്ഠതരമായി പരിഗണിക്കുന്നത്. മറിയം കാനായിൽവെച്ച് പ്രകടിപ്പിച്ച വിശ്വാസം ഇത്തരത്തിലുള്ളതാണ്. ഇത് യേശുവിന്റെ പരസ്യജീവിതകാലത്തെ ആദ്യത്തെ അത്ഭുതമാണ്. മറിയം ഒരിക്കലും മകന്റെ അത്ഭുതം കണ്ടിട്ടില്ല എന്നിട്ടും യേശുവിന് ഇത് സാധിക്കുമെന്ന് അവൾ വിശ്വസിക്കുന്നു. മറിയത്തിന്റെ വിശ്വാസത്തിന്റെ മഹനീയതയാണ് നാമിവിടെ ദർശിക്കുന്നത്. കാനായിൽവെച്ച് വെള്ളം വീഞ്ഞാക്കി മാറ്റിയത് യേശു പ്രവർത്തിച്ച അടയാളങ്ങളിൽ ആദ്യത്തേതാണെന്ന് സുവിശേഷകൻ ഊന്നിപ്പറയുന്നുമുണ്ട് (യോഹ 2:11).

അടയാളങ്ങളും അത്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ വിശ്വസിക്കുകയില്ല (യോഹ 4:48) എന്ന യേശുവിന്റെ വാക്കുകൾ ഈ അവസരത്തിൽ സ്മർത്തവ്യമാണ്. അതുപോലെ മറ്റൊരിടത്ത് നാം വായിക്കുന്നു: അവൻ വളരെ അടയാളങ്ങൾ അവരുടെ മുമ്പാകെ പ്രവർത്തിച്ചെങ്കിലും അവർ അവനിൽ വിശ്വസിച്ചില്ല (യോഹ 12:37). പക്ഷേ അടയാളങ്ങളൊന്നും ഇല്ലാതെ വിശ്വസിച്ചയാളാണ് മറിയം. കാനായിലെ അത്ഭുതം നടന്നത് മറിയത്തിന്റെ വിശ്വാസത്തിന്റെയും ധാരണയുടെയും അടിസ്ഥാനത്തിൽ മാത്രമാണ്. ഈശോ ദൈവപുത്രനാണെന്നും ലോകത്തെ രക്ഷിക്കുവാൻ





വന്ന മിശിഹായാണെന്നും അവൾ മനസ്സിലാക്കി. യേശുവിന്റെ ദൈവികത്വത്തിലുള്ള ഈ വിശ്വാസമാണ് അത്ഭുതം നടത്തണമെന്ന തന്റെ ആഗ്രഹം ഉന്നയിക്കാൻ അവളെ പ്രേരിപ്പിച്ചത്. അങ്ങനെ നോക്കുമ്പോൾ തന്റെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാൻ അത്ഭുതം ആവശ്യമില്ലാതിരുന്ന വ്യക്തിയാണ് മറിയം എന്നുകാണാം. ഇതാണ് മറിയത്തിന്റെ വിശ്വാസത്തിന്റെ സവിശേഷതയും.

മറിയം ഒരു വിശ്വാസി മാത്രമായിരുന്നില്ല. മറ്റുള്ളവരെ വിശ്വസിക്കുവാനും അനുസരിക്കുവാനും പ്രചോദിപ്പിക്കുന്നവൾ കൂടിയായിരുന്നു. മറിയത്തിന്റെ വിശ്വാസം യേശുവിനെ അത്ഭുതം പ്രവർത്തിപ്പിക്കുകയും അതുകണ്ട ശിഷ്യർ അവനിൽ വിശ്വസിക്കുകയും ചെയ്തു. അവരുടെ വിശ്വാസത്തിന് കാരണക്കാരി മറിയമാണ്. മറ്റുള്ളവരെ വിശ്വാസത്തിലേക്ക് നയിക്കുന്നവരാണ് യഥാർത്ഥ ക്രിസ്തുശിഷ്യർ എന്ന് നാമിവിടെ മനസ്സിലാക്കുന്നു. പരി.പിതാവ് ജോൺപോൾ രണ്ടാമൻ പറയുന്നു: "കാനായിൽവെച്ച് മറിയം യേശുവിൽ വിശ്വസിക്കുന്നവളായി കാണപ്പെടുന്നു. അവളുടെ വിശ്വാസം ആദ്യത്തേ അത്ഭുതം പ്രവർത്തിക്കാൻ യേശുവിനെ പ്രേരിപ്പിച്ചു. ശിഷ്യന്മാരിൽ വിശ്വാസം ഉജ്ജ്വലിക്കുന്നതിന് സഹായിക്കുകയും ചെയ്തു."

## 6. വിശ്വാസജീവിതവും വചനപ്രതിബദ്ധതയും

യേശുവിന്റെ പരസ്യജീവിതകാലത്ത് മറിയം പ്രത്യക്ഷപ്പെടുന്ന അവസരങ്ങളിൽ ദൈവവചനംകേട്ട് അനുസരിക്കുന്ന ഒരു വ്യക്തിയായിട്ടാണ് അവൾ ചിത്രീകരിക്കപ്പെടുന്നത്. അവൾ ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ വാക്കുകൾ ശ്രവിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നതായി വി. ലൂക്കാ സുവിശേഷകൻ സാക്ഷിക്കുന്നു (11:27; 2:18; 2:57). യേശു ജനങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അമ്മയും സഹോദരരും അവിടുത്തെ കാണാനെത്തുന്ന സംഭവം സുവിശേഷകന്മാർ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 3:31-35, ലൂക്കാ 8:19-21) ജനങ്ങൾ യേശുവിനോട് പറഞ്ഞു, "നിന്റെ അമ്മയും സഹോദരരും നിന്നെ കാണാൻ ആഗ്രഹിച്ച് പുറത്തു നിൽക്കുന്നു". യേശു പറഞ്ഞു: "ദൈവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8:20-21). ദൈവവചനം കേട്ട് അനുസരിക്കുന്നവരുടെയെല്ലാം അമ്മയാണ് മറിയം. അവൾ ദൈവസ്വരം കേൾക്കുകയും വിശ്വസിക്കുകയും പാലിക്കുകയും ചെയ്തവളാണ്. ദൈവരാജ്യത്തിലെ അംഗങ്ങളാകുവാൻ മാംസരക്തബന്ധങ്ങളേക്കാൾ വിശ്വാസത്തിലധിഷ്ഠിതമായ ആത്മീയബ

സ്ഥമാണ് ആവശ്യമായിട്ടുള്ളതെന്ന് യേശു ഓർമ്മിപ്പിക്കുന്നു. മറ്റൊരവസരത്തിൽ ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ വിളിച്ച് പറഞ്ഞു: "നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ." യേശു പറഞ്ഞു: "ദൈവവചനം കേട്ട് അതുപാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ" (ലൂക്കാ 11:27-28) ഈ വാക്കുകൾക്ക് എലിസബത്തിന്റെ സ്തുതിവാചകത്തോടും (ലൂക്കാ 1:45) മറിയത്തിന്റെ സ്ത്രോതഗീതത്തോടും (ലൂക്കാ 1:48) സാമ്യമുണ്ട്. യേശുവിന്റെ മറുപടി വളരെ വ്യക്തമാണ്. ദൈവരാജ്യത്തിലെ അംഗങ്ങളാകുവാനുള്ള മാനദണ്ഡം രക്തബന്ധങ്ങളോ മാനുഷികപരിഗണനകളോ അല്ല വചനാധിഷ്ഠിതമായ ജീവിതമാണ്. വിശ്വസിച്ചുകൊണ്ടും ദൈവഹിതം അനുവർത്തിച്ചുകൊണ്ടുമാണ് ഒരുവൻ ഭാഗ്യവാന്മാരാകുന്നത്.

### 7. വിശ്വാസജീവിതം സഹനവീഥികളിൽ

യേശു അരുളിച്ചെയ്യുന്നു: "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും. ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും" (മർക്കോ 8:34-35). മറിയം തന്നെത്തന്നെ പരിത്യജിച്ച് തന്റെ ജീവനെ തൃണവൽഗണിച്ച് കാൽവരിവരെ യേശുവിനെ അനുഗമിച്ചവളാണ്. അവളുടെ വിശ്വാസജീവിതം സഹനത്തിന്റെ പാനപാത്രം ആവോളം പാനം ചെയ്തുള്ള ഒരു യാത്രയായിരുന്നു.

കുരിശിൻ ചുവട്ടിൽ വച്ച് യേശു മറിയത്തെ യോഹന്നാനും യോഹന്നാനെ മറിയത്തിനും ഭരമേല്പിക്കുന്നു. അങ്ങനെ മറിയം വിശ്വാസികളുടെ അമ്മയും സഭയുടെ മാതാവുമായി. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെയെല്ലാം വഴികാട്ടിയും മാർഗ്ഗദർശിയുമാണ് മറിയം. ക്രിസ്തുശിഷ്യരെയെല്ലാം ഒരുമയിലും ഐക്യത്തിലും കാത്തുസൂക്ഷിക്കുകയാണ് മറിയത്തിന്റെ ദൗത്യം. യേശുവിൽ വിശ്വസിച്ച രണ്ടുവ്യക്തികളുടെ സംഗമമാണ് കുരിശിൻ ചുവട്ടിൽ നാം കാണുന്നത്. കാണാതെ വിശ്വസിച്ച മറിയവും ശൂന്യമായ കല്ലറകണ്ട് വിശ്വസിച്ച യോഹന്നാനും. "അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു" (യോഹ 20:8) എന്ന് സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. കുരിശിൻ ചുവട്ടിലെ യോഹന്നാൻ യഥാർത്ഥ ക്രിസ്തുശിഷ്യനും വിശ്വാസിയുമാണ്. അയാൾ ഒരു ചരിത്രപുരുഷനും അതേസമയം





യഥാർത്ഥ വിശ്വാസികളുടെ പ്രതീകവുമാണ്. പക്ഷേ കുരിശിൻ ചുവട്ടിൽവച്ച് യേശു യോഹന്നാനല്ല മറിയത്തിനാണ് പ്രാധാന്യം കൊടുക്കുന്നത്. മറിയത്തെയാണ് "സ്ത്രീയേ ഇതാ നിന്റെ മകൻ" എന്നു പറഞ്ഞ് ആദ്യം അഭിസംബോധനചെയ്യുന്നത് (യോഹ 19:26). രക്ഷാകർമ്മത്തിൽ മറിയം തുടർന്നും നിർവ്വഹിക്കാനിരിക്കുന്ന ദൗത്യത്തേയാണ് ഇതു വ്യക്തമാക്കുന്നത്.

### 8. ആദിമ സഭയിലെ മറിയത്തിന്റെ സാന്നിധ്യം

മറിയത്തിന്റെ വിശ്വാസയാത്രയുടെ പരമകാഷ്ഠ സെഹിയോൻ ഊട്ടുശാലയിൽ കൂടിയിരുന്ന ആദിമസഭാസമൂഹത്തിലാണ് നാം കാണുക. യേശുവിന്റെ സ്വർഗ്ഗാരോഹണശേഷം ഊട്ടുശാലയിൽ ഒരുമിച്ചുകൂടിയ ക്രൈസ്തവസമൂഹത്തിലെ മറിയത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് വി.ലൂക്കാ അപ്പസ്തോലപ്രവർത്തനങ്ങളിൽ വിശദമാക്കുന്നുണ്ട് (അപ്പ 1:14). അവിടെവച്ച് പരി. ആത്മാവിനെ സ്വീകരിക്കാനായി മറിയവും അപ്പസ്തോലന്മാരും മറ്റു സ്ത്രീകളും അവിടുത്തെ സഹോദരന്മാരും പ്രാർത്ഥനയിൽ മുഴുകി കാത്തിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിൽ വിശ്വസിക്കുകയും അവിടുത്തെ നാമത്തിൽ സമ്മേളിക്കുകയും ചെയ്ത ഈ സമൂഹത്തിൽ മറിയവും ഭാഗഭാക്കാകുന്നു.

ഈ സന്ദർഭത്തിൽ യേശുവിന്റെ അമ്മയെ മറ്റു സ്ത്രീകളോടൊപ്പം ലൂക്കാ ഉൾപ്പെടുത്തുന്നില്ല എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. ഈ സമൂഹത്തിൽ മറിയത്തിനുള്ള പ്രത്യേക സ്ഥാനമാണ് ലൂക്കാ വിവക്ഷിക്കുന്നത്. യേശുവിന്റെ ജനനം മുതൽ മരണം വരെയുള്ള പ്രധാന സംഭവങ്ങളിലെല്ലാം സാക്ഷ്യം വഹിച്ചിട്ടുള്ള ഏക വ്യക്തിയാണ് മറിയം. ആ നിലയ്ക്ക് അവൾ ആദിമ സഭാസമൂഹത്തിലെ സുപ്രധാന അംഗമാകുകയും, അതിൽ ആദരിക്കപ്പെടുകയും അരൂപിയിൽ നിറഞ്ഞ് തന്റെ ദൗത്യം പൂർത്തീകരിക്കുകയും ചെയ്യുക ആവശ്യമായിരുന്നു. കാരണം സ്ഥിരമായ വിശ്വാസത്തോടും ശരണത്തോടുംകൂടി മംഗളവാർത്തമുതൽ സഭാതരുവിന്റെ സംസ്ഥാപനംവരെ പിതാവിന്റെ തിരുഹിതം നിറവേറ്റി യാത്ര ചെയ്ത പ്രിയശിഷ്യയാണ് മറിയം. ശിഷ്യന്മാർ വിശ്വസിച്ചതിലും മുൻപുതന്നെ ദൈവപുത്രനിൽ വിശ്വസിച്ചവളാണവൾ. ദൈവരാജ്യത്തിലെ പ്രഥമ വിശ്വാസിനിയും വിശ്വാസികളുടെ സമൂഹത്തിനും സഭയ്ക്കും വിശ്വാസത്തിനുള്ള മാതൃകയും പ്രചോദനവുമാണവൾ. ആ അർത്ഥത്തിൽ സഭാസമൂഹത്തിലെ അവിഭാജ്യഘടകമാണ് മറിയം. സഭയിൽ ആയിരിക്കുകയും, സഭയോടൊത്തു പ്രാർത്ഥിക്കുകയും, സഭയുടെ അനുശാസനങ്ങളെ അനുവർത്തിക്കുകയും, പരി. ആത്മാവിന്റെ നിറവി

നുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്ന മറിയം യഥാർത്ഥ വിശ്വാസജീവിതം സഭയിലും സഭയിലൂടേയുമാണ് നയിക്കേണ്ടതെന്ന് കാണിച്ചുതരുന്നു.

**ഉപസംഹാരം**

യേശു ദൈവമാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അതുകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നവർ രക്ഷപ്രാപിക്കുന്നു. ദൈവവചനം ഹൃദയത്തിൽ സൂക്ഷിക്കുകയും വചനംതന്നെയായ ദൈവത്തെ ഹൃദയത്തിൽ വഹിക്കുകയും ചെയ്യുകവഴി രക്ഷപ്രാപിക്കുകയും രക്ഷാകർമ്മത്തിൽ സഹകാരിണിയാവുകയും ചെയ്തവളാണ് പരി.മറിയം. ദൈവവാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്ന് വിശ്വസിക്കുകയും, അവിടുത്തെ വാക്കുകൾ ശ്രവിക്കുകയും ഹിതം അനുവർത്തിക്കുകയും ചെയ്തതുംവഴിയാണ് അവൾ സ്ത്രീകളിൽ അനുഗ്രഹീതയായത്. അവൾ വിശ്വാസത്തിന്റെ അതുല്യമാതൃകയും അവളുടെ ജീവിതം ഒരു വിശ്വാസയാത്രയുമായിരുന്നു. നസ്രത്തിലെ കൊച്ചുഗ്രാമത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല അവളുടെ വിശ്വാസജീവിതം. രാജകല്പനയെ മാനിക്കുവാൻ ബേത്‌ലഹേമിലേക്കും ദൈവകല്പനയെ ശിരസാവഹിച്ചുകൊണ്ട് ഈജിപ്തിലേക്കും അവൾ വിശ്വാസയാത്ര നടത്തി. ശിശുവിന്റെ പരിച്ഛേദനത്തിനും പെസഹാതിരുനാളിൽ സംബന്ധിക്കുന്നതിനും ജറുസലേം ദേവാലയത്തിലേക്ക് യാത്രയായ അവൾ വിശ്വാസദീപം കൈകളിൽ വഹിച്ചു. കാനായിലും കാൽവരിയിലും വിശ്വാസികൾക്കു മാതൃകയായി അവൾ നിലകൊണ്ടു. ഇളയമ്മയുടെ ഭവനത്തിൽവെച്ച് എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടിയപ്പോഴും സെഹിയോൻ ശാലയിൽവെച്ച് ശിഷ്യന്മാർ പരി. ആത്മാവിൽ നിറഞ്ഞപ്പോഴും അവൾ സഹജർക്ക് ശക്തിപകർന്നു. അമ്മയായും കന്യകയായും വിശ്വാസിനിയായും ക്രിസ്തുശിഷ്യയായും രക്ഷകന്റെ പാലകയായും സഭയുടെ മാതാവായും വിവിധ നിലകളിൽ വിളങ്ങിയ ദിവ്യജനിക്ക് കീർത്തനമോതാം. വിശ്വാസജീവിതത്തിന് ഉത്തമയും ഉദാത്തവുമായ മാതൃക നല്കിയ പരി.മറിയത്തിന് ഇപ്രകാരം സ്തുതികളുയർത്താം: "കർത്താവ് അരുളിച്ചെയ്തത് സംഭവിക്കുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി."

**സെബാസ്റ്റ്യൻ മുല്ലൂപ്പറമ്പിൽ,**
*ജീവധാര*, ഏപ്രിൽ, 2013.



# 08

# വിശ്വാസം: അസ്തിത്വദർശനത്തിൽ

മനുഷ്യചരിത്രത്തോളംതന്നെ പൗരാണികത്വം അവകാശപ്പെടുവാൻ കഴിയുന്ന യാഥാർത്ഥ്യങ്ങളാണ് മതവും തത്ത്വശാസ്ത്രവും. ഇവ രണ്ടും പൊതുവായി അവകാശപ്പെടുന്ന കാര്യമാണ് ഭൗതികപ്രപഞ്ചത്തിനുപരിയായി ഒരു യാഥാർത്ഥ്യമുണ്ട് എന്ന വിശ്വാസം. ഈ സത്യത്തെ അനുഭവിച്ചറിയുകയും അതിനെ യുക്തിപരമായി അവതരിപ്പിക്കുകയും ചെയ്യുന്നതാണ് തത്ത്വശാസ്ത്രം. എന്നാൽ ആ പരമസത്യത്തെ അനുഭവിച്ചറിയുന്നതിൽ ഊന്നൽ കൊടുക്കുകയാണ് മതം ചെയ്യുന്നത്. മതത്തിന്റെ നിലനിൽപ്പുതന്നെ പരമമായ സത്യത്തിൽ അഥവാ ഈശ്വരനിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. അസ്തിത്വചിന്തയുടെ പശ്ചാത്തലത്തിലാണ് വിശ്വാസത്തെ മതത്തിന്റെയും തത്ത്വചിന്തയുടെയും സംഗമവേദിയായി കണ്ടെത്തുവാൻ ശ്രമിക്കുന്നത്.

**അസ്തിത്വവാദം**

മുൻകാല തത്ത്വദർശനങ്ങൾക്കെതിരേ പ്രതിഷേധത്തിന്റെ സ്വരം ഉയർത്തി രംഗപ്രവേശനം നടത്തിയ ചിന്താതരംഗമാണ് അസ്തിത്വദർശനം. സോറൻ

കീർക്കഗാഡ് എന്ന ഡാനീഷ് ചിന്തകനിലാണ് ഇതിന്റെ പിതൃത്വം. മാർട്ടിൻ ഹൈഡഗർ, ജീൻ പോൾ സാത്ര്, ഗബ്രിയേൽ മാർസൽ, കാൾ ജാസ്പേഴ്സ്, മാർട്ടിൻ ബൂബർ തുടങ്ങി പലരും ഇതിന്റെ രൂപീകരണത്തിനും വളർച്ചയ്ക്കും സഹായിച്ചിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് പ്രചാരത്തിലിരുന്ന ഹെഗേലിയൻ ആദർശവാദത്തിനും കമ്മ്യൂണിസ്റ്റ് ഭൗതികവാദത്തിനും എതിരായിട്ടായിരുന്നു പ്രധാനമായും മുകളിൽ സൂചിപ്പിച്ച പ്രതിഷേധം. മനുഷ്യൻ എന്നത് ആദർശവാദത്തെ സംബന്ധിച്ചിടത്തോളം ഒരു സാമാന്യ സങ്കൽപ്പം മാത്രമാണ്. ഇതിനെതിരായി മാക്സിയൻ (കമ്മ്യൂണിസ്ററ്) ഭൗതികവാദം ലക്ഷ്യം വച്ചത് പ്രത്യേക മനുഷ്യ വ്യക്തിക്കു പ്രാമുഖ്യം നൽകുകയായിരുന്നു. എന്നാൽ ഈ മനുഷ്യവ്യക്തി സമൂഹമെന്ന പൊതുസങ്കൽപ്പത്തിനടിമപ്പെട്ടു പോയി. "മനുഷ്യൻ" എന്ന വ്യക്തിയെ വീണ്ടെടുക്കുകയായിരുന്നു അസ്തിത്വവാദത്തിന്റെ മുഖ്യലക്ഷ്യം. മനുഷ്യന്റെ ആത്മസത്തയിലേക്കും വ്യക്തിത്വത്തിലേക്കും ചൂഴ്ന്നിറങ്ങി യഥാർത്ഥ മനുഷ്യസത്ത കണ്ടെത്തുവാനാണ് അസ്തിത്വചിന്തകൾ താത്പര്യമെടുക്കുന്നത്.

രക്തവും മജ്ജയും മാംസവുമുള്ള മനുഷ്യന് മാത്രമാണ് അസ്തിത്വമുള്ളത്. തീരുമാനം എടുക്കുന്നതും, അപരനുമായി ഇടപഴകുന്നതും ബോധപൂർവ്വം പ്രവർത്തിക്കുന്നതും ഈ മനുഷ്യൻ മാത്രമാകുന്നു. ഈ മനുഷ്യൻ മാത്രമാണ് അസ്തിത്വദു:സ്ഥിതിയെ അഭിമുഖീകരിക്കുന്നത്. തൽഫലമായി മനുഷ്യന്റെ ഉൽകണ്ഠകൾ, ഭീതികൾ, വികാരങ്ങൾ, ശരീരം, ജനനം, മരണം, സ്ഥലകാലങ്ങളുമായി അവനുള്ള ബന്ധങ്ങൾ, അവന്റെ സ്വാതന്ത്ര്യം, പരിസ്ഥിതികൾ തുടങ്ങിയ സ്ഥൂലങ്ങളായ വസ്തുതകളേയും അനുഭൂതികളേയും പറ്റിയാണ് അസ്തിത്വചിന്തകൾ അന്വേഷണം നടത്തുന്നത്. ഈ യാഥാർത്ഥ്യങ്ങളെല്ലാംകൂടി ഒരു പദത്തിൽ സൂചിപ്പിക്കുവാനാണ് "അസ്തിത്വം" എന്ന പദം ഇവർ ഉപയോഗിച്ചിരിക്കുന്നത്. കേവലമായ അർത്ഥത്തിൽ സ്ഥിതിചെയ്യുക, അവതരിക്കുക, പ്രത്യക്ഷപ്പെടുക എന്നല്ല അസ്തിത്വം എന്ന പദംകൊണ്ട് സൂചിപ്പിക്കുന്നത്. പ്രത്യുത ഒരു മനുഷ്യന്റെ യഥാർത്ഥ ജീവിതത്തെ അനാവരണം ചെയ്യുന്നതിനും മനുഷ്യസത്തയെ അവതരിപ്പിക്കുന്നതിനുമാണ് ഇതു ഉപയോഗപ്പെടുത്തുന്നത്. ചുരുക്കിപ്പറഞ്ഞാൽ "മൂർത്തമനുഷ്യന്റെ" ഇന്നത്തെ അസ്തിത്വ പ്രശ്നങ്ങളാണ് അസ്തിത്വവാദികളുടെ പ്രധാന ചർച്ചാവിഷയം.

ആദ്യമായി അസ്തിത്വദർശനത്തിലൂടെ പ്രതിഫലിക്കുന്നത്





വസ്തുനിഷ്ഠവും (Objective) ന്യായവാദപരവും (Logical) കേവലവു (Abstract) മായ ചിന്തയോടുള്ള പ്രതിഷേധമാണ്. തൽഫലമായി യുക്തിവാദത്തിൽ മാത്രം അധിഷ്ഠിതമായ എല്ലാ തത്വസംഹിതകളെയും അസ്തിത്വചിന്തകർ നിരാകരിക്കുന്നു. അസ്തിത്വവാദികളുടെ പ്രധാന ചിന്താവിഷയവും പഠനവിഷയവും സമൂലമായ മാനുഷിക യാഥാർത്ഥ്യംതന്നെയാണ്. നേരിട്ടു സിദ്ധിക്കുന്നതും വ്യക്തികേന്ദ്രീകൃതവുമായ അനുഭവങ്ങളെയും അവബോധങ്ങളെയും അപഗ്രഥിച്ചുകൊണ്ട് അസ്തിത്വദർശനം ഇരുപതാം നൂറ്റാണ്ടിൽ വൻസ്വാധീനമാണ് ദാർശനിക രംഗത്ത് ഉണ്ടാക്കിയിട്ടുള്ളത്.

### ആസ്തികാസ്തിത്വവാദവും നാസ്തികാസ്തിത്വവാദവും

അസ്തിത്വചിന്തകരെ സാധാരണയായി രണ്ടുവിഭാഗത്തിൽപ്പെടുന്നവരായി തരംതിരിക്കാറുണ്ട്. ഒന്നാമത്തെ കൂട്ടർ ഈശ്വരന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്ന ആസ്തിക്യവാദികളായ അസ്തിത്വചിന്തകരിൽപ്പെട്ടവരാണ്. സോറൻ കീർക്കഗാഡ്, ഗബ്രിയേൽ മാർസൽ, കാൾ ജാസ്പേഴ്സ്, മാർട്ടിൻ ബൂബർ, ഇമ്മാനുവേൽ ലെവിനാസ് തുടങ്ങിയ ചിന്തകന്മാർ ഇക്കൂട്ടത്തിൽപ്പെടുന്നു. രണ്ടാമത്തെ കൂട്ടരാകട്ടെ ഈശ്വരാസ്തിത്വം നിഷേധിക്കുന്ന നാസ്തികരായ അസ്തിത്വവാദികളാണ്. ഇക്കൂട്ടരിൽ പ്രമുഖരാണ് ഫ്രഡറിക് നീഷേ, ഫ്രഞ്ചുകാരായ സാത്ര്, കമ്യൂ തുടങ്ങിയവർ.

ക്രിസ്തുമതത്തിന്റെ ഭാഗമായി പ്രചരിച്ചിരുന്ന ക്രിസ്തീയ തത്ത്വചിന്ത നൂറ്റാണ്ടുകളായി യൂറോപ്പിൽ പ്രാമുഖ്യം നേടിയിരുന്നു. ക്രിസ്തീയദർശനവുമായി ബന്ധപ്പെട്ടാണ് ഡാനീഷ് ചിന്തകനായ സോറൻ കീർക്കഗാർഡിന്റെ (1813-1855) അസ്തിത്വദർശനം രൂപം പ്രാപിക്കുന്നത് എന്ന് സാമാന്യമായി പറയാൻ കഴിയും. കാരണം അദ്ദേഹത്തിന്റെ അസ്തിത്വദർശനത്തിൽ ഈശ്വരവിശ്വാസത്തിനു ശ്രേഷ്ഠമായ ഒരു സ്ഥാനമുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ അസ്തിത്വദർശനത്തെ സേശ്വരമായ അസ്തിത്വദർശനം എന്ന് വിളിച്ചുവരുന്നു.

കീർക്കഗാർഡിന്റെ ദർശനത്തിൽ ഒരു മനുഷ്യൻ അവന്റെ സത്തയിൽനിന്ന് (സ്വത്വത്തിൽ നിന്ന്) അകന്നു പോകുമ്പോഴാണ് അസ്തിത്വ ദു:സ്ഥിതിയെ അഭിമുഖീകരിക്കുന്നത്. ഈ ദുരവസ്ഥയിൽ നിന്നും രക്ഷനേടണമെങ്കിൽ സ്വന്തം സത്തയിലേക്ക് അവൻ തിരിച്ചു പോകണം. ഈശ്വരനിൽനിന്നും സ്വന്തം സത്ത സാക്ഷാത്ക്കരിക്കുന്നതുവരെ മനുഷ്യൻ മേൽപറഞ്ഞ ദുരവസ്ഥ അഭിമുഖീകരിക്കണം. സ്വന്തം സ്വത്വരൂപീകരണത്തിൽ ഓരോ മനുഷ്യനും മൂന്നു

അസ്തിത്വജീവിതഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടിയിരിക്കുന്നു. വൈകാരികഘട്ടം, ധാർമ്മികഘട്ടം, ദൈവികഘട്ടം എന്നീ പേരുകളിൽ അറിയപ്പെടുന്ന വ്യത്യസ്തഘട്ടങ്ങളിൽ ഓരോന്നിലും വിവിധ സങ്കൽപ്പങ്ങളിൽനിന്ന് മനുഷ്യവ്യക്തി തെരഞ്ഞെടുപ്പു നടത്തേണ്ടിയിരിക്കുന്നു. ഏതു സ്വീകരിക്കണം ഏതു നിരാകരിക്കണം എന്ന് അവൻ തന്നെ തീരുമാനിക്കണം. ഓരോ തീരുമാനത്തിലൂടെയും അവൻ സ്വയം സാക്ഷാത്കരിക്കുകയാണ്, സ്വന്തം സ്വത്വത്തെ കണ്ടെത്താൻ പരിശ്രമിക്കുകയാണ്. തീരുമാനത്തിന്റെ ഉത്തരവാദിത്വവും അവനു മാത്രമാകുന്നു. വൈകാരിക-ധാർമ്മികഘട്ടങ്ങൾ കടന്ന് ദൈവിക ഘട്ടത്തിലെത്തുന്ന മനുഷ്യൻ വിശ്വാസത്തിലൂടെ ഊളിയിട്ടിറങ്ങി ഈശ്വരനോടടുക്കുകയും ഈശ്വരനിൽ സ്വന്തം സത്ത കണ്ടെത്തി ആത്മസാക്ഷാത്കാരം നേടുകയും ചെയ്യുന്നു. ഇത് നിർവചനങ്ങൾക്കും വിശകലനങ്ങൾക്കും അതീതമായ പ്രതിഭാസമായി കീർക്കഗാർഡ് മനസ്സിലാക്കുന്നു.

കീർക്കഗാർഡിന്റെ അസ്തിത്വദർശനത്തിൽ ആകൃഷ്ടനായി അസ്തിത്വവാദത്തെ സ്വീകരിച്ച മറ്റൊരു ചിന്തകനാണ് ജർമ്മൻകാരനായ കാൾ ജാസ്പേഴ്സ് (1883-1969). മനുഷ്യനും മാനുഷികാവസ്ഥയും ഇദ്ദേഹത്തിന്റെ പരിഗണനാവിഷയങ്ങളായിരുന്നു. മനുഷ്യന്റെ അസ്തിത്വത്തേക്കുറിച്ചുള്ള ദർശനങ്ങളിൽ തത്ത്വചിന്ത പകർന്നു കൊടുക്കേണ്ടതു വസ്തുകേന്ദ്രീകൃതമായ അറിവല്ല, വ്യക്തിയുടെ "സ്വത്വ" കേന്ദ്രീകൃതമായ അനുഭവമാണ്. പ്രശ്നപരിഹാരം കാണാനുള്ള അപഗ്രഥന ചിന്തയല്ല, സ്വയം സാക്ഷാത്കരിക്കാനുള്ള സംരക്ഷണചിന്തയാണ് അസ്തിത്വവാദം. തത്ത്വചിന്തയ്ക്ക് നിറവേറ്റാൻ കഴിയുന്ന ഏകദൗത്യം പരമസത്യത്തെ സ്വീകരിക്കാനായി മനുഷ്യമനസ്സിനെ ഒരുക്കിനിറുത്തുക എന്നതാണ്. ജാസ്പേഴ്സിന്റെ നിരീക്ഷണത്തിൽ മൂന്നു വ്യത്യസ്തഘട്ടങ്ങളിലൂടെയാണ് മനുഷ്യപുരോഗതി സംഭവിക്കുന്നത്. ഒന്നാമത്തെ ഘട്ടത്തിൽ വസ്തുക്കളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കുന്നു. രണ്ടാമത്തെ ഘട്ടത്തിൽ മനുഷ്യന് സകലവിധ അസ്തിത്വങ്ങളുടെയും ആധാരം താൻതന്നെയാണ് എന്ന ബോധ്യം ലഭിക്കുന്നു. മൂന്നാമത്തെ ഘട്ടത്തിലാണ് മനുഷ്യവ്യക്തി തന്റെ പരിമിതികളെക്കുറിച്ച് ബോധവനാകുന്നത്. സ്വന്തം പരിമിതികളെപ്പറ്റിയുള്ള അവബോധവും താനുൾപ്പെടെയുള്ള എല്ലാം ഒരു പരമസത്യത്തിൽ അടിയുറച്ചിരിക്കുന്നു എന്ന ബോധ്യവും മനുഷ്യവ്യക്തിക്ക് ഒരു വൈയക്തിക അനുഭവമാണ്. തെളിവുകളിലൂടെ അതു സ്ഥാപിച്ചെടുക്കുവാൻ സാധിക്കുകയില്ല. അതിന്റെ ആവശ്യവുമില്ല.





അസ്തിത്വദർശനത്തിലെ ആസ്തികാസ്തിത്വവാദത്തെ വിശദീകരിക്കുവാനും വ്യാഖ്യാനിക്കുവാനും ശ്രമിച്ച മറ്റൊരു ചിന്തകനാണ് ഫ്രഞ്ചുകാരനായ ഗബ്രിയേൽ മാർസൽ (1889-1973). മനുഷ്യവ്യക്തിയെ പ്രപഞ്ചത്തിലെ മറ്റുവസ്തുക്കളിൽനിന്നും വേർതിരിക്കുന്നത് അയാളിലെ "ഗൂഢാത്മകത"യാണെന്ന് മാർസൽ അഭിപ്രായപ്പെടുന്നു. "പ്രശ്നം", "രഹസ്യം" എന്നീ രണ്ടുവാക്കുകളാണ് മാർസലിന്റെ തത്ത്വശാസ്ത്രത്തിലെ രണ്ടു സൂത്രപദങ്ങൾ. വസ്തുക്കൾ സൃഷ്ടിക്കുന്നതു പ്രശ്നങ്ങളത്രേ. അതായത്, അവയെപ്പറ്റി നമുക്ക് ചോദ്യങ്ങൾ ചോദിക്കാം, കൂടുതൽ വിവരശേഖരണം നടത്തി ഉത്തരങ്ങൾ കണ്ടുപിടിക്കാം. എന്നാൽ മനുഷ്യവ്യക്തിയെ സംബന്ധിച്ച് ഇതു സാധ്യമല്ല. കാരണം ഞാൻ എന്ന സ്വത്വം വസ്തുവും വ്യക്തിയും ചേർന്ന പ്രതിഭാസമാണ്. 'അനുഭവം' അല്ലാതെ 'അറിവ്' വ്യക്തിയേപ്പറ്റിയുണ്ടാവുക സാധ്യമല്ല. അതാണ് 'ഞാൻ' എന്നത് പ്രശ്നമല്ല മറിച്ച് 'രഹസ്യ'മാണ് എന്നു പറയുന്നതിന്റെ പൊരുൾ.

മാർസലിന്റെ വീക്ഷണത്തിൽ ബൗദ്ധികതലത്തിൽനിന്നുകൊണ്ടുമാത്രം ഈശ്വരനെയോ, മതത്തെയോ അറിയുവാൻ കഴിയില്ല. ഒരു മനുഷ്യനെ ഈശ്വരനിലേക്ക് അടുപ്പിക്കുന്നത് വിശ്വാസം എന്ന പ്രക്രിയയാണ്. വിശ്വാസംതന്നെ രണ്ടുവിധത്തിലാകാം എന്നു മാർസൽ വിശദീകരിക്കുന്നു. ഒന്നാമത്തേത് ശാസ്ത്രവും - സാങ്കേതികവിദ്യയും നൽകുന്ന ഭൗതിക ഉറപ്പിന്മേലുള്ള വിശ്വാസം. എന്നാൽ രണ്ടാമത്തേതാകട്ടെ അസ്തിത്വരഹസ്യത്തിൽനിന്നും വരുന്ന സമർപ്പണമാണ്. ഇത് ഞാൻ വിശ്വസിക്കുന്ന വ്യക്തിക്ക് കലർപ്പില്ലാതെ പൂർണ്ണമായി സമർപ്പിക്കുന്ന അവസ്ഥയാണ്. അതേപോലെതന്നെ ഞാൻ വിശ്വസിക്കുന്ന വ്യക്തി എനിക്കും പൂർണ്ണമായും വിട്ടുനൽകുന്നു. ഇവിടെ പരസ്പര വിശ്വാസത്തിലൂടെ ഞാനും അപരനും തമ്മിൽ യഥാർത്ഥ ആത്മീയബന്ധം സ്ഥാപിച്ചെടുക്കുന്നു. ഈ വിശ്വാസബന്ധത്തെ വിശകലനം ചെയ്യാനോ വസ്തുവിനെപ്പോലെ മനസ്സിലാക്കാനോ കഴിയുകയില്ല.

ഗബ്രിയേൽ മാർസലിന്റെ സമകാലികനായിരുന്ന ജർമ്മൻ ചിന്തകൻ മാർട്ടിൻ ബൂബറും (1878-1965) മനുഷ്യനും-മനുഷ്യനും തമ്മിലുള്ള ആത്മാർത്ഥവ്യക്തി ബന്ധത്തിലാണ് യഥാർത്ഥ ഈശ്വര അനുഭവം സംഭവിക്കുന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നു. വൈരുദ്ധ്യങ്ങളുടെ സമാഹാരമായ മനുഷ്യജീവിതത്തിൽ സ്വന്തം പരിമിതികളെക്കുറിച്ചുള്ള ബോധ്യമാണ് ദൈവാന്വേഷണത്തിന് ഒരു വ്യക്തിക്കു പ്രേരകമായിത്തീരുന്നത്. ഈശ്വരനിൽ കേന്ദ്രീകൃതമാകുന്ന ജീവി

തത്തിലാണ് മനുഷ്യപ്രതീക്ഷകൾ ചിറകുവിരിക്കുന്നതും, ജീവിതം അർത്ഥപൂർണ്ണമാണ് എന്ന ബോധ്യം ലഭിക്കുന്നതും. ബൂബറിന്റെ അസ്തിത്വദർശനത്തിൽ അപരൻ അഥവാ ഇതരൻ ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്. ഭൗതികവസ്തുക്കളുടെ സാന്നിധ്യം ഇന്ദ്രിയങ്ങൾക്കു ഗോചരമാണെങ്കിൽ, ദൈവത്തിന്റെ സാന്നിധ്യം ഇന്ദ്രിയശക്തികൊണ്ട് വിശകലനം ചെയ്യാനാവില്ല. കാരണം ദൈവസാന്നിധ്യം അതിന്റെ സ്വഭാവത്താൽതന്നെ നിഗൂഢമാണ്. മനുഷ്യനും – മനുഷ്യനും തമ്മിൽ രൂപം പ്രാപിക്കുന്ന ധാർമ്മികതയുടെ മേഖലയിലാണ് ഈശ്വരസാന്നിധ്യം അനുഭവവേദ്യമാകുന്നത്. അനുഭൂതിയുടെ തലത്തിൽനിന്നും ധാർമ്മിക ബന്ധത്തിന്റെ അനുഭവത്തിലേക്ക് ദൈവാനുഭവത്തെ മാറ്റി സ്ഥാപിച്ചു എന്നതാണ് ബൂബറിന്റെ ദർശനത്തിൽ വന്ന നേട്ടം.

**നാസ്തികാസ്തിത്വവാദം**

അസ്തിത്വചിന്തകരിൽ ഏറെ സ്വാധീനം ചെലുത്തിയ തത്ത്വചിന്തകനാണ് ഫ്രഡറിക് നീഷേ (1844–1900). തത്ത്വചിന്തയെ പരമ്പരാഗതമായ രീതിയിൽനിന്നും മാറ്റി അവതരിപ്പിക്കുവാൻ ശ്രമിച്ചു എന്നതാണ് നീഷേയുടെ പ്രത്യേകത. തത്ത്വചിന്തയും തർക്കശാസ്ത്രവുമായുള്ള ബന്ധത്തെ അട്ടിമറിക്കാനാണ് ആദ്യമായി നീഷേ ശ്രമിച്ചത്. തത്ത്വചിന്തയേയും സാഹിത്യത്തെയും അകമഴിഞ്ഞു സ്നേഹിച്ച അദ്ദേഹം വലിയ വൈരുദ്ധ്യങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. സാർവ്വത്രികസ്നേഹമെന്ന ക്രിസ്തീയ സങ്കൽപ്പത്തെ നീഷേ ചോദ്യം ചെയ്യുന്നു. 'ദൈവം മരിച്ചെന്നും' ദൈവത്തിന്റെ ഇരിപ്പിടം 'അതിമാനുഷനു'വേണ്ടി ഒഴിഞ്ഞു കിടക്കുകയാണെന്നും നീഷേ എഴുതി. ഒപ്പം സന്മാർഗവാദങ്ങളെ പരിഹസിക്കാനും തത്ത്വചിന്താപരമായ അന്വേഷണങ്ങളിലെ 'നാട്യങ്ങളെ' അനാവരണം ചെയ്യാനും നീഷേ ശ്രമിച്ചു. നീഷേയുടെ അഭിപ്രായത്തിൽ സത്യം, യഥാർത്ഥ ലോകം, ദൈവം, ആത്മാവ് തുടങ്ങിയ പ്രയോഗങ്ങൾകൊണ്ട് പ്രതിനിധാനം ചെയ്യുന്ന മറ്റൊരു ലോകത്തിനുവേണ്ടി നമ്മുടെ ജീവിതത്തെ നിഷേധിക്കുകയാണ് പരമ്പരാഗത തത്ത്വചിന്താ പദ്ധതികൾകൊണ്ട് ചെയ്തുകൊണ്ടിരിക്കുന്നത്. സിദ്ധാന്തങ്ങളെയോ തത്ത്വചിന്താപ്രസ്ഥാനങ്ങളെയോ ആവിഷ്കരിക്കുന്നതിനോടു നീഷേക്കു യോജിപ്പില്ല.

നീഷേയെപ്പോലെതന്നെ, ഈശ്വരനെ കേന്ദ്രമാക്കിയുള്ള ദർശനമാണ് ഫ്രഞ്ചു ചിന്തകനായ ഷാങ്പോൾ സാർത്രിന്റേത് (1905–1980). പ്രപഞ്ചത്തെ ഈശ്വരൻ സൃഷ്ടിച്ചു എന്ന് അദ്ദേഹം വിശ്വസിക്കുന്നില്ല. ഈശ്വരനെ തേടിയുള്ള യാത്രയാണ് ഉത്തമമായ





ജീവിതമെന്നും സാർത്ര് കരുതുന്നില്ല. അദ്ദേഹത്തിന്റെ ചിന്തയിൽ വരുന്ന വിഷയങ്ങൾ: പ്രപഞ്ചം, മനുഷ്യൻ, അന്യമനുഷ്യരുടെ ലോകം എന്നിവയാണ്. ഈ മൂന്നു യാഥാർത്ഥ്യങ്ങളെ കേന്ദ്രീകരിച്ചാണ് സാർത്രിന്റെ അസ്തിത്വചിന്ത രൂപംകൊണ്ടിരിക്കുന്നത്.

ഈശ്വരാന്വേഷണത്തേക്കാളേറെ സത്തയെ അന്വേഷിക്കാനാണ് സാത്ര് മുതിർന്നത്. മനുഷ്യജീവിതം അസ്തിത്വം തേടിയുള്ള ഒരു അലച്ചിലിന്റെ പര്യായമാണെന്ന് സാർത്ര് വിശ്വസിച്ചിരുന്നു. സാർത്രിന്റെ ഈശ്വരനിഷേധം നമ്മെ ഭയപ്പെടുത്തേണ്ട ഒരു കാര്യമായി പല ചിന്തകരും കരുതുന്നില്ല. കാരണം അവരുടെ അഭിപ്രായത്തിൽ സാത്രിന്റെ ദർശനത്തിൽ അത് പ്രസക്തമാണ്. എന്നാൽ അതിലുപരിയായി, ഏതു പശ്ചാത്തലത്തിൽ അതു രൂപം പ്രാപിച്ചു എന്ന ചിന്തയ്ക്കാണ് പ്രസക്തി. പ്രപഞ്ചത്തെ സൃഷ്ടിച്ച് നന്മയുടെ സംരക്ഷകനായി, മനുഷ്യന്റെ സകല പ്രതീക്ഷകളുടേയും കേന്ദ്രമായി വാഴുന്ന ഒരീശ്വരനെ യുക്തികൊണ്ട് സ്ഥാപിച്ചെടുക്കാൻ കഴിയില്ല എന്നാണ് സാർത്രിന്റെ വാദഗതി. സാർത്രിനെ സംബന്ധിച്ചിടത്തോളം ഈശ്വരാന്വേഷണത്തേക്കാൾ പ്രസക്തിയേറിയതാണ് ഒരുപക്ഷേ ഈശ്വരൻകൂടി ഉൾപ്പെടുന്ന സത്തയെ തേടൽ. ഒരു വ്യക്തി തന്നോടുതന്നെ സത്യസന്ധത പുലർത്തണം. ജീവിതത്തോടു സത്യസന്ധത പുലർത്തുന്നതുവഴി മാത്രമേ ജീവിതത്തിൽ പ്രാമാണികത്വം (Authenticity) കൈവരിക്കാൻ കഴിയുകയുള്ളൂ.

**അസ്തിത്വദർശനവും വിശ്വാസവും**

തത്ത്വചിന്തയുടെ ഉത്ഭവം മുതൽ വിഷയീ-വിഷയ (Subject-Object) ബന്ധത്തെ ആസ്പദമാക്കിയാണ് ദർശനം വളർച്ച പ്രാപിച്ചിട്ടുള്ളത്. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഭൗതികവാദം, അതിഭൗതികവാദം, ആദർശവാദം, യാഥാർത്ഥ്യവാദം എന്നിങ്ങനെ വിവിധ തത്ത്വചിന്താശാഖകൾ രൂപംകൊണ്ടിട്ടുള്ളത്. ഇപ്രകാരം ബുദ്ധികേന്ദ്രീകൃതമായ ദർശനത്തിൽ ഒന്നുകിൽ Subject (വിഷയി) ന് അമിതപ്രാധാന്യം നൽകപ്പെട്ടു. അല്ലെങ്കിൽ Object (വിഷയ) ന് അമിതപ്രാധാന്യം നൽകപ്പെട്ടു. ഇത്തരുണത്തിലുള്ള ദാർശനിക പ്രവർത്തനത്തിൽ ബുദ്ധിയാണ് കാര്യങ്ങളെ നിയന്ത്രിക്കുന്നതും, തീരുമാനങ്ങളിലെത്തിക്കുന്നതും. ബൗദ്ധികസിദ്ധിയിൽ അധിഷ്ഠിതമായ ഏകപക്ഷീയമായ ദർശനത്തിലുള്ള അസംതൃപ്തിയാണ് അസ്തിത്വദർശനത്തിന്റെ മുന്നേറ്റത്തിലേക്ക് നയിച്ചത്. അസ്തിത്വചിന്തകരുടെ അഭിപ്രായത്തിൽ ബൗദ്ധികവ്യാപാരങ്ങളിൽ മനുഷ്യവ്യക്തിയുടെ സ്ഥൂലമായ വ്യക്തിത്വം മുഴുവൻ ഉൾപ്പെടുന്നില്ല. എന്നാൽ വിശ്വാസത്തിന്റെ മേഖലയിൽ ഒരു വ്യക്തിയുടെ

പൂർണ്ണമായ സാന്നിദ്ധ്യവും, വ്യക്തിത്വവും പ്രകടമാകുന്നുണ്ടുതാനും. ഇതിനു കാരണമായി അവർ വിശദീകരിക്കുന്നത് മനുഷ്യന്റെ ബുദ്ധിയോ, ഇച്ഛയോ, ശക്തിയോ മാത്രമല്ല, വിശ്വാസത്തിൽ ഉൾപ്പെടുന്നത്, മറിച്ച് ഒരു മനുഷ്യൻ മുഴുവനുമാണ് വിശ്വസിക്കുന്നത്. അതുകൊണ്ടാണ് വെറും ആശയങ്ങളേക്കാൾ വിശ്വാസത്തിനു ശക്തിയുള്ളത്. ഇക്കാരണത്താൽതന്നെയാണ് വിശ്വാസം അസ്തിത്വപരമാണ് എന്നു പറയുന്നത്. വിശ്വാസം നമ്മുടെ അസ്തിത്വത്തെ മുഴുവൻ സ്വാധീനിക്കുകയും, പ്രചോദിപ്പിക്കുകയും, ചലിപ്പിക്കുകയും ത്രസിപ്പിക്കുകയും ചെയ്യുന്ന ഒന്നാണ്.

മനുഷ്യന്റെ പൂർണ്ണതയിൽനിന്നും ഉത്ഭവിക്കുന്ന അഥവാ പൂർണ്ണവ്യക്തിത്വത്തിന്റെ പ്രതിഫലനമായ വിശ്വാസത്തിന്റെ ശക്തി അതുല്യം തന്നെ. വിശ്വാസം അസ്തിത്വപരമായതുകൊണ്ടാണ് നമ്മുടെ വിശ്വാസം നമ്മെ വിധിക്കുന്നു എന്നു പറയുന്നത്. മനുഷ്യൻ ആത്യന്തികമായി വിധിക്കപ്പെടുന്നത് അവന്റെ അറിവിന്റെ ബാഹുല്യം നോക്കിയല്ല, മറിച്ച് അവന്റെ വിശ്വാസത്തിന്റെ പൂർണ്ണത അടിസ്ഥാനമാക്കിയാണ്. മതത്തിന്റെ മേഖലയിലും, അസ്തിത്വപ്രശ്നങ്ങളിലും ഇതു ശരിതന്നെ.

**അപരകേന്ദ്രീകൃത വിശ്വാസം**

ആസ്തികരായ അസ്തിത്വചിന്തകർ ഈശ്വരവിശ്വാസത്തിന് മാനദണ്ഡമായി അപരനുമായുള്ള ബന്ധത്തെയാണ് അവതരിപ്പിച്ചിരിക്കുന്നത്. ഗബ്രിയേൽ മാർസൽ, മാർട്ടിൻ ബൂബർ, ഇമ്മാനുവൽ ലെവിനാസ് തുടങ്ങിയ ചിന്തകരുടെ ദർശനങ്ങളിൽ അപരകേന്ദ്രീകൃതമായ വിശ്വാസം പ്രകടമായി വിശകലനം ചെയ്യപ്പെടുന്നുണ്ട്. അനുദിനജീവിതത്തിൽ അപരവിശ്വാസത്തിലൂടെയും, പ്രത്യാശയിലൂടെയും, സ്നേഹത്തിലൂടെയും ഈശ്വരനെ അനുഭവിച്ചറിയാൻ സാധിക്കും എന്ന് മാർസേൽ വിശ്വസിക്കുന്നു. ബൂബർക്കാകട്ടെ അപരനുമായുള്ള കലവറയില്ലാത്ത സമർപ്പണത്തിലൂടെയും, സ്നേഹത്തിലൂടെയും, സഹകരണത്തിലൂടെയും ആർജ്ജിച്ചെടുക്കുന്നതാണ് വിശ്വാസം. ലെവിനാസിനെ സംബന്ധിച്ചിടത്തോളം അപരനിലൂടെ എന്നിൽ ഉണർത്തപ്പെടുന്ന നീതിബോധവും, ധാർമ്മിക ബോധവും, ദൈവസാന്നിധ്യചിന്തയിലേക്കും വിശ്വാസത്തിന്റെ അനുഭവങ്ങളിലേക്കും എന്നെ നയിക്കുന്നു.

ഈ പ്രപഞ്ചത്തിൽ യാത്രക്കാരനായ (way farer) മനുഷ്യൻ സത്യത്തെ (യാഥാർത്ഥ്യത്തെ) മുഴുവനായി ഉൾക്കൊള്ളുന്നില്ല. മറിച്ച് സത്യത്തിലേക്കുള്ള നിരന്തരമായ ഒരന്വേഷണമാണ് അവന്റെ ജീവിതം. ഈശ്വരനെക്കുറിച്ചുള്ള രഹസ്യത്തിന്റെ പ്രകാശം തെളിയുന്നത് മനുഷ്യനെന്ന രഹസ്യത്തിൽനിന്നും അന്വേഷണം ആരംഭിക്കുമ്പോഴാണ്. മനുഷ്യൻ അഥവാ അപരൻ അതുല്യമായ അതിഭൗതികസ്വഭാവമുള്ള വ്യക്തിയാണ്. അപരനെ കൂടാതെയുള്ള അതിഭൗതിക അന്വേഷണങ്ങൾ ശരിയായ ലക്ഷ്യത്തിൽ എത്തുകയില്ല. ഇപ്രകാരം ദൈവത്തെ അന്വേഷിച്ചുള്ള യാത്രയിൽ അപരന്റെ ആവശ്യകത ഏതൊരു മനുഷ്യനും അനുഭവിക്കുന്നു.





മനുഷ്യന്റെ അസ്തിത്വരഹസ്യം തന്നെ അപരകേന്ദ്രീകൃതമായ ബന്ധത്തിലൂടെയാണ് വെളിപ്പെടുന്നത്. ഒരു മനുഷ്യൻ തന്നെത്തന്നെ പൂർണ്ണമായും അപരനിലേക്ക് തുറക്കുമ്പോൾ, അപരനെ പൂർണ്ണമായി ഉൾക്കൊള്ളുമ്പോൾ, അംഗീകരിക്കുമ്പോൾ, അപരനെ സ്നേഹിക്കുമ്പോൾ വിശ്വാസത്തിന്റെ അനുഭവത്തിലേക്കെത്തുന്നു. വിശ്വസിക്കുന്നതിലൂടെ ഞാനും അപരനും തമ്മിൽ യഥാർത്ഥ ആത്മീയബന്ധം സ്ഥാപിച്ചെടുക്കുന്നു. ഇപ്രകാരം സ്ഥാപിച്ചെടുക്കുന്ന ബന്ധത്തിൽ ബൗദ്ധിക, ശാസ്ത്രീയവിശകലനത്തിനോ, യുക്തിപരമായ അന്വേഷണത്തിനോ സ്ഥാനമില്ല. കാരണം അപരൻ ഈശ്വരനിലേക്കു കൈപിടിച്ചു നടത്തുന്ന സഹയാത്രികൻ തന്നെയാണ്. ഇപ്രകാരം വ്യക്തികളുടെ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ ദൈവം പുറത്തുള്ള ഒരാളല്ല, മറിച്ച് അനുദിനജീവിതത്തിലൂടെ അനുഭവവേദ്യമാകുന്ന നിത്യസാന്നിധ്യമാണ്.

**വിശ്വാസം ഒരു സിദ്ധിയാണ്**

അപരകേന്ദ്രീകൃതമായ അസ്തിത്വദർശനത്തിൽ വിശ്വാസം ഒരു വ്യക്തിയുടെ മാത്രം ഏകപക്ഷീയമായ പ്രവർത്തനമല്ല, മറിച്ച് ദൈവവുമായുള്ള പരസ്പര ബന്ധത്തിലൂടെ സിദ്ധിക്കുന്നതാണ്. ഇതു നമ്മുടെ മനസ്സിന്റെ സ്വാഭാവികമായ അവസ്ഥയിലൂടെ സിദ്ധിക്കുന്ന ഒരു അനുഭൂതിയുമല്ല. ഈശ്വരാനുഗ്രഹത്തിലൂടെ ലഭ്യമാകുന്ന ഒരു ബോധതലമായി ക്രിസ്തീയ ദൈവശാസ്ത്രജ്ഞന്മാർ വിശ്വാസത്തെ കാണുന്നു. ഇവിടെ പരമമായ വ്യക്തിയിലൂടെ മനുഷ്യൻ അവന്റെ അസ്തിത്വത്തിന് അർത്ഥം കണ്ടെത്തുന്നു. മനുഷ്യവ്യക്തികളുടെ സത്ത ആത്യന്തികമായി പരമമായ വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവവുമായി ബന്ധപ്പെടുക എന്നു പറയുമ്പോൾ ദൈവിക സത്തയിൽ പങ്കുചേരുക എന്നാണ് അർത്ഥമാക്കുന്നത്. ഈ പങ്കുചേരലാകട്ടെ സ്ഥലകാലപരിമിതികൾക്കപ്പുറത്തുള്ള ഒരു പങ്കുചേരലാണ്.

തത്ത്വചിന്താപരമായി വിശകലനം ചെയ്യുമ്പോൾ നമ്മുടെ വിശ്വാസം എന്തിനെയെങ്കിലും പറ്റിയുള്ള വിശ്വാസമാണ്. അറിവിന്റെയും വിശ്വാസത്തിന്റെയും പ്രത്യേകമായ സ്വഭാവവിശേഷണത്തി

നാണ് നിയോഗപരത്വം (intentionality) എന്നു പറയുന്നത്. കാരണം അതിനൊരു വസ്തു ധ്രുവമുണ്ട്. ഈ വസ്തുധ്രുവം യഥാർത്ഥ മായും ഉള്ളതാണോ അതോ അതു നമ്മുടെ ഭാവനയുടെ ഫല മാണോ എന്നുള്ളത് മറ്റൊരു അന്വേഷണത്തിന്റെ മേഖലയാണ്. വിഷയമില്ലാത്ത വിശ്വാസം യഥാർത്ഥത്തിൽ ഒരു വൈപരീത്യം തന്നെയാണ്.

## വിശ്വാസം സാന്നിധ്യമാണ്

അസ്തിത്വദർശനം വിശകലനം ചെയ്യുന്ന അപരകേന്ദ്രീകൃത ദർശനത്തിൽ ദൈവത്തേയും അപരന്റെ സ്ഥാനത്താണ് പ്രതിഷ്ഠി ക്കുന്നത്. അപരൻ ഇക്കാരണത്താൽതന്നെ ദൈവസാന്നിധ്യത്തിന്റെ അടയാളമായി വർത്തിക്കുന്നു. ഈ സാന്നിധ്യം ഒരിക്കലും അപ്ര ത്യക്ഷമാക്കുന്നതല്ല. ഭൗതികവസ്തുക്കളുടെ സാന്നിധ്യം ഇന്ദ്രിയ ങ്ങൾക്കു ഗോചരമാണ്. എന്നാൽ ദൈവികസാന്നിധ്യത്തെ ഇന്ദ്രിയ കഴിവുകളാൽ വിശകലനം ചെയ്യാനാവില്ല. കാരണം ദൈവസാ ന്നിധ്യം അതിന്റെ സ്വഭാവത്താൽതന്നെ നിഗൂഢമാണ്. ബുദ്ധിപര മായ അറിവിനാലോ, ഭാഷാപരമായ പ്രയോഗങ്ങൾകൊണ്ടോ പൂർണ്ണമായും വിശകലനം ചെയ്യാനോ, വിശദീകരിക്കാനോ കഴി യാത്ത ഒന്നാണ് ഈ സാന്നിധ്യം. ഇക്കാരണത്താൽ ചിന്തകനായ ബൂബർ എല്ലാ വ്യക്തിബന്ധങ്ങളും ദൈവകേന്ദ്രീകൃതമായ അടി ത്തറയിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു എന്ന് വാദിക്കുന്നു.

മനുഷ്യവ്യക്തിക്ക് അപരനുമായുള്ള ബന്ധത്തിൽ മൂന്നു തര ത്തിൽ സന്നിഹിതനാക്കാൻ കഴിയും എന്ന് ബൂബർ വിശദീക്കി ക്കുന്നു. ഒന്നാമതായി ഒരു സാധാരണ ഭൗതികവസ്തുവിനെപ്പോലെ പ്രത്യക്ഷനാകുക. രണ്ടാമതായി, ഒരു വ്യക്തിയായി സന്നിഹിത നാക്കുക. ഇവിടെ വ്യക്തിയെ വസ്തുവിനുപരിയായി വിഷയി - വിഷയ മേഖലകളുടെ സംഗമവേദിയായി അവതരിപ്പിക്കുന്നു. വ്യക്തി ആത്മീയതയുടെയും ഭൗതികതയുടെയും സംഗമവേദിയാ ണ്. മൂന്നാമതായി സ്ഥലകാലപരിമിതികൾക്കപ്പുറത്ത് ഒരു വ്യക്തി യുടെ സാന്നിദ്ധ്യവും സ്നേഹവും സമർപ്പണവും വിശ്വാസവും പ്രതിഫലിപ്പിക്കുന്ന അവസ്ഥയാണ്. ബൂബറിനൊപ്പം ഗബ്രിയേൽ മാർസലും സ്ഥലകാല പരിമിതികൾക്കപ്പുറത്ത് ഒരു വ്യക്തിക്ക് വിശ്വാസത്തിന്റെ തലത്തിൽ സന്നിഹിതനാക്കാൻ കഴിയും എന്ന് വിശ്വസിക്കുന്നു. സോറൻ കീർക്കഗാർഡ് മനുഷ്യന്റെ വളർച്ചാഘട്ട ത്തിൽ സ്ഥലകാലപരിമിതികൾക്കപ്പുറമാണ് വിശ്വാസത്തിന്റെ മേഖല എന്നു വാദിക്കുന്നു.





## സ്നേഹമാകുന്നു വിശ്വാസം

സ്നേഹത്തിന്റെ അനുഭവങ്ങൾ അസ്തിത്വചിന്തകരുടെ വിചി ന്തനത്തിന്റെ വിഷയങ്ങളിലൊന്നായിരുന്നു. മനുഷ്യവ്യക്തി ഈ പ്രപഞ്ചത്തിൽ ഒറ്റപ്പെട്ട തുരുത്തല്ല എന്ന അനുഭവം അവന് സ്നേഹം പകർന്നു നൽകുന്നു. സ്നേഹം മനുഷ്യത്വത്തിന്റെ അടി സ്ഥാനഘടകങ്ങളിലൊന്നായി ചിന്തകന്മാർ അംഗീകരിക്കുന്നു. വെറും വൈകാരിക അനുഭൂതി എന്നതിനുപരി യഥാർത്ഥ ഹൃദയ സംവാദത്തിലൂടെ അനുഭവിക്കുന്നതാണ് സ്നേഹം. സ്നേഹത്തിന്റെ അടിസ്ഥാനം രണ്ട് വ്യക്തിത്വങ്ങൾക്കിടയിലുള്ള വിശ്വാസമാണ്. രണ്ട് സ്വതന്ത്ര മനസ്സുകളുടെ തീരുമാനമാണ് ഇത്. മനുഷ്യവ്യക്തി കളിലാണ് ഇതിന്റെ ആരംഭമെങ്കിലും അത് ചെന്നെത്തി നിൽക്കു ന്നത് ദൈവത്തിലാണ്. ഗബ്രിയേൽ മാർസേലിന്റെ അഭിപ്രായത്തിൽ വിശ്വാസവും സ്നേഹവും പരസ്പരം വേർതിരിക്കാനാവാത്ത ജീവി താനുഭവങ്ങളാണ്. വിശ്വാസം നമ്മെ മറ്റുള്ളവരിലേക്ക് ഇറങ്ങി ചെല്ലാനും അവരെ ദൈവതുല്യരായി കണ്ട് സ്നേഹിക്കാനും പ്രേരി പ്പിക്കുന്നു. സ്നേഹത്താൽ വ്യവസ്ഥാപിതമായ ഒരു വിശ്വാസമാണ് എന്റെ വ്യക്തിത്വത്തെ വളർത്തുന്നത്. വിശ്വാസത്തിന്റെയും സ്നേഹ ത്തിന്റെയും പ്രവർത്തനങ്ങൾക്ക് അതിന്റേതായ യുക്തിയും, ആ യുക്തിക്ക് അതിന്റേതായ ഉറപ്പുമുണ്ട്.

യഥാർത്ഥസ്നേഹം എല്ലാ അറിവിനും വിധിതീർപ്പിനും ഉപരി യാണ്. സ്നേഹം ഭൗതിക അനുഭൂതി എന്നതിനുപരി ആത്മീയ മായ ഒരു അനുഭവമാണ്. ഇതുവഴി നാം മനസ്സിലാക്കുന്നത് സ്നേഹി ക്കുന്ന വ്യക്തിയിലേക്ക് എന്റെ ആത്മാവും മനസ്സും ശരീരവും ഒഴു കിയെത്തുന്നു എന്നാണ്. ഇപ്രകാരമുള്ള സ്നേഹകൂട്ടായ്മയിലാ ണ് പരസ്പര വിശ്വാസവും സമർപ്പണവും സംഭവിക്കുന്നത്. ഇവിടെ അപരൻ എന്നെ ചതിക്കില്ല, ഉപേക്ഷിക്കില്ല, ഉപദ്രവിക്കില്ല, ഉപ യോഗിക്കില്ല എന്ന ബോദ്ധ്യത്തിലേക്ക് ഞാൻ എത്തിച്ചേരുന്നു. ഈ അവസ്ഥയിൽ അപരൻ എനിക്ക് ദൈവതുല്യനും സ്നേഹി തനുമായി അനുഭവപ്പെടുന്നു. അതുപോലെതന്നെ ഞാൻ അപര നോട് പുലർത്തുന്ന ആത്മാർത്ഥതയും വിശ്വസ്തതയുമാണ് എന്റെ ജീവിതത്തിന് അർത്ഥവും പൂർണ്ണതയും നൽകുന്നത്.

## വിശ്വാസം സ്വാതന്ത്ര്യത്തിലേക്കുള്ള വിളി

അസ്തിത്വദാർശനികർ പൊതുവായി വിശകലനം ചെയ്യുന്ന അസ്തിത്വ അനുഭവമാണ് സ്വാതന്ത്ര്യം. തന്റെ പരിമിതികളെപ്പറ്റിയും അപരിമേയമായ ഒരു പരമ യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ബോധത്തോ

ടൊപ്പം മനുഷ്യവ്യക്തി മറ്റൊരു അവബോധത്തിനും ഉടമയാണ്. ഞാൻ സ്വതന്ത്രനാണ് എന്ന ബോധം പരമസത്യവുമായുള്ള തന്റെ ബന്ധത്തെ ഉറപ്പിക്കാനോ നിഷേധിക്കാനോ തനിക്കു സ്വാതന്ത്ര്യമുണ്ട് എന്ന ബോധം. എന്നാൽ സ്വാതന്ത്ര്യത്തെ നിഷേധാത്മകമായി ഉപയോഗിക്കുകയാണെങ്കിൽ സാക്ഷാത്ക്കാരം ഉണ്ടാകില്ല എന്ന് ജാസ്പേഴ്സ് കരുതുന്നു. മനുഷ്യവ്യക്തി ആത്യന്തികമായി സ്വതന്ത്രനാക്കാൻ വിളിക്കപ്പെട്ടവനാണെന്ന് സാർത്ര് അഭിപ്രായപ്പെടുന്നു. കാരണം സ്വതന്ത്രമായ തീരുമാനത്തിലൂടെ മാത്രമേ മനുഷ്യനു പൂർണ്ണതയിലേക്കു നീങ്ങുവാൻ സാധിക്കുകയുള്ളൂ. കീർക്കഗാർഡിന്റെ അഭിപ്രായത്തിൽ മനുഷ്യവ്യക്തിക്ക് സ്വതന്ത്രമായ തീരുമാനങ്ങളിലൂടെ മാത്രമേ മൂന്നു ജീവിതഘട്ടങ്ങളിലൂടെ വിശ്വാസത്തിന്റെ ആഴങ്ങളിലേക്കു എത്തിപ്പെടുവാൻ കഴിയുകയുള്ളൂ. മാർട്ടിൻ ബൂബറും ഗബ്രിയേൽ മാർസലും സ്വതന്ത്രമായ അവസ്ഥയിൽ മാത്രമേ അപരനുമായി യഥാർത്ഥമായ ബന്ധത്തിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ എന്നു സമർത്ഥിക്കുന്നു. ഇപ്രകാരം പൂർവ്വപിതാവായ അബ്രാഹത്തിനു ലഭിച്ച വിളിയും സ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പായിരുന്നു. ഒരു മനുഷ്യവ്യക്തിയെ മററ് ജീവികളിൽനിന്ന് വ്യത്യസ്തനാക്കുന്നത് സ്വാതന്ത്ര്യബോധമാണ്. സ്വതന്ത്രനായ മനുഷ്യനാകട്ടെ നിരവധിയായ സാധ്യതകളുടെ മധ്യത്തിലാണ് തന്റെ ജീവിതം കണ്ടെത്തുന്നത്. അപരനുമായുള്ള ബന്ധത്തിൽ സ്വതന്ത്രനായുള്ള വ്യക്തിക്ക് മാത്രമേ ധാർമ്മികമായ തീരുമാനങ്ങളിൽ എത്തുവാൻ കഴിയുകയുള്ളൂ. സ്വതന്ത്രമല്ലാത്ത മനുഷ്യവ്യക്തി വെറും വസ്തുവിന് സമാനമാണ്. സ്വതന്ത്രമായി തീരുമാനം എടുക്കുവാനോ അപരനെ വിശ്വാസത്തിലെടുക്കുവാനോ ഈ വ്യക്തിക്ക് കഴിയുകയില്ല. ഇത്തരണത്തിൽ സ്വാതന്ത്ര്യം അഹത്തിൽ നിന്നുള്ള വിടുതലും പരമമായ സത്തയിൽനിന്നുള്ള പങ്കുചേരലുമാണ്. സ്വാതന്ത്ര്യം സ്ഥലകാല പരിമിതികൾക്കപ്പുറത്ത് അപരനിലേക്ക് എത്തിച്ചേരുവാൻ കഴിയുന്ന അവസ്ഥയാണ്. നിഗമനങ്ങളും കണക്കുകൂട്ടലും കൂടാതെ അപരന്റെ മേഖലയിലേക്ക് കടന്നുവരുവാൻ കഴിയുക. ഇപ്രകാരം യഥാർത്ഥ വ്യക്തിബന്ധങ്ങൾ സ്വാതന്ത്ര്യത്തിന്റെ മേഖലയിലാണ് സാധിക്കപ്പെട്ടിരിക്കുന്നത്.

**ഉപസംഹാരം**

സമകാലിക കാലഘട്ടത്തെ ചിന്തകൻമാർ വിശേഷിപ്പിക്കുന്നത് വിശ്വാസം നഷ്ടപ്പെട്ട ഒരു കാലഘട്ടമായാണ്. മനുഷ്യവ്യക്തിക്കു അവനിൽതന്നെയും അപരനിലും ശാസ്ത്രനേട്ടങ്ങളിലും ഭാവിസുരക്ഷയിലും വിശ്വാസം നഷ്ടപ്പെട്ട അവസ്ഥയാണ് ഇന്നത്തേത്.





ഇത് മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റുകയും മാനസികസംഘർഷങ്ങളിലേക്കു നയിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ ദാരുണമായഈ അവസ്ഥയെക്കുറിച്ച് വിശകലനം ചെയ്യാൻ തയ്യാറായ ചിന്താശാഖയാണ് അസ്തിത്വദർശനം. മനുഷ്യവ്യക്തിക്കുള്ളിലും മനുഷ്യസമൂഹങ്ങളിലും വന്നുഭവിച്ചിട്ടുള്ള ധാർമ്മികച്യുതിയും, വിഭാഗീയതയുമാണ് മേൽപ്രസ്താവിച്ച വിശ്വാസതകർച്ചയ്ക്ക് കാരണമായി ചൂണ്ടികാണിക്കുന്നത്. മനുഷ്യവ്യക്തി അവന്റെ സ്വാർത്ഥതയുടെ ലോകത്തുനിന്നു അപരന്റെ ലോകത്തിലേക്ക് നിർലോഭമായി കടന്നുവരുമ്പോഴാണ് സ്വയം വിട്ടുകൊടുക്കുമ്പോളാണ് പൂർണ്ണതയും വിശ്വാസ്യതയും ദൈവാനുഭവവും ലഭിക്കുക.

**ഫാ. ടോമി കക്കാട്ടുതടത്തിൽ,**
*മതവും ചിന്തയും*, മെയ്-ജൂൺ, 2013.

# 09

# സഹനത്തിൽ ക്ഷയിക്കാത്ത വിശ്വാസം: ജോബിന്റെ വിശ്വാസതീർത്ഥാടനം

സഹനത്തിൽ ക്ഷയിക്കാത്ത ദൈവാശ്രയവും വിശ്വാസവും ജോബിന്റെ കൈമുതലാണ്. "കർത്താവ് തന്നു, കർത്താവെടുത്തു. അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ" എന്നു പറഞ്ഞ് എല്ലാം ദൈവഹിതത്തിന് വിട്ടുകൊടുക്കുന്ന ജോബ് നമുക്കിന്നൊരു വെല്ലുവിളിയാണ്. ദൈവത്തെ നേരിൽകണ്ട് ദൈവനീതിയെ മനസ്സിലാക്കാൻ ആഗ്രഹിച്ച ജോബ് തന്റെ അറിവില്ലായ്മയെ അംഗീകരിച്ച് ദൈവത്തിന് തന്നെത്തന്നെ കൈയാളിക്കുന്നു.

വി. ഗ്രന്ഥത്തിൽ വിവരണത്തിന്റെ ശൈലികൊണ്ടും കഥാതന്തുവിന്റെയും ഇതിവൃത്തത്തിന്റെയും പ്രത്യേകതകൾകൊണ്ടും ഇത്രമാത്രം ശ്രദ്ധിക്കപ്പെടുന്ന മറ്റൊരു പുസ്തകം ഇല്ലെന്നു പറയാം. ഇത് ഏറ്റവും കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത് അതിൽ മനുഷ്യജീവിതത്തിലെ അടിസ്ഥാന പ്രമേയങ്ങളായ നന്മ, നീതി, സഹനം, ദൈവാവിഷ്കാരം, മനുഷ്യന്റെ പരിമിതി എന്നിവ പ്രതിപാദിക്കുന്നതിനാലാണ്. ഇതിനെക്കാളെല്ലാം ഉപരിയായി മനുഷ്യന്റെ ജീർണ്ണതയു





ടെയും ദുരവസ്ഥയുടെയും അനുഭവങ്ങളും ആത്യന്തികമായി ദൈവത്തിൽ പ്രത്യാശയർപ്പിക്കുന്ന വിശ്വാസവുമാണ്. അതൊരു ക്രിയാത്മകമായ വിശ്വാസമാണ്; താൻ ശരണം വയ്ക്കുന്ന ദൈവത്തോട് സത്യസന്ധതയോടും ആർജവത്തോടും കൂടി ചോദ്യങ്ങൾ ഉന്നയിക്കുവാൻ സ്വാതന്ത്ര്യമുള്ള വിശ്വാസമാണത്. സൃഷ്ടാവിനോട് തന്നെ രൂപപ്പെടുത്തിയത് അവിവേകമായില്ലേ എന്ന ചോദ്യംപോലും ദൈവത്തോടുള്ള ജോബിന്റെ സ്വാതന്ത്ര്യവും തന്റെ ആന്തരിക സംഘർഷത്തെ മനസ്സിലാക്കുവാൻ ഉദാരനായ ദൈവത്തോടുള്ള വിലാപവുമാണ്. ജോബിന്റെ സ്വഗതം (monologue) (3:1-17) പുറമേ ശാന്തമെന്നു തോന്നുമെങ്കിലും പ്രക്ഷുബ്ധമായ ഉള്ളിന്റെ പൊട്ടിത്തെറിയാണല്ലോ. എന്നാൽ ഇതും താൻ ശരണം വയ്ക്കുന്ന ദൈവത്തെ നേരിൽ കാണുവാനും തന്റെ ജീവിതത്തിലെ ദൈവികപദ്ധതിയെ മനസ്സിലാക്കുവാനുള്ള തൃഷ്ണയായിട്ടുവേണം മനസ്സിലാക്കുവാൻ. കാരണം ദൈവത്തിന്റെ മുമ്പിലുള്ള ഹൃദയത്തിന്റെ വഴിഞ്ഞൊഴുകലാണല്ലോ യഥാർത്ഥ പ്രാർത്ഥന (1 സാമു 1:15). ഈ വഴിഞ്ഞൊഴുകലിന് ഉപോൽബലകമായിട്ടുള്ളതോ ദൈവത്തെക്കുറിച്ചുള്ള ശരിയായ അറിവും, അവിടുന്നിലുള്ള ദൃഢമായ വിശ്വാസവും. മരണോന്മുഖമായ ജീവിതാനുഭവങ്ങൾ തീർക്കുന്ന കാൽവഴുതലിന്റെ അവസരങ്ങളിൽ, എന്റെ ദൈവമേ എന്നെ കരകയറ്റണമേയെന്നുള്ള വിശ്വാസിയുടെ നിലവിളി (സങ്കീ 69:1-3), ദൃഢമായ ദൈവാശ്രയത്തിന്റെ പ്രകരണമാണ്.

സഹനം പാപത്തിന്റെ പരിണതഫലമാണെന്ന പരമ്പരാഗത പഴയനിയമചിന്തയെ ചോദ്യം ചെയ്യുകയും സഹനമെന്ന സമസ്യയെ ദൈവത്തിന്റെ രഹസ്യാത്മകതയുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുവാനും ഈ ഗ്രന്ഥം പരിശ്രമിക്കുന്നു. ദൈവമെന്ന രഹസ്യവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലെ അവിഭാജ്യഘടകമാണല്ലോ ദൈവത്തിലുള്ള വിശ്വാസവും അതിൽനിന്നുയിർക്കൊള്ളുന്ന ബോധ്യങ്ങളും. വിശ്വാസമാണല്ലോ പ്രതിസന്ധികളെ അതിജീവിക്കാനുള്ള നീതിമാന്റെ കരുത്ത് (ഹബക്കൂക്ക് 2:4). ജോബിന്റെ ജീവിതത്തിൽ രൂപപ്പെടുന്ന വിശ്വാസത്തിന്റെ മാനങ്ങളാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യവിഷയം.

### 1. വിശ്വാസം: സഹനത്തിൽ ക്ഷയിക്കാത്ത ദൈവാശ്രയം

സഹനമാണ് മാനവ അസ്തിത്വത്തിലെ മനസ്സിലാക്കാൻ ഏറ്റവും ക്ലേശകരമായ യാഥാർത്ഥ്യങ്ങളിലൊന്ന്. അതിൽ നീതിമാന്റെയും നിഷ്കളങ്കന്റെയും സഹനം ഉത്തരം കിട്ടാത്ത ചോദ്യചിഹ്നമായി അവശേഷിക്കുന്നു. അപ്രതീക്ഷിതമായി കണ്ടുപിടിക്കപ്പെടുന്ന മാറാ

രോഗവും, നന്മമാത്രം ചെയ്യുന്ന മനുഷ്യർക്കു വന്നുഭവിക്കുന്ന അകാലമൃത്യുവും, ഒരുതെറ്റും ചെയ്യാത്ത ശിശുക്കളെ ബാധിക്കുന്ന എയ്ഡ്സ് പോലുള്ള മരണോന്മുഖമായ രോഗങ്ങളും, ശാരീരിക മാനസിക വൈകല്യങ്ങളുമായി പിറക്കുന്ന ജന്മങ്ങളും, മനുഷ്യന്റെ ചിന്തയെ മഥിക്കുന്ന ചോദ്യങ്ങളാണ്. എല്ലാമറിയുന്ന പ്രപഞ്ചനിയന്താവായ ദൈവം എന്തേ ഇങ്ങനെ അനുവദിക്കുന്നുവെന്ന ചോദ്യം ഇന്നും ഉത്തരം കിട്ടാത്ത സമസ്യതന്നെ. മനുഷ്യനെ ഇത്രയും സ്വാധീനിക്കുന്ന സഹനത്തിന്റെ നന്മയിൽ ശരണംവയ്ക്കുന്ന വിശ്വാസത്തിന്റെ ആവിഷ്കരണമാണ് ജോബിന്റെ ജീവിതം. ജോബ് 1-2 അദ്ധ്യായങ്ങളിൽ (Prologue) മനുഷ്യന്റെ ദൈവത്തിലുള്ള ആശ്രയത്വവും വിശ്വാസവും അവനു ദൈവം നല്കുന്ന അനുഗ്രഹങ്ങൾക്കാനുപാതികമായിട്ടാണെന്നും, അനുഗ്രഹങ്ങൾ പിൻവലിച്ചാൽ മനുഷ്യൻ ദൈവത്തെ ശപിക്കുമെന്നുള്ള വാദമുഖത്തെ നാടകീയമായി അവതരിപ്പിച്ചിരിക്കുകയാണ്. സഹനത്തെ പാപത്തിന്റെ ശിക്ഷയായി കണ്ടിരുന്നതുപോലെ, വിശ്വാസത്തെയും, മനുഷ്യനു ലഭിക്കുന്ന ദൈവാനുഗ്രഹങ്ങൾക്ക് ആനുപാതികമായി വിലയിരുത്തുന്ന രീതിയ്ക്കുള്ള വിമർശനവും കൂടിയാണിത്. ദൈവത്തിന്റെ എന്റെ ദാസനായ ജോബിനെ നീ ശ്രദ്ധിച്ചുവോ എന്നുള്ള ചോദ്യവും വെറുതെയാണോ ജോബ് ദൈവത്തെ മാനിക്കുന്നത് എന്നതും ഈ പ്രശ്നത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നു. അനുഗ്രഹങ്ങൾ ഓരോന്നായി തിരികെയെടുത്ത് സാത്താന്റെ അവകാശവാദം തെറ്റാണെന്ന് തെളിയിക്കുവാനും, അതുവഴി ശരിയായ വിശ്വാസം അനുഗ്രഹങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചുള്ള നന്ദി പ്രകടനമല്ലെന്നും ജോബെന്ന കഥാപാത്രത്തിലൂടെ വ്യക്തമാക്കപ്പെടുകയാണ്.

ഒരുപക്ഷേ ഇസ്രായേലിന്റെ വിപ്രവാസ അനുഭവത്തിന്റെ പ്രതിസന്ധിയും ഇവിടെ അന്തർലീനമായിട്ടുണ്ടാകാം. ദൈവാനുഗ്രഹത്തിന്റെ അടയാളങ്ങളായിരുന്ന ദേശവും ദേവാലയവും ഉടമ്പടിയും ശിഥിലമായപ്പോഴും ഇസ്രായേലിന് തുടർന്നും തങ്ങളുടെ നാഥനായ യാഹ്‌വേയിൽ വിശ്വാസമർപ്പിക്കുവാനും അവിടുത്തോടു ബന്ധം നിലനിർത്താനും സാധിക്കുമോ? അതോ അനുഗ്രഹത്തിന്റെ അടയാളങ്ങൾ ഇല്ലാതാകുമ്പോൾ ദൈവത്തെ തിരസ്കരിച്ച് അവിശ്വാസികളാകുമോ? ഇനിയും (അതായത്, ജീവിതത്തിലെ അനുഗ്രഹങ്ങളെല്ലാം - മക്കൾ, സമ്പത്ത്, ആരോഗ്യം എല്ലാം ഇല്ലാതായിട്ടും) ദൈവഭക്തിയിൽ ഉറച്ചു നിൽക്കുന്നുവോ? ജോബിന്റെ ഭാര്യയുടെ ചോദ്യം ഇസ്രായേലിന്റെ സന്നിഗ്ദാവസ്ഥയെ ദ്യോതിപ്പിക്കുന്നുണ്ട്, ദൈവത്തെ ശപിച്ചിട്ട് മരിക്കുകയെന്ന ഭാര്യയുടെ ഉപദേശം വിശ്വാസത്തിന് വെല്ലുവിളിയും (2:9).





### 1.1 ദൈവം ക്രൂരനോ?

ദൈവം എന്തിനാണ് ജോബിന്റെ വിശ്വാസത്തിന്റെയും ദൈവഭക്തിയുടെയും ആഴവും ഉദ്ദേശവും പരിശോധിക്കാൻ സാത്താനെ അനുവദിച്ചത്? ജോബിന്റെ സമഗ്രതയും ദൈവാഭിമുഖ്യവും അറിയുന്ന ദൈവത്തിന് സാത്താന്റെ ആക്ഷേപങ്ങളെ തിരസ്ക്കരിക്കാമായിരുന്നു. അങ്ങനെ ജോബിന്റെ ദാരുണമായ സഹനം ഒഴിവാക്കാമായിരുന്നു. അങ്ങനെയായാൽ, മനുഷ്യനു വന്നുഭവിക്കുന്ന പലതരം സഹനങ്ങളിൽ അർത്ഥം കണ്ടെത്തുവാൻ ഈ പുസ്തകം നൽകുന്ന സഹായം തലമുറകൾക്ക് നഷ്ടമാകുമായിരുന്നു. തന്നെയുമല്ല, എല്ലാ സഹനങ്ങളെയും മനുഷ്യന്റെ ധാർമ്മികവും മതപരവുമായ വീഴ്ചകളുടെ പരിണതഫലമായി ചിത്രീകരിക്കുന്ന പ്രത്യുപകാരപരമായ (retributive justice) നീതി ശാസ്ത്രത്തിന്റെയും പാരമ്പര്യത്തിന്റെയും കരുണയിലാകുമായിരുന്നു നാം. ജോബിന്റെ സുഹൃത്തുക്കളുടെ സഹനത്തിന്റെ വിശകലനങ്ങൾ ഈ താരതമ്യത്തിന്റെ വിശദീകരണങ്ങളാണ്.

ജോബിന്റെ രണ്ട് വിഖ്യാതമായ വചനങ്ങളുണ്ട്. കർത്താവുതന്നു കർത്താവെടുത്തു, അവിടുത്തെ നാമം വാഴ്ത്തപ്പെടട്ടെ (1:21); ദൈവകരങ്ങളിൽനിന്ന് നന്മ സ്വീകരിച്ച നാം തിന്മ സ്വീകരിക്കാൻ മടിക്കുകയോ? (2:10). അവ അനുഗ്രഹവർഷത്തിന്റെ തോതിനതീതമായ ദൈവാശ്രയത്വവും ദൈവത്തിന്റെ കരങ്ങളിൽ എല്ലാം കയ്യാളിക്കുന്ന വിശ്വാസവും പ്രകടമാക്കുന്നുണ്ട്. അങ്ങനെ സഹനമെന്ന രഹസ്യത്തെ, ദൈവത്തെ തിരസ്കരിക്കാതെയും, ദൈവമുഖദർശനവാഞ്ചയെ നിഷേധിക്കാതെയും മനസ്സിലാക്കുവാൻ ജോബ് സഹായിക്കും. നമ്മുടെ സഹനങ്ങളെയും പരീക്ഷണങ്ങളെയും ദൈവവുമായുള്ള സംവാദത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞാൽ, ദൈവം തരുകയും തിരികെയെടുക്കുകയും ചെയ്യുന്നുവെന്ന് അംഗീകരിക്കുവാനും സാധിച്ചാൽ സഹനം വിശ്വാസത്തിൽ ആഴപ്പെടുവാനും നമ്മുടെ ദൈവത്തെക്കുറിച്ചുള്ള അറിവ് കൂടുതൽ മിഴിവുള്ളതാക്കുവാനും ഉപകരിക്കും. ജോബിന്റെ ഈ വിശ്വാസം നിഷ്കാമമാണ്. അനർത്ഥങ്ങൾ ഒന്നിനു പിറകേ ഒന്നായി വന്നു ഭവിച്ചപ്പോൾ, ജോബിന്റെ സ്വാഭാവിക പ്രതികരണം ദൈവഹിതത്തെ അംഗീകരിക്കുന്നതും ദൈവത്തിലുള്ള വിശ്വാസവുമായിരുന്നു. ഭാര്യയ്ക്കു നല്കുന്ന ഉത്തരവും ഭിന്നമല്ല - ദൈവഹിതം സ്വീകരിക്കുക.

## 2. ദൈവത്തോട് കാരണമാരായുന്ന തുറവുള്ള വിശ്വാസം

എല്ലാം - സന്തോഷവും, ദു:ഖവും, ആരോഗ്യവും, രോഗങ്ങളും, സമ്പത്തും, ദാരിദ്ര്യവും ദൈവത്തിൽനിന്നാണെന്നും അതു സ്വീക

രിക്കുന്നുവെന്നുമുള്ള ജോബിന്റെ വിശ്വാസം ആഴമേറിയതും ദൈവത്തിന്റെ നന്മയെയും, നേതൃത്വത്തെയും അംഗീകരിക്കുന്നതുമാണ്. ദൈവഹിതത്തെ അംഗീകരിക്കുമ്പോഴും എന്തേ ഇങ്ങനെ എന്നുള്ള ജോബിന്റെ ദൈവത്തോടുള്ള ചോദ്യങ്ങൾ, ദൈവത്തോട് ചോദിക്കുവാനും, ദൈവവുമായുള്ള സംവേദനത്തിലൂടെ അവിടുത്തെ നേരിൽക്കാണുവാനും ആഗ്രഹിക്കുന്ന ജോബിന്റെ വിശ്വാസം ആഴമേറിയ മാനങ്ങൾ ഉൾക്കൊള്ളുന്നു.

### 2.1 ആത്മബന്ധത്തിൽനിന്നുയരുന്ന ചോദ്യം

എന്തേ, എന്തിന്, എന്തുകൊണ്ട്, എന്തു കാരണത്താൽ എന്ന ചോദ്യത്തിനു പിന്നിൽ ചോദ്യകർത്താവും ചോദ്യം ചെയ്യപ്പെടുന്ന വ്യക്തിയും തമ്മിൽ വൈയക്തികബന്ധമുണ്ട്. സുദൃഢമായ ബന്ധത്തിന്റെ ബലത്തിലേ ഈ ചോദ്യശരങ്ങൾ സാധിതമാകൂ. 'എന്തേ' ചോദ്യങ്ങൾ കാരണം കാണിക്കുവാനുള്ള ക്ഷണവും ചെയ്യേണ്ട കർത്തവ്യങ്ങളിലെ വീഴ്ചകൾക്ക് ആവലാതിയുമാണല്ലോ. ഈ ബന്ധത്തിന്റെ അഭാവത്തിൽ why (എന്തേ) ചോദ്യങ്ങൾ അപ്രസക്തമാണ്. അവ നിഷ്കരുണം തിരസ്കരിക്കപ്പെടും. വി.ഗ്രന്ഥത്തിലെ വിഖ്യാതമായ പല 'എന്തേ' ചോദ്യങ്ങളും - ജോബിന്റെ - ഉൾപ്പെടെ ദൈവവും പ്രാർത്ഥിക്കുന്ന വ്യക്തിയും തമ്മിലുള്ള ആഴമായ ആത്മമൈത്രിബന്ധത്തിന്റെ ബഹിർസ്ഫുരണമാണ്. ഒരു പ്രതിസന്ധിയിലും തകരില്ലെന്ന് ഉറപ്പുള്ള ആത്മബന്ധത്തിലേ, പ്രയാസമുള്ള ചോദ്യങ്ങൾക്ക് പ്രസക്തിയുള്ളൂ, സാധ്യതയുമുള്ളൂ.

ജോബ് 3-ാം അധ്യായം ജീവിതത്തിന്റെ അനിഷ്ടങ്ങളുടെ കൂമ്പാരത്തിൽ ജീവിതത്തിനുതന്നെ അർത്ഥം തിരയുന്ന വ്യക്തിയുടെ പ്രലാപമാണ്. ജോബ് ദൈവത്തെ ശപിക്കുന്നില്ലെങ്കിലും അവിടുത്തെക്കുറിച്ച് പരാതിപ്പെടുന്നുണ്ട്. കാരണം, താൻ കേട്ടറിഞ്ഞ, മനസ്സിലാക്കിയ ദൈവത്തെക്കുറിച്ചുള്ള അറിവ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. ജീവിതത്തിലെ ദുരവസ്ഥയിൽ ഉള്ളം അസ്വസ്ഥമായ വ്യക്തിക്ക് ദീർഘകാലം മൗനം ഭജിക്കുക ദുഷ്കരമാണ്. അമ്മയുടെ ഉദരത്തിൽ ഉരുവായ രാത്രിയെയും, ജന്മം നൽകിയ ദിവസത്തെയും ശപിച്ചു തന്റെ വേദനകളെ ദൈവത്തിന്റെ മുമ്പിൽ കരച്ചിലായി ജോബ് സമർപ്പിക്കുമ്പോൾ, അത് ദൈവതിരസ്കരണമല്ല. ഗുസ്താവോ ഗുട്ടിയരസ് പറയുന്നതുപോലെ, പിടിച്ചുനിർത്താനാവാത്ത തിരയേറ്റമായി പ്രകടമാകുന്ന വികാരവിക്ഷോഭം, സാമാന്യത്തിൽനിന്നും ഭിന്നമെങ്കിലും ദൈവത്തിലുള്ള ആഴമായ കൈയാളിക്കലും, അവിടുന്നിലുള്ള പ്രത്യാശയും പ്രകടമാക്കുന്നു. കടൽത്തീരത്തെ മണലിനെക്കാൾ ഭാരമേറിയ അനർത്ഥങ്ങൾ നിരനിരയായി





ജീവിതത്തിലുണ്ടാക്കുമ്പോൾ, അവ ചിലപ്പോൾ വിവേകശൂന്യമായ പൊട്ടിത്തെറികളായി മാറാം (ജോബ് 6:8). എന്നാൽ ആ പൊട്ടിത്തെറികൾ തന്റെ അനർത്ഥങ്ങളുടെ അർത്ഥം പറഞ്ഞുതരാൻ കഴിവുള്ള താൻ ആശ്രയിക്കുന്ന ദൈവത്തോടാകുമ്പോൾ അത് നിരാശയുടെ പ്രകടനമല്ല, യുക്തിപരമായ കാരണമില്ലാത്ത ഖേദപ്രകടനമല്ല, ദൈവികപദ്ധതിക്ക് വേണ്ടിയുള്ള അന്വേഷണമാകാം. ഇവിടെയാണ് ജോബിന്റെ ദൈവവും മൂന്ന് സുഹൃത്തുക്കളുമായുള്ള സംവാദത്തിന്റെ സാംഗത്യം.

### 3. ദൈവവുമായി സംവാദത്തിലേർപ്പെടാൻ സ്വാതന്ത്ര്യമുള്ള വിശ്വാസം

ജോബിന്റെ ദുർഭഗസ്ഥിതിക്ക് കാരണം തിരയുന്ന മൂന്ന് സുഹൃത്തുക്കൾ, തങ്ങൾ പഠിച്ചുവച്ചിരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള വിശദീകരണമാണ് ജോബിന് നൽക്കുക. അതെല്ലാംതന്നെ ഇങ്ങനെ ചുരുക്കാം. ദൈവം കാരണമില്ലാതെ മനുഷ്യനെ ശിക്ഷിക്കില്ല; വേദനകളും രോഗവും തെറ്റിനുള്ള ശിക്ഷതന്നെ; അങ്ങനെയെങ്കിൽ ജോബിന്റെ ഇന്നത്തെ അവസ്ഥ അവന്റെ തിന്മയ്ക്കുള്ള ശിക്ഷയാണ്. എലിഫാസിന്റെ ചോദ്യം പ്രസക്തമാണ്. ചിന്തിച്ചു നോക്കൂ. നിഷ്കളങ്കൻ എന്നെങ്കിലും നാശമറിഞ്ഞിട്ടുണ്ടോ? നീതിനിഷ്ഠൻ വിച്ഛേദിക്കപ്പെട്ടിട്ടുണ്ടോ? (4:7). എന്നാൽ ജോബിന് സുഹൃത്തുക്കളുടെ താത്വികവാദം സ്വീകാര്യമായിരുന്നില്ല. കാരണം, മാനുഷികവും മതപരവുമായ രീതിയിൽ, കുറ്റമറ്റജീവിതം നയിച്ചിരുന്ന തനിക്ക് (ജോബ് 1:2) വന്നുഭവിച്ച ദുരന്തം ദൈവശിക്ഷയായി അപഗ്രഥിക്കാനാവില്ല. ഒരുപക്ഷേ നല്ലകാലത്ത് ജോബും ഈ പകവീട്ടലിന്റെ ദൈവശാസ്ത്രം (നന്മയ്ക്കു പകരം നന്മ, തിന്മയ്ക്കു പകരം തിന്മ) ശരിയായി കരുതിയിരിക്കാം. മറ്റുള്ളവരുടെ കഷ്ടപ്പാടിന് വിശദീകരണം എളുപ്പമാണല്ലോ. തന്റെ സഹനത്തിന്റെ അനുഭവത്തെ വിശദീകരിക്കുന്നില്ല. അതുകൊണ്ട്, തന്റെ സഹനത്തിന്റെ പൊരുൾ അറിയാവുന്ന ദൈവത്തോട് അദ്ദേഹം സംവാദത്തിലേർപ്പെടുന്നുണ്ട്. ജോബിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

"ഞാൻ ഇതെല്ലാം കാണുകയും കേൾക്കുകയും ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങളറിയുന്നത് ഞാനും അറിയുന്നു. ഞാൻ നിങ്ങളെക്കാൾ താഴെയല്ല. ഞാൻ സർവ്വശക്തനോടു സംസാരിക്കും. ദൈവവുമായി ന്യായവാദം നടത്താൻ ഞാൻ തയ്യാറാണ്. നിങ്ങളാകട്ടെ വ്യാജംകൊണ്ടു വെള്ളപൂശുന്നു; നിങ്ങൾ വിലയില്ലാത്ത വൈദ്യന്മാരാണ്" (13:1).

ഈ സംവാദത്തെ താൻ വിശ്വസിക്കുന്ന ദൈവത്തെ കണ്ടെത്തുവാനുള്ള ജോബിന്റെ തീർത്ഥയാത്രയാണെന്നു പറയാം. ദൈവം ജോബിന് ദർശനമരുളുമ്പോൾ, അരമുറുക്കി ജോബ് ആഗ്രഹിച്ച യാത്രയ്ക്ക് ഒരുങ്ങുവാൻ ക്ഷണിക്കുന്നുണ്ട് (38:3).

### 3.1 ദൈവം ജോബിന് സുഹൃത്തോ?

ദൈവത്തോടുള്ള ജോബിന്റെ ചില സംഭാഷണങ്ങൾ ഒന്നും മറച്ചുവയ്ക്കാതെ പൂർണ്ണമായും അവിടുത്തെ മുമ്പിൽ തുറന്നുവയ്ക്കുന്ന പുസ്തകംപോലെയാണ്. സന്തോഷവും ദു:ഖവും പരാതികളും വേവലാതികളും ദേഷ്യവും സങ്കടവും നിരാശയും പ്രതീക്ഷയും എന്നുവേണ്ട, തന്റെ ജീവിതാനുഭവങ്ങളെല്ലാം ദൈവത്തോട് പറയുവാൻ ജോബിന് സാധിച്ചത് അവിടുത്തോടുള്ള മക്കൾക്കടുത്ത സ്വാതന്ത്ര്യവും, അവിടുന്ന് തന്നെ കൈവെടില്ലെന്നുള്ള വിശ്വാസവുമായിരിക്കണം. ആശ്വസിപ്പിക്കാനെത്തിയ കൂട്ടുകാർ വിധിയാളന്മാരാവുകയും, ജോബിന്റെ നിജസ്ഥിതി ദയയോടെ സമീപിക്കുന്നതിനുപകരം പാടിപതിഞ്ഞ ഈരടികൾപോലെ പഠിച്ചുവെച്ച ദൈവത്തെക്കുറിച്ചുള്ള അറിവ് ജോബിനെ അടിച്ചേല്പിക്കുകയും ചെയ്തു. മന:പാഠമാക്കിയ ദൈവവിജ്ഞാനീയത്തെ ജോബിന്റെ വേദനയുടെ ആനുകാലികതയിൽ അനുരൂപപ്പെടുത്താനും പുനരാവിഷ്കരിക്കാനും അവർക്കു കഴിഞ്ഞില്ല. "ദൈവത്തിന്റെ ദുരൂഹരഹസ്യങ്ങൾ നിനക്ക് മനസ്സിലാക്കാൻ കഴിയുമോ?" എന്ന് ജോബിനോട് ചോദിക്കുന്ന കൂട്ടുകാർ, തങ്ങൾ ദൈവരഹസ്യത്തിന്റെ കാവൽക്കാരാണെന്നും, എല്ലാം പ്രശ്നത്തിനും തങ്ങൾ മനസ്സിലാക്കിയിരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള അറിവ് മതിയായ ഉത്തരം നല്കുന്നുവെന്നുള്ള ധാർഷ്ട്യം പ്രകടിപ്പിക്കുന്നുണ്ട്. ഈ ധാർഷ്ട്യത്തെയാണ് ജോബ് വെല്ലുവിളിക്കുന്നത്. ദൈവം തനിക്കനുവദിച്ച പിടികിട്ടാത്ത സഹനത്തിലെ ദൈവികപദ്ധതി തിരയുന്ന ജോബിനെ പുച്ഛിക്കുകയും, അവന്റെ ദുരവസ്ഥയെ ലാഘവത്തോടെ വിധിക്കുകയും ചെയ്ത സുഹൃത്തുക്കളെ ശകാരിക്കുകയും ചെയ്യുന്ന ദൈവം (42:7) അനുകമ്പ ആവശ്യമുള്ള മതാത്മകതയിലേക്കും ദൈവാശാസ്ത്രത്തിലേക്കും വിരൽചൂണ്ടുന്നു (ഉദാ. ഹോസിയ 6:6; സങ്കീ 51:17). ജോബ് പറയുന്നതുപോലെ അവരുടേത് ജനസ്വരമാണ് (12:1). അവനത് ദു:സ്സഹമായി, പരിഹാസമായി. വേദന മനസ്സിലാക്കാത്ത മതവും, ദൈവശാസ്ത്രവും പരിഹാസമായിത്തീരാം. ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ചിന്തനീയമാണ്; ദൈവം മനുഷ്യനെ വിധിക്കുന്നത് സ്നേഹിച്ചുകൊണ്ടാണ്. അങ്ങനെയെങ്കിൽ, സഹനം തീർക്കുന്ന അസ്വസ്ഥതയിൽനിന്നുയരുന്ന പ്രതിഷേധങ്ങളെയും പരിദേവനങ്ങളെയും (ജോബ് 3:26) വിലയിരുത്തേണ്ടത് നിയമത്തെ





ക്കാളുപരി, സഹിഷ്ണതയോടും വ്യക്തിയെ പരിഗണിച്ചുകൊണ്ടുമാകണം.

ജോബ് പ്രതീക്ഷിക്കുന്ന സൗഹൃദത്തിന്റെ സാന്ത്വനം ആന്തരികസംഘർഷത്തിൽനിന്നുയരുന്ന തന്റെ വാക്കുകളെ ക്ഷമയോടെ ശ്രവിക്കുന്നതാണ്. മനുഷ്യസുഹൃത്തുക്കളതിൽ പരാജയപ്പെട്ടു. സുഹൃത്തുക്കൾ തന്നെ മനസ്സിലാക്കിയില്ലെങ്കിലും ദൈവം തന്റെ ഹൃദയവ്യഥയെ ഗ്രഹിക്കുമെന്നും, വേദനയിൽനിന്നുയരുന്ന ന്യായവാദം ക്ഷമയോടെ കേട്ട് തനിക്ക് സാന്ത്വനം നൽകുമെന്നും ജോബ് പ്രതീക്ഷിക്കുന്നു. ജോബിന്റെ വാക്കുകൾക്ക് ഇടം കൊടുക്കുന്ന ദൈവം ജോബിന് ഉത്തമ സുഹൃത്ത് തന്നെ. ആ സുഹൃത്തിലുള്ള വിശ്വാസം ജോബിന് ആശ്വാസമായി. ദൈവത്തോട് സ്നേഹിതനടുത്ത സ്വാതന്ത്ര്യത്തോടെ സംവേദനത്തിലേർപ്പെടുന്ന വിശ്വാസം യാന്ത്രികമല്ല; പ്രശ്നങ്ങളിൽ ആടിയുലഞ്ഞാലും തകരില്ലത് (ജോബ് 13:20–22).

## 4. ദൈവത്തെ നേരിൽ കാണാനാഗ്രഹിക്കുന്ന വിശ്വാസം

തന്നെ മനസ്സിലാക്കുന്ന ദൈവത്തെക്കാണുവാനുള്ള അദമ്യമായ ആഗ്രഹം ജോബിന്റെ വാക്കുകളിൽ പ്രകടമാണ്. "എനിക്ക് ന്യായം നടത്തി തരുന്നവൻ ജീവിക്കുന്നെന്നും അവസാനം അവിടുന്ന് എനിക്കുവേണ്ടി നിലകൊള്ളുമെന്നും ഞാൻ അറിയുന്നു. എന്റെ ചർമം അഴുകിയില്ലാതായാലും എന്റെ മാംസത്തിൽനിന്ന് ഞാൻ ദൈവത്തെ കാണും. അവിടുത്തെ ഞാൻ എന്റെ പക്ഷത്ത് കാണും. മറ്റ് ആരെയുമല്ല അവിടുത്തെത്തന്നെ എന്റെ കണ്ണുകൾ ദർശിക്കും. എന്റെ ഹൃദയം തളരുന്നു (19:25–27). എന്നെ ശ്രവിക്കുവാൻ ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ! ഇതാ എന്റെ കൈയ്യൊപ്പ്! സർവ്വശക്തൻ എനിക്കുത്തരം നൽകട്ടെ! (31:35). നേരിൽ കണ്ടാൽ തന്റെ ജീവിതസമസ്യയ്ക്ക് സുഹൃത്തുക്കളുടേതിനെക്കാൾ സ്വീകാര്യമായ വിശദീകരണം ലഭിക്കുമെന്ന് അദ്ദേഹം കരുതുന്നു. സ്വർഗ്ഗത്തിലിരിക്കുന്ന സാക്ഷിയെയും ജാമ്യക്കാരനെയും ബോധ്യപ്പെടുത്തി, അത്യുന്നതന്റെ മുമ്പിൽ തനിക്കുവേണ്ടി ന്യായവാദം നടത്താൻ ഒരു അമാനുഷിക ഇടനിലക്കാരനെ ജോബ് ആഗ്രഹിക്കുന്നുണ്ട് (16:19). ഈ ആഗ്രഹം വിശ്വാസത്തിലൂന്നിയ ദൈവികഇടപെടലിനെക്കുറിച്ചുള്ള പ്രതീക്ഷയാണെന്നാണ് പണ്ഡിതമതം.

ദൈവത്തിന്റെ സൗഹൃദം അനുഭവിച്ചിരുന്ന പൂർവ്വകാലത്തെ ഗൃഹാതുരത്വത്തോടെ ജോബ് ഓർമ്മിക്കുകയും ആ ദൈവസാമീപ്യം നൽകുന്ന ശാന്തിയുടെ അനുഭവം വീണ്ടും ലഭിക്കുവാൻ പ്രാർത്ഥനയോടെ ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട് (ജോബ് 29:1–3).

ദൈവസാമീപ്യം ഇപ്പോൾ തനിക്ക് അന്യമായിരിക്കുന്നുവെങ്കിലും ജോബ് പ്രതീക്ഷ കൈവെടിയുന്നില്ല. താൻ ആശ്രയം വയ്ക്കുന്ന ദൈവത്തെക്കാണുവാനുള്ള തീവ്രാഭിലാഷം ജോബിന്റെ വാക്കുകളിൽ പ്രകടമാണ്: "ഞാൻ അങ്ങയോട് നിലവിളിക്കുന്നു, അങ്ങ് എനിക്ക് ഉത്തരം നൽകുന്നില്ല; ഞാൻ എഴുന്നേറ്റ് നിൽക്കുന്നു, അങ്ങ് എന്നെ ശ്രദ്ധിക്കുന്നില്ല (30:20)." "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു! എന്നെ സഹായിക്കാതെയും, എന്റെ രോദനം കേൾക്കാതെയും അകന്നു നിൽക്കുന്നത് എന്തുകൊണ്ട്? (സങ്കീ 22:1)" എന്ന പ്രാർത്ഥനയിൽ തെളിഞ്ഞു നിൽക്കുന്നതും ദൈവസാമീപ്യത്തിനുവേണ്ടിയുള്ള ആഗ്രഹമാണല്ലോ.

### 5. പരിമിതികൾ അംഗീകരിച്ച് ദൈവത്തിന് കീഴ്വഴങ്ങുന്ന വിശ്വാസം

ജോബ് നിയമവ്യവഹാരരീതിയിൽ ദൈവത്തെ പ്രതിയോഗിയായി കണ്ട് ദൈവശിക്ഷവിളിച്ചു വരുത്താവുന്നതായി തന്നിൽ ആരോപിക്കപ്പെട്ട അകൃത്യങ്ങളൊക്കെ ഒന്നൊന്നായി ഖണ്ഡിച്ച് തന്റെ നിരപരാധിത്വം ദൈവത്തിന്റെ മുന്നിൽ നിരത്തുകയും ചെയ്യുന്നുണ്ട് (29-31 അധ്യായങ്ങൾ). ഇവിടെ ഒരു കാര്യം വിസ്മരിക്കരുത്: ജോബിന്റെ സ്വഭാവദാർഢ്യം. ജോബിനെ കുറ്റമില്ലാത്തവനും ദൈവഭക്തനും, നിഷ്കളങ്കനും, നീതിനിഷ്ഠനും ആയിട്ടാണല്ലോ വായനക്കാർക്ക് പരിചയപ്പെടുത്തുന്നത് (ജോബ് 1:1 cf ഉൽപത്തി 17:1, മിക്കാ 6:8). തന്റെ ജീവിതസമഗ്രതയെക്കുറിച്ചുള്ള ബോധ്യമാകണം തന്റെ രഹസ്യവിചാരങ്ങൾപോലും അറിയുന്ന ദൈവത്തെ തന്റെ ജീവിതത്തെ വിചാരണചെയ്യാൻ ജോബിന് ധൈര്യം നൽകിയത്. സ്വന്തം സമഗ്രതയെക്കുറിച്ച് ഉറപ്പുള്ളവർക്കേ ആരോപണങ്ങൾക്ക് നേരേ തലയുയർത്തി നിൽക്കാനാകൂ എന്നത് സുവ്യക്തമാണല്ലോ.

ജോബിന്റെ പ്രതീക്ഷയിൽനിന്നും വിഭിന്നമായ രീതിയിലാണെങ്കിലും ജോബുമായി നേരിൽ സംസാരിക്കാൻ ദൈവം കടന്നുവരുന്നുണ്ട് (38-41 അധ്യായങ്ങൾ). ദൈവം തന്നെ കൈവിട്ടുവെന്ന ജോബിന്റെ ഭയം അങ്ങനെ ദൂരീകരിക്കപ്പെട്ടു. ദൈവത്തിൽ ആശ്രയം വയ്ക്കുന്ന വിശ്വാസിക്ക് ദൈവം തന്നിൽനിന്നും അകന്നിരിക്കുന്നുവെന്ന തോന്നൽ തീവ്രവേദനയ്ക്ക് കാരണമാകും (ജോബ് 23:3, 8-9; സങ്കീ 22). ഗദ്സമനിയിൽ ഈശോ അനുഭവിച്ച യാതനയും മറ്റൊന്നായിരുന്നില്ലല്ലോ. ദൈവം ഉപേക്ഷിച്ചുവെന്ന തോന്നൽ വിശ്വാസപ്രതിസന്ധിക്ക് കാരണമാകാം. വിശ്വാസപ്രതിസന്ധിയിലും ദൈവത്തെ തിരയുന്ന ജോബ് ഒരു മാതൃകയാണ്. ദൈവം തന്നെ





മറന്നിട്ടില്ലെന്ന അറിവ്തന്നെ ജോബിന് വലിയ ഉത്തേജനമാണ്. പുതിയനിയമത്തിൽ ഈശോയുടെ ഉയിർപ്പും ദൈവത്തിന്റെ ക്ഷയിക്കാത്ത ഓർമ്മയുടെ മഹനീയ സാക്ഷ്യമാണല്ലോ.

ദൈവവുമായുള്ള അഭിമുഖം ജോബ് അന്വേഷിച്ചിരുന്ന ദൈവനീതിയുടെ വിശാലത മനസ്സിലാക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. സർവ്വശക്തനിൽനിന്നും ഉത്തരം ആഗ്രഹിച്ച ജോബിന് (31:35) അവിടുന്ന് പ്രപഞ്ചമാകുന്ന വലിയ രഹസ്യത്തിന്റെ അപരിമേയത മനസ്സിലാക്കികൊടുക്കുവാനായി ജോബിനെ ചോദ്യങ്ങളിലൂടെ ക്ഷണിക്കുന്നുണ്ട്. പോൾ കല്ലുവീട്ടിൽ എഴുതിയിരിക്കുന്നതുപോലെ, ജോബിനു തന്റെ കൊച്ചു ലോകത്തിൽനിന്നും ദൈവത്തിന്റെ വിശാലമായ കാഴ്ചപ്പാടിലേക്ക് നയിക്കുകയായിരുന്നു ദൈവപ്രത്യക്ഷീകരണത്തിന്റെയും തുടർന്നുള്ള പ്രഭാഷണത്തിന്റെയും ഉദ്ദേശ്യം. നീതിയെന്ന തുലാസ്സിൽ ദൈവത്തിന്റെ സർവ്വവ്യാപാരങ്ങളും തൂക്കിനോക്കുവാനായിരുന്നു ജോബിന്റെ പരിശ്രമം. അതുകൊണ്ട് ദൈവപരിപാലനയുടെ എല്ലാതലങ്ങളിലും കടന്നുചെല്ലുവാൻ അദ്ദേഹത്തിന് കഴിയാതെ പോയി. നിയന്താവായ യാഹ്‌വേയുടെ ലോകഭരണത്തിൽ മനുഷ്യബുദ്ധിക്കതീതമായ നിഗൂഢത ഒളിഞ്ഞിരിപ്പുണ്ട്. ആ പരിപാലനയുടെ വിവിധതലങ്ങളിലൊന്നുമാത്രമാണ് നീതി. ജോബ് നിയന്താവായ നീതിമാനെന്ന ലേബലിൽ മാത്രം ഒതുക്കി നിറുത്തി. എന്നാൽ, സ്നേഹമാണ് ലോകപരിപാലനയുടെ കേന്ദ്രഘടകം.

ജോബിനോടുള്ള ദൈവത്തിന്റെ ചോദ്യങ്ങൾ ജോബിന് സൃഷ്ടിയെന്ന നിലയിൽ സ്വയം വിലയിരുത്തുവാനും താൻ ദൈവത്തോട് ചോദിച്ച ചോദ്യങ്ങൾ പലതും ദൈവികപദ്ധതിയെക്കുറിച്ചുള്ള തന്റെ അറിവില്ലായ്മയുടെ ജല്പനങ്ങളായിരുന്നുവെന്നും ജോബ് തിരിച്ചറിഞ്ഞു (ജോബ് 40:3-5; 42:2-3). അപരിമേയനായ ദൈവത്തിന്റെ പദ്ധതി പൂർണ്ണമായി ഗ്രഹിക്കുവാൻ പരിമിതനായ മനുഷ്യന് സാധിക്കില്ല എന്ന സന്ദേശവും ജോബിന്റെ പുസ്തകം നല്കുന്നുണ്ട്. ദൈവത്തിന്റെ വാക്കുകൾ ജോബിനെ തന്റെ ജീവിതാനുഭവങ്ങളുടെ വൈരുദ്ധ്യത തീർത്ത കൂച്ചുവിലങ്ങിൽനിന്ന് വിടുതൽ നല്കി. തന്റെ സഹനത്തിലും ദൈവത്തിനൊരു പദ്ധതിയുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് തന്റെ പരിമിതിയെ മനസ്സിലാക്കുവാനും അവിടുത്തെ പദ്ധതിക്ക് കീഴ്വഴങ്ങുവാനും ജോബിനെ പ്രാപ്തനാക്കി. ദൈവവുമായുള്ള വാഗ്വാദങ്ങൾ ജോബുപേക്ഷിച്ചു. പകരം, ദൈവത്തെ കണ്ടറിഞ്ഞ അദ്ദേഹം സ്വയം വിനീതനാക്കി. അവിടുത്തെ പദ്ധതിക്ക് തന്നെത്തന്നെ കൈയാളിച്ചു (ജോബ് 42:2-6). അഹമുപേക്ഷിച്ച് ദൈവികപദ്ധതിക്ക് കീഴ്വഴങ്ങുന്നതാണല്ലോ

വിശ്വാസത്തിന്റെ പരമോന്നത തലം. "പിതാവേ, എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ" (ലൂക്കാ 22:42; 23:46) എന്നു പറഞ്ഞ് എല്ലാം പിതാവിന്റെ കൈകളിൽ സമർപ്പിക്കുന്ന ഈശോയാണ് ഈ വിശ്വാസത്തിന്റെ പരമകാഷ്ഠം.

**ഉപസംഹാരം**

ജോബിന്റെ പുസ്തകം ജീവിതപ്രശ്നങ്ങളുടെ വൈരുദ്ധ്യങ്ങളും പ്രതിസന്ധികളും തീർക്കുന്ന അന്ധകാരത്തെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അതിജീവിക്കുവാൻ ശ്രമിക്കുന്ന ഓരോ മനുഷ്യന്റെയും ജീവിതകഥയാണ്. വേദനയിലും കഷ്ടതയിലുമാണ് ദൈവത്തിന്റെ നന്മയിലുള്ള വിശ്വാസം ഏറ്റവും കൂടുതൽ വെല്ലുവിളിക്കപ്പെടുന്നത്. ജീവിതപ്രതിസന്ധികളിൽ ദൈവം തന്നെ ഉപേക്ഷിച്ചുവെന്ന ചിന്ത രണ്ടുതരം പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാം: ഒന്ന്, സ്വത്വഭ്രംശവും നിരീശ്വരത്വവും. രണ്ട്, വിശ്വാസം കൈവിടാതെയും ദൈവത്തോട് കാരണമാരായുക. ആദ്യത്തേത് ആത്മഹത്യയിലേക്ക് നയിക്കാം. രണ്ടാമത്തേത് പ്രയാസങ്ങളിലും പ്രതീക്ഷ കൈവിടാതെ ജീവിതത്തെ അഭിമുഖീകരിക്കാം. ജോബ് രണ്ടാമത്തെ വഴിയുടെ മാതൃകയാണ്.

ജോബിന്റെ വിശ്വാസദർശനം നല്കുന്ന മറ്റൊരു സന്ദേശം സഹനമെന്ന രഹസ്യത്തെ വളരെ എളുപ്പത്തിൽ മനസ്സിലാക്കാമെന്നത് വ്യാമോഹമാണെന്നുള്ളതാണ്. ജോബിന്റെ മൂന്ന് സുഹൃത്തുക്കൾ തങ്ങളുടെ അറിവിന്റെ ബലത്തിൽ ജോബിന്റെ സഹനത്തെ വിലയിരുത്തിയത് തെറ്റായിയെന്ന് വ്യക്തമാണല്ലോ. കഠിനമെന്ന് തോന്നാമെങ്കിലും ജോബിന്റെ വഴിയാണ് ദൈവം കൂടുതൽ സ്വീകാര്യമായി വിലയിരുത്തിയതും (ജോബ് 42:7). അതുപോലെ സഹനത്തിന്റെ വിശകലനത്തിൽ വ്യക്തിയെ തിരിച്ചറിയാത്ത തത്വശാസ്ത്രവും ദൈവശാസ്ത്രവും മനുഷ്യൻ തിരസ്കരിക്കുമെന്നുള്ള പാഠവും പ്രാധാന്യമർഹിക്കുന്നു. പുതിയനിയമം കാഴ്ചവയ്ക്കുന്ന നൂതനത്വവും ഈശോയുടെ സഹാനുഭൂതിയോടെയുള്ള നിയമവ്യാഖ്യാനവും പ്രവർത്തനങ്ങളുമാണല്ലോ. അങ്ങനെ ജോബ് പ്രതിനിധാനം ചെയ്യുന്ന വിശ്വാസം ഉപരിപ്ലവമായതല്ല, അത് മനുഷ്യന്റെ അസ്തിത്വത്തെ മുഴുവൻ ഉൾക്കൊള്ളുന്നതാണ്. സഹനത്തിന്റെ ഇരുളിനെ കടന്നുപോകാൻ യാത്രികനെ തുണയ്ക്കുന്ന ദൈവത്തിന്റെ "ഊന്നുവടിയും ദണ്ഡും" (സങ്കീ 23:4) ആണത്.

**ഡോ. ജോയി ഫിലിപ്പ് കാക്കനാട്ട്,**
*ജീവധാര*, ഏപ്രിൽ, 2013.



# 10

# വിശ്വാസ വളർച്ചയുടെ ഘട്ടങ്ങൾ

**പക്വതയാർന്ന വിശ്വാസം**

വളർച്ചയെന്ന പ്രതിഭാസം എന്നെയെന്നും വിസ്മയിപ്പിച്ചിട്ടുണ്ട്. പ്രകൃതിയിൽ വൃക്ഷങ്ങളും മൃഗങ്ങളും വളരുന്നു. അതുപോലെ എന്റെ സഹോദരങ്ങളും ഒപ്പം ഞാനും ശൈശവവും, ബാല്യവും, കൗമാരവും, യുവത്വവും പിന്നിട്ട് മുന്നോട്ടുപോകുന്നു. മനുഷ്യരിലേക്കു വരുമ്പോൾ വളർച്ചയ്ക്കു വിവിധ മാനങ്ങളുണ്ട്. ജീവശാസ്ത്രപരം, മാനസികം, ബൗദ്ധികം, സാമൂഹികം, സാംസ്കാരികം, ധാർമ്മികം, ആത്മീയം, മതാത്മകം തുടങ്ങിയവ. വളർച്ചയുടെ എല്ലാ തലങ്ങളും ഒരുപോലെ തുല്യപ്രാധാന്യമർഹിക്കുമ്പോഴും, വളർച്ചയും പുരോഗതിയും സവിശേഷ ശ്രദ്ധയും പഠനവും അർഹിക്കുന്നു.

എന്നത്തെയുംകാൾ അധികമായി സഭ, അജപാലനരംഗത്ത് സാമൂഹികവും മനഃശാസ്ത്രപരവുമായ അറിവുകൾ ഉപയോഗിക്കുന്നുണ്ട്. വിശ്വാസത്തിന്റെ വളർച്ചയ്ക്കും രൂപീകരണത്തിനും ഇത്തരം ശാസ്ത്രീയ പഠനരീതികൾ ആവശ്യമാണ്. അധ്യാപ

നരീതിയിലും വിനിമയ സാങ്കേതിക വിദ്യയിലും ഉണ്ടായിട്ടുള്ള മാറ്റം ഉൾക്കൊണ്ടു വിശ്വാസ പരിശീലനം നടത്തേണ്ടതുണ്ട്. വിശ്വാസപുരോഗതി സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവും പ്രചാരകനുമായ ജെയിംസ് ഫൗലർ (James Fowler) ഇപ്രകാരമുള്ള പഠനബോധന രീതി ഉപയോഗിക്കുന്നതിൽ അഗ്രഗണ്യനാണ്. മനുഷ്യന്റെ ശാരീരിക വളർച്ചാ പ്രക്രിയ പോലെതന്നെ വിശ്വാസജീവിതവും വിവിധ ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. മനുഷ്യന്റെ ജീവിതത്തിലെ ഘട്ടങ്ങളെ വിശദീകരിക്കുന്ന കാലിക സിദ്ധാന്തങ്ങൾ വിശ്വാസത്തിന്റെ വളർച്ചയെ അപഗ്രഥിക്കാൻ ഉതകുന്നവയാണ്.

### 2. വിശ്വാസത്തിന്റെ തിരിച്ചറിവും അതിന്റെ ഘടകങ്ങളും

ഇവിടെ മൂന്നു കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. 1. വിശ്വാസത്തെ മനസ്സിലാക്കുക, 2. വിശ്വാസ വളർച്ചയുടെ ഘട്ടങ്ങളെ മനസ്സിലാക്കുക, 3. വിശ്വാസവളർച്ചാസിദ്ധാന്തത്തിന്റെ സാധാരണ അനുമാനങ്ങൾ അറിയുക.

### 2.1. വിശ്വാസത്തെ മനസ്സിലാക്കുക

കാന്റെവെൽ സ്മിത്ത് (Cantwell Smith) നടത്തിയ മതാന്തരപഠനങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിനിടയിലാണ് വിശ്വാസ വളർച്ചാ സിദ്ധാന്തം രൂപപ്പെട്ടത്. ഹീബ്രുവാക്കുകളായ (Cantwe) ഗ്രീക്കുവാക്കുകളായ (pisteuo, pistis) ലത്തീൻ വാക്കുകളായ (credo credere) എന്നിവയാണ് വിശ്വാസം എന്ന പദത്തിന്റെ മൂലരൂപങ്ങൾ. ലത്തീൻ (credo) എന്ന ക്രിയാധാതു ഹൃദയം എന്ന അർത്ഥത്തോടു ചേർന്നു നില്കുന്നു. ഗ്രീക്കു പദമായ (kardia) ഇംഗ്ലീഷ് പദമായ (cardiac) എന്നിവയും ഹൃദയവുമായി ബന്ധപ്പെട്ടു നില്ക്കുന്നു.

ലത്തീൻ വാക്കിന്റെ പ്രഥമാർത്ഥവും അതിന്റെ പരിണാമാർത്ഥങ്ങളും ഒരു വ്യക്തിയെ വിശ്വസിക്കുക, ശരണം വയ്ക്കുക തുടങ്ങിയവയാണ്. സാധാരണ ഉപയോഗത്തിൽ ഒരു വ്യക്തിയിൽ വിശ്വസിക്കുക എന്ന ദ്വയാർത്ഥവും ഇതിനുണ്ട്. ഇത് അധികം ചോദ്യം ചെയ്യപ്പെടുന്നില്ലെങ്കിലും ഒരു പ്രധാന പദം എന്ന നിലയിൽ പ്രത്യേകിച്ച് മാമ്മോദീസായിൽ അനിതരസാധാരണമായി ഉപയോഗിക്കുമ്പോൾ credo - യുടെ മൂലാർത്ഥവുമായി ചേർന്നുനില്ക്കുന്നു. ഉദാ: എന്റെ 'ഹൃദയം' നല്കുന്നു (ദൈവപിതാവിന്), ഹൃദയത്തിൽനിന്നു പറയുന്നു, പ്രതിജ്ഞ ചെയ്യുന്നു തുടങ്ങിയവ.

സ്മിത്തിന്റെ പഠനങ്ങളിൽ, വാക്കിന്റെ ആദ്യകാല ഉപയോഗത്തിൽ പ്രത്യേകിച്ച് ഞാൻ വിശ്വസിക്കുന്നു എന്ന അർത്ഥത്തിലേക്ക്





credo, pisteuo ഇവ തർജ്ജിമ ചെയ്തപ്പോൾ അർത്ഥച്ചോർച്ച സംഭവിച്ചിട്ടില്ല. 16-ാം നൂറ്റാണ്ടുവരെ വിശ്വസിക്കുക എന്നതിന്റെ അർത്ഥം ഹൃദയം അർപ്പിക്കുക എന്നതായിരുന്നു. ഭാഷാപരമായി യഥാർത്ഥത്തിൽ വിശ്വസിക്കുക എന്നാൽ ചേർത്തുവയ്ക്കുക എന്നതാണ്. മറ്റൊരർത്ഥത്തിൽ സ്നേഹിക്കുക എന്നുതന്നെ Belieben എന്ന ജർമ്മൻ വാക്കിന് പ്രിയപ്പെട്ടതാക്കുക, നിലനിർത്തി സംരക്ഷിക്കുക എന്നിങ്ങനെയാണ് അർത്ഥങ്ങൾ. വിശ്വാസത്തെ സൂചിപ്പിക്കാനുപയോഗിക്കുന്ന ജർമ്മൻ വാക്കായ (Glaube) ഇംഗ്ലീഷ് മൂലവുമായി ചേർത്തുവയ്ക്കുമ്പോൾ ഇതേ അർത്ഥംതന്നെയാണ് ലഭിക്കുന്നത്.

വിശ്വാസവും മതവും പരസ്പര പൂരകങ്ങളാണ്. ഇവ വളരുന്നത് പരസ്പര ബന്ധത്തിലൂടെയാണ്. പാരമ്പര്യമാണ് വിശ്വാസത്തെ പുറത്തെടുക്കുന്നതും വളർത്തുന്നതുമെല്ലാം.

### 2.2. വിശ്വാസവളർച്ചയുടെ ഘട്ടം മനസ്സിലാക്കുക

#### 2.2.1. മനഃശാസ്ത്ര സമീപനം

വൈവിധ്യമെന്നത് കാലിക വിശേഷണമാണ്. മതദർശനങ്ങളിലും ഈ വൈവിധ്യം വളരെ പ്രകടമാണ്. ഇത് സഭാ ശുശ്രൂഷയിലെ ഒരു യാഥാർത്ഥ്യമാണ്. പോൾ ആറാമൻ മാർപാപ്പ പറയുന്നു: "വൈവിധ്യം ഒഴിവാക്കേണ്ട ഒരു തിന്മയല്ല എന്നാൽ വിവേചനാപൂർവ്വം തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. അതിനാൽ ആരെയും പരസ്പരം മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ ഒരു രീതിയിലുള്ള ജീവിതവും വിശ്വാസവും മറ്റേതുംപോലെ നല്ലതാണ് എന്ന ആപേക്ഷികവാദചിന്ത തെറ്റാണ്"

Dykstra യും Parts ഉം പറയുന്നതുപോലെ 20-ാം നൂറ്റാണ്ട് ഒരു അനുഭവാത്മക മനഃശാസ്ത്രത്തിന് രൂപം നല്കി. വില്യം ജെയിംസിന്റെ 'മതാത്മക അനുഭവങ്ങളുടെ വൈവിധ്യം" ഇതിനുദാഹരണമാണ്. ഒരുവന്റെ ബാഹ്യവും ആന്തരികവുമായ സാമൂഹ്യ പരിസ്ഥിതികളോടുള്ള മനുഷ്യമനസ്സിന്റെ സമ്മർദ്ദമാണ് മതാനുഭവങ്ങൾ എന്ന് ഫ്രോയിഡ് വാദിച്ചു. ഇപ്രകാരമുള്ള ഒരു ചിന്ത മതാത്മകവും ധാർമ്മികവുമായ മനുഷ്യമനസ്സിന്റെ അനുഭവങ്ങളെയും വളർച്ചയെയും മനസ്സിലാക്കുകയും, വ്യാഖ്യാനിക്കുകയും ചെയ്യുകവഴി മതാത്മക മന:ശാസ്ത്രം ഒരു നിയതമായ മാതൃക നല്കുകയും ചെയ്തു. ഇത് സഭയിൽ പ്രതിഫലിക്കുകയും (മതവിദ്യാഭ്യാസവും പിന്നീട് അജപാലന ദൈവശാസ്ത്രവും) ഈ പാഠങ്ങൾ ശുശ്രൂഷയുടെ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരുവാൻ സഹായിക്കുന്ന അജ

പാലന മനഃശാസ്ത്രം ഉരിത്തിരിയുന്നതിലേക്കു വഴിതെളിക്കുകയും ചെയ്തു.

1960 കളിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ നല്കിയ സുശക്തമായ ദൈവശാസ്ത്ര, മതവൈജ്ഞാനിക ദർശനങ്ങൾ സഭയ്ക്ക് ഒരു നവീന ഉൾക്കാഴ്ചയും ദിശാബോധവും ഉത്സാഹവും പ്രദാനം ചെയ്തു. ജെഫ് അസ്റ്റലേയ് (Jef Astley) നിരീക്ഷിക്കുന്നതുപോലെ മതപഠനത്തിന്റെ മനഃശാസ്ത്ര മണ്ഡലം പ്രധാനമായും ഫ്രോയിഡിന്റെയും, കാൾ യുജിന്റെയും സൈക്കോ അനാലിസിസ്, ഡെപ്ത് സൈക്കോളജി, സൈക്കോ തെറാപ്പി എന്നിവയുമായി ബന്ധപ്പെട്ടു നില്ക്കുന്നു. വിദ്യാഭ്യാസ വിചക്ഷണർ, ഴാൻപിയാജെ (Jean Piaget) മുമ്പോട്ടുവച്ച ബൗദ്ധിക വളർച്ചാ മണ്ഡല മനഃശാസ്ത്രത്തിന് പ്രാധാന്യം നല്കുന്നു. ഈ സമീപനം അനുസരിച്ച് മനുഷ്യന് സാമൂഹികമോ വൈകാരികമോ ആയ മാറ്റങ്ങൾ സംഭവിക്കുന്നത് പ്രായമനുസരിച്ചല്ല, മറിച്ച് പ്രായത്തിലുള്ള വളർച്ചയുമായി നേരിട്ട് ബന്ധമില്ലാത്ത ഘടനാപരവും ഭൗമികവും ആയ ഘടകങ്ങളാലാണ്. സഭാബന്ധിയായി ചിന്തിക്കുമ്പോൾ മതാധ്യാപന ശാസ്ത്രവുമായി ഇതിനെ ബന്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് പോൾ ആറാമൻ മാർപാപ്പയുടെ 1971 ലെ പ്രായവളർച്ചയ്ക്ക് അനുസൃതമായ മതാധ്യാപനം എന്ന പ്രസംഗത്തിൽനിന്ന് സുവ്യക്തമാണ്. അതായത്, ശൈശവം, ബാല്യം, കൗമാരം, യൗവ്വനം എന്നിവയിൽ അതിന്റെ ജൈവമായ അർത്ഥത്തിലേക്ക് പ്രായത്തിനനുസൃതമായി അദ്ധ്യാപനത്തിലൂടെ കൈപിടിച്ച് നടത്തേണ്ടതുണ്ട്.

വിശ്വാസപുരോഗമന സിദ്ധാന്തമനുസരിച്ച് വിശ്വാസം നിരന്തരം വളരുന്നു. നമ്മുടെ ചുറ്റുമുള്ള ലോകത്തിലും നമ്മുടെയുള്ളിലും നിരന്തരപരിണാമങ്ങൾ സംഭവിക്കുന്നത് നമുക്കറിയാൻ സാധിക്കും. ഉദാഹരണമായി, മനുഷ്യജീവിതത്തിന്റെ വിവിധ ഘട്ടങ്ങൾ പരിശോധിക്കുമ്പോൾ പ്രത്യേകിച്ച് കുട്ടികളിൽ യുക്തിഭദ്രതയും, ലോകം, സഹജീവികൾ, സ്വത്വം എന്നിവയെക്കുറിച്ചുള്ള ദർശനങ്ങളും വിഭിന്നമാണ്. പൗലോസ്തന്നെയും കോറിന്തോസുകാർക്ക് എഴുതിയ കത്തിൽ പറയുന്നുണ്ട്, ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ..... (1 കോറി 13,11) എന്ന്.

**2.2.2. ഘട്ടം എന്നാൽ**

ഒരു വ്യക്തിയുടെ അനുഭവങ്ങളുടെ നിർവൃതിയെ രൂപീകരിക്കുന്നതും നിർവ്വചിക്കുന്നതും അറിവ് നേടാനും വിലയിരുത്താനുമുള്ള പ്രക്രിയകളുടെ കൂട്ടായ പ്രവർത്തനമാണ്. ഒരു ഘട്ടം നിർമ്മിക്കപ്പെട്ടിരിക്കുന്നത് വൈയക്തികമായ അർത്ഥ രൂപീകരണത്തിന്റെ പ്രത്യേക ഉള്ളടക്കങ്ങൾ കൊണ്ടല്ല, മറിച്ച് മൂല്യവിശകലനം, അറിവിന്റെ സ്വാംശീകരണം എന്നിവയുടെ നിയമങ്ങൾക്കനുസരിച്ചാണ്. പ്രായത്തിലുള്ള വളർച്ചയും പക്വതയാർജ്ജിക്കലും ഇതിനാവശ്യമാണെങ്കിലും ഓരോ ഘട്ടത്തിന്റെയും മാറ്റത്തിന് അവ നിർണ്ണായകമല്ല. ആരോഗ്യവാന്മാരായ വ്യക്തികളിൽത്തന്നെ ചിലപ്പോൾ ഘടനാപരമായ വളർച്ച നിശ്ചലമാകുകയോ സന്തുലിതമാകുകയോ ചെയ്യുകയും ചിലപ്പോൾ പുനർഘടനാമാറ്റത്തിന് തടസ്സമായി നില്ക്കുകയോ ചെയ്യാറുണ്ട്.



വിശ്വാസം ദൈവശാസ്ത്ര വീക്ഷണത്തിൽ

പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്ന മൂല്യങ്ങളുടെ നിർമ്മിതിയുടെ ദൃശ്യമാനരൂപങ്ങളാണ് ഓരോ ഘട്ടവും. ഇപ്രകാരം വിശ്വാസത്തിന്റെ ഘടനയും പരസ്പര ബന്ധത്തിന്റെ സ്വതന്ത്രമായ ഒരു സിസ്റ്റം ആണ്. ഒരു ഘട്ടമെന്നാൽ മറ്റുള്ളവരെക്കുറിച്ചുള്ള മൂല്യാധിഷ്ഠിതമായ വിലയിരുത്തലിനും ഇടപെടലിനും ആവശ്യമായ മൂല്യാത്മകവും ആധികാരികവുമായ ഘട്ടങ്ങൾ വ്യക്തിയിൽ ഒന്നുചേർന്ന് രൂപീകൃതമാകുന്ന അതിഭൗതിക പരിസരമാണ്.

വിശ്വാസമെന്നാൽ വൈയക്തികമായ വിജ്ഞാന സ്വാംശീകരണ പ്രക്രിയയുടെ രൂപീകരണവുമായി സർവ്വാത്മനാ ബന്ധപ്പെട്ടുനില്ക്കുന്നു. ഇത് ഒരു വ്യക്തിയുടെ മൂല്യബന്ധിതമായ അടുപ്പങ്ങളും സമർപ്പണവും പ്രത്യേകിച്ച് ലോകവുമായുള്ള ബന്ധം അതിന്റെ പശ്ചാത്തലം, അനുദിന ജീവിതത്തിലെ ആവർത്തിക്കപ്പെടുന്ന രീതികൾ എന്നിവയും ഉൾക്കൊള്ളുന്നതാണ്.

**വിശ്വാസ വളർച്ചാ സിദ്ധാന്തത്തിന്റെ പൊതുമാനങ്ങൾ**

മനുഷ്യജീവിതത്തിന് വിശ്വാസം കേന്ദ്രവും ജീവമൂല്യവുമാണ്. വിശ്വാസം മനുഷ്യജീവിതത്തിൽ അടിസ്ഥാനപരമാകയാൽ വിശ്വാസത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ജീവിതത്തെക്കുറിച്ചുള്ള ചോദ്യങ്ങൾതന്നെയാണ്. ഈ ചോദ്യങ്ങൾ നമ്മുടെ അന്തഃകരണത്തിന്റെയും സത്തയുടെ നിലനില്പ്പിന്റെയും മനുഷ്യജീവിതത്തിന്റെ പ്രകൃത്യാലുള്ള രീതിക്കനുസൃതം ജീവിതത്തിന് അർത്ഥവും മൂല്യവും നല്കുന്നു. ജീവിതത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഗൗരവപരമായ അർത്ഥം നല്കുന്നതുവഴി ഒരുവന്റെ ജീവനെ താങ്ങിനിറുത്തുന്ന ശക്തിയുടെയും മൂല്യത്തിന്റെയും കേന്ദ്രങ്ങളിൽ നാം എത്തിച്ചേരുകയും അങ്ങനെ ജീവിതത്തെ ഗൗരവപരമായി നോക്കിക്കാണാൻ സാധിക്കുകയും ചെയ്യുന്നു. ഒരുവന്റെ വിശ്വാസത്തിന്റെ മാതൃക രൂപീകരിക്കപ്പെടുന്നത് ഒരുവൻ അടിസ്ഥാനപരമായി ശര

ണീകരിക്കുകയും സ്നേഹിക്കുകയും സമർപ്പിക്കുകയും സ്വന്തമായി ചേർത്തുവയ്ക്കുകയും ചെയ്യുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, ബോദ്ധ്യങ്ങൾ എന്നിവയിലൂടെയാണ്.

**2. വിശ്വാസം ആപേക്ഷികമാണ്**

വിശ്വാസത്തിന്റെ ഒരു പ്രധാന സവിശേഷത അത് ആപേക്ഷികമാണ് എന്നതാണ്. വിശ്വാസത്തെക്കുറിച്ചുള്ള മൂലവാക്കുകളുടെ അർത്ഥം (Pisteuo, credo) ഞാൻ ശരണപ്പെടുന്നു, ഞാൻ സ്വയം സമർപ്പിക്കുന്നു, എന്റെ ഹൃദയം കേന്ദ്രീകരിക്കുന്നു, ഞാൻ വിശ്വസ്തത പ്രതിജ്ഞ ചെയ്യുന്നു എന്നിവയാണെന്ന് കണ്ടതാണല്ലോ. ഈ പദങ്ങളെല്ലാം വിശ്വാസം ആപേക്ഷികമാണെന്ന് വ്യക്തമാക്കുന്നു. പൂർണ്ണമായും സ്വന്തമാക്കാനാവാത്ത അപരത്വത്തിന്റെ ഒരു വശം വിശ്വാസത്തിൽ ഒളിത്തിരിക്കുന്നുണ്ട്. അതുപോലെ വിശ്വാസം ഒരു പ്രവൃത്തിയാണെന്നും ഈ വാക്രൂപങ്ങൾ സൂചിപ്പിക്കുന്നു - ഒരു വ്യക്തിയുടെ ജീവിതാനുഭവങ്ങൾക്ക് രൂപം നല്കുന്നതും അതനുസരിച്ച് ജീവിതത്തെ സമർപ്പിക്കുന്നതുമായ പ്രവർത്തനരീതിയാണ് വിശ്വാസം. വിശ്വാസം ബന്ധങ്ങളിലൂടെയാണ് വളരുന്നത്. ഇതു നാം നേരത്തേ കണ്ടതുപോലെ ഒരു വ്യക്തിയിലുള്ള ശരണവും ആശ്രയവും അഭയം പ്രാപിക്കലുമൊക്കെയാണ്.

**3. വിശ്വാസം പരമ്പരാഗതമാണ്**

ഈ പാരമ്പര്യഘടകം ഒരുവനോടും മറ്റു വ്യക്തികളോടുമുള്ള സ്നേഹത്തിലൂടെയും കരുതലിലൂടെയും തിരിച്ചറിയാവുന്നതാണ്. വിശ്വാസത്തിന്റെ ഘട്ടത്തിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന ബന്ധത്തിലേക്ക് നാം വളരുന്നു. അങ്ങനെ സർവാധീശമായിത്തീരുമ്പോഴാണ് അതിഭൗതിക പരിസരത്തേക്ക് നമ്മൾ പ്രവേശിക്കുന്നത്. യഹൂദ- ക്രൈസ്തവ പശ്ചാത്തലത്തിൽ ഇതാണ് ദൈവരാജ്യം. ഇവിടെ ദൈവം മനുഷ്യജീവിതത്തിന്റെ കേന്ദ്രമാകുന്നു, വ്യക്തിയുടെ അഭൗമിക പരിസ്ഥിതിക്ക് സ്വഭാവം നല്കുന്നതും അതിനെ ഏകീകരിക്കുന്നതും ദൈവമെന്ന സനാതന മൂല്യമായിത്തീരുന്നു.

**4. വിശ്വാസത്തിന്റെ ബാഹ്യ ഘടന**

എല്ലാ സമൂഹങ്ങളിലും ഒരു സ്വത്വമുണ്ട്, അത് പരസ്പരമുള്ള ശരണത്തിലും ആശ്രയത്തിലുമാണ്. മറ്റുള്ളവരോടുള്ള ബന്ധവും പെരുമാറ്റവും രൂപീകൃതമാകുന്നതും ആഴപ്പെടുന്നതും ഇപ്രകാരമുള്ള ശരണത്തിലും വിശ്വസ്തതയിലും അധിഷ്ഠിതമായ അഭൗമിക മൂല്യങ്ങളിലാണ്. ഒരു സമൂഹത്തിൽ വ്യക്തികൾ പരസ്പരം ബന്ധപ്പെട്ടവരും ഒരേ ലക്ഷ്യമുള്ളവരും സമാനമായ ഉദ്ദേശ്യങ്ങൾ





ഉള്ളവരുമാണ്. ഉദാഹരണമായി ഒരു രാഷ്ട്രത്തിലെ ബഹുജനം പരസ്പരം അറിയുന്നില്ലെങ്കിലും അവർ ബന്ധപ്പെട്ടാണ് വർത്തിക്കുന്നത്. അനുദിന ജീവിതത്തിൽ വ്യക്തികൾ ജീവിക്കുന്നത് പരസ്പരമുള്ള ശരണം, വിശ്വസ്തത, വിശ്വാസം, സമർപ്പണം എന്നിവയെ ആശ്രയിച്ചാണ്. ഉദാ. വിവാഹം, ജോലിയിലുള്ള വിശ്വസ്തത, വ്യവസായം എന്നിവ.

രാഷ്ട്രീയത്തിൽ പരസ്പരമുള്ള വിശ്വസ്തത തകരുകയോ, വിവാഹത്തിൽ അവിശ്വസ്തത കാണിക്കുകയോ ജോലിയോട് കൂറ് ഇല്ലാതിരിക്കുകയോ ചെയ്യുമ്പോൾ നാം നമ്മുടെ സഹധാരികളെ വഞ്ചിക്കുന്നു. ഭൂമിയുടെ സ്ഥിരതയ്ക്ക് വിവിധ മനുഷ്യസമൂഹങ്ങളുടെ നിലനില്പ്പിന് വ്യക്തികൾ തമ്മിലുള്ള വിശ്വാസവും വിശ്വസ്തതയും ആവശ്യമാണ്. അപരിമേയ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട വിശ്വാസം ഫലവത്താകുന്നത് ലോകത്തിലുള്ള വിവിധ സ്വത്വങ്ങൾ തമ്മിലുള്ള വിശ്വസ്തത ഒരു കവചമായി ശക്തിപ്പെടുമ്പോഴാണ്.

**5. വിശ്വാസത്തിന്റെ ആന്തരിക ഘടന, വിശ്വാസത്തെ അറിയുക**

ഫൗളർ പറയുന്നതനുസരിച്ച് വിശ്വാസം ഒരുവന്റെ അസ്തിത്വത്തിന്റെ ഭാഗമാണ്, അവന്റെ കാഴ്ചയുടെയും ചിന്താശക്തിയുടെയും ഫലം. ഘടനാപുരോഗമന പാരമ്പര്യമനുസരിച്ച് (ബ്ലാൾഡ്വിൻ & ജോൺ ഡ്യൂവി, Bladwin and John Dewy) അറിയുകയെന്നാൽ അറിയാവുന്നതിന്റെ അടിസ്ഥാനത്തിൻമേൽ പ്രവർത്തിക്കുകയും രൂപപ്പെടുത്തുകയുമാണ്.

**3. വിശ്വാസത്തിന്റെ ഘട്ടങ്ങളും ധാർമ്മിക വിധിയും**

വിശ്വാസത്തിൽ മാറ്റങ്ങളും വളർച്ചയും ഉണ്ടാവുന്നത് ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, പക്വതയാർന്ന അവസ്ഥ, വാർദ്ധക്യം തുടങ്ങിയ ഘട്ടങ്ങളിലൂടെയാണ്. അതിനാൽത്തന്നെ വിശ്വാസത്തെ സംബന്ധിച്ച് ഒരുവന്റെ കാഴ്ചപ്പാടുകൾ സ്ഥിരമല്ല. അതൊരു വളർച്ചാ പ്രക്രിയയാണ്. പ്രകടമായ വിശ്വാസകാഴ്ചപ്പാടുകളുടെ തലങ്ങൾ താഴെപ്പറയുന്നവയാണ്.

1. വേർതിരിക്കപ്പെടാത്ത വിശ്വാസം
2. പഞ്ചേന്ദ്രിയ ബന്ധിതമല്ലാത്ത വിശ്വാസം
3. ഐതിഹാസികമായ വിശ്വാസം
4. പരമ്പരാഗതമായ വിശ്വാസം
5. സംയോജിതമായ വിശ്വാസം
6. വിശ്വാസത്തിന്റെ ലൗകികമാനം

## 3.1 ശൈശവ വിശ്വാസം

### 3.1.1 വിശ്വാസ വളർച്ചയുടെ ഘട്ടങ്ങൾ

*3.1.1.1 വേർതിരിക്കപ്പെടാത്ത വിശ്വാസം*

വിശ്വാസത്തിന്റെ തീർത്ഥാടനം ആരംഭിക്കുന്നത് ശൈശവത്തിലാണ്. ഈ പ്രഥമ ഘട്ടമാണ് വേർതിരിക്കപ്പെടാത്ത വിശ്വാസം അഥവാ പ്രഥമ വിശ്വാസം, ജനനം മുതൽ രണ്ടര വയസ്സുവരെയുള്ള കാലഘട്ടമാണിത്. ഈ കാലത്ത് മാതാപിതാക്കളിൽനിന്നും ലഭിക്കുന്ന കരുതൽ, സ്നേഹം എന്നിവ മൂലം ശിശു വ്യക്തികളെ ആശ്രയിക്കാൻ തുടങ്ങുന്നു.

വേർതിരിക്കപ്പെടാത്ത വിശ്വാസത്തിൽ ആശ്രയത്തിന്റെയും ധൈര്യത്തിന്റെയും പ്രതീക്ഷയുടെയും വിത്തുകൾ സംയോജിപ്പിക്കുന്നതുവഴി ഒരു ശിശുവിന്റെ പരിസ്ഥിതി പഞ്ചേന്ദ്രിയോന്മുഖമാകുന്നു. പരസ്പര ആശ്രയത്വം, സ്വാശ്രയം, ശരണത്തിന്റെ ശക്തി, പ്രതീക്ഷ എന്നിവ ആർജ്ജിക്കുന്നത് ഈ പ്രഥമ ഘട്ടത്തിലാണ്. ദൈവത്തെക്കുറിച്ചുള്ള പ്രഥമ ചിന്തകൾ തെളിയുന്നത് ഈ കാലത്തുതന്നെ.

പരസ്പരപൂരകഭാവം രൂപപ്പെടുന്നതിലുള്ള വീഴ്ചയാണ് ഈ കാലഘട്ടത്തിന്റെ പ്രധാന പ്രശ്നം. ഇതു രണ്ടുരീതികളിൽ സംഭവിക്കാം. പരസ്പര വിശ്വാസത്തെ വികൃതമാക്കുന്ന അമിതമായ നിഷേധാത്മക അനുഭവങ്ങൾ അല്ലെങ്കിൽ അവഗണനയിലും അസ്ഥിരതയിലും ശിശുവിനെ തളച്ചിടുന്ന ഒറ്റപ്പെടുത്തലിന്റെ അനുഭവങ്ങൾ.

*3.1.1.2 അന്തർജ്ഞാനീയ വിശ്വാസം*

വിശ്വാസപുരോഗമന സിദ്ധാന്തത്തിന്റെ പ്രഥമ ഘട്ടമാണിത്. മൂന്നു മുതൽ ഏഴു വരെയുള്ള ഭാഗത്തിലാണ് ഇതു സംഭവിക്കുന്നത്. സ്വപ്നാടനം, അനുകരണം മുതലായവ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്.

ഒരു കുട്ടിയുടെ മുതിർന്നവരുമായുള്ള ബന്ധം തുടങ്ങുന്നത് ഇവിടെയാണ്. ഈ കാലഘട്ടത്തിൽ സ്വയാവബോധം ഉടലെടുക്കുകയും വളരുകയും ചെയ്യുന്നു. മരണത്തെയും ലൈംഗികതയെയുംകുറിച്ചുള്ള ആദ്യ ചിന്തകൾ രൂപപ്പെടുന്നതും ഈ കാലഘട്ടത്തിൽത്തന്നെ. ഭാവനകൾ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. എന്നാൽ വികലമായി ചിന്തിക്കുന്ന ഭാവനകൾ ഒരു ദുഷ്പ്രവണതയായി ഈ കാലഘട്ടത്തിൽ കടന്നുകൂടുന്നു





### 3.1.2. ധാർമ്മിക വളർച്ചയുടെ ഘട്ടങ്ങൾ

*3.1.2.1 അനുസരണത്തിന്റെയും ശിക്ഷയുടെയും ഘട്ടം*

ഈ ഘട്ടത്തിൽ അധികാരത്തോടും നിയമത്തോടുമുള്ള അനുസരണം, ശിക്ഷ ഒഴിവാക്കൽ, ശാരീരിക പീഡകളിൽനിന്നുള്ള ഒഴിവാകൽ എന്നിവ ശരിയെന്ന് ശിശു കണക്കാക്കുന്നു. അതിനാൽ നിയമം ലംഘിക്കാതിരിക്കാനും അനുസരണത്തെപ്രതി അനുസരിക്കാനും മറ്റു വ്യക്തികൾക്കോ വസ്തുക്കൾക്കോ നാശം വരുത്താതിരിക്കാനും കുട്ടി ശ്രദ്ധിക്കും. മേലധികാരികളുടെ അധികാരമാണ് ശിക്ഷയെ ഒഴിവാക്കി നന്മ ചെയ്യാനുള്ള പ്രേരക ശക്തി.

## 3.2. പക്വത പ്രാപിക്കുന്ന വിശ്വാസം

### 3.2.1. വിശ്വാസ പുരോഗതിയുടെ ഘട്ടങ്ങൾ

പക്വത പ്രാപിക്കുന്ന വിശ്വാസത്തിന് നാലു ഘട്ടങ്ങളാണ് ഉള്ളത്. പുരാണാനുവർത്തിയായ വിശ്വാസം 2. സംയോജിത പാരമ്പര്യം 3. വ്യക്തിഗത ചിന്താത്മക വിശ്വാസം 4. സംശ്ലിഷ്ട വിശ്വാസം.

*3.2.1.1. രണ്ടാം ഘട്ടം: പുരാണാനുവർത്തിയായ വിശ്വാസം*

വിശ്വാസ പുരോഗതിയുടെ രണ്ടാം ഘട്ടമാണിത്. പത്തു വയസ്സുവരെയുള്ള കുട്ടികളിൽ സവിശേഷമായും, ഏതാനും കൗമാരക്കാരിലും, ചില മുതിർന്നവരിലും ഈ ഘട്ടം സംഭവിക്കുന്നു. ഒരു പത്തുവയസ്സുകാരന്റെ മനസ്സ് അത്ഭുതകരമായ ഉപകരണംപോലെയാണ്. താനുൾപ്പെടുന്ന സമൂഹത്തിലെ കഥകളും, വിശ്വാസങ്ങളും, നിരീക്ഷണങ്ങളുമെല്ലാം അങ്ങനെത്തന്നെ സ്വീകരിക്കുകയും, വിശ്വാസം, ധാർമ്മിക നിയമങ്ങൾ, ചിന്താഗതികൾ തുടങ്ങി എല്ലാം അക്ഷരാർത്ഥത്തിൽ ഉൾക്കൊള്ളുകയും ചെയ്യുന്നു.

അനുഭവങ്ങൾക്ക് ഏകീകരണവും മൂല്യവും നല്കുന്നത് പ്രധാനമായും കഥകളാണ്. പാരസ്പര്യത്തിലധിഷ്ഠിതമായ നീതിയും മാന്യതയും അടിസ്ഥാനമാക്കി ഒരു ലോകം സൃഷ്ടിക്കാൻ ഈ ഘട്ടത്തിൽ കുട്ടി ശ്രമിക്കുന്നു. പ്രതീകാത്മകവും നാടകീയവുമായ അംഗങ്ങളുടെ ശക്തവും വ്യക്തവുമായ സ്വാധീനവും അലംഘനീയമായ വിവരണങ്ങളും ഈ കഥകളിൽ കാണാം. പക്ഷേ, അവർ ഒരിക്കലും കഥകളുടെ ഈ ഒഴുക്കിൽനിന്നും പിന്തിരിഞ്ഞ് ധ്യാനാത്മകമായി, ധാരണകളും അർത്ഥങ്ങളും രൂപപ്പെടുത്തുന്നില്ല. ഈ ഘട്ടത്തിൽ അർത്ഥങ്ങൾ വാച്യാർത്ഥ വിവരണങ്ങളിൽ അടങ്ങുകയും 'കുടുങ്ങുകയും' ചെയ്യുന്നു. ഈ ഘട്ടത്തിൽ ആന്തരിക വികാരങ്ങളോ, മനോഭാവങ്ങളോ ഒന്നുംതന്നെ രൂപപ്പെടുന്നില്ല. നല്ലതിനു

പ്രതിഫലവും മോശമായതിനു ശിക്ഷയും ലഭിക്കുന്നു എന്ന കാഴ്ച പ്പാടു മാത്രമേ കുട്ടിയിൽ പ്രതിഫലിക്കുകയുള്ളൂ.

*3.2.1.2 മൂന്നാം ഘട്ടം: സംയോജിത പാരമ്പര്യ വിശ്വാസം*

വിശ്വാസപുരോഗതി സിദ്ധാന്തത്തിന്റെ മൂന്നാം ഘട്ടമാണ് കൃത്രി മ-രൂപീകൃത വിശ്വാസം. കൗമാരത്തിന്റെ ആരംഭദശയിലെ ശാരീ രികവും വൈകാരികവുമായ മാറ്റങ്ങളും, വർദ്ധിത സംവേദന ക്ഷമ തയും, യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കലും മൂന്നാം ഘട്ടത്തി ലേക്ക് ഒരു വ്യക്തിയെ നയിക്കുന്നു.

ഈ ഘട്ടത്തിൽ ഒരു വ്യക്തിയുടെ ലോകാനുഭവങ്ങൾ കുടുംബ ത്തിനപ്പുറത്തേക്ക് വിശാലമാവുകയും സ്കൂൾ, ജോലി, തെരുവ്, സമൂഹങ്ങൾ, മാധ്യമങ്ങൾ, മതം തുടങ്ങിയ മേഖലകൾ പ്രത്യേക ശ്രദ്ധയാകർഷിക്കുകയും ചെയ്യുന്നു. കൂടുതൽ സങ്കീർണ്ണവും, വൈവിധ്യം നിറഞ്ഞതുമായ ഈ സംവിധാനത്തിൽ വിശ്വാസം ശരി യായ ദിശാബോധവും അനുയോജ്യമായ നവീകരണവും നല്കു കയും, മൂല്യങ്ങളെയും വിവരങ്ങളെയും സമന്വയിപ്പിച്ച് അനന്യ തയ്ക്കും ജീവിത വീക്ഷണത്തിനും അടിസ്ഥാനമിടുകയും വേണം.

മൂന്നാംഘട്ടം കൗമാരകാലഘട്ടത്തിൽ ഉയർച്ചയും വളർച്ചയും പ്രാപിക്കുന്നതോടൊപ്പം മുതിർന്നവരിലും ഒരു സന്തുലനാവസ്ഥ പ്രദാനം ചെയ്യാൻ കാരണമാകുന്നു. പരസ്പര ബന്ധങ്ങളിൽ അനു കൂലമായ ഒരു പരിതസ്ഥിതി രൂപപ്പെടുത്തുന്നതോടൊപ്പം അതിൽനിന്നുരുത്തിരിയുന്ന ഗുണങ്ങളുടെ വ്യാപ്തിയിൽനിന്നും മൂല്യങ്ങളും ഊർജ്ജവും പുറപ്പെടുവിക്കുകയും ചെയ്യുന്നു. 'പ്രമു ഖരായ മററുള്ളവരുടെ' പ്രതീക്ഷകൾക്കും അനുഭവങ്ങൾക്കും കാതോർക്കുകയും, സ്വതന്ത്രമായ കാഴ്ചപ്പാടിലേക്ക് വളരുവാനുള്ള വ്യതിരിക്തതയോ സ്വയാധികാരമോ അവകാശപ്പെടാനില്ലാതിരി ക്കുകയും ചെയ്യുന്ന നിലയ്ക്ക് മൂന്നാം ഘട്ടത്തെ ഒരു ധർമ്മാനു സാരിയായ ഘട്ടമായി കണക്കാക്കുന്നു.

വിശ്വാസവും മൂല്ല്യങ്ങളും ആഴത്തിൽ അനുഭവിക്കുന്നതിനാൽ വ്യക്തി അവ മൗനമായി ഉൾക്കൊള്ളുന്നു. അതേസമയം അവയ്ക്കു പുറത്തുകടന്ന് അവയെപ്പറ്റി ചിന്തിക്കാനോ, യഥാക്രമം പരിശോ ധിക്കാനോ അവകാശമുണ്ടാകുന്നില്ല. ഏറെക്കുറെ സ്ഥിരതയുള്ള മൂല്യങ്ങളുടെയും വിശ്വാസങ്ങളുടെയും ഒരു ആശയസംഹിത ഇവിടെ രൂപപ്പെടുന്നുണ്ട്. പക്ഷേ വ്യക്തി അതെക്കുറിച്ച് ബോധ വാനാകണമെന്നില്ല.





ഒരു വ്യക്തിഗത ചരിത്രം രൂപപ്പെടുത്താനുള്ള കഴിവ് ഇക്കാ ലത്ത് ആകസ്മികമായി ലഭിക്കുന്നു. ഈ ഘട്ടത്തിന് രണ്ടു പോരാ യ്മകളുണ്ട്. ഒന്നുകിൽ മറ്റുള്ളവരുടെ പ്രതീക്ഷകളും വിലയിരുത്ത ലുകളും നമ്മിൽ നിർബന്ധപൂർവ്വം കടന്നുകൂടുകയും സ്വയം അനു മാനിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ വ്യക്തിയെക്കുറിച്ച് നിരാശാബോധമു ണർത്തുകയോ, ലോകബന്ധം വെടിയുന്നതിനു പരിഹാരമെ ന്നോണം ദൈവവുമായി ഒരു ഗൂഢബന്ധത്തിലേർപ്പെടുകയോ ചെയ്യുന്നു.

ഒരു വ്യക്തി ജീവിതയാത്രയിൽ തന്റെ കുടുംബത്തിൽനിന്നും ലഭിച്ചതിനുമപ്പുറം സ്വന്തമായി ഒരു അനന്യത സമ്പാദിക്കുന്നു. ചില പ്പോൾ അവ തമ്മിൽ സംഘട്ടനങ്ങളുണ്ടാവുകയും ചെയ്യാം. ഇത്ത രത്തിലുള്ള ഗൗരവമേറിയ ചില അസ്വാരസ്യങ്ങൾ മൂന്നാം ഘട്ട ത്തിന്റെ പതനത്തിനോ അടുത്ത ഘട്ടത്തിലേക്കുള്ള വളർച്ചയ്ക്കോ വഴിതെളിക്കുന്നു. അത് പരമ്പരാഗത ചിന്തകളിൽനിന്നും മാറി, ഭയ പ്പാടുകളുടെയും നവീകരണത്തിന്റെയും സമയമാണ്.

അതുകൂടാതെ അനുഭവങ്ങളുടെയും, കാഴ്ചപ്പാടുകളുടെയും വെളിച്ചത്തിൽ സ്വന്തം വിശ്വാസങ്ങളുടെയും മൂല്യങ്ങളുടെയും പരി ണാമങ്ങളെക്കുറിച്ച് വിമർശനാത്മക ആത്മശോധന നടത്തുകയും, തന്റെ പശ്ചാത്തലങ്ങളോട് അവ എത്രമാത്രം ആപേക്ഷികമാണെന്ന് വിലയിരുത്തുകയും ചെയ്യുന്നത് ഈ പരിണാമത്തിന് കാരണമാ കുന്നു.

*3.2.1.3. നാലാം ഘട്ടം: വ്യക്തിഗത - ചിന്താത്മക വിശ്വാസം*

വിശ്വാസ പുരോഗതിയുടെ നാലാം ഘട്ടത്തിൽ ഓരോ വ്യക്തിയും മുതിർന്ന നിലയിൽ ഉത്തരവാദിത്വങ്ങൾ സ്വയമേറ്റെ ടുത്തു തുടങ്ങുന്നു. അതിനാൽത്തന്നെ മൂന്നാം ഘട്ടത്തിൽനിന്നു ള്ള പരിവർത്തനം അത്രമേൽ പ്രാധാന്യമർഹിക്കുന്നു. വ്യക്തിസ്വ ത്വവും, സാമൂഹിക സ്വത്വവും തമ്മിലുള്ള സംഘർഷങ്ങളുടെ ഭാരവും ഈ ഘട്ടത്തിൽ അനുഭവിക്കേണ്ടിയിരിക്കുന്നു. വ്യക്തിപര തയും - സാമൂഹികതയും വസ്തുനിഷ്ഠതയും - വ്യക്തിനിഷ്ഠത യും, ആപേക്ഷികതയും - കേവലതയും തമ്മിലൊക്കെ രൂപപ്പെ ടുന്ന ഉരസലുകൾ വഴിയുണ്ടാകുന്ന സമ്മർദ്ദങ്ങളെയും ഈ ഘട്ട ത്തിൽ അതിജീവിക്കേണ്ടതായി വരുന്നു.

നാലാംഘട്ടം നല്ലൊരു ശതമാനം ആളുകളിലും 30കളുടെ മധ്യ ത്തിലും 40' കളിലുമാണ് സംഭവിക്കുന്നത്. ഈ ഘട്ടം ഇരട്ട പുരോ

ഗതിയുടേതാണ്. പ്രമുഖരായ മററുള്ളവരിൽനിന്നുള്ള അനന്യതയും വിശ്വാസവും സ്വീകരിച്ച് അതിൽ നിലനിന്നിരുന്ന വ്യക്തി, ഈ ഘട്ടത്തിൽ മറ്റുള്ളവരുമായുള്ള സമ്പർക്കത്തിന്റെ സ്വാധീനമില്ലാത്ത അനന്യത പ്രാപിക്കുകയും അതിൽ നിലനില്ക്കാനുള്ള പരിശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. സ്വന്തം അനന്യതയും, കാഴ്ചപ്പാടുകളും മറ്റുള്ളവരുടേതിൽനിന്നു വേർതിരിച്ചറിയാനുള്ള കഴിവും ഈ ഘട്ടത്തിൽ സംലഭ്യമാകുന്നു.

നാലാംഘട്ടത്തിൽ സംജ്ഞകൾ ധാരണകളായി രൂപാന്തരപ്പെടുന്നു. ഇത് ഒരു പുരാണപരത ഒഴിവാക്കുന്ന ഘട്ടമാണ്. ഈ ഘട്ടത്തിൽ അനുമാനങ്ങളെയും പെരുമാറ്റത്തെയും നിർണ്ണയിക്കുന്നതിൽ അവബോധഘടകങ്ങൾക്ക് വലിയ പങ്കില്ല. മറിച്ച്, വിമർശനാത്മക ധ്യാനവും ബാഹ്യവീക്ഷണവും തീരുമാനങ്ങൾക്ക് കരുത്തുപകരുന്നു. പക്ഷേ, വിശ്വാസവും വിമർശനാത്മകതയിലുള്ള അമിതാശ്രയവും – ഈ ഘട്ടത്തിനു വെല്ലുവിളിയുയർത്തിയേക്കാം.

കഴിഞ്ഞ ഘട്ടത്തിലെ മൗനാവലംബിയായ വിശ്വാസ വ്യവസ്ഥയുടെ പൊളിച്ചെഴുത്ത് ഈ ഘട്ടത്തിൽ നടക്കുന്നു. മൂല്യങ്ങളും ചുമതലകളും വിമർശനാത്മകമായി പരിശോധിച്ച് പകരം പുതിയത് കണ്ടെത്തുകയോ, നിശ്ചിതാർത്ഥങ്ങളിലേക്ക് അവയെ പുനഃസ്ഥാപിക്കുകയും ചെയ്യേണ്ടതുണ്ട്. ഒരിക്കൽ സ്വത്വത്തിന് ഘടന നല്കിയിരുന്ന കർമ്മവും ബന്ധവും, ഇപ്പോൾ തിരഞ്ഞെടുപ്പു വഴി സ്വത്വത്തിന്റെ അനന്യതയുടെ പ്രകടനമായിത്തീരുന്നു. ഈ ഘട്ടത്തിൽ ക്രിയാത്മകമായ ലക്ഷണങ്ങൾ വ്യവസ്ഥയും, നിയന്ത്രണം ലക്ഷ്യവുമായി മാറുന്നു. അത് സംജ്ഞകളെയും ഐതിഹ്യങ്ങളെയും വിമർശനാത്മകമായി പരിശോധിച്ച് അവയുടെ അർത്ഥങ്ങളെ ആശയപ്രമാണങ്ങളായി രൂപപ്പെടുത്തുകയും ചെയ്യുന്നു.

*3.2.1.4. അഞ്ചാം ഘട്ടം: സംശ്ലിഷ്ട വിശ്വാസം*

'സംഭാഷണാത്മക ജ്ഞാനാർജ്ജന' മെന്ന് വിശേഷിപ്പിക്കാവുന്ന ഈ കാലഘട്ടത്തിൽ ലോകത്തിന്റെ ബഹുഗുണഘടനകളെ, തങ്ങളുടേതായ വാക്കുകളും ഭാഷയുമുപയോഗിച്ച് അറിവുള്ളവൻ പ്രകാശനം ചെയ്യുന്നു. രണ്ടുപേർ തമ്മിലുള്ള സംഭാഷണരീതിയിലുള്ള ഈ ഘട്ടം 'ഞാൻ നിങ്ങൾ' ബന്ധത്തിന്റെ ഒരു സംവേദനമാണ് സൂചിപ്പിക്കുന്നത്.

സംഭാഷണചാതുരിയുള്ള ഒരു ജ്ഞാനാന്വേഷിയും, ആവശ്യമായ ആത്മധൈര്യവും ഈ ഘട്ടത്തിൽ ലഭിക്കുന്നു. കേൾക്കുന്നയാളുടെ സുരക്ഷിതത്വവും സ്വാഭിമാനവും പരിഗണിക്കാതെതന്നെ യഥാർത്ഥ്യമായതിനെ വാക്കുകളിലവതരിപ്പിക്കുന്നതിനെ ജ്ഞാനി





കൾ 'നിർമ്മുക്തത' എന്ന് വിശേഷിപ്പിക്കുന്നു.

സംശ്ലിഷ്ട വിശ്വാസം ജീവിതമധ്യംവരെ അസാധാരണമാണ്. മുൻ ഘട്ടങ്ങളിൽ വിശദീകരിക്കാൻ കഴിയാതിരുന്നവ ഇവിടെ ചിന്ത്യവും സുതാര്യവുമാകുന്നു. വൈരുദ്ധ്യാത്മക സത്യങ്ങളെ ഒന്നിപ്പിക്കാൻ മനസ്സും, അനുഭവങ്ങളും പര്യാപ്തമാകുന്നു. സ്വത്വത്തിനോ ബാഹ്യവീക്ഷണത്തിനോ ഭീഷണിയുയർത്തുന്നവയോടുപോലും അടുക്കാനും നീതിയോടുള്ള വിധേയത്വത്തിൽ ഗോത്രം, സമൂഹം, ജാതി, മതം ദേശം തുടങ്ങിയ ചട്ടക്കൂടുകൾക്കു പുറത്തുവരുവാനുള്ള സ്വാതന്ത്ര്യം ഈ ഘട്ടത്തിൽ പ്രാപിക്കുന്നു. സംജ്ഞകൾ സംജ്ഞകൾ തന്നെയാണെന്നും സുദൃഢമായ സത്യം നമ്മെ തിരുത്താനും പരിവർത്തനം ചെയ്യാനും പര്യാപ്തമാണെങ്കിൽ അവയെ അതിനനുവദിക്കണമെന്നും ഫൗളർ പ്രസ്താവിക്കുന്നു.

ഈ ഘട്ടത്തിൽ ഒരു വ്യക്തി, പുതിയ യാഥാർത്ഥ്യങ്ങളോ ആത്മവഞ്ചനയിൽനിന്നുള്ള മോചനമോ നല്കുന്നവരായി മറ്റുള്ളവരെ വിലയിരുത്തുന്നു. പരിശുദ്ധമായവയെ കുറിക്കാൻ ബഹുഗുണ നാമങ്ങളും രൂപങ്ങളുമുപയോഗിച്ച് വിഗ്രഹാരാധന തടയാനും വിരോധാഭാസങ്ങളെ അംഗീകരിക്കാനും അവർക്ക് സാധിക്കുന്നു. ഒപ്പം, വിപരീതാർത്ഥ സങ്കല്പങ്ങളെ സൃഷ്ടിക്കാനുള്ള സിദ്ധിയും അവർക്കു കൈവരുന്നു.

**വിശ്വാസ വളർച്ചയുടെ ഘട്ടങ്ങൾ**

നീതിക്കുവേണ്ടിയുള്ള ദാഹം ശക്തമായാൽ അന്യായത്തെ ഒരു കണ്ണാടിയുടെ കൃത്യതയോടെ നോക്കികാണാൻ അഞ്ചാം ഘട്ടം പര്യാപ്തമാക്കുന്നു. കൂടുതൽ പൂർണ്ണമായ സത്യം അറിയുക വഴി ഭാഗികമായ സത്യങ്ങളെയും അവയുടെ പരിമിതികളെയും തിരിച്ചറിയാൻ ഈ ഘട്ടത്തിൽ വ്യക്തിക്കു സാധിക്കുന്നു. ഐക്യത്തിന്റെ ആവശ്യകത അറിഞ്ഞുകൊണ്ട് മാനവകുടുംബത്തിലെ വിവിധ വേർതിരിവുകൾ കാണുമ്പോൾ വേദന അവരനുഭവിക്കുന്നു. സൗകര്യങ്ങളെ പരിത്യജിച്ചുപോലും നീതിക്കുവേണ്ടി നില്ക്കാൻ അവർ സന്നദ്ധരാവുന്നു.

**3.2.2. ധാർമ്മിക പുരോഗതിയുടെ ഘട്ടങ്ങൾ**

*3.2.2.1. രണ്ടാം ഘട്ടം: വ്യക്തിഗത നന്മയും അതിന്റെ കൈമാറ്റവും*

സമുചിതമായി സ്വന്തം ആവശ്യങ്ങളും മറ്റുള്ളവരുടെ ആവശ്യങ്ങളും പരിഗണിക്കുന്ന അവസ്ഥയാണിത്. നമ്മുടെ താത്പര്യങ്ങൾക്കും ആവശ്യങ്ങൾക്കുംവേണ്ടി പ്രവർത്തിക്കുന്നതോടൊപ്പം മറ്റുള്ളവരെ അവ നേടിയെടുക്കാൻ അനുവദിക്കുകയും വേണമല്ലോ.

സ്വന്തം താത്പര്യങ്ങളും ആവശ്യങ്ങളും തിരിച്ചറിയുമ്പോൾത്തന്നെ മറ്റുള്ളവർക്കും അവരുടേതായ താത്പര്യങ്ങളും ആവശ്യങ്ങളുമുണ്ടെന്ന് മനസ്സിലാക്കാനും അതിനുവേണ്ടി യത്നിക്കാനുമുള്ള പക്വതയിലേക്കാണ് വ്യക്തി വളരേണ്ടത്.

*3.2.2.2. മൂന്നാം ഘട്ടം: പരസ്പരമുള്ള പ്രതീക്ഷകളുടെയും ബന്ധങ്ങളുടെയും ഘട്ടം*

മറ്റുള്ളവരുടെ വികാരവിചാരങ്ങളെ മാനിക്കുകയും കൂട്ടാളികളിൽ വിശ്വാസമർപ്പിക്കുകയും, നിയമവും പ്രതീക്ഷകളും പിന്തുടരാനുള്ള ആർജ്ജവം ഉണ്ടാവുകയും വേണം. വ്യക്തിബന്ധങ്ങളിൽ കൂട്ടാളികൾ ആഗ്രഹിക്കുന്നത് നല്കാനും അവരുടെ സങ്കല്പങ്ങൾക്കു യോജിക്കുന്ന രീതി സ്വീകരിക്കാനും കഴിയണം. പരസ്പരബന്ധങ്ങളും, വിശ്വാസ്യങ്ങളും, ആദരവും, കൃതജ്ഞതയും കാത്തുസൂക്ഷിക്കാൻ ശ്രദ്ധിക്കണം. നല്ല പ്രവൃത്തികൾക്കു പിന്നിൽ നിലകൊള്ളാനും, മറ്റുള്ളവരിൽനിന്ന് നാം ആഗ്രഹിക്കുന്നതും നമ്മിൽനിന്ന് മറ്റുള്ളവർ ആഗ്രഹിക്കുന്നതും ചെയ്യാനുള്ള സന്മനസ്സുമാണ് ഇവിടെ ആർജ്ജിക്കേണ്ടത് (സുവർണ്ണനാതീതം)

*3.2.2.3. നാലാം ഘട്ടം സാമൂഹിക സംവിധാനത്തിന്റെയും മനഃസാക്ഷി സൂക്ഷിപ്പിന്റെയും ഘട്ടം*

സാമൂഹിക കടമകൾ നിർവ്വഹിക്കുകയും സാമൂഹിക നീതി ഉയർത്തിപ്പിടിക്കുകയും സാമൂഹിക ക്ഷേമം ലക്ഷ്യംവയ്ക്കുകയും വേണം. ഉടമ്പടി പ്രകാരമുള്ള കടമകൾ നിറവേറ്റണം. സാമൂഹിക കടമകളും, അവകാശങ്ങളും അതിലംഘിക്കാത്തിടത്തോളംകാലം നിയമങ്ങൾ അനുസരിക്കുകയും, സമൂഹത്തിനും, സ്ഥാപനത്തിനും ആവശ്യമായത് നല്കുകയും വേണം.

*3.2.2.4 അഞ്ചാം ഘട്ടം: മുൻഗണനാ അവകാശങ്ങളുടെയും സാമൂഹിക ഉടമ്പടികളുടെയും ഘട്ടം*

മനുഷ്യന്റെ അടിസ്ഥാന അവകാശങ്ങളെയും മൂല്യങ്ങളെയും, നിയതമായ പൊതു സാമൂഹിക ഉടമ്പടികളെയും മുറുകെ പിടിക്കേണ്ട ഘട്ടമാണിത്. അതിനു ചിലപ്പോൾ തന്റെ സമുദായത്തിന്റെ ചട്ടങ്ങളെ ആപേക്ഷികമായി കാണേണ്ട സന്ദർഭങ്ങളുണ്ടാവും. ആപേക്ഷികമല്ലാത്ത ജീവിത, സ്വാതന്ത്ര്യ അവകാശങ്ങളുമൊക്കെ ഏതു സമൂഹത്തിലും, ഏതു സാഹചര്യത്തിലും ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. ഏറ്റവും കൂടുതൽ ആളുകൾക്ക് ഏറ്റവും പരമമായ നന്മ നൽകുകയാകണം ലക്ഷ്യം.





**3.3. പക്വതയാർന്ന വിശ്വാസം**

വിശ്വാസപുരോഗതി സിദ്ധാന്തത്തിന്റെ അവസാനഘട്ടമാണിത്. സാർവജനീനയമായ വിശ്വാസമെന്ന് അതിനെ വിശേഷിപ്പിക്കാം.

*3.3.1 ആറാം ഘട്ടം: സാർവജനീനമായ വിശ്വാസം*

വിശ്വാസ വളർച്ചാ സിദ്ധാന്തത്തിലെ ആറാം ഘട്ടത്തെ ഫൗളർ വിശേഷിപ്പിക്കുന്നത് universalizing faith എന്നാണ്; വളരെ ചുരുക്കം ആളുകൾ മാത്രമേ ഈ ഘട്ടത്തിൽ എത്തിച്ചേരുന്നുള്ളൂ. വിശ്വാസത്തിന്റെ സാധാരണത്വത്തിനപ്പുറത്തുള്ള സവിശേഷതകൾ ഉള്ളവരാണെന്നാണ് ഫൗളർ അവരെ വിശേഷിപ്പിക്കുന്നത്. അറിവിനുമപ്പുറത്തുള്ള, ധാർമ്മികവും മതപരവുമായ യാഥാർത്ഥ്യങ്ങളോടുള്ള ആഭിമുഖ്യവും, സ്വാത്മപാലനത്തോടുള്ള വിമുഖതയും അവരുടെ വാക്കുകൾക്കും പ്രവർത്തികൾക്കും മിഴിവു പകരുന്നു. ഈ അവസ്ഥ കൈവരിച്ച വ്യക്തികൾ സാർവ ലൗകികമായ അനുകമ്പയുള്ളവരാകയാൽ അനീതിക്കെതിരേ നീങ്ങുന്നു.

ഇടുങ്ങിയ ചിന്താഗതികളെ കവച്ചുവയ്ക്കാൻ പോന്ന വീക്ഷണബാഹുല്യം അവർക്കുണ്ട്. അവരുടെ നേതൃഗുണങ്ങൾ അഹിംസാത്മക സഹനവും, പരസ്പര ബഹുമാനവുമൊക്കെ കൂടിച്ചേർന്നതാണ്. തങ്ങൾ ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾക്കുവേണ്ടി അവസാനംവരെ അവർ ധീരമായും ശക്തമായും നിലകൊള്ളുന്നു. ഒരു വിശ്വമാനവ സമൂഹമാണ് അവരുടെ എല്ലാ പ്രവർത്തനങ്ങളുടെയും പരമമായ ലക്ഷ്യം.

മനുഷ്യരാശിയുടെ ഭാവിക്കുമേൽ നാം കെട്ടിവച്ചിട്ടുള്ള സാമൂഹികവും, രാഷ്ട്രീയവും, സാമ്പത്തികവും, താത്വികവുമായ വിലങ്ങുകളെ അവർ പൊട്ടിച്ചെറിയുന്നു. ജീവിച്ചിരുന്നപ്പോഴത്തേതിനേക്കാളധികം ആദരവും അംഗീകാരവും മരണശേഷം അവർക്കു കൈവരുന്നു. കൂടുതൽ സുതാര്യതയും, ലാളിത്യവും, മനുഷ്യത്വവുമൊക്കെ അവരുടെ ജീവിതങ്ങളെ മഹത്വമണിയിക്കുന്നു. ആറാം ഘട്ടത്തിൽ എത്തിച്ചേർന്നവർ മറ്റു താഴ്ന്ന ഘട്ടങ്ങളിലുള്ളവരുമായി ഏതു വിശ്വാസപാരമ്പര്യത്തിൽപ്പെട്ടവരുമായും സമ്പർക്കത്തിൽ ഏർപ്പെടാൻ കഴിവുള്ളവരാണ്.

ഗാന്ധിജിയും, മാർട്ടിൻ ലൂഥർ കിങ് ജൂണിയറും മദർ തെരേസയുമൊക്കെ ഇത്തരത്തിലുള്ള ജീവിതം നയിച്ചവരാണ്. എന്നാൽ ആറാം ഘട്ടത്തിൽ ഗുണവിശേഷങ്ങൾ ആർജ്ജിക്കുക എന്നതുകൊണ്ട് പൂർണ്ണത പ്രാപിച്ചു എന്നർത്ഥമില്ല.

സാധാരണയായി ആറാം ഘട്ടത്തിൽ എത്തിച്ചേരുക എന്നത് ആരും ലക്ഷ്യമായി വയ്ക്കാറില്ല. സാർവജനീനമായ വിശ്വാസത്തിൽ എത്തിയിരിക്കുന്ന വ്യക്തികൾ ദൈവത്തിന്റെ കരുണയാലും ചരിത്രത്തിന്റെ ആവശ്യകതയാലും ആ ചുമതലകളിലേക്കും നേതൃത്വത്തിലേക്കും ആനയിക്കപ്പെടുകയാണ് പതിവ്.

*3.3.2. ആറാം ഘട്ടം: സാർവത്രികധാർമ്മിക തത്വങ്ങളുടെ ഘട്ടം*

എല്ലാ ജനതയും പാലിക്കേണ്ട സാർവത്രികമായ ധാർമ്മിക തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ഘട്ടമാണിത്. ഈ തത്വങ്ങളെ അടിസ്ഥാനമാക്കിയാണ് സവിശേഷമായ നിയമങ്ങളും പൊതു സാമൂഹിക ഉടമ്പടികളുമെല്ലാം രൂപപ്പെട്ടിരിക്കുന്നത്. നിയമവ്യവസ്ഥകൾ ഈ തത്വങ്ങളെ അതിലംഘിക്കുന്ന സാഹചര്യങ്ങളിൽ, നമ്മുടെ പ്രവൃത്തികൾ ഈ തത്വങ്ങളിൽ അധിഷ്ഠിതമായിരിക്കണം. നീതിയുടെ സാർവതിക തത്വങ്ങളും മനുഷ്യാവകാശത്തിന്റെ സമത്വവും; മനുഷ്യവ്യക്തിത്വത്തിന്റെ മഹത്വവുമൊക്കെ ഈ തത്വങ്ങളിൽ ഉൾച്ചേർന്നിരിക്കുന്നു. ഈ തത്വങ്ങളുടെ പ്രബലതയും, അതിനോടുള്ള വിധേയത്വവുമാണ് ഒരാളെ ശരിയായ പ്രവൃത്തിയിലേക്ക് നയിക്കുന്നത്.

### 3.4 പരിണാമഘട്ടങ്ങളുടെ സവിശേഷതകൾ

വിശ്വാസ പരിണാമ ഘട്ടങ്ങളുടെ മുഖ്യമായ സവിശേഷതകൾ ഇവയാണ്. 1. ശ്രേണീബദ്ധമായ ഏകീകരണം, 2. ഘടനാപരമായ ഐക്യം, 3. ക്രമാനുഗതപരത, 4. സാർവത്രികത, 5 അചഞ്ചലത, 6. പിൻവലിക്കാനാവാത്ത നീക്കം, 7. വ്യക്തിഗതപരിമിതി, 8. സമാന്തരത

വിശ്വാസ പുരോഗതിയുടെ ഘട്ടങ്ങളുടെ ശ്രേണിക്രമത്തിൽ ഉയർന്നഘട്ടം താഴ്ന്ന ഘട്ടങ്ങളെയും ഉൾക്കൊള്ളുന്നു. അങ്ങനെ, ശ്രേണിബദ്ധരായ ഈ ഏകീകരണംവഴി ഉയർന്ന ഘട്ടങ്ങളിൽ എത്തിയവർക്ക് താഴെയുള്ള ഘട്ടങ്ങളെ വിലയിരുത്താൻ സാധിക്കുന്നു.

അറിവുകളുടെ അളവിലുള്ള വർദ്ധനവിനേക്കാളും പ്രതികരണത്തിലുള്ള വ്യതിയാനങ്ങളെക്കാളും ഗുണപരമായ അംശങ്ങളിലുള്ള മാറ്റമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ഓരോ ഘട്ടവും ഒരു പ്രത്യേക സാഹചര്യത്തോടു മാത്രമുള്ള സമീപനം എന്നതിലുപരി ഓരോ ചിന്താരീതികളാണ്.

ക്രമാനുഗതപരത സൂചിപ്പിക്കുന്നത് വിശ്വാസപുരോഗതിയുടെ ഘട്ടങ്ങൾ ശ്രേണീബദ്ധവും ക്രമാനുഗതവുമാണെന്നാണ്. വിവിധ





ഘട്ടങ്ങളിലൂടെയുള്ള പരിവർത്തനങ്ങൾ പടിപടിയായും ക്രമാനുഗതമായും സംഭവിക്കുന്നു. വ്യക്തികൾ വളരുന്നതോടൊപ്പംതന്നെ ഓരോ ഘട്ടവും തൊട്ടടുത്ത ഉയർന്ന ഘട്ടത്തിലേക്കുള്ള പരിവർത്തനവും നടത്തുന്നു.

വിശ്വാസം സാർവത്രികമായിരിക്കുന്നതുപോലെതന്നെ വിശ്വാസപുരോഗതിയുടെ ഘട്ടങ്ങളും സാർവത്രിക സ്വഭാവം പാലിക്കുന്നുവെന്ന് വിവിധ സംസ്കാരങ്ങളുടെ പരിശോധനകൾ വ്യക്തമാക്കുന്നുണ്ട്. മതഭേദമന്യേ എല്ലാ സംസ്ക്കാരങ്ങളിലും, ജനവിഭാഗങ്ങളിലും ഇതു കാണാം.

അചഞ്ചലമായ ശ്രേണീപരതയാണ് വിശ്വാസപുരോഗതിയുടെ മറ്റൊരു സവിശേഷത. മറ്റേതൊരു വളർച്ചയെയുംപോലെതന്നെ, മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ക്രമവും ശ്രേണിയുമനുസരിച്ചുതന്നെയുള്ളതാണ് വിശ്വാസ പുരോഗതിയുടെ വളർച്ചയും. അതുകൊണ്ടുതന്നെ, ഒരു വ്യക്തി പടിപടിയായി വേണം ഈ ഘട്ടങ്ങളിലൂടെ കടന്നുപോകാൻ.

വിശ്വാസപുരോഗതിയുടെ ഏതെങ്കിലുമൊരു ഘട്ടത്തിൽ ജീവിതപ്രതിസന്ധികൾ നേരിടേണ്ടിവന്നാലും താഴ്ന്ന ഘട്ടങ്ങളിലേക്ക് പിൻമാറേണ്ടതില്ല; അഥവാ അങ്ങനെയൊരു പിൻമാറ്റം സാധ്യവുമല്ല. കാരണം, ഈ ശ്രേണിയിലെ സഞ്ചാരം എപ്പോഴും മുന്നോക്ക ദിശയിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതുപോലെ, ഒരുഘട്ടവും ഒഴിവാക്കിക്കൊണ്ടുള്ള പുരോഗതിയും പ്രായോഗികമല്ല. അതായത്, ഈ യാത്രയിലെ ഓരോ ഘട്ടവും മുൻഘട്ടത്തിന്റെ തുടർച്ചയും അടുത്ത ഘട്ടത്തിലേക്കുള്ള വഴികാട്ടിയുമാണ്.

### 4. പക്വത പ്രാപിക്കലിന്റെ മാനങ്ങൾ

പക്വത പ്രാപിക്കലിന്റെ ഈ മാനങ്ങൾ കേവല അവസ്ഥകളല്ല, മറിച്ച് വളർച്ചയുടെ ദിശകളെയാണ് സൂചിപ്പിക്കുന്നത്.

1. ആശ്രയത്വത്തിൽനിന്ന് - സ്വയാധികാരത്തിലേക്ക്
2. നിഷ്ക്രിയത്വത്തിൽനിന്ന് - കർമ്മണ്യതയിലേക്ക്
3. ചെറിയ കഴിവുകളിൽനിന്ന് - നിപുണതകളിലേക്ക്
4. ഏതാനും ധർമ്മങ്ങളിൽനിന്ന് - അനേകം ധർമ്മങ്ങളിലേക്ക്
5. സങ്കുചിത താത്പര്യങ്ങളിൽനിന്ന് - വിശാലമായ താത്പര്യങ്ങളിലേക്ക്
6. സ്വയം ഭൂയിഷ്ഠതയിൽനിന്ന് - പരക്ഷേമ തത്പരതയിലേക്ക്
7. അവഗണനയിൽനിന്ന് - ജ്ഞാനോദയത്തിലേക്ക്
8. വ്യക്തിനിഷ്ഠയിൽനിന്ന് - വസ്തുനിഷ്ഠയിലേക്ക്
9. സ്വയം നിരാകരണത്തിൽനിന്ന് - സ്വയം സ്വീകാര്യതയിലേക്ക്

10. സവിശേഷ തത്വത്തിൽനിന്ന് - പൊതു തത്വത്തിലേക്ക്
11. അരൂപമായ സ്വത്വത്തിൽനിന്ന് - ഉദ്ഗ്രഥനം ചെയ്ത സ്വത്വത്തിലേക്ക്
12. നിശ്ചല ബന്ധങ്ങളിൽനിന്ന് - വികസിത ബന്ധങ്ങളിലേക്ക്
13. അനുകരണത്തിൽനിന്ന് - യാഥാർത്ഥ്യത്തിലേക്ക്
14. ഉറപ്പിന്റെ ആവശ്യകതയിൽനിന്ന് - സന്ദിഗ്ദതയുടെ സഹിഷ്ണുതയിലേക്ക്
15. യുക്തിരാഹിത്യത്തിൽനിന്ന് - യുക്തിസാംഗത്യത്തിലേക്ക്

"മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?" (ലൂക്കാ 18,8) എന്ന തിരുവചനം ഉദ്ധരിച്ചുകൊണ്ട് ഫൗളർ പ്രസ്താവിക്കുന്നു: "നാം മുസ്ലീംങ്ങളോ യഹൂദരോ ബുദ്ധമതസ്ഥരോ കൺഫ്യൂഷനിസ്റ്റുകളോ ക്രിസ്ത്യാനികളോ ആയിത്തീരുമോ എന്നതല്ല അന്തിമമായ പ്രശ്നം; മറിച്ച്, ഭൂമിയിൽ വിശ്വാസം ഉണ്ടാകുമോ, അഥവാ,അത് യഥാർത്ഥ വിശ്വാസം - ദേശം, ഗോത്രം, വംശം, മതം തുടങ്ങിയവ ഉയർത്തുന്ന വിനാശകരമായ മൂർത്തികളെ പ്രതിരോധിക്കാനും മറികടക്കാനും, പരസ്പര ധാരണയിലും വിശ്വാസ്യതയിലും നമ്മെ ഒരു സമൂഹമായി പടുത്തുയർത്താനും കഴിയുന്ന വിശ്വാസം - ആയിരിക്കുമോ എന്നതാണ്."

പരിഭാഷ: **വർഗ്ഗീസ് കൊച്ചുപറമ്പിൽ & മാത്യു പനച്ചിക്കൽ**, *ജീവധാര*, ജൂലൈ 2014.



# 11

## വിശ്വാസത്തിന്റെ വ്യതിചലനങ്ങൾ

ക്രൈസ്തവവിശ്വാസം ഏറ്റവും വലിയ വെല്ലുവിളികൾ നേരിടുന്നത് പലപ്പോഴും വിശ്വാസസമൂഹത്തിന് പുറമേനിന്ന് എന്നതിനേക്കാൾ വിശ്വാസ സമൂഹത്തിൽനിന്നുതന്നെയാണ്. വിശ്വാസത്തെ അതിന്റെ സമഗ്രതയിൽ കാത്തുസൂക്ഷിക്കാനും പഠിപ്പിക്കാനും ജീവിക്കാനും ക്രൈസ്തവർക്ക് സാധിക്കാതെ വരുമ്പോൾ ക്രിസ്തു ആഗ്രഹിക്കുന്ന രീതിയിലുള്ള സാക്ഷ്യം ലോകത്തിൽ വഹിക്കാൻ സഭയ്ക്ക് സാധിക്കാതെ വരുന്നു. അപക്വമായ വിശ്വാസജീവിതങ്ങൾ പലപ്പോഴും ഗുണത്തെക്കാളേറെ ദോഷം വരുത്തിവച്ചേക്കാം. ഒരുവന്റെ വിശ്വാസത്തെ പക്വതയുള്ള വിശ്വാസമെന്ന് പറയണമെങ്കിൽ വിശ്വാസം അതിന്റെ സമഗ്രതയിൽ ഒരുവന്റെ ചിന്തയുടെയും അനുഭവത്തിന്റെയും പ്രവർത്തനത്തിന്റെയും മാർഗ്ഗദർശിയായിത്തീരണം. വിശ്വാസത്തിന് ബൗദ്ധികതലവും, അനുഭവതലവും, പ്രായോഗിക തലവുമുണ്ട്. വിശ്വാസം പക്വത പ്രാപിക്കുമ്പോൾ ഈ മൂന്ന് തലങ്ങളും പരസ്പര പൂരകങ്ങളായി ഒരു വ്യക്തിയിൽ പ്രവർത്തിക്കും.

എന്നാൽ അപ്പസ്തോലന്മാരിൽനിന്നും കൈമാറ്റം ചെയ്യപ്പെട്ട് കിട്ടിയ വിശ്വാസം കാലക്രമേണ പലവിധ വ്യതിചലനങ്ങൾക്ക് വിധേയമായി എന്നത് ചരിത്രസ

ത്യം. വിശ്വാസതത്ത്വങ്ങളുടെ വ്യാഖ്യാനത്തിലും പ്രായോഗികമാനങ്ങളിലും വരുന്ന വ്യതിയാനങ്ങളെ ഗൗരവമായി കാണ്ടേണ്ടതുണ്ട്. വിശ്വാസതത്ത്വങ്ങളിൽനിന്നുള്ള വ്യതിചലനങ്ങളെക്കുറിച്ച് ശക്തമായ ഭാഷയിൽ പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ മുന്നറിയിപ്പ് നല്കുന്നുണ്ട്. തിമോത്തിയോസിനെഴുതിയ ഒന്നാം ലേഖനത്തിൽ വ്യാജപ്രബോധനങ്ങളിൽ ശ്രദ്ധ ചെലുത്തുന്നവരെക്കുറിച്ച് മുന്നറിയിപ്പ് തരുന്നു. (1 തിമോ1:3-7). കൂടാതെ പൗലോസ് ശ്ലീഹാ വീണ്ടും ഓർമ്മിപ്പിക്കുന്നു. "ജനങ്ങൾ ഉത്തമമായ പ്രബോധനത്തിൽ സഹിഷ്ണുത കാണിക്കാത്ത കാലം വരുന്നു. കേൾവിക്ക് ഇമ്പമുള്ളവയിൽ ആവേശം കൊള്ളുകയാൽ, അവർ തങ്ങളുടെ അഭിരുചിക്ക് ചേർന്ന പ്രബോധകരെ വിളിച്ച് കൂട്ടും. അവർ സത്യത്തിന് നേരേ ചെവിയടച്ച് കെട്ടുകഥകളിലേക്ക് ശ്രദ്ധതിരിക്കും" (2 തിമോ 4:3-4). വിശ്വാസത്തിന്റെ നിക്ഷേപം പരിശുദ്ധാത്മാവിന്റെ ശക്തിയിൽ കാത്തുസൂക്ഷിക്കാൻ ഉത്സുകരായിക്കണം എന്ന ഉപദേശമാണ് പൗലോസ് ശ്ലീഹായ്ക്ക് പ്രധാനമായി നല്കാനുള്ളത് (2 തിമോ 1:14).

ഇതോടൊപ്പംതന്നെ പത്രോസ് ശ്ലീഹായും യോഹന്നാൻ ശ്ലീഹായും തങ്ങളുടെ ലേഖനങ്ങളിൽ വഴിതെറ്റുന്ന വിശ്വാസത്തെക്കുറിച്ച് സഭാമക്കൾക്ക് മുന്നറിയിപ്പ് നല്കുന്നുണ്ട്. (1 പത്രോ 2:1-3; 1 യോഹ 4:1; വെളി 13:13-14). സത്യവിശ്വാസത്തിൽനിന്നുള്ള വ്യതിചലനം ആദിമ നൂറ്റാണ്ടുമുതലുള്ള ഒരു പ്രതിഭാസമായിരുന്നു എന്ന് ഇതിൽനിന്ന് വ്യക്തമാണ്. ശിഷ്യൻമാർ സഭാസമൂഹങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകിയതുപോലെ ഓരോ കാലഘട്ടത്തിലും സഭാമക്കളെ ശരിയായ സത്യത്തിൽ പിടിച്ച് നിർത്താൻ സഭയ്ക്ക് കടമയുണ്ട്. ഈ കാലഘട്ടത്തിലെ പ്രധാനമായ ചില വിശ്വാസ വ്യതിചലനങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

### വിശ്വാസവും വിശ്വാസ നിക്ഷേപവും

രണ്ടാം വത്തിക്കാൻ സുനഹദോസ് വിശ്വാസത്തെ നിർവ്വചിക്കുക ദൈവിക വെളിപാടിന് മനുഷ്യൻ കൊടുക്കുന്ന പ്രത്യുത്തരമാണ് എന്നാണ് (Dei Verbum 2,5). ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം ഈ ദൈവിക വെളിപാടാണ്; അതാണ് യഥാർത്ഥത്തിൽ സഭയുടെ വിശ്വാസനിക്ഷേപം (Depositum Fidei). ദൈവം അനാദിമുതലുള്ള തന്റെ പദ്ധതി പ്രകാരം തന്നെത്തന്നെ മനുഷ്യന് പടിപടിയായിട്ടാണ് വെളിപ്പെടുത്തിക്കൊടുക്കുന്നത്. തിരുവചനം ഇക്കാര്യം വ്യക്തമായി സൂചിപ്പിക്കുന്നു. "പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം





നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്ന് നമ്മോട് സംസാരിക്കുന്നു" (ഹെബ്രാ 1:1-2). ഈ നിക്ഷേപത്തെ കാത്തുസൂക്ഷിക്കുകയും തെറ്റുകൂടാതെ പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്യുക ഏറ്റവും വലിയ കർത്തവ്യമായി സഭ കാണുന്നു. അതിൽനിന്നുള്ള വ്യതിചലനവും സഭ ആഗ്രഹിക്കുന്നില്ലെങ്കിലും വ്യതിചലനങ്ങൾ ഉണ്ടാകുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. സ്വകാര്യവെളിപാടുകൾ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളാകുന്നതിലെ അപകടം നാം തിരിച്ചറിയേണ്ടതാണ്. വിശുദ്ധ ഗ്രന്ഥത്തിലൂടെയും വിശുദ്ധ പാരമ്പര്യങ്ങളിലൂടെയും നമുക്ക് ലഭിച്ചിരിക്കുന്ന വിശ്വാസ നിക്ഷേപത്തെയാണ് പൊതുവെളിപാട് (Public Revelation) എന്നതുകൊണ്ട് നാം മനസ്സിലാക്കുന്നത്. പൊതുവെളിപാടിന്റെ ആധികാരികതയ്ക്ക് കാരണം ദൈവംതന്നെയാണ്. കാരണം അവ ദൈവത്തിന്റെ വെളിപാടുകളാണ്. ഓരോ ക്രൈസ്തവനും നിർബന്ധമായും വിശ്വസിക്കേണ്ട സത്യങ്ങളാണവ. തിരുവചനങ്ങളുടെ വെളിച്ചത്തിൽ രണ്ടാം വത്തിക്കാൻ സുനഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു. "വിശ്വാസത്തിൽനിന്ന് വരുന്ന അനുസരണം (റോമാ 13:26; 2 കോറി 10:5-6) സ്വയം വെളിപ്പെടുത്തിയ ദൈവത്തിന് കൊടുക്കേണ്ടിയിരിക്കുന്നു. ഈ അനുസരണം മനുഷ്യൻ തന്റെ ബുദ്ധിയും മനസ്സും ദൈവത്തിന് സമ്പൂർണ്ണമായി അടിയറവയ്ക്കുകയും ദൈവികവെളിപാട് ഹൃദയപൂർവ്വം അംഗീകരിക്കുകയും അങ്ങനെ തന്നത്തന്നെ സ്വമനസ്സാ അവിടുത്തേയ്ക്ക് മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നു. (Dei Verbum 5).

എന്നാൽ ഇന്ന് വിശ്വാസികളുടെയിടയിൽ വളർന്നുവരുന്ന അപകടകരമായ ഒരു പ്രവണതയാണ് സ്വകാര്യവെളിപാടുകളുടെ പിറകേ പോകുക എന്നത്. സ്വകാര്യ വെളിപാടുകളെക്കുറിച്ചുള്ള സഭയുടെ പ്രബോധനം സാർവത്രികസഭയുടെ മതബോധനഗ്രന്ഥത്തിൽ വ്യക്തമായി അവതരിപ്പിച്ചിട്ടുണ്ട്. "വിവിധ കാലഘട്ടങ്ങളിൽ സ്വകാര്യ വെളിപാടുകൾ എന്ന് വിളിക്കപ്പെടുന്നവ സഭയിൽ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലതിന് സഭയുടെ അധികാരികളിൽനിന്ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും അവ സഭയുടെ വിശ്വാസനിക്ഷേപത്തിന്റെ ഭാഗമല്ല. പ്രസ്തുത വെളിപാടുകളുടെ ലക്ഷ്യം ക്രിസ്തുവിലൂടെ അന്തിമമായി നല്കപ്പെട്ട വെളിപാടിനെ മെച്ചപ്പെടുത്തുകയോ, പൂർത്തിയാക്കുകയോ അല്ല: പ്രത്യുത ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ ക്രിസ്തുവിന്റെ വെളിപാടിനനുസൃതമായി കൂടുതൽ പൂർണ്ണമായി ജീവിക്കാൻ സഹായിക്കുക എന്നതാണ്" (CCC 67).

ക്രിസ്തുവിൽ വെളിവാക്കപ്പെട്ട സത്യങ്ങൾക്ക് വിരുദ്ധമായ ഒരു സ്വകാര്യവെളിപാടിനെയും കത്തോലിക്കാ വിശ്വാസത്തിന് അംഗീകരിക്കാൻ സാധിക്കുകയില്ല. ക്രിസ്തു, വെളിപാടിന്റെ പൂർണ്ണതയായതുകൊണ്ട് അവിടുത്തെ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തിന് മുമ്പ് ഒരു പുതിയ പൊതുവെളിപാടും പ്രതീക്ഷിക്കേണ്ടതില്ല (Dei Verbum 4) എന്നാൽ ക്രിസ്തുവിൽ പൂർത്തിയാകപ്പെട്ട വെളിപാടിന് അനുസൃതമായി ജീവിക്കാൻ സ്വകാര്യവെളിപാടുകൾ സഹായകമാകും എന്ന വസ്തുത വിസ്മരിച്ചുകൂടാ. അങ്ങനെ ചിന്തിക്കുമ്പോൾ ശരിയായിട്ടുള്ള സ്വകാര്യവെളിപാടുകൾക്ക് സഭയുടെ വിശ്വാസ ജീവിതത്തിൽ ഒരു ധർമ്മം നിർവ്വഹിക്കാനുണ്ട്.

എന്നാൽ സ്വകാര്യ വെളിപാടുകൾക്ക് വിശുദ്ധ ഗ്രന്ഥത്തെക്കാളും പ്രാധാന്യം കൊടുക്കുകയും തെറ്റായ വിശ്വാസ ജീവിതത്തിലേക്ക് പോകുകയും ചെയ്യുന്ന അനവധി സംഭവങ്ങളുണ്ട്. സ്വകാര്യവെളിപാടുകളുടെ തെറ്റായ ഉപയോഗംമൂലം സഭയുടെ ചരിത്രത്തിൽ ചില പാഷണ്ഡതകൾ ഉണ്ടായിട്ടുണ്ട് എന്ന വസ്തുത ഇവിടെ ഓർക്കുന്നത് നല്ലതാണ്. വിശുദ്ധ ഗ്രന്ഥത്തിലെ വചനങ്ങളേക്കാളും സഭയുടെ പഠനങ്ങളേക്കാളും പ്രാധാന്യം സ്വകാര്യ വെളിപാടുകൾക്ക് കൊടുത്ത പാഷണ്ഡതയാണ് മൊണ്ടാനിസം. സ്വകാര്യവെളിപാടുകളുടെ കാര്യത്തിൽ വളരെ ശ്രദ്ധയോടെയുള്ള പഠനം ആവശ്യമാണ് എന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു., സ്വകാര്യവെളിപാടുകളെ അപഗ്രഥിക്കുമ്പോൾ അവ വെളിപാട് ലഭിച്ച വ്യക്തിയുടെ ആത്മീയ വളർച്ചയ്ക്ക്വേണ്ടി മാത്രമുള്ളതാണോ, അതോ സഭയ്ക്ക് പൊതുവായി ഒരു സന്ദേശം കൊടുക്കാനുള്ളതാണോ എന്ന് തിരിച്ചറിയേണ്ടത് ആവശ്യമാണെന്ന വസ്തുത പ്രശസ്ത ദൈവശാസ്ത്രജ്ഞനായ കാൾ റാനർ പറയുന്നു. സ്വകാര്യവെളിപാടുകൾ ഒരിക്കലും അവ സ്വീകരിക്കുന്ന വ്യക്തിയെ വിശുദ്ധീകരിക്കുന്നില്ല. ഏതെങ്കിലും വ്യക്തിയുടെ വിശുദ്ധിയുടെ അടയാളമായിട്ടല്ല വെളിപാടുകൾ നല്കപ്പെടുന്നത്. പലപ്പോഴും സ്വകാര്യവെളിപാടുകൾ നല്കപ്പെടുക സഭയുടെ പൊതുവായ നന്മയ്ക്കുവേണ്ടിയാണ്.

എന്നാൽ സ്വകാര്യവെളിപാടുകളെക്കുറിച്ചുള്ള സഭാ പ്രബോധനങ്ങളെ ഗൗരവമായി എടുക്കാതെ സ്വകാര്യവെളിപാടുകൾ സ്വീകരിക്കുന്നവർ ആൾ ദൈവങ്ങളായി പരിണമിക്കുന്ന അവസ്ഥ ഇന്ന് സാധാരണമാണ്. കൂടാതെ സ്വകാര്യവെളിപാടുകളിൽ ലഭിച്ചതാണ് എന്ന കാരണത്താൽ ബൈബിളിനെ വ്യക്തിപരമായ രീതിയിൽ വ്യാഖ്യാനിക്കുന്നവരുടെ എണ്ണവും ഇന്ന് കൂടിവരുന്നു. സ്വകാര്യവെളിപാടുകൾ തെറ്റാവാനുള്ള സാധ്യതകൾ ഏറെയുണ്ട് എന്ന്





പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ Augustin Poulain ഉദാഹരണസമേതം സമർത്ഥിക്കുന്നുണ്ട്."

ദൈവികവെളിപാടിനെക്കുറിച്ചുള്ള ശരിയായ അറിവ് ഇന്ന് വിശ്വാസിക്ക് നഷ്ടമാകുന്നുണ്ട്. എല്ലാ തോന്നലുകളെയും അനുഭവങ്ങളെയും ദൈവിക വെളിപാടായി ചിത്രികരിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സ്വകാര്യവെളിപാടുകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ സഭ ചെലുത്തേണ്ടിയിരിക്കുന്നു.

**സഭാത്മകമാകാതെ പോകുന്ന വിശ്വാസ ജീവിതം**

രക്ഷകനായ ക്രിസ്തുവിലുള്ള വിശ്വാസത്തെ വ്യക്തിപരവും സഭാപരവുമായ ജീവിതത്തിലൂടെ ആചരിക്കുകയും ആഘോഷിക്കുകയും ജീവിക്കുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് ക്രൈസ്തവർ. ക്രൈസ്തവ വിശ്വാസം വ്യക്തിപരവും സഭാത്മകവുമാണെന്ന വസ്തുത ജീവിതത്തിന്റെ താളപ്പിഴയുടെ ലക്ഷണമാണ്. പ്രാർത്ഥനയും വിശ്വാസവുമൊക്കെ ഞാനും ദൈവവും തമ്മിൽ മാത്രമുള്ള ഒരു പ്രവൃത്തിയായി കാണുന്നത് അപകടമാണ്. പലപ്പോഴും സാമൂഹിക ഉത്തരവാദിത്വങ്ങളിൽനിന്ന് രക്ഷപ്പെടുവാനുള്ള ഒരു മാർഗ്ഗമായി ചിലരെങ്കിലും ഇതിനെ സ്വീകരിച്ചേക്കാം.

വിശ്വാസം വ്യക്തിപരമായ ഒരു അനുഭൂതിയായി മാത്രം നിലനിൽക്കേണ്ടതല്ല. സഭയുടെ ആരാധനക്രമ ആഘോഷത്തിലൂടെ പ്രകടിപ്പിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യേണ്ട ഒന്നാണ്. കൗദാശിക ജീവിതത്തിലുള്ള താത്പര്യം കുറയുകയും വ്യക്തിപരമായ പ്രാർത്ഥനകളിൽ മാത്രം അഭയം തേടുകയും ചെയ്യുന്നത് യഥാർത്ഥ ക്രൈസ്തവവിശ്വാസത്തിന്റെ അപഭ്രംശമായിട്ടുവേണം കരുതാൻ.

ബൈബിളിൽ വിശ്വാസത്തിന്റെ വ്യക്തിപരത സഭാത്മകതയിൽ ഉൾച്ചേർന്നിരിക്കുന്നതായി നമുക്ക് കാണാം. യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ ഭാഷ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ..... ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം" എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. പൗലോസ് ശ്ലീഹാ എഫേസൂസിലെ സഭയ്ക്കുള്ള ലേഖനത്തിൽ വിശ്വാസത്തിന്റെ ഈ സഭാത്മകമാനത്തെ സൂചിപ്പിക്കുന്നുണ്ട്. "ഒരേ പ്രത്യാശയിൽ ഞങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ" (എഫേ 4:4-5).

സഭയുടെ കൗദാശിക ആഘോഷങ്ങളെ വിശ്വാസത്തിന്റെ പ്രകടനവും പ്രഘോഷണവും, പരിപോഷിപ്പിക്കലുമായി കാണാതെ

വ്യക്തിജീവിതത്തിൽ ദൈവകൃപ സ്വീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ മാത്രമായി കാണുന്നത് വിശ്വാസത്തിന്റെ ഒരു വ്യതിചലനം തന്നെ യാണ്. കൗദാശിക ആഘോഷങ്ങളെ സഭയുടെ ആഘോഷങ്ങളാക്കി, ആരാധനയാക്കി മാറ്റുവാനാണ് സഭ ആഗ്രഹിക്കുന്നത്. അതുവഴി ക്രിസ്തുവിന്റെ സഭയെ ഉയർത്തുകയാണ് വിശ്വാസികൾ ചെയ്യുന്നത് എന്ന് രണ്ടാം വത്തിക്കാൻ സുനഹദോസ് പഠിപ്പിക്കുന്നു (SC 59). പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ കാൾ റാനറുടെ അഭിപ്രായത്തിൽ "സഭ സഭയാകുന്നത് ദിവ്യരഹസ്യങ്ങളുടെ ആഘോഷത്തിലൂടെയാണ്." അങ്ങനെയെങ്കിൽ സഭാമക്കൾ സഭാമക്കളായി ത്തീരുന്നത് ദിവ്യരഹസ്യങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുമ്പോഴാണ്. ദിവ്യരഹസ്യങ്ങളുടെ ആഘോഷങ്ങളിലൂടെ സഭയുടെ വിശ്വാസത്തോട് ചേർന്ന് നിൽക്കാൻ ഒരു വ്യക്തിക്ക് സാധിക്കുന്നു. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പ്രത്യേകതയായി നാം അപ്പസ്തോല പ്രവർത്തനങ്ങളിൽ വായിക്കുന്നത് ഇപ്രകാരമാണ്: "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താൽപര്യപൂർവ്വം പങ്കുചേർന്നു" (അപ്പ 2:42). ദിവ്യരഹസ്യങ്ങളുടെ ആഘോഷത്തിൽ പങ്കെടുക്കുക എന്നാൽ വെറും കർമ്മാനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധിക്കുക എന്നല്ല അർത്ഥമാക്കുന്നത്. കൂദാശ സ്വീകരണത്തിലൂടെ നടക്കുന്ന വിശുദ്ധീകരണം വിശ്വാസിയെ കൂടുതൽ സാമൂഹിക പ്രതിബന്ധതയുള്ളവനാക്കിതീർക്കേണ്ടതാണ്. "പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്'' എന്ന യാക്കോബ് ശ്ലീഹായുടെ പ്രബോധനം ഇവിടെ സ്മരണീയമാണ് (യാക്കോ 2:17). അനുഭവത്തിൽനിന്ന് ബോധ്യത്തിലേക്കും പിന്നെ കർമ്മത്തിലേക്കുമാണ് വിശ്വാസം ഒരുവനെ നയിക്കേണ്ടത്. എന്നാൽ വിശ്വാസ ജീവിതം കർമ്മാനുഷ്ഠാനപ്രധാനമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് എന്ന വസ്തുത വിസ്മരിച്ചുകൂടാ. വിശ്വാസാനുഷ്ഠാനങ്ങളുടെ ബാഹ്യമോടിക്കും മറ്റും വളരെ പ്രാധാന്യം കൊടുക്കുന്ന രീതി ഇന്ന് വളർന്ന് കൊണ്ടിരിക്കുന്നു. എന്നാൽ അതനുസരിച്ച് വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ധാർമ്മികമായ വളർച്ചയുണ്ടാകുന്നില്ല എന്നുള്ളതാണ് ദയനീയമായ പരമാർത്ഥം. ദൈവവിശ്വാസം വെറും ബാഹ്യമായ കർമ്മാനുഷ്ഠാനം മാത്രമാകാതെ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

**ഇതര മതങ്ങളോടും അവയുടെ പ്രതീകങ്ങളോടുമുള്ള അസഹിഷ്ണുത**

സ്വന്തം വിശ്വാസത്തിന്റെ പേരിൽ മറ്റ് മതങ്ങളോടും അവയുടെ പ്രതീകങ്ങളോടും കാണിക്കുന്ന അസഹിഷ്ണുത സത്യവിശ്വാസത്തിന്റെ വ്യതിചലനമായേ കാണാൻ സാധിക്കൂ. സഭയുടെ പ്രബോധനങ്ങളെക്കുറിച്ചും സഭാ പാരമ്പര്യങ്ങളെക്കുറിച്ചുമുള്ള അജ്ഞതയാണ് യഥാർത്ഥത്തിൽ ഇതിന്റെ പ്രധാന കാരണം. ദൈവവചനത്തെ സ്വന്തം ഇഷ്ടമനുസരിച്ച് വ്യാഖ്യാനിക്കുകയും ബൈബിളിലെ വചനങ്ങളെ ദൈവവചനത്തിന്റെ സമഗ്രതയിൽ മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ കാരണം. ആദിമ നൂറ്റാണ്ടിൽ ക്രൈസ്തവസമൂഹം മറ്റ് സംസ്കാരങ്ങളേയും ആദ്ധ്യാത്മികപാരമ്പര്യങ്ങളേയും എങ്ങനെ ഉപയോഗിച്ചു എന്നതിന്റെ തെളിവുകളാണ് അവർ രൂപപ്പെടുത്തിയ ആരാധനക്രമത്തിലെ അടയാളങ്ങളും പ്രതീകങ്ങളും. പുതിയ സാഹചര്യങ്ങളിൽ ക്രിസ്തുവിനെ അവതരിപ്പിക്കുക, ക്രിസ്തുവിന്റെ സന്ദേശം അവയുടെ പ്രതീകങ്ങളിൽകൂടിയും നൽകുക എന്നത് ഇന്ന് ക്രിസ്തുശിഷ്യത്വം സൂചിപ്പിക്കുന്നുണ്ട്." സാംസ്കാരിക അനുരൂപണത്തെ തെറ്റായി വ്യാഖ്യാനിക്കുന്ന പ്രവണത ചിലരുടെയിടയിലെങ്കിലും വർദ്ധിച്ചുവരുന്നു എന്നത് ഭയം ജനിപ്പിക്കുന്നതാണ്.

ഇതോടൊപ്പംതന്നെ ശ്രദ്ധിക്കേണ്ട ഒന്നാണ് മറ്റ് മതങ്ങളിലെ പ്രതീകങ്ങൾക്കും പ്രാർത്ഥനകൾക്കും കൊടുക്കുന്ന അമിത പ്രാധാന്യം... ക്രിസ്തുവിനെയും ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളെയും വിലകുറച്ച് കാണിക്കുന്ന ഏതൊരു പ്രാർത്ഥനാശൈലിയും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ക്രിസ്തുവിനെ ഈ കാലഘട്ടത്തിൽ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങളായിട്ട് വേണം സാംസ്കാരിക അനുരൂപണ പ്രക്രിയകളെ കാണേണ്ടത്.

**വിശുദ്ധരോടും മാതാവിനോടുമുള്ള വണക്കത്തിൽ വരുന്ന വ്യതിചലനങ്ങൾ**

സഭയുടെ വിശുദ്ധ പാരമ്പര്യത്തിൽ അടിസ്ഥാനമുള്ളതുകൊണ്ട് വിശുദ്ധരോടും മാതാവിനോടുമുള്ള വണക്കത്തെ സഭ എക്കാലവും പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. എന്നാൽ സഭയെ ഇക്കാരണത്താൽ നിശിതമായി വിമർശിക്കുന്ന അനേകം വ്യക്തികളും സഭാവിഭാഗങ്ങളുമുണ്ട്. ഈയൊരു പശ്ചാത്തലത്തിൽ വിശ്വാസികളുടെ ഇടയിൽ നിലനിൽക്കുന്ന പല ഭക്ത്യാഭ്യാസങ്ങളും യഥാർത്ഥ വിശ്വാസത്തിന് നിരക്കുന്ന തരത്തിലാണോ എന്ന് ചിന്തിക്കേണ്ടത് അത്യാവശ്യമാണ്. വിശുദ്ധരോടും മാതാവിനോടുമുള്ള വണക്കത്തെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ആചരണങ്ങളിൽ വന്നുപോയിട്ടുള്ള പോരായ്മകളെ തിരിച്ചറിയാനും പരിഹരിക്കാനും സഭയ്ക്ക് കടമയുണ്ട്. ക്രൈസ്തവ വിശ്വാസ ജീവിതത്തിന്റെ മാതൃകകളും വഴികാട്ടിയുമാകേണ്ട വിശുദ്ധരും മാതാവുമൊക്കെ ആരാധനാ വിഗ്രഹങ്ങൾ

മാത്രമായി വിശ്വാസികളുടെ മനസ്സിൽ രൂപാന്തരം പ്രാപിക്കുന്നുവെന്നത് വസ്തുതയാണ്. ഭൗതികമായ അടയാളങ്ങളിൽനിന്നും ആധ്യാത്മിക യാഥാർത്ഥ്യത്തിലേക്ക് ഉള്ള യാത്ര വിശ്വാസ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. അല്ലെങ്കിൽ വിശ്വാസത്തിന്റെ പ്രതീകങ്ങൾ ചിലപ്പോൾ അനുഗ്രഹങ്ങൾ ആയിപ്പോകുകയും ചിലപ്പോൾ ദൈവാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമായിത്തീരുകയും ചെയ്യാൻ സാധ്യതയുണ്ട് എന്ന് വിശ്വാസ തിരുസംഘം ഓർമ്മിപ്പിക്കുന്നുണ്ട്. ക്രിസ്തുരഹസ്യങ്ങൾ സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയവർ എന്ന നിലയിൽ പരിശുദ്ധ മാതാവിനും വിശുദ്ധർക്കും ക്രിസ്തുവിന്റെ ഭൗതികശരീരമായ സഭയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. ക്രിസ്തുവിനോടും സഭയോടും ബന്ധപ്പെടുത്തിമാത്രമേ വിശുദ്ധരോടുള്ള വണക്കത്തെയും മാതാവിനോടുള്ള വണക്കത്തെയും കാണാൻ സാധിക്കൂ. ഇതിന് വിരുദ്ധമായ ഏത് ഭക്താഭ്യാസരീതികളും നിരുത്സാഹപ്പെടുത്തേണ്ടതാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് മാതാവിന്റെ വണക്കത്തെക്കുറിച്ചുള്ള വിചിന്തനം പ്രത്യേകരേഖയായി അവതരിപ്പിക്കാതെ സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷനായ Lumen Gentium ത്തിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. യഥാർത്ഥത്തിൽ സഭയുടെ വിശ്വസ്ത ദാസരാകാനുള്ള ക്ഷണമാണ് മാതാവ് സഭയുടെ മുമ്പിൽ വയ്ക്കുക.

**ഉപസംഹാരം**

ക്രൈസ്തവ വിശ്വാസത്തിന്റെ വ്യതിചലനങ്ങൾ ക്രിസ്തുവിന്റെ രക്ഷാകര പദ്ധതി ലോകത്തിന് ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വെളിവാക്കിക്കൊടുക്കുന്നതിന് തടസ്സമായി നിൽക്കും എന്ന വസ്തുത നിസ്സാരമായി കരുതാനാവുന്നതല്ല, വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കുകയും അതനുസരിച്ച് ആദ്ധ്യാത്മികതയെ രൂപപ്പെടുത്താൻ വിശ്വാസികളെ പഠിപ്പിക്കുകയും വേണം.

**ഡോ. സിബി പുളിക്കൽ,**
*ജീവധാര*, ഒക്ടോബർ, 2014